**ധനകാര്യം**

2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻമേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXXVII – വ്യവസായങ്ങൾ

ധനാഭ്യർത്ഥന നമ്പർ XXXIX - വൈദ്യുത പദ്ധതികൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-2022 സാമ്പത്തിക വർഷത്തിലെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുകകൾ 2021-2022 സാമ്പത്തിക വർഷത്തിലെ ചെലവുകൾ

പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-2022 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | 25-01-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-06-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XXXVII | വ്യവസായങ്ങൾ | 179,65,97,000 | 358,12,34,000 | 134,74,58,000 | 268,59,29,000 | 224,57,53,000 | 447,65,45,000 | 672,22,98,000 |
| XXXIX | വൈദ്യുത പദ്ധതികൾ | 138,48,00,000 | 12,53,33,000 | 103,86,00,000 | 9,40,00,000 | 173,10,00,000 | 15,66,67,000 | 188,76,67,000 |

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയങ്ങൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയെയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയെയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ ശിപാർശകളിന്മേൽ ചട്ടം 236 (3)

പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ XXXVII - വ്യവസായങ്ങൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കോവിഡ് ലോക്ഡൗൺ നിയന്ത്രണങ്ങളെത്തുടർന്ന് വ്യാപാര മേഖലയിൽ ഉണ്ടായതായ പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സജീവ് ജോസഫ്</u> : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ജനങ്ങളുടെ ആരോഗ്യ ഡേറ്റ അമേരിക്കൻ കമ്പനിക്ക് ചോർത്തി നൽകിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി അഭ്യസ്തവിദ്യർക്ക് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സൗകര്യം നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വ്യവസായ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കാത്തതിനാൽ വ്യവസായികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് സ്ഥാപനങ്ങൾ മാറ്റുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വ്യവസായ സംരംഭങ്ങൾ

നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടികൾ ലഘൂകരിക്കാൻ കഴിയാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ് : സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വ്യവസായ സൗഹൃദാന്തരീക്ഷം ഇല്ലാത്തതിനാൽ വ്യവസായ സംരംഭകർ അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ ആരംഭിച്ച പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ദുരനുഭവങ്ങൾ നേരിടേണ്ടി വന്നതായും ചില സംരംഭകർ ആത്മഹത്യ ചെയ്തതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വ്യവസായികളെ ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വ്യവസായങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാത്തതുമൂലം ഉണ്ടായതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ഡോ. എം. കെ. മുനീർ</u>: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വ്യവസായ മേഖലയിൽ കേന്ദ്ര

നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (വിവിധവകുപ്പുകൾ തമ്മിൽ ഏകോപനമില്ലാത്തതിനാൽ വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (നിർദ്ദിഷ്ട വ്യവസായ ഇടനാഴിയുടെ പ്രവർത്തനം ആരംഭിക്കുന്നതിൽ കാലതാമസം വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കൈത്തറി വ്യവസായം നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സൂക്ഷ്മ, ഇടത്തരം, ചെറുകിട വ്യവസായ മേഖലകളിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീമതി കെ. കെ. രമ: സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ വ്യവസായ സൗഹൃദാന്തരീക്ഷം താറുമാറായതായും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്കിങ്ങിൽ രാജ്യത്ത് ഏറ്റവും പിന്നിലുള്ള സ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടതായും പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 672,22,98,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. സണ്ണി ജോസഫ്

2. ശ്രീ. എം. വിൻസെന്റ്

3. ശ്രീ. സി. ആർ. മഹേഷ്

4. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

5. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

6. ശ്രീ. ടി. ജെ. വിനോദ്

**ധനാഭ്യർത്ഥന നമ്പർ XXXIX- വൈദ്യുത പദ്ധതികൾ**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. നജീബ് കാന്തപുരം: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതിമേഖലയെ സ്വകാര്യവൽക്കരിക്കാനുള്ള കേന്ദ്ര നീക്കത്തിനെതിരെ പ്രതികരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതിവിതരണ മേഖല സ്വകാര്യവൽക്കരിക്കാൻ നീക്കം നടത്തുന്നതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (തെരുവുവിളക്കുകൾ മാറ്റി സ്ഥാപിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ബി.പി.എൽ കുടുംബങ്ങൾക്ക് സൗജന്യമായി വൈദ്യുതി നൽകണമെന്ന ആവശ്യം

നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (സൗരോർജ്ജവൈദ്യുതി നിർമ്മാണശേഷി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് : സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതിമേഖലയിൽ പ്രസരണനഷ്ടം കുറയ്ക്കുന്നതിന് പര്യാപ്തമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000

രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (400 കെ.വി ട്രാൻസ്മിഷൻ ലൈൻ നിർമ്മാണം പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതികൾ പൂർത്തിയാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് ('ദ്യുതി' പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം ഉണ്ടായതായി പറയപ്പെടുന്നത് കാലതാമസം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (പുതിയ വൈദ്യുത പദ്ധതികൾ ആവിഷ്ക്കരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുത കമ്പികൾ പൊട്ടിവീണ് അപകടമരണങ്ങൾ ഉണ്ടാകുന്നത് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ഇ.ബി.യുടെ ഡാമുകളിൽ സുരക്ഷിത ജലനിരപ്പ് നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന

ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (ഇലക്ട്രിസിറ്റി ബോർഡിൽ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്ന് നിയമനം നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ഇ.ബി. ലിമിറ്റഡ് ജലവൈദ്യുത ഉല്പാദനനയം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്</u>: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (വൈദ്യുതി സബ്സിഡി

ഒഴിവാക്കാനുള്ള നീക്കം നടക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് ലോക്ക്ഡൗൺ കാരണം ദുരിതമനുഭവിക്കുന്ന ചെറുകിട വ്യാപാര-വ്യവസായ മേഖലയിലെ ഉപഭോക്താക്കൾക്ക് വൈദ്യുതി ബില്ലിൽ ഇളവ് അനുവദിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കെ.എസ്.ഇ.ബി. മുഖേനയുള്ള ഉപഭോക്തൃ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 188,76,67,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

1. ശ്രീ. എ. പി. അനിൽ കുമാർ
2. ശ്രീ. സനീഷ്കുമാർ ജോസഫ്
3. ശ്രീ. ഷാഫി പറമ്പിൽ
4. ശ്രീ. പി. ടി. തോമസ്
5. ശ്രീ. പി. സി. വിഷ്ണുനാഥ്
6. ശ്രീ. സജീവ് ജോസഫ്
7. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
8. ശ്രീ. അൻവർ സാദത്ത്

**ചർച്ച**

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, പുതുക്കിയ ബഡ്ജറ്റിലെ വ്യവസായങ്ങളും വൈദ്യുത പദ്ധതികളും സംബന്ധിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. കേന്ദ്രസർക്കാർ എല്ലാം സ്വകാര്യ മേഖലയ്ക്ക് തീറെഴുതുമ്പോഴാണ്, വൈദ്യുതി അടക്കമുള്ള പൊതുമേഖലകൾ കേരളത്തിൽ സംരക്ഷിപ്പെടുന്നത്. കേന്ദ്രത്തിന്റെ പുതിയ വൈദ്യുതി നയം കേരളത്തിന്റെ സമ്പദ്ഘടനയേയും വ്യവസായത്തേയും പ്രതികൂലമായി ബാധിക്കുമെന്നതിനാൽ, സഭയുടെ ശക്തമായ പ്രതിഷേധം നാം പ്രകടിപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. ഞാൻ പ്രധാനമായും സംസാരിക്കാൻ ഉദ്ദേശിക്കുന്നത്, വ്യവസായ മേഖലയെ സംബന്ധിച്ചാണ്. കേരളത്തിലെ വ്യാവസായിക മേഖലയിൽ സൗഹൃദ അന്തരീക്ഷം വളർത്തിയെടുക്കുന്നതിൽ വലിയ നേട്ടം കൈവരിച്ചുകൊണ്ടിരിക്കുകയാണ്. വിവിധ വകുപ്പുകൾ കയറിയിറങ്ങി, മനംമടുക്കുന്ന വ്യവസായികളെ സഹായിക്കാൻ; കുറ്റമറ്റ ഏകജാലക സംവിധാനം, പരാതി പരിഹരിക്കാൻ ഉടനടി നടപടികൾ, കാലഹരണപ്പെട്ട നിയമങ്ങളും വകുപ്പുകളും മാറ്റാൻ നടപടി, എം.എസ്.എം.ഇ.-കൾക്ക് കുറഞ്ഞ നിരക്കിൽ അധിക മൂലധനം

കണ്ടെത്താൻ 2000 കോടി വായ്പാ സൗകര്യം, 50 കോടി രൂപയുടെ പലിശയിളവ്, ഉത്തരവാദിത്ത നിക്ഷേപം സംബന്ധിച്ച കാഴ്ചപ്പാട്, ഇതെല്ലാം തികച്ചും ആശാവഹമാണ്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയേയും വകുപ്പിനേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുന്നു. ഉത്തരവാദിത്ത നിക്ഷേപം സംബന്ധിച്ച് സമൂഹത്തിലാകെ അവബോധം ഉണ്ടാക്കുന്നതിനാവശ്യമായ പരിപാടികൾ തയ്യാറാക്കാം.

പ്രധാനമായും ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. കോവിഡ് മഹാമാരിയുടെ കാലത്ത്, രാജ്യരക്ഷാ ഉപകരണങ്ങൾ നിർമ്മിക്കുന്ന സ്ഥാപനങ്ങൾപോലും കേന്ദ്രസർക്കാർ സ്വകാര്യവല്ക്കരിക്കുമ്പോഴും വാക്സിൻ നിർമ്മാണം സ്വകാര്യ മേഖലയ്ക്ക് മാത്രം നൽകുമ്പോഴും കേന്ദ്രസഹായം ലഭിക്കുകയാണെങ്കിൽ പൊതുമേഖലയിൽ വാക്സിൻ നിർമ്മിക്കാൻ തയ്യാറാണെന്ന് പ്രഖ്യാപിച്ച ഒരു സർക്കാരാണ് കേരളത്തിലുള്ളത്. കാർഷിക വ്യാവസായിക മേഖലയുടെ വളർച്ചയിൽക്കൂടി മാത്രമേ രാജ്യത്തിന് പുരോഗതി ഉണ്ടാക്കാൻ കഴിയുകയുള്ളൂ എന്ന് വ്യക്തമാണ്. ഈ വഴിക്കാണ് സംസ്ഥാന ഗവൺമെന്റിന്റെ നീക്കം. കേരളത്തിൽ വലിയ തോതിൽ പരമ്പരാഗത വ്യവസായങ്ങളുണ്ട്. ഈ

പരമ്പരാഗത വ്യവസായങ്ങൾക്കുള്ള പരിമിതികളെ സംബന്ധിച്ച് നമുക്കറിയാം. ആധുനിക സാങ്കേതികവിദ്യയും അതിലൂന്നിയുള്ള ഉത്പാദനവും വിപണന സാധ്യതകളും വ്യാപകം ഉറപ്പുവരുത്തുന്നതുമായ പ്രോജക്ടുകൾ മാത്രമേ സ്ഥിരമായി നിലനിൽക്കുകയുള്ളൂ എന്ന് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പൊതുമേഖലയിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അത് രണ്ട് ഘട്ടത്തിലാകണമെന്നാണ് എന്റെ അഭിപ്രായം. ഇടപെട്ടാൽ രക്ഷപ്പെടാൻ കഴിയുന്ന, റിസൾട്ട് ഉണ്ടാക്കാൻ കഴിയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നാം ഘട്ടമായും അടുത്ത ഘട്ടമെന്ന നിലയ്ക്ക് രണ്ടാം ഘട്ടമായിട്ടും പോകണം. എൻ.റ്റി.സി. മില്ലുകളടക്കം പൂട്ടുമെന്ന അവസരത്തിലാണ് കേരളത്തിലെ നൂൽനൂൽപ്പു മേഖല ലാഭത്തിൽ പ്രവർത്തിക്കുന്നത്. ടെക്സ്റ്റൈൽ മേഖലയുടെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ നല്ല ശ്രമം നടത്തണം. ഗെയിൽ പൈപ്പ് ലൈൻ പദ്ധതിയ്ക്കുവേണ്ടിയുള്ള സ്ഥലമെടുപ്പിന്റെ പൂർത്തീകരണമെല്ലാം ഏകദേശം അവസാനിച്ചിരിക്കുകയാണ്. സർക്കാർ ഇനി പെട്രോ കെമിക്കൽ പാർക്കിന്റെ പൂർത്തീകരണം വേഗത്തിൽ നടത്തണമെന്നാണ് എന്റെ അഭിപ്രായം. അന്താരാഷ്ട്ര മാർക്കറ്റുമായാണ് നമുക്ക് മത്സരിക്കാനുള്ളത്.

അന്താരാഷ്ട്ര മാർക്കറ്റിൽ ഉടൻതന്നെ നമുക്ക് ഇടപെടാൻ കഴിയണമെങ്കിൽ, പ്രസ്തുത മേഖലയ്ക്കുള്ളിലെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ട്, ഉല്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യമുണ്ടാക്കണം. ഗ്യാസ് കിട്ടിയതോടുകൂടി എഫ്.എ.സി.റ്റി. ഇപ്പോൾ നല്ല ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. അവിടെ യൂറിയ പ്ലാന്റ് സ്ഥാപിക്കാനാവശ്യമായ ഇടപെടൽ കേന്ദ്ര സർക്കാരിൽ നടത്തണം. പെട്രോളിന് ഇപ്പോൾ 104 രൂപയായി. ഇന്നത്തെ പത്രത്തിൽ കണ്ടത് 110 രൂപയോളം വരുമെന്നാണ്. എന്നാൽ ഗ്യാസിന് കിലോയ്ക്ക് 56 രൂപ മാത്രമാണ് വില വരുന്നത്. ഒരു കിലോ ഗ്യാസ് ഒന്നേകാൽ ലിറ്റർ പെട്രോളിന് സമമാണ്. ഏകദേശം എഴുപത് രൂപയുടെ സേവിംഗ്സ് നമുക്ക് കിട്ടും. അതുകൊണ്ട് ഗ്യാസിന്റെ സംവിധാനം വ്യാപകമാക്കിക്കഴിഞ്ഞാൽ പല കമ്പനികളും വരും. വൻകിട കമ്പനികൾ മാത്രമല്ല, സാധാരണ കടകളിൽ ഉപയോഗിക്കുന്ന ജനറേറ്ററിനടക്കം ചെലവ് കുറയ്ക്കാൻ കഴിയുന്ന ഒരവസ്ഥ ഉണ്ടാകും. ഓട്ടോ, ടാക്സി തൊഴിലാളികൾക്കും വലിയ തരത്തിലുള്ള മെച്ചമുണ്ടാകും. പൈപ്പ് ലൈനിന്റെ പ്രവർത്തനം ഏകദേശം അവസാനിച്ചു കഴിഞ്ഞിരിക്കുന്നു. മലപ്പുറം ജില്ലയോട് തൊട്ടുകിടക്കുന്ന കുറ്റനാട് ഒരു ഹബ്ബുണ്ട്. അവിടെ നിന്ന് മലപ്പുറം ജില്ലയ്ക്കടക്കം ഗ്യാസ് വിതരണ

സംവിധാനമുണ്ടാകും. അതിന്റെ വേഗത കൂട്ടുകയും വിതരണത്തിൽ വികേന്ദ്രീകരണം കൊണ്ടുവരികയും വേണം. അത് കുത്തകകളെ ഏൽപ്പിക്കാൻ കഴിയില്ല. വികേന്ദ്രീകരണത്തിന് ആവശ്യമായ ഇടപെടൽ നടത്തണം. നിരവധി സ്റ്റാർട്ടപ്പുകൾ വരാൻ സാധ്യതയുണ്ട്. യുദ്ധകാലാടിസ്ഥാനത്തിൽ ഈ കാര്യത്തിലിടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വളരെയധികം സാധ്യതയുള്ള, ഫുഡ് പ്രോസസിംഗ് ഇൻഡസ്ട്രിയെക്കുറിച്ചാണ് മറ്റൊരു കാര്യം സൂചിപ്പിക്കുവാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇക്കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഈ രംഗത്ത് വിയറ്റ്നാമിനെ ഒരു റോൾ മോഡലായി കാണണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. എത്രയെത്ര സംരംഭങ്ങളാണ് കാർഷിക ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഫുഡ് പ്രോസസിംഗ് രംഗത്ത് കടന്നുവന്നിട്ട് സ്ഥാപിച്ചിട്ടുള്ളത്. ഒരേ ഉല്പന്നത്തിന് നിരവധി പ്രോഡക്ടുകളാണ്. അതുകൊണ്ട് വിയറ്റ്നാമിനെ നമുക്കൊരു മാതൃകയാക്കിയെടുത്തുകൊണ്ട് നല്ല മാർക്കറ്റ് സാധ്യതയുള്ള ഈ വ്യവസായത്തിലേയ്ക്ക് കൂടുതൽ ഊന്നൽ കൊടുക്കണം. ഇലക്ട്രോണിക്സ്

ഉല്പന്നങ്ങളുടെ മേഖലയും നല്ല സാധ്യതയുള്ളതാണ്. അവിടെയും കടന്നുകയറാൻ നമുക്ക് കഴിയണം. വ്യാവസായികമായി പിന്നോക്കം നില്ക്കുന്ന മലബാർ മേഖലയുടെ വികാസത്തിന് ഉതകുന്ന കൊച്ചി മംഗലാപുരം വ്യാവസായിക ഇടനാഴിയുടെ പൂർത്തീകരണംകൂടി വേഗത്തിലാക്കാൻ കഴിയേണ്ടതുണ്ട്. വ്യവസായ ക്ലസ്റ്ററുകൾ സാധ്യമാക്കാൻ നമുക്ക് കഴിയണം. വൻകിട വ്യവസായങ്ങളടക്കം, വ്യവസായ ലോകത്തിന്റെ എല്ലാവിധ പിന്തുണയും നമുക്ക് കിട്ടിക്കൊണ്ടിരിക്കുന്ന അവസരമാണിത്. എതിർപ്രചാരവേലകൾ പലതുമുണ്ടായിരിക്കാം. നിരാശാവാദികൾ പലതും പറയും. കേരളത്തിന്റെ വ്യാവസായിക മേഖലയിലെ മുന്നേറ്റം സഹിക്കുന്നവരല്ല പലരുമെന്ന് നമുക്കറിയാവുന്നതാണ്. അതുകൊണ്ട് അത്തരം ഇടങ്കോലിടലുകൾ നോക്കാതെ, അവരെ സംബന്ധിച്ച് നമുക്കറിയുന്നതാണ്, പൊതുമേഖല വിറ്റുതുലയ്ക്കാൻ വേണ്ടി ഒരു കാലഘട്ടത്തിൽ ഉദ്യോഗസ്ഥന്മാരെ നിശ്ചയിച്ചവരാണവർ. പഴയകാര്യമൊന്നും മറക്കണ്ട. കേരളത്തിന്റെ നേട്ടം, നേട്ടമായി കാണാനുള്ള മാനസിക അവസ്ഥയിലേയ്ക്ക് പ്രതിപക്ഷം വരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വ്യാവസായിക കേരളം മുന്നോട്ടുതന്നെ കുതിക്കും.

യാതൊരു സംശയവുമില്ല. വ്യവസായ വകുപ്പിനെയും അതിന്റെ പ്രവർത്തനങ്ങളേയും ഞാൻ അഭിനന്ദിക്കുന്നു. ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുന്നു.

മി. ചെയർമാൻ: അനുവദിച്ച സമയത്തിനു മുമ്പുതന്നെ താങ്കൾ അവസാനിപ്പിച്ചു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ന് കേരളത്തിന് ദേശീയ ഉത്സവവും ദേശീയ പക്ഷിയും ദേശീയ മൃഗവുംപോലെ, ഒരു ദേശീയ ദൈവംകൂടി ഉണ്ടായിരിക്കുകയാണ്. ഞാൻ ഇതിനെതിരല്ല, നമ്മളൊക്കെ ദൈവങ്ങളായി മാറുന്നത് മറ്റുള്ളവർക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുമ്പോഴാണ്. ഒരുപക്ഷേ ഈ നിയമസഭയിലെ 21 മന്ത്രിമാരും 21 പ്രാദേശിക ദൈവങ്ങളാണെന്ന് കരുതുക. അങ്ങനെയാകുമ്പോൾ തീർച്ചയായും വ്യവസായ വകുപ്പുമന്ത്രി ബഹുമാന്യനായ ശ്രീ. പി. രാജീവ്, ഒരു വ്യവസായ ദൈവമായിട്ടാണ് ഇപ്പോൾ കേരളത്തിലെ ആളുകൾ കാണുന്നത്. ഞാൻ ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ ഒരു ഇന്റർവ്യൂ വായിക്കുകയുണ്ടായി. അങ്ങ് പറഞ്ഞിട്ടുള്ള അഞ്ച് കാര്യങ്ങൾ,

യാഥാർത്ഥ്യമാക്കിക്കഴിഞ്ഞാൽ അങ്ങേയ്ക്ക് ഞാൻ ഒരു പൊൻമോതിരം ഇട്ടുതരും. ഇത് ഒരു ചലഞ്ചായി അങ്ങേറ്റെടുക്കണം, ഇതിൽ അങ്ങ് പറഞ്ഞ ചില കാര്യങ്ങളുണ്ട്. ഒന്ന്, ഓരോ ജില്ലയിലെയും പ്രധാന കാർഷിക വിളകളെ അടിസ്ഥാനമാക്കി 104 മൂല്യവർദ്ധിത ഉൽപ്പന്ന യൂണിറ്റുകൾ സ്ഥാപിക്കും. അത് സ്ഥാപിക്കണം, ഞങ്ങൾ ചലഞ്ച് ചെയ്യുകയാണ്. രണ്ട്, കൊച്ചി-ബംഗ്ലൂരു വ്യവസായ ഇടനാഴിക്കായുള്ള സ്ഥലമേറ്റെടുക്കൽ ഡിസംബറിൽ പൂർത്തിയാകും. ഈ ഡിസംബറിൽ അത് പൂർത്തിയാക്കി കാണിക്കണം. മൂന്ന്, വനിതാപ്രവാസി സംരംഭകരെക്കൂടി കേരളത്തിലേക്ക് കൂടുതലായി കൊണ്ടുവരാൻ ശ്രമിക്കും. നാല്, പൊതുമേഖലാ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി പുരസ്കാരങ്ങൾ ഏർപ്പെടുത്തും. അഞ്ച്, കോവിഡ് സാഹചര്യത്തിൽ ഓൺലൈൻ മാർക്കറ്റിംഗിന്റെ എല്ലാ സാധ്യതകളും ഉപയോഗിക്കും. അതുകൂടാതെ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ രാജ്യത്തെ മികച്ച സംസ്ഥാനമായിമാറാനും നിക്ഷേപം ആകർഷിക്കാനുമുള്ള വിവിധ നടപടികൾ കൈക്കൊള്ളുമെന്നാണ് അങ്ങ് നൽകിയ ഇന്റർവ്യൂവിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ 5 വർഷക്കാലം നിങ്ങൾ ഭരിച്ച് വീണ്ടും ഭരണം തുടർന്നുപോകുമ്പോൾ ഈസ് ഓഫ് ഡൂയിംഗ്

ബിസിനസ്സിൽ കേരളത്തിന്റെ സ്ഥാനം 28-ാമത് ആണ്. എന്നുപറഞ്ഞാൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ, ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും പിന്നിലാണ് കേരളത്തിന്റെ സ്ഥാനമെന്നുള്ളത് അങ്ങ് മനസ്സിലാക്കണം. ഏറ്റവും ഒടുവിലാണ് നിങ്ങൾ നിൽക്കുന്നതെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. ഇവിടെ നമുക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്, വ്യവസായ മേഖലയിൽ പുതിയ പ്രതീക്ഷകൾ ഉണ്ടാകുകയെന്ന് പറയുന്നത് വലിയ കാര്യം തന്നെയാണ്. സി.പി.ഐ.(എം) ഭരണത്തിൽ, കഴിഞ്ഞ 5 വർഷക്കാലത്തെ ഭരണത്തിൽ, മുഖ്യമന്ത്രി പറയുന്നതുപോലെ ഇവിടെ വ്യവസായ മേഖല ചീറ്റിപ്പോയി എന്നൊന്നും ഞാൻ പറയുന്നില്ല, എന്നാൽ പുഷ്ടിപ്പെട്ടു എന്ന് സമ്മതിക്കുന്നതിന് ദ്വയാർത്ഥത്തോടെ ധാരാളം ഉദാഹരണങ്ങൾ പറയാൻ എനിക്ക് കഴിയും. 500 കോടിരൂപയുടെ കരുവന്നൂർ സഹകരണ ബാങ്ക് തട്ടിപ്പ് വ്യവസായം പുഷ്ടിപ്പെട്ടു, മുഖ്യമന്ത്രിയുടെ ഓഫീസിന്റെ കാവലാൾ ശിവശങ്കരനും സ്വപ്നയുംകൂടി നടത്തിയ സ്വർണ്ണക്കടത്ത് വ്യവസായം പുഷ്ടിപ്പെട്ടു, കുഴൽപ്പണ ഒത്തുതീർപ്പ് വ്യവസായം പുഷ്ടിപ്പെട്ടു, മരംമുറി തട്ടിപ്പ് വ്യവസായം പുഷ്ടിപ്പെട്ടു, സ്ത്രീ പീഡന പരാതി ഒത്തുതീർക്കൽ വ്യവസായം പുഷ്ടിപ്പെട്ടു ഇങ്ങനെ തുടങ്ങി വ്യവസായ

രംഗത്ത് ചില നേട്ടങ്ങൾ കൈവരിച്ച് അഴിമതി, ധൂർത്ത്, സ്വജനപക്ഷപാതം ഇതെല്ലാം കൊണ്ടുനടക്കുന്ന സർക്കാരിന് നല്ല ബുദ്ധി തോന്നാൻ വേണ്ടിയാണ് എന്റെ പ്രസംഗവും പ്രാർത്ഥനയും.

ഐൻസ്റ്റീൻ ഒരു കാര്യം പറഞ്ഞിട്ടുണ്ട്, ഒരു നാട് നശിക്കുന്നത് തിൻമ ചെയ്യുന്നവരെകൊണ്ടായിരിക്കുകയില്ല, പകരം തിൻമ കണ്ടിട്ടും പ്രതികരിക്കാത്തവരെകൊണ്ടായിരിക്കും. ആ പ്രതികരണമാണ് പ്രതിപക്ഷം ഈ സഭാതലത്തിൽ ഉയർത്തിപ്പിടിക്കുന്നത്. ഇന്ന് കേരളം വ്യവസായങ്ങളുടെ ശവപ്പറമ്പായി മാറിയിരിക്കുന്നു. പൂട്ടിപ്പോയ വ്യവസായങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനോ, ലിക്വിഡേഷനിൽ ഇരിക്കുന്നവയെ നിയമനടപടികൾ തീർത്ത് പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ എന്ത് നടപടി സ്വീകരിച്ചു? ഈ സംസ്ഥാനത്തെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായിരുന്ന പെരുമ്പാവൂരിലെ റയോൺസ് എന്ന് അങ്ങേയ്ക്കും അറിയാം. ആയിരക്കണക്കിന് ആളുകൾക്ക് തൊഴിൽ കൊടുത്തിരുന്ന, എന്താണവസ്ഥ? 20 വർഷത്തിലേറെയായി ഇന്നും അത് പൂട്ടിക്കിടക്കുന്നു. ലിക്വിഡേഷൻ നടപടികൾ അവസാനിപ്പിക്കുന്നില്ല. ഇന്ന് വേണമെങ്കിൽ അതിനെ പരിശോധിച്ച്

കേരളത്തിലെ ഏറ്റവും വലിയ ഇക്കോട്ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ സാധിക്കും. അങ്ങ് ഈ കാര്യത്തിലിടപെട്ട് എത്രയുംപെട്ടെന്ന് ലിക്വിഡേഷൻ നടപടികൾ പൂർത്തീകരിച്ച് 65 ഏക്കറോളം വരുന്ന സ്ഥലം സർക്കാർ ഏറ്റെടുത്ത്, പുതിയ വ്യവസായങ്ങൾ ആരംഭിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. കേരളത്തെ വ്യവസായങ്ങളുടെ സ്മാരക ഭൂമിയായി മാറാൻ അനുവദിക്കരുത്. സംസ്ഥാനത്തെ ഏറ്റവും വലിയ രണ്ടാമത്തെ വ്യവസായ മേഖലയാണ് കഞ്ചിക്കോട്. അത് ഏഴ് വർഷത്തിനിടെ, എന്നു പറഞ്ഞാൽ നിങ്ങൾ ഭരിക്കുമ്പോൾ, ചെറുതും വലുതുമായ നൂറോളം സ്ഥാപനങ്ങളാണ് പൂട്ടിപ്പോയത്. ഓൾഡ് ഇൻഡസ്ട്രിയൽ ഏര്യ, ന്യൂ ഇൻഡസ്ട്രിയൽ ഏര്യ, വൈസ് പാർക്ക്, കിൻഫ്ര, ടെക്സ്റ്റൈൽ പാർക്ക് തുടങ്ങി 1400 ഏക്കർ സ്ഥലത്തെ ഭൂമിയിൽ കഴിഞ്ഞ 5 വർഷങ്ങളായി ഒരു രീതിയിലും വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല. എന്തുകൊണ്ടാണ് സംസ്ഥാനം പിന്നിലാകുന്നത്? ഒന്ന്, റോഡ് ഉൾപ്പെടെയുള്ള പശ്ചാത്തല സൗകര്യങ്ങളുടെ അഭാവമാണ്. രണ്ട്, ഭരണകൂടങ്ങളുടെ നിഷേധാത്മകമായ സമീപനം. മൂന്ന്, തൊഴിലാളി യൂണിയനുകളുടെ, സംഘടനകളുടെ വിവിധ തരത്തിലുള്ള പ്രഷർ.

മറ്റൊന്ന് നോട്ട് നിരോധനം, ജി.എസ്.ടി, ഇതുകൂടാതെ മാനേജ്മെന്റിന്റെ പിടിവാശിയും നിഷേധാത്മകമായ സമീപനവും. പണം ഉപയോഗിച്ച് ജനങ്ങളെ വിലയ്ക്കുവാങ്ങാൻ കഴിയുമെന്ന മാനേജുമെന്റുകളുടെ ധാർഷ്ട്യം. നമ്മുടെ ജില്ലയിൽ ഒരു മുതലാളി രാഷ്ട്രീയ പ്രസ്ഥാനംകൂടി കൊണ്ടുനടക്കുന്നുണ്ട്. പൊളിറ്റിക്കൽ ആഡിറ്റ് നടക്കുമ്പോൾ പണം ഉപയോഗിച്ച് അദ്ദേഹത്തിന് ബിസിനസ്സുകാരന്റെ പ്രിവിലേജ് വേണം, ബിസിനസ് ആഡിറ്റ് നടക്കുമ്പോൾ രാഷ്ട്രീയക്കാരന്റെ പ്രിവിലേജ് വേണം. ഇവിടെ പണം ഉപയോഗിച്ച് എന്തും വിലയ്ക്കുവാങ്ങാം. പഞ്ചായത്തിൽ മെമ്പർമാരെ ഉണ്ടാക്കുകയാണ്, അവർക്ക് പ്രത്യേകം പണം കൊടുക്കുകയാണ്. സി.എസ്.ആർ. ഫണ്ട് ദുരുപയോഗം ചെയ്യുകയാണ്. ഇത് ചോദ്യം ചെയ്തത് മാത്രമല്ല, അവിടെ ഉണ്ടായ മാലിന്യപ്രശ്നം ചൂണ്ടിക്കാണിച്ചപ്പോൾ എന്താണ് പറഞ്ഞത്, ഒരു രാഷ്ട്രീയ പ്രസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത അദ്ദേഹം പറഞ്ഞത്, ഞാൻ കേരളം വിട്ടു പോകുന്നു എന്നാണ്. അപ്പോൾ അദ്ദേഹത്തിന് കേരളത്തിനോട് എന്ത് രാഷ്ട്രീയ പ്രതിബദ്ധതയാണുള്ളത്? എല്ലാ ബിസിനസ്സുകളും ഇവിടെ തുടരണം, നമ്മൾ ആർക്കും എതിരല്ല. പക്ഷെ മാലിന്യനിർമ്മാർജ്ജനത്തിലൂടെ

സത്യസന്ധമായി ബിസിനസ് നടത്തുന്ന ആളുകളെ അംഗീകരിക്കുകയും അവർക്കുവേണ്ട പ്രിവിലേജുകൾ നൽകുകയും വേണമെന്നുള്ളതാണ് സൂചിപ്പിക്കുന്നത്. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്, മൂന്ന് മിനിറ്റ് അദ്ദേഹത്തിന്റേത്കൂടി ഉള്ളതുകൊണ്ട് അല്പംകൂടി സംസാരിക്കാൻ സാധിക്കുമായിരിക്കും.

മി. ചെയർമാൻ: അദ്ദേഹത്തിന്റെ മാതൃക സ്വീകരിക്കണം. ചെയറിന് അദ്ദേഹത്തിന്റെ കാര്യത്തിൽ ബെൽ അടിക്കേണ്ടി വന്നിട്ടില്ല.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: അദ്ദേഹത്തിന്റെ രണ്ടു മിനിറ്റ് സമയം കൂടുതലായി ഞാൻ എടുക്കുന്നതിൽ അദ്ദേഹത്തിന് കുഴപ്പമില്ലായെന്നു കരുതുന്നു. നെഞ്ചിൽ നെരിപ്പോടുമായാണ് കേരളത്തിലെ ഓരോ സംരംഭകനും ഇപ്പോൾ ജീവിക്കുന്നത്. അവർ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ചോദിച്ചാൽ ചുട്ടുപൊള്ളുന്ന ലാവ കണക്കെ വാക്കുകൾ പുറത്തേയ്ക്ക് വരും. സ്ഥാപനം തുറക്കാൻ പറ്റുന്നില്ല, പക്ഷെ ജീവനക്കാർക്ക് വേതനം കൊടുക്കണം. ഫാക്ടറിയിൽ ഉൽപ്പാദനമില്ല, കെ.എസ്.ഇ.ബി.എൽ.-ന്റെ ഫിക്സഡ് ചാർജ്ജ് അടയ്ക്കണം, നികുതി കൊടുക്കണം, ചിലതിന്റെ നിരക്ക് കൂട്ടി. ബാങ്ക് വായ്പയിൽ മൊറട്ടോറിയം

ഇല്ല, ലൈസൻസ് ഫീസ് കൂട്ടി, ജപ്തി നടപടികൾ വരുന്നു. എല്ലാത്തരത്തിലും ജീവിക്കാൻ പറ്റാത്ത സാഹചര്യമാണ് കേരളത്തിലുള്ളത്. സ്വന്തമായി സംരംഭം തുടങ്ങി കുറച്ചുപേർക്ക് ജോലി നൽകി മുന്നോട്ടുപോകാൻ ശ്രമിച്ചതിന്റെ പേരിൽ കേരളത്തിലെ സംരംഭകരുടെ ജീവിതം വഴിമുട്ടി നിൽക്കുകയാണ്. നിരവധി പ്രശ്നങ്ങൾ നമ്മുടെ മുൻപിലുണ്ട്, കൊറോണ ആരോഗ്യപ്രശ്നം മാത്രമല്ല, അതിലുപരി സാമൂഹ്യ, സാമ്പത്തിക, മാനസിക, അതിജീവന പ്രശ്നമായി നമ്മൾ ഇതിനെ കാണണം. ഈ സാഹചര്യത്തിൽ സർക്കാർ ബിസിനസ് സംരംഭകരെ സഹായിക്കുന്ന നടപടികളുമായി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ദുരിതങ്ങളെല്ലാം നിലനിൽക്കുമ്പോഴാണ് വ്യവസായ മേഖലയിൽ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് ചെയ്യാൻ KPMG-യെ പോലെയുള്ള ഭീമന്മാർ നമ്മളെ സഹായിക്കാൻ വരുന്നതെന്നത് വലിയ കാര്യമല്ല. ഖജനാവിൽ ചില്ലിക്കാശില്ലെന്നാണ് ധനകാര്യ വകുപ്പുമന്ത്രി കെ. എൻ. ബാലഗോപാൽ അവർകൾ ഇവിടെ പറഞ്ഞത്. എന്നാൽ ഈ ബിസിനസ് നടത്താൻ വരുന്ന നാലുപേർക്ക്.... KPMG-യിലെ ജീവനക്കാർക്ക് കൊടുക്കുന്ന ശമ്പളം പതിനൊന്നു ലക്ഷത്തി ഇരുപതിനായിരം രൂപയാണ്. ഇവിടെ വ്യവസായം

തഴച്ചുവളരണമെങ്കിൽ വ്യവസായികൾക്ക് ആവശ്യമായ അനുകൂല സാഹചര്യം ചെയ്തുകൊടുക്കണമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട്, ബാക്കി കാര്യങ്ങൾ ഞാൻ നേരിട്ട് പറഞ്ഞുകൊള്ളാം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു, ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. വി. ശശി: സർ, ഞാൻ പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഡോ. ടി. എം. തോമസ് ഐസക് 2021 ജനുവരി 15-ന് അവതരിപ്പിച്ച ബഡ്ജറ്റ് 2021-22-ലേയ്ക്കുള്ള ഒരു സമ്പൂർണ്ണ ബഡ്ജറ്റായിരുന്നു. യഥാർത്ഥത്തിൽ അത് ഒരു സാമ്പത്തിക നയപ്രഖ്യാപനമായിരുന്നു എന്നാണ് കാണേണ്ടത്. കോവിഡിന്റെ ഒന്നാംതരംഗം പിന്നിട്ട് സമ്പദ്‌വ്യവസ്ഥ തിരിച്ചുവരവിന്റെ പാതയിൽ പ്രവേശിക്കാൻ തുടങ്ങുകയായിരുന്ന പശ്ചാത്തലത്തിലാണ് സുസ്ഥിര വികസനത്തിനുള്ള ഒരു മാസ്റ്റർപ്ലാൻ എന്ന നിലയ്ക്ക് വിദ്യാഭ്യാസത്തിനും തൊഴിലിനും പ്രാമുഖ്യം നൽകിയ ബഡ്ജറ്റ് ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ചത്. അഭ്യസ്തവിദ്യരുടെ വർദ്ധിച്ചുവരുന്ന തൊഴിലില്ലായ്മ ഒരു മുഖ്യപ്രശ്നമാണെന്ന് ബഡ്ജറ്റ് അടയാളപ്പെടുത്തി.

തുടർന്ന് പ്രസിദ്ധീകരിച്ച പ്രകടനപത്രികയിലും ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും ഇതിന് അടിവരയിട്ടു. കേരളത്തെ ഒരു വിജ്ഞാന സമ്പദ്ഘടനയായി രൂപാന്തരപ്പെടുത്തി, തൊഴിൽ പ്രാവീണ്യം ഉയർത്തി അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നതായിരുന്നു ബഡ്ജറ്റ് ലക്ഷ്യമാക്കിയത്. കോവിഡ് മഹാമാരിയുടെ രണ്ടാംഘട്ട ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ മെയ് മാസം ഇരുപതാം തീയതിയാണ് രണ്ടാം പിണറായി സർക്കാർ അധികാരമേറ്റത്. കോവിഡ് രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു, മരണസംഖ്യയും വർദ്ധിച്ചു. സ്വാഭാവികമായും ആരോഗ്യ ബഡ്ജറ്റ് അനിവാര്യമായിമാറി. അതാണ് പുതിയ ബഡ്ജറ്റിന്റെ പശ്ചാത്തലം. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയെന്ന ലക്ഷ്യത്തോട് പൂർണ്ണമായും ഐക്യപ്പെട്ടുകൊണ്ട് വിഭവ പരിമിതിയെ അതിജീവിച്ച് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തുകയാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഏറ്റെടുത്ത ചുമതല. അതിൽ അദ്ദേഹം വിജയിച്ചിരിക്കുന്നുവെന്നാണ് ഇതിനോടകം ബഡ്ജറ്റിനെക്കുറിച്ചുവന്ന പ്രതികരണങ്ങൾ സാക്ഷ്യപ്പെടുത്തുന്നത്.

ഈ ബഡ്ജറ്റിലെ XXXVII, XXXIX എന്നീ നമ്പർ

ധനാഭ്യർത്ഥനകളാണ് ഇന്ന് പരിഗണിക്കുന്നത്. XXXVII-ാം നമ്പർ ധനാഭ്യർത്ഥനയിൽ വ്യവസായ വകുപ്പ്, കേരള ഖാദി ഗ്രാമവ്യവസായ ബോർഡ്, കൈത്തറി ടെക്സ്റ്റൈൽസ് വകുപ്പ്, കയർ വികസന വകുപ്പ്, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവവഴി നടപ്പിലാക്കുന്ന പദ്ധതികളും അവയ്ക്കുള്ള ബഡ്ജറ്റ് വിഹിതവുമെല്ലാം പരിഗണിക്കുകയാണ്. സബ്ജക്ട് കമ്മിറ്റി പരിശോധിച്ചുനൽകിയ വിവരങ്ങളും അതിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സമർപ്പിച്ചിട്ടുണ്ട്. ഒന്നുരണ്ട് വിഷയങ്ങളെക്കുറിച്ച് മാത്രം ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. അതിലൊന്ന് പരമ്പരാഗത മേഖലയാണ്. കയർ, കൈത്തറി, കരകൗശലം എന്നീ മേഖലകളിൽ കഴിഞ്ഞ അഞ്ചുവർഷം സംസ്ഥാന സർക്കാർ കൈവരിച്ച നേട്ടങ്ങൾ, ഇനിയും പരിഹരിക്കപ്പെടേണ്ട വിഷയങ്ങൾ എന്നിവയെ സംബന്ധിച്ച് സൂചിപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. സമയപരിധികൊണ്ട് മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. കയർ വ്യവസായ രംഗത്ത് കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ വമ്പിച്ച പുരോഗതി നേടാൻ സാധിച്ചിട്ടുണ്ട്. കയർ രണ്ടാം പുനഃസംഘടനാ പദ്ധതിയിലൂടെ ഉത്പാദനം അഞ്ചുവർഷംകൊണ്ട് 7870 ടണ്ണിൽനിന്നും

25000 ടണ്ണായി ഉയർത്താനും വില്പനരംഗത്ത് 7209 ടണ്ണിൽനിന്നും 20948 ടണ്ണായി വർദ്ധിപ്പിക്കാനും സാധിച്ചു. അതുകൂടാതെ, സംഭരണം 399 കോടി രൂപയിൽനിന്നും 732 കോടി രൂപയിലേയ്ക്കുയർന്നു. മുമ്പൊരിക്കലും സംഭവിക്കാത്ത തരത്തിലുള്ള വലിയ നേട്ടമായാണ് ഞാനിതിനെ കാണുന്നത്. യന്ത്രവത്കരണത്തിലൂടെയും പുനഃസംഘടനാ സംവിധാനത്തിലൂടെയും കയർ രംഗത്ത് നേട്ടങ്ങളുണ്ടാക്കാനുള്ള ശ്രമമാണ് തുടർന്നുവരുന്നത്. ഇരുപത്തിമൂവായിരത്തോളം ഇലക്ട്രോണിക് റാട്ടുകൾ നൽകി, ആയിരം ആട്ടോമാറ്റിക് സ്പിന്നിംഗ് മില്ലുകൾ സ്ഥാപിച്ചു. അഞ്ഞൂറോളം ചകിരി മില്ലുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടതിൽ 130 എണ്ണം ഇതിനകം സ്ഥാപിച്ചുകഴിഞ്ഞു. ബാക്കിയുള്ള ഡീ-ഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. കയർഭൂവസ്ത്ര നിർമ്മാണം കയർമേഖലയ്ക്ക് പുത്തനുണർവ് നൽകി. മണ്ണ്-ജലസംരക്ഷണം, റോഡ് നിർമ്മാണം എന്നിവയ്ക്ക് കയർഭൂവസ്ത്രം ഉപയോഗിക്കുന്നു. നൂറ് കോടി രൂപയുടെ ഭൂവസ്ത്രം ഇതിനകം വിറ്റഴിച്ചു. നമുക്ക് ആവശ്യമായ ചകിരിയുടെ മുപ്പത് ശതമാനംപോലും കേരളത്തിൽ ഉത്പാദിപ്പിക്കുന്നില്ല. യന്ത്രവത്കരണം പൂർണ്ണമാക്കുന്നതിനാവശ്യമായ ചകിരി കേരളത്തിൽത്തന്നെ

ഉത്പാദിപ്പിക്കണമെന്നതാണ് ഞാൻ മുന്നോട്ടുവയ്ക്കുന്ന ഏറ്റവും പ്രധാനപ്പെട്ട നിർദ്ദേശം. ഇതിനായി ഡീ-ഫൈബറിംഗ് യൂണിറ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം, ചകിരി സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും നടപടികളുണ്ടാകണം. ഈ മേഖലയുടെ വളർച്ചയ്ക്കായി പിത്ത്, ചകിരിനാര് എന്നിവ പ്രയോജനപ്പെടുത്തി, വൈവിദ്ധ്യമാർന്ന ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നതിനാൽ അതിനുള്ള നടപടികൂടി സ്വീകരിക്കണം. കൈത്തറി മേഖല ഗുരുതരമായ പ്രതിസന്ധിയിലായിരുന്നു. 250 രൂപ പ്രതിദിന വേതനവും 100 ദിവസത്തെ തൊഴിലും എന്നതായിരുന്നു അവസ്ഥ. പ്രവർത്തിക്കുന്ന തറികളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി ഒരു പരിധിവരെ മാറി. കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി സർക്കാർ നടപ്പിലാക്കിയ സ്കൂൾ യൂണിഫോം പദ്ധതി ആറായിരത്തഞ്ഞൂറോളം കൈത്തറി തൊഴിലാളികൾക്ക് തൊഴിൽ നൽകുന്ന സ്ഥിതിവിശേഷമുണ്ടാക്കി. 700 രൂപയോളം പ്രതിദിന വേതനവും ലഭിക്കുന്നുണ്ട്. പ്രതിവർഷം 240 ദിവസം ജോലി ലഭ്യമാകുന്നുമുണ്ട്. കൈത്തറി മേഖലയിൽനിന്നും ജനങ്ങൾ പ്രതീക്ഷിക്കുന്ന പരമ്പരാഗതമായ കൈത്തറി ഉത്പന്നങ്ങളുടെ കുറവ് ഇന്ന് ശ്രദ്ധേയമാണ്. സാരി, മുണ്ട്, സെറ്റ്

മുണ്ട്, ബാലരാമപുരം സാരി, കാസർഗോഡ് സാരി, കുത്താമ്പുള്ളി സാരി, ചേന്ദമംഗലം മുണ്ട്, നേരിയ കോട്ടൺ ഉത്പന്നങ്ങൾ എന്നിവയുടെ ഉത്പാദനത്തിൽ കുറവ് സംഭവിച്ചിരിക്കുന്നു. അത്തരം കൈത്തറി ഉത്പന്നങ്ങളുടെ പാരമ്പര്യവും അതിലടങ്ങിയ കരവിരുതും മൂല്യവും ചോർന്നുപോകാതെതന്നെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാൻ കഴിയണം. ആ മേഖലയ്ക്ക് ഊന്നൽ നൽകുന്ന പദ്ധതികൾക്കുകൂടി രൂപംനൽകി നടപ്പിലാക്കാൻ നമുക്ക് സാധിക്കണം. കേന്ദ്രസർക്കാരിന്റെ പദ്ധതി വിഹിതം ഈ മേഖലയിൽ മുൻകാലങ്ങളെപ്പോലെ ലഭിക്കുന്നതായി കാണുന്നില്ല. അക്കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കേന്ദ്ര സർക്കാരിൽനിന്നും ധനസഹായം ലഭ്യമാകാൻ സാധ്യതയുള്ള മേഖലയായതിനാൽ പ്രത്യേക പദ്ധതികൾക്ക് രൂപം നൽകേണ്ടതുണ്ട്. പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ അപ്പെക്സ് സ്ഥാപനമായ ഹാൻടെക്സിനെ ശക്തിപ്പെടുത്തണം. കൈത്തറി മേഖലയുടെ അത്താണിയാണ് ഹാൻടെക്സ്. അതിനെ പുനഃസംഘടിപ്പിക്കാനുള്ള പദ്ധതി 2000-ൽ ആരംഭിച്ചിരുന്നു. സംസ്ഥാന സഹകരണ ബാങ്കിലെ എല്ലാ ബാധ്യതകളും സർക്കാർ സഹായത്തോടെ കൊടുത്തുതീർത്തിരുന്നു.

നബാർഡിന്റെ സഹായത്തോടെ സംസ്ഥാന സഹകരണ ബാങ്കുവഴി പ്രവർത്തന മൂലധനം ലഭ്യമാക്കി, ഉത്പാദന രംഗത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുക എന്നതായിരുന്നു ലക്ഷ്യം. അതുപൂർണ്ണമായും നടപ്പിലാക്കിക്കാണുന്നില്ല. കുറഞ്ഞ പലിശ നിരക്കിൽ ആവശ്യമായ ധനസഹായം (പ്രവർത്തന മൂലധന വായ്പാ സഹായം) നൽകാതെ ഒരു പരമ്പരാഗത മേഖലയിലെയും ഉത്പാദന - വിപണന രംഗത്തെ സുഗമമായി നിലനിർത്തിപ്പോകാൻ കഴിയില്ല. ഹാൻടെക്സിനെ സംബന്ധിച്ചിടത്തോളം പ്രവർത്തന മൂലധനമില്ല, ലഭ്യമാകുന്ന വിറ്റുവരവുകൊണ്ടുമാത്രം പ്രവർത്തനം മുന്നോട്ടുപോകുകയാണ്. അതുകൊണ്ടുതന്നെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും ഹാൻടെക്സ് സംഭരിക്കുന്ന തുണിയുടെ വില കൊടുത്തുവരുന്നത് വർഷത്തിലൊരിക്കൽ മാത്രമാണ്. ഈ നടപടി പ്രസ്തുത വ്യവസായത്തെ തകർക്കുന്ന സ്ഥിതിവിശേഷമുണ്ടാക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഹാൻടെക്സിനെ ശക്തിപ്പെടുത്തുന്ന നടപടിയുണ്ടാകണം. മുള വ്യവസായത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. മുള, ഈറ്റ, ചൂരൽ എന്നിവയുപയോഗിച്ച് പരമ്പരാഗത രീതിയിൽ ഉത്പന്നങ്ങൾ നിർമ്മിച്ച്,

ഇടനിലക്കാർവഴി വിറ്റഴിച്ച് ഉപജീവനം നടത്തുന്ന നിരവധി കുടുംബങ്ങൾ കേരളത്തിലുണ്ട്. ഇവരുടെ ക്ലസ്റ്ററുകൾ പല ജില്ലകളിലും നമുക്ക് കാണാനാകും. സമൂഹത്തിലെ ഏറ്റവും പാവപ്പെട്ട ജനവിഭാഗത്തിലുൾപ്പെട്ട ഈ തൊഴിലാളികൾക്കായി തുച്ഛമായ തുകയാണ് കുറേയേറെ വർഷങ്ങളായി ബഡ്ജറ്റിൽ നീക്കിവയ്ക്കുന്നത്. ഒരു കോടി ഇരുപത് ലക്ഷം രൂപ മാത്രമാണ് ഈ ബഡ്ജറ്റിലും നീക്കിവച്ചത്. ഏറ്റവും പാവപ്പെട്ട തൊഴിലാളികൾ പണിയെടുക്കുന്നതും ധാരാളം തൊഴിൽ സാധ്യതകളുള്ളതുമായ ഈ മേഖലയ്ക്കായി ബഡ്ജറ്റിൽ കൂടുതൽ വിഹിതം നീക്കിവയ്ക്കുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടാകണമെന്ന് സൂചിപ്പിച്ചുകൊണ്ട്, ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ദൈവം കനിഞ്ഞനുഗ്രഹിച്ച ഒരു സംസ്ഥാനമാണ് നമ്മുടെ കേരളം. 'പച്ചീരി' (മലപ്പുറം വളാഞ്ചേരി വൈക്കത്തെ)യിലെ ഫ്ലക്സിലുള്ള ദൈവമല്ല, സാക്ഷാൽ സർവ്വ വ്യാപിയായ ദൈവം. നല്ല കാലാവസ്ഥ, എവിടെ നോക്കിയാലും പിക്നിക് സ്പോട്ടുകൾ, വിദ്യാസമ്പന്നരായ ചെറുപ്പക്കാർ, ഉയർന്ന സാക്ഷരത, ആയുർദൈർഘ്യവും ആരോഗ്യവുമുള്ള

ജനത, ഇന്ത്യയിൽത്തന്നെ ഏറ്റവുമധികം വിദ്യാസമ്പന്നരായ ചെറുപ്പക്കാരുള്ള സംസ്ഥാനം. ഇതുകൂടാതെ നമുക്ക് മാത്രമായുള്ള ഒരു പ്രധാന നേട്ടം പ്രവാസിനിക്ഷേപമാണ്. വിദേശമലയാളികളുടേതായി ഏകദേശം രണ്ട് ലക്ഷം കോടി രൂപ നമ്മുടെ ബാങ്കുകളിലുണ്ട്. ഏകദേശം ഇതിന്റെ പത്തിരട്ടിയോളം സംഖ്യ വിദേശ രാജ്യങ്ങളിലുമുണ്ട്. കരിമണൽ മുതൽ കൈതച്ചക്ക വരെയുള്ള വിഭവങ്ങൾ നമുക്കുണ്ടായിട്ടും ഇവിടെ വ്യവസായങ്ങൾ മാത്രം വളരുന്നില്ല. Men, money, material എന്നിവയുണ്ടായിട്ടും ഇവിടെ വ്യവസായങ്ങൾ വളരുന്നില്ലെങ്കിൽ അതിന്റെ കുറ്റം നമ്മുടേതാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ 39 ഫാക്ടറികളുണ്ട്. അതിന്റെ ഏകദേശ മൂലധനം 4150 കോടി രൂപയാണ്, അത് പഴയ കണക്കാണ്. ഇപ്പോഴത്തെ മാർക്കറ്റ് റേറ്റ് വച്ചുനോക്കുകയാണെങ്കിൽ അത് എത്രയോ കൂടുതലാണ്. എന്നിട്ട് കഴിഞ്ഞവർഷം നമുക്ക് കിട്ടിയ ലാഭം വെറും 110 കോടി രൂപ മാത്രമാണ്. മലബാർ സിമെന്റ് നഷ്ടത്തിലായതിന്റെ കാരണങ്ങൾ എന്താണെന്ന് അങ്ങേയ്ക്കറിയാം. അക്കാര്യങ്ങളിലേക്ക് ഞാൻ പോകുന്നില്ല. സിഡ്കോ വലിയ നഷ്ടത്തിലാണ്. ഒരു കാലത്ത് ലോക പ്രശസ്തമായിരുന്ന കെൽട്രോൺ ഇന്ന് വെറും കമ്മീഷൻ ഏജന്റ് മാത്രമായി അധ:പതിച്ചു. കഴിഞ്ഞ

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കേരളത്തെ നിക്ഷേപ സൗഹൃദമാക്കി മാറ്റുന്നതിനും ദേശീയ-അന്തർദേശീയ തലങ്ങളിൽ ശ്രദ്ധ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ വികസനത്തിനും Emerging Kerala, SAS, We Mission എന്നീ പദ്ധതികൾ ആരംഭിച്ചിരുന്നു. യഥാർത്ഥത്തിൽ കേരളം അതുവരെ കാണാത്തൊരു പദ്ധതിയായിരുന്നു. എമർജിംഗ് കേരള സംഗമത്തിൽ 56 പദ്ധതികൾക്കായി ഏകദേശം 32,137 കോടി രൂപയുടെ നിക്ഷേപം കണക്കാക്കിയിരുന്നു. കെ.എസ്.ഐ.ഡി.സി. മാത്രം 23,334 കോടി രൂപയുടെ 14 പദ്ധതികളാണ് അന്ന് ഏറ്റെടുത്തത്. ഇവിടെ ഒന്നും നടക്കില്ലെന്നൊരു വ്യത്യാസം ഉണ്ടാക്കാൻ കഴിഞ്ഞുവെന്നതാണ് അതുമൂലം ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ടൊരു കാര്യം. 2020-ൽ ASCEND KERALA എന്ന ആഗോള നിക്ഷേപസംഗമം കൊച്ചിയിൽ സംഘടിപ്പിച്ചിരുന്നു. അന്ന് ഒരു ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ടാകുമെന്നാണ് പറഞ്ഞത്. എന്നാൽ ഇതുവരെയായി 18 പദ്ധതികളിലായി 423 കോടി രൂപയുടെ പദ്ധതികളാണ് നമുക്ക് ലഭിച്ചിട്ടുള്ളത്. പ്രസ്തുത സമ്മേളനത്തിന്റെ തലേദിവസം ഇവിടെ സമരമായിരുന്നു. നിക്ഷേപകർ എത്തിയ സമയം എയർപോർട്ട് അടച്ചു,

വഴിയില്ലാത്തതിനാൽ അവർക്ക് വരാൻ സാധിക്കുന്നില്ല. പിന്നെ എങ്ങനെയാണ് നിക്ഷേപകർ കേരളത്തിൽ വ്യവസായം ആരംഭിക്കുന്നത്. അന്ന് അവിടെ കരാറിൽ ഒപ്പുവച്ച കിറ്റെക്സ് ഗാർമെന്റ്സ് തെലങ്കാനയിലാണ് ആരംഭിക്കുന്നത്. വ്യവസായ ലോകത്ത് കേരളത്തിന്റെ ഇമേജ് ഇത്രയും നശിപ്പിച്ച വേറൊരു സംഭവം ഉണ്ടായിട്ടില്ല. ഇവിടെ വ്യവസായങ്ങളുടെ ശവപ്പറമ്പാണ്, ഒന്നും നടക്കില്ല. അതുകൊണ്ട് വ്യവസായികൾ ഇവിടെ നിന്ന് രക്ഷപ്പെടുകയാണ്. തൊട്ടടുത്ത സംസ്ഥാനത്തുനിന്ന് ചാർട്ടേഡ് ഫ്ലൈറ്റ് അയയ്ക്കുന്നു, മന്ത്രി എയർപോർട്ടിൽ വന്ന് സ്വീകരിക്കുന്നു, താലപ്പൊലി, ജഗബൊാഗ ബാന്റ് മേളം, എന്തൊക്കെയാണ് അവിടെ സംഭവിച്ചത്. കേരളത്തിലെ സ്ഥിതി ആലോചിക്കുകയാണെങ്കിൽ ഇതേ രീതിയിലുള്ള വ്യവസായിയെ ആരെയെങ്കിലും നമ്മൾ സ്വീകരിച്ചിട്ടുണ്ടോ; നമ്മുടെ ഉദ്യോഗസ്ഥർ പോകാറുണ്ടോ. നമ്മുടെ ഫാക്ടറികളിൽ എന്തെങ്കിലുമൊരു പ്രശ്നമുണ്ടായാലോ ആ ഫാക്ടറി അടച്ചുപൂട്ടിയാലോ ഏതെങ്കിലുമൊരു ഉദ്യോഗസ്ഥൻ അങ്ങോട്ട് തിരിഞ്ഞു നോക്കുമോ? ഉദ്യോഗസ്ഥന്മാർ പോകുകയാണെങ്കിൽത്തന്നെ എത്രയോ ദിവസംകഴിഞ്ഞ് എല്ലാ ആൾക്കാരും ആവശ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിലായിരിക്കും. ഇതാണ്

നമ്മളും അയൽ സംസ്ഥാനങ്ങളും തമ്മിലുള്ള മൈന്റ്സെറ്റിന്റെ വ്യത്യാസം. അത് മാറ്റണമെന്നാണ് എനിക്ക് അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്. വ്യവസായ സ്ഥാപനങ്ങളില്ല; തൊഴിലില്ലാത്ത നമ്മുടെ സംസ്ഥാനത്തിന് നിലനിൽപ്പില്ലെന്ന് പ്രത്യേകം മനസ്സിലാക്കണം. പ്രത്യേകിച്ച് കോവിഡ് കാലഘട്ടത്തിൽ ഇവിടെ ടൂറിസമില്ല, കൃഷിയില്ല മറ്റുള്ള കാര്യങ്ങളും മോശമായിപ്പോകുകയാണ്. നമുക്ക് രക്ഷപ്പെടാൻ ഇൻഡസ്ട്രികൾ മാത്രമാണുള്ളത്. അതിനനുസരിച്ചുള്ള കൾച്ചർ രൂപപ്പെടുത്തിയെങ്കിൽ മാത്രമെ നമുക്ക് രക്ഷയുള്ളൂ. യുവാക്കളിൽ തൊഴിലില്ലായ്മ 35 ശതമാനവും സ്ത്രീകളിൽ 55 ശതമാനവുമാണ്, എല്ലാപേർക്കും തൊഴിൽ നൽകാൻ സർക്കാരിന് കഴിയില്ല. പക്ഷേ അവരെ സംരംഭകരാക്കാനും പ്രോത്സാഹിപ്പിക്കാനും കഴിയണം. വിദേശ ജോലി സാധ്യത വളരെ കുറഞ്ഞ് വരികയാണ്. കഴിഞ്ഞ 30 വർഷത്തിനിടയിൽ അമ്പതോളം കമ്പനികളെ കൊടികുത്തി പൂട്ടിച്ച സംസ്കാരമാണ് നമുക്കുള്ളത്. 3000 കോടി രൂപയിലധികം നിക്ഷേപമുണ്ടായിരുന്നതും പതിനായിരത്തിലധികം ജീവനക്കാർ ജോലി ചെയ്തിരുന്നതുമായ 21 വൻകിട വ്യവസായങ്ങൾ പൂട്ടിപ്പോയി. ഇപ്പോഴും നിക്ഷേപകർ ധൈര്യത്തോടെ

കേരളത്തിൽ വരാത്തതിന്റെ പ്രധാനപ്പെട്ട കാരണം ഈ ചരിത്രം അവർക്ക് അറിയാവുന്നതുകൊണ്ടാണ്. കേരളം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ 28-ാം റാങ്കിലേയ്ക്ക് കൂപ്പുകുത്തിയത് മാനദണ്ഡം നിശ്ചയിച്ചതിലുള്ള അപാകതയാണെന്ന് പറഞ്ഞ് നമുക്ക് സമാധാനിക്കാം. പക്ഷേ, ഇവിടത്തെ നിക്ഷേപകരുടെ ഇടയിലുള്ള സർവ്വെ തന്നെയാണ് ഇതിനെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത്. നമ്മൾ ഒരു സർവ്വെ നടത്തുകയാണെങ്കിൽ നമ്മളായിരിക്കും ഏറ്റവും കൂടുതൽ പിന്നിൽ പോകുന്നത്. മൈനസിൽ പോകുമെന്നതാണ് സത്യം. നിക്ഷേപ സൗഹൃദങ്ങളുടെ പട്ടികയിൽ ഏറ്റവും പിന്നിലുള്ളൊരു സംസ്ഥാനത്തിൽ എങ്ങനെയാണ് ഒരു നിക്ഷേപകൻ തന്റെ സമ്പാദ്യം മുഴുവൻ നിക്ഷേപിക്കാൻ തയ്യാറാകുന്നത്? ഇതിനൊരു മാറ്റമുണ്ടാക്കാൻ അങ്ങേയ്ക്ക് കഴിയട്ടെ എന്ന് ഞാൻ ആത്മാർത്ഥമായി പ്രാർത്ഥിക്കുകയാണ്. അതിന് ഇപ്പോഴുള്ള പഴഞ്ചൻ സമീപനം മാറ്റണം. ഡിപ്പാർട്ട്മെന്റുകളിലാണല്ലോ ഇത് നടക്കുന്നത്, ആ സമീപനം മാറ്റണം. കാലത്തിനനുസരിച്ചുള്ള മാറ്റങ്ങളോടെയുള്ള സമീപനം ഉണ്ടായാൽ മാത്രമെ നമുക്ക് രക്ഷനേടാൻ സാധിക്കുകയുള്ളൂ.

തൊഴിൽ നഷ്ടപ്പെട്ട് വരുന്ന പ്രവാസികളെ വന്ന സ്ഥലത്തേയ്ക്കുതന്നെ

തിരിച്ച് ഓടിക്കുന്ന നയമാണ് ഇപ്പോഴുള്ളത്. 29 വർഷം ഗൾഫിൽ അധ്വാനിച്ച് കഷ്ടപ്പെട്ടുണ്ടാക്കിയ സമ്പാദ്യവുമായി കഴക്കൂട്ടത്തൊരു ഷോപ്പിംഗ് മാൾ പണിയാൻ വന്നൊരു പ്രവാസിയെ വധഭീഷണി മുഴക്കിയാണ് തൊഴിലാളികൾ നേരിട്ടത്. ആന്തൂരിലെ സാജന്റെയും കൊല്ലത്തെ സുഗതന്റെയും അനുഭവത്തിൽനിന്ന് നമ്മൾ ഒന്നും പഠിച്ചിട്ടില്ലെന്നാണ് ഇതൊക്കെ കാണിക്കുന്നത്. മടങ്ങിവരുന്ന പ്രവാസികളിൽ പലരും വ്യവസായ മേഖലകളിൽ നല്ല പരിചയമുള്ളവരാണ്. അവരുടെ കയ്യിൽ ക്യാപിറ്റലുണ്ട്, അവരെ ഇലക്ട്രോണിക്സ്, ഐ.ടി., ഭക്ഷ്യസംസ്കരണം, ബയോടെക്നോളജി തുടങ്ങിയ മേഖലകളിൽ ഇൻവെസ്റ്റ് ചെയ്യാൻ പ്രേരിപ്പിക്കണം. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഗ്രാന്റും സബ്സിഡിയും വാങ്ങിയെടുക്കാൻ ഒരു പ്രത്യേക ടീമിനെതന്നെ അങ്ങയുടെ ഡിപ്പാർട്ട്മെന്റിൽ രൂപീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കിൻഫ്രയുടെ കൈവശമുള്ള 2939 ഏക്കറിൽ 2318 ഏക്കർ വികസന ആവശ്യങ്ങൾക്ക് ലഭ്യമാണെങ്കിലും 1476 ഏക്കർ മാത്രമാണ് വ്യവസായ യൂണിറ്റുകൾക്ക് നൽകിയിട്ടുള്ളത്. അതിൽത്തന്നെ ഭൂമി ഏറ്റെടുത്തിട്ട് വ്യവസായം ആരംഭിക്കാത്ത ധാരാളം യൂണിറ്റുകളുണ്ട്. അത്തരം ഭൂമി തിരികെ

ഏറ്റെടുത്ത് നിക്ഷേപം നടത്താൻ തയ്യാറാകുന്നവർക്ക് കൊടുക്കണം. നിലവിലുള്ള വ്യവസായ പാർക്കുകളുടെ അടിസ്ഥാനസൗകര്യം ഉയർത്തണം. ഏതെങ്കിലും ഫാക്ടറികളിൽ എന്തെങ്കിലും പ്രശ്നം നടന്നാൽ പരിഹരിക്കാൻ വകുപ്പുതല റാപ്പിഡ് ആക്ഷൻ ടീമിനെ സജ്ജമാക്കണം. കിൻഫ്ര, സിഡ്കോ, കെ.എസ്.ഐ.ഡി.സി. എന്നിവയെ റീ-സ്ട്രക്ച്ചർ ചെയ്യണം. നമ്മുടെ സംസ്ഥാനത്തെ വ്യാപാരികളുടെ പ്രശ്നം കൈകാര്യം ചെയ്യാൻ ഒരു പ്രത്യേക വകുപ്പില്ല. അവർ കളക്ട് ചെയ്യുന്ന ജി.എസ്.ടി. കൊണ്ടാണ് സർക്കാർ നിലനിൽക്കുന്നത്. അവരെക്കൂടി കണക്കിലെടുത്തുകൊണ്ട് വ്യവസായ വകുപ്പിന്റെ പേര് 'Industry and Trade' എന്നാക്കണം. അത് മറ്റുള്ള സംസ്ഥാനങ്ങൾക്കൊരു മാതൃകയാകും. ലോകത്ത് മുഴുവൻ 'Industry and Trade' ആണ് ഇപ്പോൾ നിലനിൽക്കുന്നത്. ആധുനിക കാലഘട്ടങ്ങളിൽ കേരളം പോലൊരു കൊച്ചുസംസ്ഥാനത്തിൽ കൃഷിക്കും വികസനത്തിനും ടൂറിസത്തിനും സാധ്യത കുറഞ്ഞ ഈ കാലഘട്ടത്തിൽ ഇവിടെ വ്യവസായത്തിന് വലിയ പങ്ക് വഹിക്കാനുണ്ട്. ഒരുകാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുകയാണ്. അങ്ങ് വരുന്നത് നമ്മുടെ വ്യവസായകേന്ദ്രമായ എറണാകുളത്ത് നിന്നാണ്. ഈ അടുത്തകാലത്തായി

അങ്ങയുടെ ഒന്നുരണ്ട് പ്രസംഗങ്ങൾ ഞാൻ യൂട്യൂബിൽ കണ്ടു. അതിൽ അങ്ങ് തന്നെയാണോ സംസാരിച്ചതെന്ന് ഞാൻ വീണ്ടും വീണ്ടും നോക്കി. അതിൽ അങ്ങ് നീട്ടിനീട്ടി സംസാരിച്ചത്, 'സാങ്കേതിക നൈപുണ്യമുള്ള തൊഴിലാളി ആധുനിക മുതലാളിത്തത്തിന്റെ ഉൽപാദന പ്രക്രിയയ്ക്ക് അനിവാര്യമായ ഉപാധിയാണ്. അതുകൊണ്ട് എല്ലാപേർക്കും വിദ്യാഭ്യാസമെന്നത് മുതലാളിത്തത്തിന്റെ മുദ്രാവാക്യമാണ്.' അങ്ങയെ ബഹുമാനിക്കുന്ന ഒരാളായതുകൊണ്ട് എനിക്ക് പറയാനുള്ളത് ഇങ്ങനെയൊരു പ്രസംഗം നടത്തിയത് ഏതെങ്കിലുമൊരു വ്യവസായി കണ്ടാൽ കേരളത്തിലേയ്ക്ക് വരുന്നതിനെപ്പറ്റി അവർ വീണ്ടുമൊന്ന് ആലോചിക്കും. അതുകൊണ്ട് മന്ത്രിയായിരിക്കുന്നിടത്തോളം കാലം ദയവുചെയ്ത് ഇതുപോലുള്ള വരട്ട് തത്വവാദങ്ങളൊന്നും അങ്ങ് പറയരുതെന്ന് മാത്രം പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. ബാബു (നെന്മാറ): സർ, തൊഴിലും വരുമാനവും ഉറപ്പുവരുത്തി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തി വികസിത കേരളം സൃഷ്ടിക്കുന്നതിന് വ്യവസായവൽക്കരണം അനിവാര്യമാണെന്ന ബോധ്യത്തോടെ കഴിഞ്ഞ 5 വർഷം തുടർന്നുവന്ന നയങ്ങൾക്കൊപ്പം പുതിയ

കാഴ്ചപ്പാടോടുകൂടി മുന്നോട്ടുപോകുന്ന വ്യവസായ, വൈദ്യുതി വകുപ്പുകൾക്കുള്ള 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞത് നമ്മുടെ മന്ത്രിമാരെല്ലാം ദൈവങ്ങളാകുമെന്നാണ്. ഇരുണ്ടകാലത്ത് പിറന്നുവീണ പ്രവാചകനായ യേശുവും അതുപോലെതന്നെ മുഹമ്മദ് നബിയും വാക്കുകൾകൊണ്ടും പ്രവർത്തികൾകൊണ്ടും പിന്നീട് ദൈവതുല്യരായി ആദരിക്കുന്ന കാലഘട്ടമാണ് ഇത്. ഇരുളടഞ്ഞ ഈ ലോകത്ത് വെളിച്ചവും ജനങ്ങൾക്കാവശ്യമായ സൗകര്യങ്ങളുമൊരുക്കുന്നവർ നാളെ ദൈവതുല്യരായി വാഴ്ത്തപ്പെടുമെന്നതിൽ യു.ഡി.എഫ്.-ലെ ആർക്കെങ്കിലും ഖേദമുണ്ടെങ്കിൽ അത് മാറ്റുന്നത് നല്ലതാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. അഴിമതിയും കെടുകാര്യസ്ഥതയും സ്വജനപക്ഷപാതവും വ്യവസായമാക്കിയാണ് 2011-2016 വരെയുള്ള യു.ഡി.എഫ്. ഭരണകാലം മുന്നോട്ടുപോയത്. 5 വർഷംകൊണ്ട് വ്യവസായങ്ങളുടെ ശവപ്പറമ്പാക്കി മാറ്റിയില്ലേ അവർ. എന്നാൽ ആ ശവപ്പറമ്പിൽനിന്നും പുതിയ ലോകത്തിലേയ്ക്കുള്ള ചുവടുവയ്പായിരുന്നു കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ

മുന്നണിയുടെ 5 വർഷക്കാലം. വ്യവസായം ആരംഭിക്കാൻ ഭൂമിവേണം. അതിനാണ് കിൻഫ്ര ലാന്റ് ബാങ്കിലൂടെ 4400 ഏക്കർ സ്ഥലവും കെ.എസ്.ഐ.ഡി.സി. 300 ഓളം ഏക്കർ സ്ഥലവും ഏറ്റെടുത്തത്. TELK-ന്റെ ഭൂമി നിലവിലുണ്ട്. കിഫ്ബി മുഖാന്തരം കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിക്ക്.... ഇവിടെ ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ചോദിച്ചു, എവിടെ നിന്ന് ഭൂമി; ഇത് പ്രഖ്യാപനമല്ലേ, സ്വർണ്ണ നൂൽകൊടുക്കും കരുതിവച്ചോളാമെന്ന്. ബഹുമാനപ്പെട്ട മന്ത്രിക്കൊരു സ്വർണ്ണ നൂൽ നിങ്ങൾ കരുതിവയ്ക്കേണ്ടിവരും. കൊച്ചി-ബാംഗ്ലൂർ ഇടനാഴിക്ക് ആവശ്യമായ രൂപത്തിലുള്ള വ്യവസായവൽക്കരണത്തിന് 300 ഏക്കറിലധികം ഭൂമി ഇപ്പോൾ ഏറ്റെടുത്തെങ്കിൽ ഇനിയും ഭൂമി ഏറ്റെടുക്കാനുള്ള നിയമപരമായ എല്ലാ തടസ്സങ്ങളും മാറ്റി മുന്നോട്ടുപോകുന്ന ഒരു ഗവൺമെന്റാണിത്. എന്റെ മണ്ഡലത്തിലെ മുതലമടയിലും അത്തരമൊരു വ്യവസായ പാർക്കിനാവശ്യമായ ഭൂമി നൽകാൻ ഞങ്ങൾ തയ്യാറാണ്. അങ്ങോട്ടും വരണം. എവിടെ നിന്നാണ് സമ്പത്ത്? കേരളബാങ്ക്, കെ.എസ്.ഐ.ഡി.സി., കെ.എഫ്.സി, കെ.എസ്.എഫ്.ഇ. എന്നിവർ ചേർന്ന് വെഞ്ച്വർ കമ്മിറ്റിയുണ്ടാക്കി കേരളത്തിലെ

വ്യവസായികൾക്കാവശ്യമുള്ള സമ്പത്ത് നൽകുന്നതിനുവേണ്ടിയുള്ള തീരുമാനവുമായി മുന്നോട്ടുപോകുന്നു. ഇപ്പോൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളം വളരെ പിന്നിലാണെന്നാണ് പറയുന്നത്. എസ്.ഡി.ജി. (Sustainable Development Goals)-ൽ ഇന്ത്യാ മഹാരാജ്യത്ത് ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് കേരളമാണ്. ബിസിനസ് സൗഹൃദ സംസ്ഥാനമെന്ന നിലയിൽ കേരളം ഇന്ന് അഞ്ചാമതാണ് നിൽക്കുന്നത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ നടക്കാതെ പോയ ദുരാഗ്രഹംകൊണ്ട് സ്വന്തം പെറ്റമ്മയും പോറ്റമ്മയുമായ കേരളത്തെ തള്ളിപ്പറഞ്ഞ് അക്കരപ്പച്ച തേടിപ്പോകുന്ന ചില മഹാന്മാർ കേരളത്തിന്റെ വ്യവസായ ഇടനാഴികൾ വരുന്നതിന് ശകുനികളായി നിൽക്കുന്നത് ഇപ്പോൾ നാം കണ്ടുവരികയാണ്. അതിനെയെല്ലാം അതിജീവിക്കുന്നതിനാണ് ആദ്യ ക്യാബിനറ്റ് യോഗത്തിൽതന്നെ കേരളത്തിലെ വ്യവസായവത്കരണത്തിന് എന്തെങ്കിലും തടസ്സമുണ്ടായാൽ മുഖ്യമന്ത്രി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിക്കുമെന്നും നൂറ് കോടി രൂപ വരെ മുതൽമുടക്കുന്ന വ്യവസായത്തിന് ഒരാഴ്ചകൊണ്ടുതന്നെ കേരളത്തിൽ അനുവാദം കൊടുക്കുമെന്നും അതിനുവേണ്ടിവരുന്ന ഭൂമിയും വൈദ്യുതിയും ആവശ്യമായി വരുന്ന സമ്പത്ത്

സബ്സിഡി ക്രമത്തിലും കൊടുത്തുകൊണ്ട് കേരളത്തെ പുതിയ വ്യവസായകേന്ദ്രമാക്കി മാറ്റുമെന്ന് പ്രഖ്യാപിച്ചത്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. അതാണ് ജനങ്ങളും ആഗ്രഹിക്കുന്നത്. യു.ഡി.എഫ്. ഭരണകാലം വ്യവസായത്തെ ശവപ്പറമ്പാക്കി മാറ്റുക മാത്രമല്ല പൊതുമേഖലയിൽ 1516 കോടി രൂപയുടെ നഷ്ടമാണുണ്ടാക്കിയത്. എന്നാൽ ഇന്ന് പ്രളയവും മഹാമാരിയുമുണ്ടായിട്ടും ദേശീയ ശരാശരിയെക്കാൾ ഉൽപാദന മേഖലയ്ക്ക് വളർച്ചയുണ്ടാക്കുകയും ഏകദേശം 300 കോടിയോളം രൂപ ലാഭകരമായ അവസ്ഥയിലേയ്ക്ക് കേരളത്തിന്റെ വ്യവസായത്തെ മാറ്റുകയും ചെയ്തത് എൽ.ഡി.എഫ്. സർക്കാരാണ്. പരമ്പരാഗത വ്യവസായ മേഖലയാണ് കയർ, കൈത്തറി, കശുവണ്ടി, തോട്ടം മേഖല, സ്പിന്നിംഗ് മില്ലുകൾ തുടങ്ങിയവ. യു.ഡി.എഫ്. ഭരിച്ചിരുന്ന കാലത്ത് അടച്ചുപൂട്ടി തൊഴിലാളികളെ പട്ടിണിക്കിട്ട് കൊല്ലാനുള്ള നയമായിരുന്നു നിങ്ങളെടുത്തതെങ്കിൽ കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അതെല്ലാം തുറന്നുപ്രവർത്തിക്കുകയും അവർക്കാവശ്യമായ രൂപത്തിൽ തൊഴിലും കൂലിയും നൽകുകയും ചെയ്തു. അതുകൊണ്ടാണ് കയർ മേഖല അഞ്ചുവർഷംകൊണ്ട് 55 കോടി രൂപ വിറ്റുവരവിൽനിന്നും 200

കോടിയിലേയ്ക്കുയർന്നത്. കൈത്തറി മേഖലയ്ക്ക് 52 കോടി രൂപ നൽകിക്കൊണ്ട് അവരെ സംരക്ഷിച്ചതും സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ യൂണിഫോം നൽകിയതും ഇടതുപക്ഷ മുന്നണി ഗവൺമെന്റാണ്. തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലും കൂലിയും ഉറപ്പുനൽകി കശുവണ്ടിത്തൊഴിലാളികളെയും ഈ ഗവൺമെന്റ് സംരക്ഷിച്ചു. അടച്ചുപൂട്ടിയ 13 സ്പിന്നിംഗ് മില്ലുകളാണ് ഇപ്പോൾ ലാഭകരമായി പ്രവർത്തിക്കുന്നത് എന്ന തിരിച്ചറിവ് നിങ്ങൾക്കുണ്ടാകേണ്ടതാണ്. അഞ്ചുവർഷംകൊണ്ട് 63542 MSME (Micro Small and Medium Enterprises) വ്യവസായങ്ങളും 5919.74 കോടി രൂപയുടെ നിക്ഷേപവും 223622 തൊഴിലവസരങ്ങളും കേരളത്തിൽ സൃഷ്ടിക്കാൻ കഴിഞ്ഞത് തൊഴിൽ മേഖലയിലുണ്ടാകുന്ന പുരോഗതിയാണ്. കിൻഫ്ര മെഗാ ഫുഡ് പാർക്കുകൾ, ഡിഫൻസ് പാർക്കുകൾ, പെട്രോ കെമിക്കൽ പാർക്കുകൾ, സംയോജിത റൈസ് പാർക്കുകൾ, സ്മാൾ ഇൻഡസ്ട്രീസ് പാർക്കുകൾ തുടങ്ങിയ നിരവധി വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ ഭൂമിയും 468 കോടി രൂപയും 7058 തൊഴിൽ പദ്ധതിയുമായി മുന്നോട്ടുപോകുന്നു. കെ.എസ്.ഐ.ഡി.സി. മെഡ്സ് പാർക്കുകൾ, ലൈഫ് സയൻസ് പാർക്കുകൾ, മെഗാ ഫുഡ്

പാർക്കുകൾ, ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് വൈറോളജി പാർക്ക് എന്നിവയുടെ പ്രവർത്തനം ആരംഭിക്കാൻവേണ്ടി പോകുന്നു. പ്രീ പ്രോസസ്സിംഗ് യൂണിറ്റ്, റബ്ബർ ഗ്ലൗസ് ഫാക്ടറി, സിയാൽ മോഡൽ റബ്ബർ ഫാക്ടറി എന്നിങ്ങനെ പറഞ്ഞാൽ ഒരുപാടുണ്ട്. കെൽപ്പാം ആധുനിക റൈസ് പാർക്ക് നിർമ്മിക്കുന്നതിനുവേണ്ടി മുന്നോട്ടുപോകുന്നു. നമ്മുടെ ഇ-ആട്ടോറിക്ഷയാണ് ശ്രീലങ്ക, നേപ്പാൾ തുടങ്ങിയ രാജ്യങ്ങളിൽ ഓടിക്കൊണ്ടിരിക്കുന്നത്; അതൊരു രാജ്യത്തിന്റെ വ്യവസായ പുരോഗതിയല്ലേ. അതുപോലെ കാർഷിക ഉൽപന്നത്തിൽനിന്നും മൂല്യവർദ്ധിത ഉൽപന്നങ്ങൾ തയ്യാറാക്കുന്നതിനായി നെല്ലുൽപാദനത്തിൽ മുന്നിൽ നിൽക്കുന്ന പാലക്കാട് ജില്ലയിൽ റൈസ് പാർക്ക് രൂപീകരിച്ചുകഴിഞ്ഞു. അതുപോലെതന്നെ ചക്ക, കൈതച്ചക്ക എന്നിവയ്ക്കാവശ്യമായ വ്യവസായ പാർക്കുകൾ വരുമെന്നതിലൊരു തർക്കവുംവേണ്ട.

വൈദ്യുതി മേഖല - പ്രകാശപൂരിതമായ കേരളം പടുത്തുയർത്താൻ മുൻ മന്ത്രി ബഹുമാനപ്പെട്ട എം. എം. മണിയുടെ നേതൃത്വത്തിൽ വൈദ്യുതി വകുപ്പിൽ നടത്തിയ പ്രവർത്തനങ്ങളെ ആർക്കാണ് നിഷേധിക്കാൻ കഴിയുക? "വെളിച്ചം ദുഃഖമാണുണ്ണീ തമസ്സല്ലോ സുഖപ്രദം" എന്ന കവിത

മണി ആശാൻ അഞ്ചുവർഷംകൊണ്ട് മാറ്റിയെഴുതി. 'തമസ്സ് ദുഃഖമാണുണ്ണീ വെളിച്ചമല്ലോ സുഖപ്രദം' എന്നാണ് മണി ആശാൻ രചിച്ച കവിത. സമ്പൂർണ്ണമായി വൈദ്യുതവത്കരിച്ച ഇന്ത്യയിലെ ആദ്യ സംസ്ഥാനം എൽ.ഡി.എഫ്. ഭരിച്ച കേരളമാണ്. അതുപോലെ 'ദേ വന്നു ദാ പോയി' അതായിരുന്നല്ലോ യു.ഡി.എഫ്. ഭരണകാലത്ത് കറന്റിനെക്കുറിച്ച് പറഞ്ഞിരുന്നത്. 2011 മുതൽ 2016 വരെയുള്ള യു.ഡി.എഫ്. ഭരണകാലത്ത് വോൾട്ടേജ് കുറച്ചും പത്തുമിനിട്ടുവരെ ഇടവിട്ട് കറന്റില്ലാതാക്കിയും അപ്രഖ്യാപിത കറന്റുകട്ട് ഏർപ്പെടുത്തിയും ദിവസവും അഞ്ചുമണിക്കൂറാണ് കേരളത്തിലെ ജനതയെ ഇരുട്ടിലാഴ്ത്തിയത്. അവിടെനിന്നാണ് ഒരു മിനിട്ടുപോലും പവർക്കട്ടില്ലാത്ത ഏക സംസ്ഥാനമാക്കി ഈ കേരളത്തെ മാറ്റിയെടുത്തത്. യു.ഡി.എഫ്. ഭരണകാലത്ത് മൂന്നുതവണ വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിച്ചിട്ടും വൈദ്യുതി വകുപ്പിന്റെ നഷ്ടം ഏഴായിരം കോടി രൂപയായിരുന്നു. കർഷകർക്ക് 120 യൂണിറ്റിന് താഴെയുള്ള വൈദ്യുതി ചാർജ്ജിൽ ഇളവ് പ്രഖ്യാപിച്ചിട്ടും ഇന്ന് വൈദ്യുതി മേഖലയിൽ 280 കോടി രൂപയുടെ നഷ്ടം മാത്രമാണെന്നാണ് കഴിഞ്ഞ ആഡിറ്റിൽ പറയുന്നത്. ഡമോക്ലീസിന്റെ വാൾമുനപോലെ വൈദ്യുതി മേഖലയെ

സ്വകാര്യവത്കരിക്കുന്ന കേന്ദ്ര സർക്കാർ തീരുമാനത്തിനെതിരെ നാം ഒന്നിച്ച് പൊരുതേണ്ട കാലമാണിതെന്ന് ഓർമ്മപ്പെടുത്തുകയാണ്. അന്യസംസ്ഥാനത്തിന് ആയിരം മെഗാവാട്ട് വൈദ്യുതി എത്തിക്കാൻ കഴിയുന്ന ഇടമൺ-കൊച്ചി എപ്പോഴാണ് പൂർത്തീകരിച്ചത്? 400 ഇ.എച്ച്.റ്റി ലൈൻ, പുഗലൂർ - മാടക്കത്തറ 2000 മെഗാവാട്ട് ഡയറക്ട് കറന്റ് എത്തിക്കുന്ന പ്രവർത്തനം എന്നിവ പൂർത്തീകരിച്ചതും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. സംസ്ഥാനത്തിന്റെ വടക്ക്, തെക്ക് പ്രദേശങ്ങളിൽ സുരക്ഷിതമായ വൈദ്യുതി എത്തിക്കാനുള്ള രണ്ടായിരം കോടി രൂപയുടെ ട്രാൻസ്ഗ്രിഡ് പദ്ധതിക്ക് തുടക്കം കുറിച്ചതും കിഫ്ബി വഴി പതിനായിരം കോടി രൂപയുടെ പദ്ധതിക്ക് തുടക്കംകുറിച്ചതും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. അമിതമായ കറന്റുപയോഗവും അമിത ചാർജ്ജിൽനിന്നും പഞ്ചായത്തുകളെ രക്ഷിക്കുന്നതിനുമാണ് 'നിലാവ്' പദ്ധതി പ്രഖ്യാപിച്ചത്. കഴിഞ്ഞ യു.ഡി.എഫ്.-ന്റെ കാലത്ത് ചെയ്തതുപോലെ സൗരോർജ്ജമെന്ന പേരിൽ സരിതയ്ക്ക് ഊർജ്ജമുണ്ടാക്കി കൊടുക്കുകയായിരുന്നില്ല എൽ.ഡി.എഫ്. ഗവൺമെന്റിലെ ശ്രീ. എം. എം. മണിയുടെ നേതൃത്വത്തിലുള്ള വൈദ്യുതി

വകുപ്പെന്ന് നിങ്ങളെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. 'പ്രധാനമന്ത്രി കുസും യോജന പദ്ധതി' സബ്സിഡിയോടുകൂടി കർഷകർ സ്ഥാപിച്ച സോളാർ പ്ലാന്റിൽനിന്ന് ആവശ്യംകഴിഞ്ഞ് മിച്ചംവരുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഏറ്റെടുക്കുമെന്നതിനെയും വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ സോളാർ പമ്പുസെറ്റ് സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തതിനെയും ഇപ്പോഴത്തെ വൈദ്യുതി വകുപ്പുമന്ത്രിയായ ശ്രീ. കെ. കൃഷ്ണൻകുട്ടിയെ ഞാൻ അഭിനന്ദനമറിയിക്കുകയാണ്. മറ്റൊന്ന് പാലക്കാട് ജില്ലയിലെ കിഴക്കൻമേഖലയിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിനും അതിനോടൊപ്പം 3 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാനും കഴിയുന്ന കുരിയാർകുറ്റി - കാരപ്പാറ പദ്ധതിയും മഴക്കാലങ്ങളിൽ നീരൊഴുക്കിലൂടെ പാഴായിപ്പോകുന്ന വെള്ളത്തെ തടഞ്ഞുനിർത്തിയാൽ ഭാവിയിൽ മിനി ഹൈഡ്രോ ഇലക്ട്രിക്കൽ പ്രോജക്ടുകളിലൂടെ വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയാവുന്ന പദ്ധതികളെക്കുറിച്ച് ആലോചിക്കുകയും ഏറ്റെടുക്കുകയും ചെയ്യണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നു.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ട

ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. എനിക്ക് മുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം മന്ത്രിമാരെ ദൈവങ്ങളായി ചിത്രീകരിക്കുകയുണ്ടായി. പാവങ്ങളുടെ കണ്ണീരൊപ്പുന്ന ജനക്ഷേമ നടപടികളുമായി എൽ.ഡി.എഫ്. ഗവൺമെന്റിന്റെ മന്ത്രിമാർ മുന്നോട്ടുപോകുമ്പോൾ അവരെ കൺകണ്ട ദൈവങ്ങളായി ഈ നാട്ടിലെ ജനങ്ങൾ കരുതുന്നതിൽ തെറ്റുപറയാൻ കഴിയില്ല. അതുപോലെ അദ്ദേഹം ഇവിടെ വ്യവസായമന്ത്രിക്ക് പൊൻമോതിരം നൽകുമെന്ന് പറഞ്ഞു. പറഞ്ഞവാക്കുകൾ പാലിച്ച പാരമ്പര്യവും അതിന്റെ ആർജ്ജവത്വവും കൈമുതലായുള്ളൊരു ഗവൺമെന്റാണ് ഇവിടെയുള്ളത് എന്നതാണ് രണ്ടാം പിണറായി സർക്കാരിനെ ജനങ്ങൾ അധികാരത്തിലേറ്റിയപ്പോൾ വ്യക്തമായ കാര്യം. സ്വാഭാവികമായും അദ്ദേഹത്തിന് പൊൻമോതിരത്തിന്റെ പണം നഷ്ടപ്പെട്ടുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ചുരുങ്ങിയ രണ്ടുമാസംമാത്രം പിന്നിടുന്ന ഈ സമയത്ത് എത്രയോ ശ്രദ്ധേയമായ നേട്ടങ്ങൾ ഗവൺമെന്റിന് കൈവരിക്കാൻ കഴിഞ്ഞു. ഇരുപതിനായിരം കോടി രൂപയുടെ കോവിഡ് പാക്കേജ് പ്രഖ്യാപിച്ചു. നൂറുദിന കർമ്മപരിപാടിയിലൂടെ സമസ്ത വികസന മേഖലകളെയും

സ്പർശിച്ചുകൊണ്ട് ശ്രദ്ധേയമായ മുന്നേറ്റങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 1416 കോടി രൂപയുടെ പ്രത്യേക പാക്കേജാണ് ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കാൻ ഈ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. മുപ്പത് യൂണിറ്റ് വരെയുള്ള ഗാർഹിക ഉപഭോക്താക്കൾക്കും 120 യൂണിറ്റ് വരെയുള്ള കാർഷിക മേഖലയിലെ ഉപയോഗങ്ങൾക്കും സൗജന്യ നിരക്കിൽ വൈദ്യുതി പ്രഖ്യാപിച്ചുകൊണ്ട് ക്ഷേമകരമായ പ്രവർത്തനങ്ങളാണ് വ്യവസായ, വൈദ്യുതി വകുപ്പുകളിലൂടെ നടക്കുന്നത്.

വ്യാവസായിക രംഗത്ത് രണ്ട് താൽപര്യങ്ങളാണ് ഇവിടെ വിരുദ്ധമായി പ്രകടമാകുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളെയാകെ വിറ്റുതുലയ്ക്കാൻ വ്യഗ്രത കാണിക്കുന്ന കേന്ദ്ര നയങ്ങളുടെ സ്ഥാനത്താണ് പൊതുമേഖലയിലെ തൊഴിലാളി താൽപര്യങ്ങളടക്കം സംരക്ഷിച്ചുകൊണ്ട് വ്യവസായ സൗഹൃദമായി മുന്നോട്ട് പോകുന്ന നയങ്ങളുമായി സംസ്ഥാന സർക്കാർ വരുന്നത്. അതിന്റെ ഉദാഹരണങ്ങളാണ് കാസർഗോഡ് ജില്ലയിലെ BHEL Electrical Machines Limitd കേന്ദ്ര ഗവൺമെന്റ് വിൽക്കാൻ തീരുമാനിച്ചപ്പോൾ ഈ സംസ്ഥാന ഗവൺമെന്റ് അത് ഏറ്റെടുത്ത് പൊതുമേഖലയിൽ നിലനിർത്തിയത്. എന്റെ ജില്ലയിലുള്ള വെള്ളൂർ

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ഫാക്ടറി അന്യാധീനപ്പെടുന്ന സ്ഥിതിയിലേയ്ക്ക് കേന്ദ്ര ഗവൺമെന്റ് കൊണ്ടുചെന്നെത്തിച്ചപ്പോൾ അതും സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്തു. അവിടെ സിയാൽ മോഡൽ റബ്ബർ കമ്പനി സ്ഥാപിക്കാൻ നയങ്ങൾ സ്വീകരിച്ചിരിക്കുന്നതിനെ ഞാൻ അഭിനന്ദിക്കുന്നു. റബ്ബർ കർഷകർ വലിയ പ്രതീക്ഷയോടെയാണ് അതിനെ കാണുന്നതെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ വികേന്ദ്രീകൃത അടിസ്ഥാനത്തിൽ വ്യാപകമായി നടപ്പിലാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വ്യവസായ രംഗത്ത് ഗവൺമെന്റ് ചെറുകിട വ്യവസായങ്ങൾക്ക് വളരെയേറെ പ്രോത്സാഹനം നൽകുന്നുണ്ട്. അതിനാൽത്തന്നെ ചെറുകിട വ്യവസായ യൂണിറ്റുകളുടെ വായ്പകൾക്ക് ആറ് മാസത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിക്കുകയും സൗജന്യ വൈദ്യുതി ലഭ്യമാക്കുകയും ചെയ്തുകൊണ്ട് ചെറുകിട വ്യവസായങ്ങളെ കൂടുതലായി സംരക്ഷിക്കേണ്ട ആവശ്യകത സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ദേശീയ നിലയിൽ ഇൻഡക്സ് ഓഫ് ഇൻഡസ്ട്രിയൽ പ്രൊഡക്ഷൻ ഡാറ്റ അനുസരിച്ച് കോവിഡ് കാലത്ത് അൻപത്തിയേഴ് ശതമാനം ഉൽപാദനം കുറഞ്ഞിരിക്കുന്നു. ഇവിടെ ഈസ് ഓഫ് ഡൂയിംഗ്

ബിസിനസിനെ സംബന്ധിച്ച് പരാമർശങ്ങളുണ്ടായി. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിൽ സംസ്ഥാനത്തിന് ബാധകമല്ലാത്ത പതിനഞ്ച് മാനദണ്ഡങ്ങൾകൂടി ഉൾപ്പെടുത്തുകയും അവ കണക്കാക്കിയുള്ള റേറ്റിംഗിന്റെ അടിസ്ഥാനത്തിൽ നാം പിന്നിലാണെങ്കിൽ വസ്തുതാപരമായി റേറ്റിംഗ് നിശ്ചയിച്ചാൽ പത്തിലേയ്ക്ക് എത്തുമെന്നുള്ളതും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രകാരമുള്ള മാനദണ്ഡങ്ങൾ ഇന്ത്യയിലാദ്യമായി പാലിച്ച ആദ്യത്തെ എട്ട് സംസ്ഥാനങ്ങളിലൊന്നാണ് കേരളമെന്നും ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. നീതി ആയോഗിന്റെ സുസ്ഥിര വികസന ഇൻഡക്സ് പ്രകാരം കേരളം ഒന്നാം സ്ഥാനത്താണ്. നാഷണൽ കൗൺസിൽ ഫോർ അപ്ലൈഡ് ഇക്കണോമിക്സിന്റെ കണക്കിൽ നിക്ഷേപ സൗഹൃദത്തിന്റെ കാര്യത്തിൽ കേരളം നാലാം സ്ഥാനത്താണ്. 2018-ൽ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും നിയമം പാസ്സാക്കിയാണ് ഈ ഗവൺമെന്റ് വ്യവസായങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്നത്.

<u>മി. ചെയർമാൻ</u>: പ്ലീസ്..... പ്രസംഗം ചുരുക്കണം.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, സൂക്ഷ്മ-ചെറുകിട-ഇടത്തരം

വ്യവസായങ്ങളിൽ കേരള സംസ്ഥാനത്താകെയുള്ളതിൽ നാൽപ്പത്തിയേഴ് ശതമാനവും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിലാണ് ആരംഭിച്ചത് എന്നുള്ളത് ഈ സംസ്ഥാനം എത്രമാത്രം വ്യവസായ സൗഹൃദമാണ് എന്നുള്ളതിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വ്യവസായ രംഗത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പുതിയ സ്റ്റാർട്ട്അപ്പുകളെ പ്രോത്സാഹിപ്പിക്കൽ, പ്രവാസികൾക്ക് അഞ്ച് ശതമാനം പലിശയ്ക്ക് വായ്പ, കെ-സ്വിഫ്റ്റ് പദ്ധതി, ഏകജാലകം, വ്യവസായ ഇടനാഴി, വ്യവസായ ഭദ്രതാ പാക്കേജ്, ഓരോ ജില്ലയിലും ഓരോ ഉൽപന്നം, കേന്ദ്രീകൃത പരിശോധനാ സംവിധാനം, ഗ്രീവൻസ് റിഡ്രസൽ സെൽ തുടങ്ങിയവയെല്ലാം അഭിനന്ദനാർഹമാണ്. വ്യവസായ മന്ത്രി 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ഓരോ ജില്ലയിലും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കോട്ടയം ജില്ലയിൽ കഴിഞ്ഞ ദിവസം മീറ്റ് ദി മിനിസ്റ്റർ പരിപാടിയിലൂടെ എന്റെ നിയോജകമണ്ഡലത്തിലെ ഒരു വ്യവസായിക്ക് അദ്ദേഹത്തിന്റെ പുതിയ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള അനുവാദം ആ ദിവസംതന്നെ ലഭിച്ചത് വളരെ സന്തോഷത്തോടെ അദ്ദേഹം എന്നോട് സൂചിപ്പിക്കുകയുണ്ടായി. ഒന്നുരണ്ട് കാര്യങ്ങൾകൂടി മാത്രം സൂചിപ്പിച്ച് ഞാൻ

അവസാനിപ്പിക്കാൻ ആഗ്രഹിക്കുന്നു.

മി. ചെയർമാൻ: പ്ലീസ്.......അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഒരു മിനിറ്റ് കൂടി തരണം. എന്റെ നിയോജകമണ്ഡലമായ പൂഞ്ഞാറിൽ പൊതുമേഖലാ വ്യവസായങ്ങളൊന്നും തന്നെയില്ല. കഴിഞ്ഞ കുറേക്കാലങ്ങളായി അവിടെ വിവാദ വ്യവസായങ്ങളുണ്ടായിരുന്നു. സംസ്ഥാനത്തെതന്നെ വിവാദ വ്യവസായങ്ങളുടെ തലസ്ഥാനമായിരുന്നു. പക്ഷേ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജനങ്ങൾ അത് അവസാനിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ അവിടെ വ്യവസായ അനുകൂല അന്തരീക്ഷമുണ്ട്. അവിടെ റബ്ബർ അധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ ആരംഭിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കോട്ടയം ജില്ലയിലെ ട്രാവൻകൂർ സിമന്റ്സിൽ നിലവിൽ വൈറ്റ് സിമന്റും പുട്ടി ഉൽപാദനവും മാത്രമാണ് ഉള്ളതെങ്കിൽ ഗ്രേ സിമന്റുകൂടി അവിടെ ഉൽപാദിപ്പിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അവിടത്തെ വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു. കോട്ടയം ജില്ലയിൽ നിലവിൽ അഞ്ച് ഇൻഡസ്ട്രിയൽ

എസ്റ്റേറ്റുകളുണ്ടെങ്കിലും അവയിലൊന്നും പുതിയ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യമില്ല. അതെല്ലാം സാച്ചുറേറ്റഡ് ആയതാണ്. അതുകൊണ്ട് പുതിയ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ കോട്ടയം ജില്ലയിൽ സ്ഥാപിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതുപോലെതന്നെ, ഇന്ത്യയിൽ ആരോഗ്യ, വിദ്യാഭ്യാസ മേഖലകളൊക്കെ കേരളത്തെ മോഡലാക്കി 'കേരള മോഡൽ' എന്ന് വിശേഷിപ്പിക്കപ്പെടുമ്പോൾ അതേരീതിയിൽ വ്യവസായ മേഖലയെയും 'കേരള മോഡൽ' എന്ന് വിശേഷിപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. വയലാറിന്റെ 'അശ്വമേധ'ത്തിലെ ഒരു കവിതാ ശകലമാണ് എനിക്ക് ഓർമ്മ വരുന്നത്. വ്യവസായ വകുപ്പിന്റെയും ഗവൺമെന്റിന്റെയും മുന്നേറ്റത്തിന്റെ കാര്യത്തിൽ "ആരൊരാളെൻ കുതിരയെ കെട്ടുവാൻ ആരൊരാളതിൻ മാർഗം മുടക്കുവാൻ" എന്നുള്ളതാണ് പ്രതിപക്ഷത്തിന് നേരെ എനിക്ക് ചോദിക്കാനുള്ളത്. ഒറ്റക്കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

വൈദ്യുതി വകുപ്പിന്റെ ദ്യുതി പദ്ധതി, ഫിലമെന്റ് രഹിതം, നിലാവ് പദ്ധതികൾ, പ്രസരണ നഷ്ടം കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ എന്നിവയെയെല്ലാം അഭിനന്ദിക്കുന്നു. അതുപോലെതന്നെ,

കർഷകർക്കുവേണ്ടി കൃഷി ഭൂമികളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിച്ച് അവരിൽനിന്നും വിലയ്ക്കെടുക്കുന്ന പദ്ധതി വൈദ്യുതി വകുപ്പ് ആവിഷ്കരിച്ചിരിക്കുന്നതിനെ അങ്ങേയറ്റം പ്രകീർത്തിക്കുകയും അത് എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണയ്ക്കുന്നതായി അറിയിച്ച് എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, ഇവിടെ അവതരിപ്പിച്ച വ്യവസായങ്ങൾ, വൈദ്യുതി പദ്ധതികൾ എന്നിവയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുന്നു. അസാധാരണമായ ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. കോവിഡ് മഹാമാരി ലോകത്തും നമ്മുടെ രാജ്യത്തും സംസ്ഥാനത്തും വലിയ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ട്. ഇതൊരു പുതിയ പ്രതിസന്ധിയായി കാണാൻ കഴിയില്ല. കോവിഡ് മഹാമാരി ലാഭക്കൊതിയൻ മുതലാളിത്ത സമ്പദ് വ്യവസ്ഥയുടെ പൊള്ളത്തരം ലോകത്തിന് മുന്നിൽ തുറന്നുകാട്ടി. സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്ക് ഈ ഘട്ടത്തിൽ കുറച്ചുകൂടി മുന്നോട്ടുപോകാൻ കഴിഞ്ഞു. മുതലാളിത്ത രാജ്യങ്ങളിലുണ്ടായ സംഭവങ്ങൾ നമുക്ക് ഓരോരുത്തർക്കും

അറിയാവുന്നതാണ്. കേരളം കോവിഡ് വ്യാപനവും മരണനിരക്കും പിടിച്ച് നിർത്തുന്നതിൽ വിജയിച്ചു. രാവിലെ അടിയന്തരപ്രമേയം അവതരിപ്പിച്ച് ഒട്ടേറെ ഉപദേശ-നിർദ്ദേശങ്ങൾ ഇവിടെ നൽകുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവിന് പാർലമെന്റിൽ ഇതിനുള്ള അവസരം നല്ലതുപോലെയുണ്ടായിരുന്നു. ഇന്ത്യാ ഗവൺമെന്റിന്റെ നയങ്ങളാണ് വാക്സിൻ ഉൾപ്പെടെയുള്ള പ്രശ്നങ്ങളിൽ പ്രതിഫലിച്ചതെന്ന് അറിയാത്തവരാണോ യു.ഡി.എഫ്.-കാർ? അവിടെ കിട്ടിയ അവസരം ഉപയോഗിക്കാതെ ഇവിടെ ഉപദേശ-നിർദ്ദേശങ്ങളുമായി വന്നിരിക്കുകയാണ്. നേതാക്കന്മാരെ ദൈവങ്ങളായി കാണുന്ന പാർട്ടിയേതെന്ന് എല്ലാവർക്കുമറിയാം. സംഘടനാ തെരഞ്ഞെടുപ്പ് നടന്നിട്ട് എത്ര കാലമായി? വയനാട്ടിലെ പ്രധാനമന്ത്രിയും അമ്മയും ദൈവമാണോ, അതോ നിങ്ങൾക്ക് ഭയമാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. പെൻഷനെ സംബന്ധിച്ചും ജനങ്ങളിലേയ്ക്ക് പണം കൊടുക്കുന്നതിനെ സംബന്ധിച്ചുമൊക്കെ വാതോരാതെ പറയുന്നത് കേട്ടു. 1980-ൽ കേരളത്തിൽ കർഷകത്തൊഴിലാളി പെൻഷനും തൊഴിലില്ലായ്മ വേതനവുമൊക്കെ ആരംഭിച്ച ഘട്ടത്തിൽ പ്രത്യുൽപാദനകരമല്ല ഈ പെൻഷൻ പദ്ധതികൾ എന്ന നിലപാട് കോൺഗ്രസിന് ഇപ്പോഴുമുണ്ടോ

എന്ന് ഈ അവസരത്തിൽ ചോദിക്കുകയാണ്. എൽ.ഡി.എഫ്.-ന്റെ നയം ജനങ്ങളിലേയ്ക്ക് പണം എത്തിക്കുകയെന്നത് തന്നെയാണ്. കോവിഡിന്റെ ഭാഗമായി ഈ കഴിഞ്ഞ പാക്കേജിൽ അത് കൃത്യമായി നിർവ്വഹിക്കുകതന്നെ ചെയ്തിട്ടുണ്ട്. പുതിയ ഘട്ടത്തിലും ആ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകുകയാണ്. 2021 നമ്മുടെ രാജ്യത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു കാലഘട്ടമാണ്. ആഗോളവൽക്കരണ നയങ്ങൾ ഈ രാജ്യത്ത് നടപ്പാക്കി മൂന്ന് പതിറ്റാണ്ട് തികയുകയാണെന്ന പ്രത്യേകത ഈ വർഷത്തിനുണ്ട്. ഇന്ത്യയുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ-സാംസ്കാരിക രംഗത്തെല്ലാംതന്നെ പൊളിച്ചെഴുത്തുണ്ടായ മുപ്പത് കൊല്ലങ്ങളാണ് കടന്നുപോയത്. ഇവിടെ എന്താണ് സംഭവിച്ചത്? പുതിയ ശതകോടീശ്വരന്മാർ രൂപപ്പെട്ടു, അവരുടെ ആസ്തി പ്രതിദിനം വർദ്ധിക്കാൻ വേണ്ടിയുള്ള അവസരമുണ്ടാക്കിക്കൊടുത്തു. സാധാരണക്കാർക്കും തൊഴിലാളികൾക്കും കൃഷിക്കാർക്കും എന്ത് നേട്ടമാണുണ്ടായത്? ഉള്ള തൊഴിൽ നഷ്ടപ്പെടുന്നു, പുതിയ തൊഴിലവസരങ്ങൾ ഇല്ലാതാകുന്നു, കൃഷിക്കാർ ആത്മഹത്യ ചെയ്യുന്നു. ലോക വിശപ്പ് സൂചികയിൽ നമ്മുടെ രാജ്യത്തിന്റെ സ്ഥാനം 107-ൽ 94-ലാണ് എന്ന് നാം മനസ്സിലാക്കണം.

ആഗോളവത്കരണം, രാജ്യത്തിന്റെ വിഭവങ്ങൾ കൊള്ളയടിക്കൽ, തൊഴിലാളികളെ ചൂഷണം ചെയ്യൽ, വ്യവസായം, വൈദ്യുതി തുടങ്ങി എല്ലാ മേഖലകളും സ്വകാര്യവത്കരിക്കപ്പെടുന്നു. പൊതുമേഖലാ വ്യവസായങ്ങളെ തൂക്കിവിൽക്കാൻ കേന്ദ്രത്തിന് ഒരു വകുപ്പും ഒരു മന്ത്രിയുംവരെ ഈ ഘട്ടത്തിലുണ്ടായി. റെയിൽവെ, വ്യോമയാനം, തുറമുഖം, ഭൂമി, കടൽ, ആകാശം ഉൾപ്പെടെ രാജ്യത്തിന്റെ സർവ്വ മേഖലയെയും വിൽക്കാൻ വച്ചിരിക്കുകയാണ്. രാജ്യത്തെ സമ്പത്ത് ഏതാനും മുതലാളിമാർക്ക് കൊള്ളയടിക്കാനുള്ള അവസരമുണ്ടാക്കിക്കൊടുക്കുകയാണ്. ഇക്കാര്യത്തിൽ ഒന്നാം പ്രതി കോൺഗ്രസ്സാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് വെട്ടിയ പാതയിലൂടെ ബി.ജെ.പി. സൂപ്പർഫാസ്റ്റ് വേഗതയിൽ പോകുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. കേരളത്തിലെ പ്രതിപക്ഷത്തിന് ഇക്കാര്യത്തിൽ കൈകഴുകി മാറിനിൽക്കാനാകില്ല. ഈ നയം തെറ്റാണെന്ന് നിങ്ങൾ പറയൂ. നിങ്ങളല്ലേ വൈദ്യുതി ബിൽ കൊണ്ടുവന്നത്? ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിക്കളഞ്ഞ സഹകരണ നിയമ ഭേദഗതി ബിൽ 2012-ൽ യു.പി.എ. സർക്കാർ കൊണ്ടുവന്നതാണെന്ന് ഓർക്കണം. നിങ്ങളല്ലേ കാർഷിക രംഗത്ത് സ്വകാര്യവത്കരണ നയങ്ങളും തൊഴിലാളി

വിരുദ്ധ മുതലാളി അനുകൂല നയങ്ങളും ഇന്ത്യയ്ക്കകത്ത് പടച്ചുണ്ടാക്കാൻ ആരംഭിച്ചത്? അത്തരത്തിൽ കോൺഗ്രസ്സ് ഒരുക്കിയ പാതയിലൂടെ ബി.ജെ.പി. അതിവേഗം സഞ്ചരിക്കുന്ന കാഴ്ചയാണ് ഈ രാജ്യം കണ്ടുകൊണ്ടിരിക്കുന്നത്. ഇത് അംഗീകരിച്ച് തിരുത്താൻ കോൺഗ്രസ്സ്, നിങ്ങൾ തയ്യാറാകണം. എല്ലാം സ്വകാര്യവത്കരിക്കുകയും ശതകോടീശ്വരന്മാർക്ക് ലാഭംകൊയ്യാൻ അവസരമുണ്ടാക്കുകയും ലാഭ വിഹിതം കൈപ്പറ്റി സ്വന്തം അക്കൗണ്ടുകൾ വികസിപ്പിക്കുകയും ചെയ്യുന്ന പാർട്ടികളാണ് കോൺഗ്രസ്സും ബി.ജെ.പി.യും. പിന്നീട് ഈ പണം തെരഞ്ഞെടുപ്പുകളിലേയ്ക്ക് കുഴൽവഴിയും ഹവാലവഴിയും എത്തിക്കുന്നതാണ് ഇവരുടെ രീതി. ഐ.സി.സി. ഫണ്ട് എത്ര വന്നുവെന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. 'പാണ്ടൻ നായുടെ പല്ലിൻ ശൗര്യം പണ്ടേ പോലെ ഫലിക്കുന്നില്ല'. കോൺഗ്രസ്സിന് ഭരണം നഷ്ടപ്പെട്ടപ്പോൾ ഈ ചെയ്തികളിലൂടെ നീങ്ങുന്ന അവസ്ഥ സൃഷ്ടിക്കുന്നത് ഇന്ന് ബി.ജെ.പി.യാണ്. കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങളിൽ ജീവിതം വഴിമുട്ടിയ തൊഴിലാളികളുടെയും കൃഷിക്കാരുടെയും സമരങ്ങളെയും പ്രതിഷേധങ്ങളെയും രാജ്യദ്രോഹ കുറ്റം ചുമത്തി അടിച്ചമർത്തുകയാണ്. ഇതാണ് രാജ്യത്തിന്റെ

അവസ്ഥ. ഈ ജനവിരുദ്ധ നയങ്ങൾക്കെല്ലാം ബദലായി ഈ രാജ്യത്തെ ഒരു സംസ്ഥാനമെന്നുള്ള നിലയിൽ നമ്മുടെ ഗവൺമെന്റ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ആഗോളവത്കരണ നയങ്ങളുടെ കെടുതിയിൽനിന്നും കേരളത്തെയും ഇവിടത്തെ വ്യവസായത്തെയും വൈദ്യുതി രംഗത്തെയും സമസ്ത മേഖലകളെയും സംരക്ഷിക്കുകയാണ് എൽ.ഡി.എഫ്. ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് എല്ലാരംഗത്തും കേരളം ഇന്ത്യയ്ക്ക് മാതൃകയായി ഒന്നാം സ്ഥാനത്തെത്തിയിരിക്കുകയാണ്. ആഗോളവത്കരണ നയങ്ങൾക്ക് ബദൽ നടപ്പിലാക്കാൻ കഴിയുമെന്ന് ഈ കേരളം തെളിയിച്ചിരിക്കുകയാണ്. ഇതിന്റെ ജനകീയ അംഗീകാരമാണ് രണ്ടാം പിണറായി സർക്കാർ എന്ന് നിങ്ങൾ ആലോചിക്കണം. ഇന്ന് ഇലക്ട്രിസിറ്റി ബോർഡ് നിലവിലുള്ള ഏക സംസ്ഥാനം കേരളമാണ്. മറ്റ് സംസ്ഥാനങ്ങളിൽ അത് ഇല്ലാതായിക്കഴിഞ്ഞിരിക്കുന്നു. അതിനുകാരണം 2003-ലെ കോൺഗ്രസ്സ് കൊണ്ടുവന്ന വൈദ്യുതി രംഗത്തെ സ്വകാര്യവത്കരണ നയങ്ങളാണ്. കോവിഡിന്റെ മറവിൽ ബി.ജെ.പി. ഗവൺമെന്റ് ഇപ്പോൾ നടക്കുന്ന പാർലമെന്റ് സമ്മേളനത്തിൽ കൊണ്ടുവരുന്ന വൈദ്യുതി ഭേദഗതി ബിൽ നിയമത്തിന്റെ തുടക്കം 2013-ലെ യു.പി.എ.

ഭരണത്തിലാണ് എന്നുകൂടി മനസ്സിലാക്കണം. അന്ന് സമരത്തിലില്ലാതിരുന്ന ഐ.എൻ.ടി.യു.സി. ഇപ്പോൾ സമരത്തിലുണ്ടെന്നത് നിങ്ങൾ നേരത്തെ എടുത്ത നയം തെറ്റാണ് എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിയാറായി.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, അതോ പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിനെതിരായി കോൺഗ്രസ്സ് ഇപ്പോൾ സമരം നടത്തുന്നതുപോലെയുള്ള 'സമരത്തിൽ പങ്കെടുക്കലാണോ' കോൺഗ്രസ്സിന്റെ ട്രേഡ് യൂണിയൻ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്നുകൂടി വ്യക്തമാക്കേണ്ടതുണ്ട്. കേരളം പൊതുമേഖലയിലും വൈദ്യുതി രംഗത്തും ആർജ്ജിച്ച നേട്ടങ്ങൾ നിരവധിയാണ്. കണ്ണഞ്ചിപ്പിക്കുന്ന നേട്ടങ്ങൾ നമുക്കുണ്ടാക്കാൻ കഴിഞ്ഞു. ലോഡ്ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാത്ത അഞ്ച് വർഷമാണ് കടന്നുപോയത്. യു.ഡി.എഫ്. ഭരിക്കുമ്പോൾ മൂന്ന് തവണയാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചത്. പ്രളയമുണ്ടായ സമയത്ത് കേരളത്തിലെ വൈദ്യുതി വകുപ്പിലെ ജീവനക്കാർ നടത്തിയ പ്രവർത്തനം നമ്മൾ കണ്ടതാണ്. ഒരാൾപോലും ഷോക്കേറ്റ് മരിച്ചില്ല.

അതിവേഗത്തിലാണ് നമ്മൾ പുനർനിർമ്മാണം നടത്തിയത്. മറ്റ് സംസ്ഥാനങ്ങളിൽ സമാന സ്ഥിതിയുണ്ടായപ്പോൾ അവിടെയെല്ലാം ഓടിയെത്താൻ നമുക്കായത് കാര്യക്ഷമതയോടുകൂടി പൊതുമേഖലയിലെ വൈദ്യുതി രംഗത്തെ നിലനിർത്താൻ സാധിച്ചുവെന്നുള്ള ഒരൊറ്റ കാരണംകൊണ്ടാണ്. ഞാൻ പറയാൻ ശ്രമിക്കുന്നത് കേരളത്തിലെ വ്യവസായ രംഗത്തെക്കുറിച്ചാണ്. പരസ്പര ബഹുമാനത്തോടെയുള്ള അഥവാ ഉത്തരവാദിത്ത വ്യവസായം എന്ന ആശയത്തിലേയ്ക്ക് നമ്മൾ ഇന്ന് എത്തി നിൽക്കുകയാണ്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം അവസാനിച്ചു. പ്ലീസ്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, ഒരു മിനിറ്റുകൂടി. കേരളത്തിൽ വ്യവസായം ആരംഭിക്കാൻ മുന്നോട്ടുവരുന്ന സംരംഭകരെ ഇരുകൈകളും നീട്ടി സ്വീകരിക്കുന്ന നയമാണ് നമ്മൾ സ്വീകരിക്കുന്നത്. കേരളത്തിലേയ്ക്ക് വരുന്ന നിക്ഷേപകരോട് ഏറ്റവും അനുകൂലമായ നിലപാടുകൾ സ്വീകരിച്ച സർക്കാരാണ് ഇടതുപക്ഷ സർക്കാർ. മുതൽമുടക്കുന്നവരോടുള്ള ബഹുമാനം നിലനിർത്തിക്കൊണ്ട് തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്ന, പ്രകൃതിയെ സംരക്ഷിക്കുന്ന നിലപാടുകളുള്ള സർക്കാരാണ് എൽ.ഡി.എഫ്.

സർക്കാർ. വ്യവസായങ്ങൾക്ക് അനുകൂലമായ സാഹചര്യം ഒരുക്കിക്കൊടുക്കുകയും പണിയെടുക്കുന്ന തൊഴിലാളികൾ സംതൃപ്തരാകുകയും ചെയ്യുമ്പോൾ മാത്രമേ ഉത്തരവാദിത്ത വ്യവസായം യാഥാർത്ഥ്യമാകൂ എന്ന നിലപാടാണ് ഈ ഗവൺമെന്റിനുള്ളത്. പ്രകൃതിയെ സംരക്ഷിക്കുമ്പോഴാണ് സുസ്ഥിര വികസനം യാഥാർത്ഥ്യമാകുന്നത്. സുസ്ഥിര വികസന സൂചികയിൽ എല്ലാ വർഷവും ഒന്നാമത് നിൽക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. ഇതിൽ പരിഗണനാ വിഷയമായ വ്യവസായത്തിലും വികസനത്തിലും മികച്ച പ്രകടനമാണ് കേരളം നടത്തിക്കൊണ്ടിരിക്കുന്നത്.

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവ് പഞ്ചായത്തിൽ 2003-ൽ പ്രവർത്തനം അവസാനിപ്പിച്ച കെൽട്രോണിന്റെ 12 ഏക്കറോളം ഭൂമിയുണ്ട്. സ്റ്റേറ്റ് ഹൈവേയ്ക്ക് അടുത്തായി സ്ഥിതിചെയ്യുന്ന പ്രസ്തുത സ്ഥലത്തിന്റെ അടുത്തായിത്തന്നെ റെയിൽവേ സ്റ്റേഷനുമുണ്ട്. ഇപ്പോൾ പ്രസ്തുത ഭൂമി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലവിലുള്ള ഒരു ലിക്വിഡേഷൻ നടപടിയുമായി ബന്ധപ്പെട്ട് കിടക്കുകയാണ്. 44.13 കോടി രൂപ അടച്ച് ബാധ്യത തീർത്ത്

കോടിക്കണക്കിന് രൂപ വിലമതിക്കുന്ന ഈ ഭൂമി ഏറ്റെടുത്ത് കെൽട്രോണിന് പുതിയ വ്യവസായങ്ങൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ അവസരത്തിൽ ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: പ്ലീസ് ...പ്ലീസ്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, മറ്റൊന്ന് മൂന്ന് വ്യവസായ പാർക്കുകൾ എന്റെ മണ്ഡലത്തിലുണ്ട്. വളരെ പ്രധാനപ്പെട്ട വ്യവസായ യൂണിറ്റുകളാണ് അത്താണിയിലും മുണ്ടൂരുമുള്ളത്. ഇവയ്ക്കാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കാൻ നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രിയോട് വടക്കാഞ്ചേരി മണ്ഡലത്തിൽ അവണൂർ പഞ്ചായത്തിൽ ചൂലിശ്ശേരിയിൽ നാല് ഏക്കർ വരുന്ന പോൾ കാസ്റ്റിംഗ് യാർഡ് പുനർനിർമ്മിച്ച് പ്രവർത്തനക്ഷമമാക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. സർക്കാരിന് നിരവധി അംഗീകാരങ്ങൾ പല വഴികളിലൂടെ കിട്ടിക്കൊണ്ടിരിക്കുന്നുവെന്നാണ് എന്റെ ഭരണപക്ഷ

സ്നേഹിതന്മാർ പറഞ്ഞത്. ഹൈക്കോടതിയിൽനിന്ന് ഒരു അംഗീകാരം കിട്ടിയതിന്റെ വാർത്തയാണ് ഇപ്പോൾ ബ്രേക്കിംഗ് ന്യൂസായി വന്നുകൊണ്ടിരിക്കുന്നത്. മരംമുറി കേസുമായി ബന്ധപ്പെട്ട പ്രതികളെ സംരക്ഷിക്കുന്ന സർക്കാരിന്റെ നിലപാടിന് എതിരായുള്ള ഹൈക്കോടതിയുടെ അതിരൂക്ഷമായ വിമർശനങ്ങളാണ് മാധ്യമങ്ങൾ ഇപ്പോൾ പുറത്തുവിട്ടിരിക്കുന്നത്. അപ്പോൾ കോടതിക്ക് കിറ്റ് കിട്ടിയില്ലേ എന്ന് നിങ്ങൾ ചോദിക്കരുത്. വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് 1613 കോടിയാണ് ഒറിജിനൽ ഡിമാന്റ്. Alteration memorandum-ൽ 22000 രൂപ മാത്രമാണ് ആകെ വന്നിട്ടുള്ളത്. 1613 കോടി രൂപ എന്നത് പരിശോധിക്കുമ്പോൾ 2019-20 വർഷത്തെ കണക്കുമാത്രമേ ഇപ്പോൾ നമ്മുടെ കൈവശമുള്ളൂ. 2019-20-ൽ 734 കോടി രൂപയാണ് റവന്യൂ എക്സ്പെന്റീച്ചറായി കാണിച്ചിരിക്കുന്നത്. കഴിഞ്ഞ വർഷത്തേത് വന്നിട്ടുമില്ല. ഈ വർഷം 1613 കോടി രൂപ എന്നുപറയുമ്പോൾ 120%-ലധികം വർദ്ധനവാണുണ്ടാകേണ്ടത്. എല്ലാവരും ഈ മേഖലയിലെ പ്രതിസന്ധികളെക്കുറിച്ച് അടിയന്തരപ്രമേയമടക്കം ഉന്നയിക്കുന്ന സാഹചര്യത്തിൽ ഈ കോവിഡ് കാലഘട്ടത്തിൽ 120 ശതമാനത്തിന്റെ

വർദ്ധനവ് എങ്ങനെയാണെന്ന് പരിശോധിക്കുമ്പോൾ ബഹുമാന്യനായ ഡോ. ടി. എം. തോമസ് ഐസക് തെരഞ്ഞെടുപ്പ് മുന്നിൽകണ്ടുകൊണ്ട് ജനങ്ങളെ കബളിപ്പിക്കാൻവേണ്ടി പ്രഖ്യാപിച്ച കേവലമായ പ്രഖ്യാപനങ്ങൾ മാത്രമുള്ള ഒരു ബജറ്റായിരുന്നു കഴിഞ്ഞ ബജറ്റ് എന്ന് കാണാൻ സാധിക്കും. ഈ കണക്കുകൾ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നത് അതാണ്. ഞാൻ കശുവണ്ടി വ്യവസായ മേഖലയിൽനിന്നുള്ള, 82 കശുവണ്ടി ഫാക്ടറികളുള്ള കുണ്ടറ നിയോജകമണ്ഡലത്തിന്റെ എം.എൽ.എ.യാണ്. 2852 എന്ന ഹെഡ്ഡിൽ ജൈവ കശുവണ്ടി കൃഷിക്ക് ആറര കോടി രൂപ, കശുവണ്ടി വികസന കോർപ്പറേഷന്റെ ബ്രാൻഡ് പ്രമോഷന് അൻപത് ലക്ഷം രൂപ, അന്താരാഷ്ട്ര വിപണിയിലെ ബ്രാൻഡ് ബിൽഡിംഗിനും കമ്പോള ബോധവത്കരണത്തിനും അൻപത് ലക്ഷം രൂപ എന്നിങ്ങനെ ഏഴര കോടി രൂപയാണ് കാണിച്ചിരിക്കുന്നത്. ക്യാപ്പിറ്റൽ എക്സ്പന്റീച്ചറിൽ The Kerala State Cashew Workers Apex Industrial Co-operative Society (CAPEX)-ക്ക് കൊടുക്കുന്നത് അഞ്ച് കോടി രൂപയും The Kerala State Cashew Development Corporation Limited (KSCDC)-ന്റെ

നവീകരണത്തിന് അഞ്ചുകോടി രൂപയുമാണുള്ളത്. ഞാൻ അങ്ങയോട് വിനീതമായി അഭ്യർത്ഥിക്കുകയാണ് കശുവണ്ടി വ്യവസായ മേഖലയിൽ എന്റെ മണ്ഡലത്തിലെ 82 ഫാക്ടറികൾ ഉൾപ്പെടെ ഏതാണ്ട് 800-ന് മുകളിൽ ഫാക്ടറികൾ കേരളത്തിലുണ്ട്. പുതുതായി തൊഴിൽദിനങ്ങൾ കൂട്ടുന്നതിനുവേണ്ടിയുള്ള യാതൊരു സാമ്പത്തിക പിന്തുണയും ഈ ബജറ്റ് രേഖകളിലൂടെ കടന്നുപോകുമ്പോൾ കാപെക്സിനോ കശുവണ്ടി വ്യവസായ കോർപ്പറേഷനോ അതുപോലെ സ്വകാര്യ മേഖലകളിലെ ഫാക്ടറികളിൽ ഉൽപ്പാദനം ആരംഭിക്കുന്നതിനുവേണ്ടിയിട്ടുള്ള സർക്കാരിന്റെ പിന്തുണയായിട്ടോ വകയിരുത്തിയിട്ടില്ലെന്നുള്ളകാര്യം മനസ്സിലാക്കാൻ സാധിക്കും. അങ്ങേയ്ക്ക് ആഗ്രഹമുണ്ടായിരുന്നുവെന്ന് എനിക്കറിയാം. പക്ഷെ ധനകാര്യ വകുപ്പിന്റെ ഒരു പിന്തുണ ആ കാര്യത്തിൽ കിട്ടിയിട്ടില്ല. ഇക്കാര്യത്തിൽ അങ്ങ് മറുപടി പറയുമ്പോൾ അനുകൂലമായൊരു സമീപനം ഈ വ്യവസായ മേഖലയ്ക്ക് ഉണ്ടാകണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്. കൊല്ലം ജില്ലയിലെ എല്ലാ എം.എൽ.എ.മാർക്കും ഈ അഭിപ്രായം ഉണ്ടാകുമെന്ന് ഞാൻ കരുതുന്നു. ബഹുമാന്യനായ ശ്രീ. പി. എസ്. സുപാൽ ഈ വിഷയത്തിൽ ഒരു സബ്മിഷൻ

എനിക്കുമുൻപ് തന്നെ ഇവിടെ ഉന്നയിച്ചതാണ്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ കാര്യത്തെ സംബന്ധിച്ച് സഭയിൽ എല്ലാവരും പറഞ്ഞു. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ കാലത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ കേരളം പതിനെട്ടാം സ്ഥാനത്തായിരുന്നു. പതിനെട്ടാം സ്ഥാനത്തായിരുന്ന കേരളം ഇപ്പോൾ ഇരുപത്തിയെട്ടാം സ്ഥാനത്താണ് നിൽക്കുന്നത്. ഇരുപത്തിയെട്ടാം സ്ഥാനത്ത് നിൽക്കുന്ന കേരളത്തിനുശേഷം ഇരുപത്തിയൊൻപതാം റാങ്കുള്ള അഞ്ച് സംസ്ഥാനങ്ങൾ മാത്രമേയുള്ളൂ. ഹ്യൂമൻ ഡെവലപ്മെന്റ് ഇൻഡക്സിലടക്കം (HDI) എല്ലാക്കാലത്തും ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനം ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ ഇരുപത്തിയെട്ടാം റാങ്കിലേയ്ക്ക് വരുന്നു. എന്റെ സ്നേഹിതൻ ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി പറഞ്ഞതുപോലെ, മാനദണ്ഡങ്ങളുടെ കാര്യം മാത്രം പരിശോധിക്കേണ്ട. ആത്മഹത്യ ചെയ്യുന്ന പ്രവാസികളുടെ ഭാര്യയെപ്പോലും പാർട്ടി പത്രത്തിലൂടെ അപമാനിക്കുന്ന സമീപനമെടുക്കുമ്പോൾ വ്യവസായ സൗഹൃദ സമീപനത്തെക്കുറിച്ച് റാങ്ക് ലിസ്റ്റിന്റെ തെളിവിലേയ്ക്കൊന്നും കടക്കേണ്ട കാര്യമില്ല. ഇവിടെ എങ്ങനെയാണ് ആളുകൾ നിക്ഷേപിക്കാൻ വരുന്നത്. ഇതാണ് നമ്മൾ

കൈക്കൊള്ളുന്ന സമീപനം. കോവിഡ് കാലം MSME-യുടെ കാര്യത്തിൽ വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നത്. ഇന്ന് അടിയന്തരപ്രമേയമായി വന്നൊരു വിഷയമാണത്. അതിന്റെ വിശാലതയിലേയ്ക്ക് ഞാൻ കടക്കുന്നില്ല. സർക്കാർ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കടകളും വ്യാപാര സ്ഥാപനങ്ങളും അടച്ച് വ്യവസായികൾ സഹകരിക്കുകയാണ്. വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞുകിടക്കുകയാണെന്ന് സർക്കാരിന് അറിയാമെങ്കിൽ കേരളത്തിലെ വ്യാപാരികളെ വൈദ്യുതി ബോർഡിന്റെ ഫിക്സഡ് ചാർജ്ജിൽനിന്ന് ഒഴിവാക്കാനുള്ള തീരുമാനത്തെക്കുറിച്ച് ഇന്ന് മറുപടി പറയുമ്പോൾ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി പറയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല, എന്നിട്ടും ഫിക്സഡ് ചാർജ്ജ് കൊടുക്കണമെന്ന് പറയുന്നത് അനീതിയല്ലേ; വ്യാപാരികൾക്ക് പ്രളയത്തിന്റെ കാലത്ത് വലിയ നഷ്ടമുണ്ടായി. നഷ്ടമുണ്ടായതിനുശേഷം 2,000 കോടി രൂപ ലക്ഷ്യം വച്ചുകൊണ്ട് പ്രളയ സെസ് ഏർപ്പെടുത്തി. പ്രളയത്തിന്റെ ദുരിതമനുഭവിച്ചവരുടെ ചുമലിലേയ്ക്ക് സെസ്സിന്റെ ഭാരവുംകൂടി അടിച്ചേൽപ്പിച്ചു. എന്നാൽ ഇപ്പോൾ പ്രളയ സെസ്സിൽ കുടിശ്ശിക വരുത്തുന്ന

വ്യാപാരികൾ പതിനെട്ട് ശതമാനം പലിശ നൽകണമെന്ന തീരുമാനവും ഈകാലഘട്ടത്തിൽ വ്യാപാരികൾക്കെതിരായി ഗവൺമെന്റ് എടുത്തിരിക്കുകയാണ്. ആ പതിനെട്ട് ശതമാനം പലിശ ഈടാക്കുമെന്ന തീരുമാനം പിൻവലിക്കാൻ ഗവൺമെന്റ് നടപടിയെടുക്കണം. വ്യാജപ്രചരണങ്ങളാണ് ഈ ഗവൺമെന്റിന്റെ പ്രത്യേകത. കേരളത്തിന്റെ സ്വന്തം ലാപ്ടോപ് (കോക്കോണിക്സ്) എന്ന വലിയ പ്രഖ്യാപനങ്ങൾ നടത്തി. ഇനി നമ്മുടെ മുമ്പിൽ ആപ്പിളും എച്ച്.പി.-യുമെല്ലാം നിന്നുവിറയ്ക്കും. കേരളത്തിന്റെ സ്വന്തം ലാപ്ടോപ് ഇപ്പോൾ എന്തായി; മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന ശിവശങ്കറിന്റെ കുഞ്ഞായിരുന്നു കോക്കോണിക്സ്. കെൽട്രോണിന് ആദ്യം താല്പര്യമുണ്ടായിരുന്ന സംരംഭമല്ലായിത്. കെൽട്രോണിനെ നിർബന്ധിച്ച് ഒരു സ്വകാര്യ കുത്തക മുതലാളിത്ത സ്ഥാപനത്തിന് കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് പ്രതിവർഷം രണ്ട് ലക്ഷം ലാപ്ടോപ് നിർമ്മിക്കുമെന്ന് പറഞ്ഞ് 49 ശതമാനം ഓഹരിയും സർക്കാരിന്റെ സ്ഥലവും നൽകി. ലാപ്ടോപ് ലഭിക്കുന്നതിനായി 93,043 പാവപ്പെട്ട കുഞ്ഞുങ്ങൾ അപേക്ഷ നൽകി. കുടുംബശ്രീയിലെ വനിതകൾ മാസം 500 രൂപ വച്ച് നിക്ഷേപിച്ച് ആ കോക്കോണിക്സിന്റെ ഇപ്പോഴത്തെ

അവസ്ഥയെന്താണെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ പറയണം. കോക്കൊണിക്സ് ലാപ്ടോപ്പുകൾ പ്രവർത്തിക്കുന്നില്ലായെന്നാണ് മാധ്യമങ്ങളിൽ റിപ്പോർട്ട് ചെയ്യുന്നത്. അതൊരു തട്ടിപ്പ് ലാപ്ടോപാണ്. മൂവായിരത്തിനുതാഴെ കുഞ്ഞുങ്ങൾക്കാണ് ലാപ്ടോപ് നൽകിയത്. അത് അസംബിൾ ചെയ്തുകൊടുക്കുകയാണ്. എന്നിട്ട് കേരളത്തിന്റെ സ്വന്തം ലാപ്ടോപാണെന്നുള്ള വ്യാജപ്രചരണം രാജ്യം മുഴുവൻ നടത്തിയില്ലേ; അതിന്റെ പിന്നിൽ വലിയ അഴിമതി നടന്നിട്ടുണ്ടെന്ന ആരോപണമുണ്ട്. കോക്കൊണിക്സുമായിട്ടുള്ള ഇടപാടുകളെ സംബന്ധിച്ച് വ്യവസായ വകുപ്പ് പ്രത്യേകിച്ച് കെ.എസ്.ഐ.ഡി.സി.യും കെൽട്രോണും ഇതിന്റെ ഭാഗമായതുകൊണ്ട് ഒരന്വേഷണം നടത്തണമെന്നുകൂടി ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. എന്റെ മണ്ഡലം കുണ്ടറ ഒരുകാലത്ത് ആലുവപോലെ കേരളത്തിന്റെ പ്രധാനപ്പെട്ട വ്യവസായ കേന്ദ്രമായിരുന്നു. ലക്ഷ്മി സ്റ്റാർച്ച്, Kerala Ceramics Limited, Kerala Electrical and Allied Engineering Company (KEL), The Aluminium Industries Limited (ALIND) ഇവയെല്ലാം പ്രൗഢിയോടും പ്രതാപത്തോടുംകൂടി പ്രവർത്തിച്ചിരുന്ന എന്റെ നിയോജകമണ്ഡലം ഇന്ന് വ്യവസായ മേഖലയിൽ

വലിയ പ്രതിസന്ധി നേരിടുകയാണ്, ഊർദ്ധശ്വാസം വലിക്കുകയാണ്. പൊതുമേഖലയിലെയും സ്വകാര്യ മേഖലയിലെയും വ്യവസായ സ്ഥാപനങ്ങളുടെ മീറ്റിംഗ് വിളിച്ചുചേർക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. കെ.എസ്.ഇ.ബി.-യെ സംബന്ധിച്ച കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മൂവാറ്റുപുഴയിലെ ഒരു ചീഫ് എഞ്ചിനീയർ രണ്ട് ഡ്യൂട്ടി ചെയ്യുന്നവർ deploy ചെയ്യണമെന്ന തീരുമാനമെടുത്ത് നടപ്പിലാക്കി. തീരുമാനം നടപ്പിലാക്കിയ സമയത്ത് അയാൾ സി.ഐ.ടി.യൂണിയന്റെ നേതാവായിരുന്നു. അതിന്റെ പേരിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഒന്നാം റാങ്ക് ലഭിച്ച എഞ്ചിനീയറെ സ്ഥലം മാറ്റിയിരിക്കുകയാണ്. ഒറ്റ ഉത്തരവാണ് എഞ്ചിനീയറെ സ്ഥലം മാറ്റാൻ നടപ്പിലാക്കിയിരിക്കുന്നത്. ഇക്കാര്യം പ്രത്യേകമായി അങ്ങ് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. സഭയിൽ ഇന്നലെ ചില സ്നേഹിതന്മാർ തൊഴിലിടങ്ങളിലെ സമരങ്ങളിൽ പോലീസിന്റെ ഇടപെടൽ ഒന്നാം കമ്മ്യൂണിസ്റ്റ് സർക്കാർ ഇല്ലാതാക്കിയെന്ന് പ്രസംഗിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് ഞാൻ ആലോചിക്കുകയായിരുന്നു. അങ്ങനെ പ്രസംഗിച്ച തീയതി ജൂലൈ 26 ആണ്. ജൂലൈ 26-ന്റെ

പ്രത്യേകതയെന്താണ്; ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് ആദ്യമായി ചന്ദനത്തോപ്പിൽ രാമൻ, സുലൈമാൻ എന്നീ രണ്ട് തൊഴിലാളി നേതാക്കന്മാരെ വെടിവെച്ച് കൊന്നത് ജൂലൈ 26-ന് ആയിരുന്നു. ആ ജൂലൈ 26-ന് തന്നെ ഇവിടെ വന്ന് അങ്ങനെയൊരു പ്രസംഗം നടത്തുമ്പോൾ ആ രക്തസാക്ഷിത്വങ്ങളെ ചരിത്രനിഷേധത്തിൽക്കൂടി റദ്ദ് ചെയ്യുന്ന സമീപനം സി.പി.ഐ.-യുടെ ഒരു അംഗം ചെയ്തത് ശരിയായില്ല. കാരണം അച്യുതമേനോന്റെ സി.പി.ഐ.-യോട് ഞങ്ങൾക്ക് ബഹുമാനമാണുള്ളത്. ഇന്നലെ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള പോലീസിനെയെല്ലാം വല്ലാതെ പ്രശംസിക്കുന്നത് കേൾക്കുമ്പോൾ സി.പി.ഐ.-യുടെ അസിസ്റ്റന്റ് സെക്രട്ടറിയായിരുന്ന പ്രകാശ് ബാബുവിന്റെ റിപ്പോർട്ട് എം.എൻ. സ്മാരകത്തിലുണ്ട്. പാലക്കാട് ജില്ലയിലെ മഞ്ചക്കട്ടിയിൽ നടന്ന വ്യാജ ഏറ്റുമുട്ടലിനെക്കുറിച്ച് സി.പി.ഐ. നിയോഗിച്ച കമ്മിഷൻ പരിശോധിച്ച് കണ്ടെത്തിയ നിഗമനങ്ങൾ എം. എൻ. സ്മാരകത്തിലുണ്ട്. അതിനാൽ അതെങ്കിലും പരിശോധിച്ചിട്ടുവേണം ഈ പ്രശംസ നടത്തേണ്ടതെന്ന് ഞാൻ വിനീതമായി അഭ്യർത്ഥിക്കുകയാണ്. കശുവണ്ടി മേഖലയിലെ വ്യവസായങ്ങളെ നിലവിൽ MSME -യുടെ

സാമ്പത്തിക സഹായം ലഭിക്കാത്ത വിധത്തിൽ നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അടിയന്തരമായും മന്ത്രി ഇടപെട്ട് നെഗറ്റീവ് ലിസ്റ്റിൽനിന്നും വ്യവസായങ്ങളെ ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതിനാൽ രാവിലെ പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കുകയാണ്. ഈ മേഖലകളെല്ലാം തകർന്നിരിക്കുകയാണ്. ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ അല്ലാതെ മറ്റൊരു പരിഹാരവുമില്ല. അടിയന്തരമായും സർക്കാർ ഈ മേഖലയിൽ പ്രയാസമനുഭവിക്കുന്ന ആളുകൾക്കടക്കം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും 6,000 രൂപ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫറായി നൽകണമെന്ന തീരുമാനമെടുക്കണം. അല്ലാതെ ഈ തട്ടിപ്പ്, ജാലവിദ്യ, വ്യാജപ്രചരണങ്ങൾകൊണ്ട് ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരമുണ്ടാകുകയില്ല. അതിനാൽ ഛത്തീസ്ഗഢിലെയും തമിഴ്നാട്ടിലെയും ഗവൺമെന്റ് ഉൾപ്പെടെ നടപ്പിലാക്കിയിരിക്കുന്ന ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ പ്രഖ്യാപിക്കാൻ കേരള ഗവൺമെന്റ് തയ്യാറാകണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, വ്യവസായ മേഖലയിൽ വളരെയധികം

ശ്രദ്ധിക്കേണ്ട ഒന്നാണ് പെട്രോകെമിക്കൽസ്. അമ്പലമേട്ടിൽ പ്രെട്രോകെമിക്കൽ പാർക്കിനായി കേന്ദ്രഗവൺമെന്റ് കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 35,000 കോടി രൂപയാണ് മുതൽ മുടക്കാൻ ഉദ്ദേശിക്കുന്നത്. അതിന്റെ പ്രയോജനം കേരളത്തിന് ലഭിക്കേണ്ടതല്ലേ; പെട്രോകെമിക്കൽസുമായി ബന്ധപ്പെട്ട ജോലികൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ളവരെയല്ല, പോളിടെക്നിക് യോഗ്യതയുള്ളവരെയാണ് ആവശ്യം. ഈ മേഖലയിൽ ജോലി ചെയ്യുന്നതിനാവശ്യമായ വിഷയങ്ങൾ നമ്മുടെ പോളിടെക്നിക്കുകളിൽ പഠിപ്പിക്കുന്നുണ്ടോ; ഇത്രയുമധികം മുതൽമുടക്കുള്ള മേഖലയിൽ ഉണ്ടാകാൻ പോകുന്ന തൊഴിലവസരങ്ങൾ പ്രയോജനപ്പെടുത്താൻ കേരളത്തിന് കഴിയുന്നുണ്ടോ; കെമിക്കൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ, ഇൻസ്ട്രുമെന്റേഷൻ തുടങ്ങിയ പലവിഷയങ്ങളും പോളിടെക്നിക്കുകളിലില്ല. ഓൾ ഇന്ത്യ ലെവലിലാണ് ഇതിന്റെ സെലക്ഷൻ നടക്കുന്നത്. അപേക്ഷ ക്ഷണിച്ച് ഓൾ ഇന്ത്യ ലെവലിൽ മത്സരം ഉണ്ടാകുമ്പോൾ പ്രസ്തുത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ കേരളത്തിൽനിന്നും കാണില്ല. നിലവിലുള്ള പോളിടെക്നിക്ക് കോഴ്സുകൾക്ക് പുറമെ അടിയന്തരമായും ഇത്തരം ജോലികളുമായി ബന്ധപ്പെട്ട കോഴ്സുകൾ

ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം. പല എഞ്ചിനീയറിംഗ് കോളേജുകളിലും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ കണ്ടെത്തി ഇൻസ്ട്രുമെന്റേഷൻ, കെമിക്കൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ തുടങ്ങിയ വിഷയങ്ങളിൽ മൂന്ന് വർഷത്തെ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇത്തരം കോഴ്സുകൾ ആരംഭിക്കുന്നതുമൂലം കേരളത്തിലെ ആളുകൾക്ക് ജോലി ലഭിക്കാനുള്ള സാധ്യതയുണ്ട്. കേരളത്തിൽ പ്രസ്തുത പാർക്ക് യാഥാർത്ഥ്യമാകുമ്പോൾ ഇവിടെ ജോലിചെയ്യുന്നവർ മറ്റുസംസ്ഥാനങ്ങളിൽനിന്നുള്ള ആളുകളായിരിക്കും. വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ടതാണെങ്കിലും ഇതിനാവശ്യമായ പരിശീലന പരിപാടി സംഘടിപ്പിക്കാൻ വ്യവസായ വകുപ്പ് ശ്രദ്ധിക്കേണ്ടതാണ്. പെട്രോകെമിക്കൽ പാർക്കിന്റെ പ്രവർത്തനം ഏതുഘട്ടത്തിലായിരിക്കുന്നുവെന്നും 35,000 കോടി രൂപ മുടക്കിയപ്പോൾ എത്രപേർക്ക് സ്ഥിര ജോലിയും താൽക്കാലിക ജോലിയും ലഭിച്ചിട്ടുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം. ഗുജറാത്തിൽ ഒരു പെട്രോകെമിക്കൽ യൂണിവേഴ്സിറ്റിയുണ്ട്. നമ്മൾ എന്തുകൊണ്ട് ഇത്തരം കാര്യങ്ങളെപ്പറ്റി ചിന്തിക്കുന്നില്ല, ബഹുദൂരം മുന്നോട്ടുപോകുന്നില്ലായെന്നുള്ള കാര്യം ഞാൻ

ഉന്നയിക്കുകയാണ്. ഡോ. ടി. എം. തോമസ് ഐസകിന്റെ ബഡ്ജറ്റ് (2016) പ്രസംഗത്തിൽ വിവിധോദ്ദേശ വ്യവസായ പാർക്കുകളെക്കുറിച്ച് പറഞ്ഞിരുന്നു. ഞാനിത് പറയുമ്പോൾ പ്രാദേശിക വാദം ഉന്നയിക്കുകയാണെന്ന് പറയരുത്. അഞ്ച് ബൃഹത് വിവിധോദ്ദേശ വ്യവസായ സോണുകൾ ആരംഭിക്കുമെന്നാണ് 163-ാം ഖണ്ഡികയിൽ അദ്ദേഹം പറഞ്ഞത്. പട്ടന്നൂർ- പനയത്ത് പറമ്പിൽ 1000 ഏക്കർ, തൊടുപുഴയിൽ 900 ഏക്കർ, മങ്കടയിൽ 700 ഏക്കർ, വിഴിഞ്ഞത് 500 ഏക്കർ, കാസർഗോഡ് 500 ഏക്കർ എന്നിവയിൽ എത്രയെണ്ണം നടപ്പിലാക്കി? തൊടുപുഴയിൽ 900 ഏക്കർ എന്നത് മലങ്കര എസ്റ്റേറ്റാണ്, ആറിന്റെ ഒരു വശം. 900 ഏക്കറിന്റെ പ്രത്യേകത, ആ സ്ഥലത്തുനിന്നും നെടുമ്പാശ്ശേരി എയർപോർട്ടുമായി ഒരു മണിക്കൂർ ദൂരമുണ്ട്. ഒറ്റ എസ്റ്റേറ്റിന്റെ ഉടമസ്ഥതയിലുള്ളത്, ആയതിനാൽ ആരെയും നമുക്ക് ഇറക്കിവിടേണ്ടി വരുന്നില്ല. വിവിധോദ്ദേശ പാർക്കിൽ പന്ത്രണ്ട് മാസവും വെള്ളമൊഴുകുന്ന ഒരു സ്ഥലം കൂടിയാണ് തൊടുപുഴ. കേരളത്തിലെ ഇപ്പോഴുള്ള ടെക്നോപാർക്കിനെക്കാൾ പ്രാധാന്യമുള്ള സ്ഥലമായി ഇത് മാറും. ഗവൺമെന്റ് നിഷ്പക്ഷമായി ചിന്തിച്ച് ഇതിനൊരു തീരുമാനമെടുക്കണമെന്നാണ് എനിക്ക്

പറയാനുള്ളത്. വിവിധോദ്ദേശ പാർക്കുകൾ തീർച്ചയായും വലിയ പ്രയോജനവും ഒട്ടേറെ തൊഴിലവസരങ്ങളുമുണ്ടാക്കും. വ്യവസായങ്ങളിൽ ഇൻഫ്രാസ്ട്രക്ചറുകൾ പ്രാവർത്തികമാക്കാൻ കഴിഞ്ഞാൽ കൂടുതൽ വ്യവസായങ്ങളെ ആശ്രയിക്കാൻ കഴിയുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് പല സ്ഥലത്തും സ്ഥലങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. തൊടുപുഴയിൽ തുടങ്ങനാട് കിൻഫ്ര ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ ഇൻഫ്രാസ്ട്രക്ചറുണ്ടായാൽ വ്യവസായങ്ങൾ ആരംഭിക്കാൻ താൽപ്പര്യമുള്ള ആളുകളുണ്ട്. മരങ്ങൾ ധാരാളമുള്ള സംസ്ഥാനത്ത് ഇലക്ട്രിസിറ്റിക്ക് ഭൂഗർഭ കേബിളിംഗ് വലിയ തോതിലിടണം. Touchings വെട്ടുന്നതുതന്നെ വലിയ ജോലിയാണ്, വൈദ്യുതി സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യമാണിത്. പരമാവധി ഭൂഗർഭ കേബിൾ വലിച്ച് ഈ രംഗത്ത് വലിയ മാറ്റമുണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. Uninterrupted power supply ഉറപ്പാക്കണമെന്നാണ് ഇലക്ട്രിസിറ്റി മന്ത്രിയോട് പറയാനുള്ളത്. ആധുനികമായ ഉപകരണങ്ങൾ വർക്ക് ചെയ്യണമെങ്കിൽ Uninterrupted power supply വേണം. അത് പ്രത്യേകമായി ശ്രദ്ധിക്കണം. പെട്രോകെമിക്കൽസിന്റെ കാര്യം സംബന്ധിച്ച് വ്യവസായ വകുപ്പുമന്ത്രി

പ്രത്യേകം ആലോചിക്കണം. പെട്രോകെമിക്കൽസിന് ഗുജറാത്തിൽ ഒരു യൂണിവേഴ്സിറ്റിതന്നെ ആരംഭിച്ചിരിക്കുന്നു. അത്തരം മേഖലകളെക്കുറിച്ച് കൂടുതൽ ചിന്തിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. 1957 മുതൽ 2020 വരെ കേരളം പ്രഗത്ഭരായ നിരവധി വ്യവസായ വകുപ്പുമന്ത്രിമാരെയും വൈദ്യുതിവകുപ്പുമന്ത്രിമാരെയും കണ്ടിട്ടുണ്ട്. ആ കാലഘട്ടത്തിൽനിന്നും വ്യത്യസ്തമായ പുതിയ ആവശ്യങ്ങളും നൂതനമായ ആശയങ്ങളുമാണ് ഇന്നത്തെ കാലഘട്ടവും ചരിത്രവും നമ്മോട് ആവശ്യപ്പെടുന്നത്. അത് നിർവ്വഹിക്കുന്നതിന് ഭാവനാസമ്പന്നതയും ദീർഘവീക്ഷണവുമുള്ള വ്യവസായ വകുപ്പുമന്ത്രിയും അനുഭവസമ്പന്നനായ വൈദ്യുതിവകുപ്പുമന്ത്രിയും നമുക്കുണ്ട്. അവരുടെ കരങ്ങളിൽ ഭാവി കേരളം സുരക്ഷിതമായിരിക്കുമെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. കേരളത്തിന്റെ വ്യവസായ പുരോഗതിയെക്കുറിച്ച് നാം ചർച്ച ചെയ്യുമ്പോൾ കേരളം ആത്മവിമർശനം നടത്തേണ്ടയൊരു കാര്യമുണ്ട്. എന്തെന്നാൽ,

ആരോഗ്യരംഗത്ത് ആയുർദൈർഘ്യത്തിന്റെ കാര്യത്തിലും ശിശുമരണ നിരക്കിലും വിദ്യാഭ്യാസ രംഗത്തുമുൾപ്പെടെ ലോകത്തിന് ധാരാളം മാതൃകകൾ സമ്മാനിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. എന്നാൽ, വ്യവസായ രംഗത്ത് അങ്ങനെയൊരു കേരള മോഡൽ ആവിഷ്കരിക്കപ്പെടാൻ കഴിയാതെ പോയത് എന്തുകൊണ്ടാണ്? ഇതിനർത്ഥം വ്യവസായ രംഗത്ത് കേരളത്തിലെ സംഭാവനകൾ ഇല്ല എന്നല്ല, പുതിയ വ്യവസായ വകുപ്പുമന്ത്രി ചുമതലയെടുത്തശേഷം പുതിയ മാറ്റങ്ങൾ ദൃശ്യമാണ്. സർക്കാരിന്റെ തീരുമാനങ്ങളും മന്ത്രിയുടെ പ്രഖ്യാപനങ്ങളും വലിയ പ്രതീക്ഷ ഉളവാക്കുന്നതാണ്. വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമം ലളിതമാക്കുമെന്നുള്ളതാണ് അദ്ദേഹത്തിന്റെ പ്രഖ്യാപനം. സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പത്ത് വർഷത്തേയ്ക്കുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുമെന്നാണ് തീരുമാനം. ഓരോ വ്യവസായ സ്ഥാപനവും ഹ്രസ്വ-ദീർഘകാല പദ്ധതികൾ തയ്യാറാക്കണം. ശക്തി ദൗർബല്യങ്ങൾ മനസ്സിലാക്കി സാങ്കേതികവിദ്യകൾ മെച്ചപ്പെടുത്താനും വ്യവസായങ്ങൾ ലാഭത്തിലെത്തിക്കാനുമുള്ള പദ്ധതികൾ തയ്യാറാക്കണമെന്നും റിയാബ് അതിന്റെ മേൽനോട്ടം വഹിക്കണമെന്നുമുള്ളതാണ് നിർദ്ദേശം.

കെ.എസ്.ഐ.സി.ഡി.സി.-യെ പുനഃസംഘടിപ്പിച്ചും കിൻഫ്രയും ജില്ലാ വ്യവസായ കേന്ദ്രങ്ങളും കൂടുതൽ കാര്യക്ഷമമാക്കുമെന്നുമുള്ള പ്രഖ്യാപനങ്ങൾ ആവേശകരവും വലിയ പ്രതീക്ഷ നൽകുന്നതുമാണ്. പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉദ്യോഗസ്ഥ നിയമനത്തിന് റിക്രൂട്ട്മെന്റ് ബോർഡ് സ്ഥാപിക്കുമെന്നുള്ള പ്രഖ്യാപനവും നടത്തിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുമ്പോൾ മുൻ ഹൈക്കോടതി ജഡ്ജിയും സെക്രട്ടറിതല ഉദ്യോഗസ്ഥരും ചേർന്ന സമിതിയും വിദഗ്ദ്ധരുടെ പാനലും രൂപീകരിക്കാൻ യോഗ്യതയുള്ളവരെ വിജിലൻസ് ക്ലിയറൻസിന്റെ അടിസ്ഥാനത്തിൽ നിയമിക്കുമെന്നുള്ള അദ്ദേഹത്തിന്റെ പ്രഖ്യാപനങ്ങളുമെല്ലാം നിശ്ചയദാർഢ്യത്തോടെ നടപ്പാക്കാൻ കഴിയണം. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ പ്രവർത്തനം സുതാര്യമാക്കുമെന്നും ഓൺലൈൻ സംവിധാനം ശക്തിപ്പെടുത്തുമെന്നുള്ള പ്രഖ്യാപനമുൾപ്പെടെ സഫലമാകട്ടെയെന്ന് ആശിക്കുകയാണ്. കേരളത്തിൽ വലിയ വ്യവസായ വികസന സാധ്യതകളാണ് നമുക്ക് തുറന്നുതരുന്നത്. കേരളത്തിൽ വൻകിട വ്യവസായ വികസന പദ്ധതികൾക്ക് സാധ്യത കുറവാണെന്ന് എല്ലാവർക്കും അറിയാമെങ്കിലും അതിനുകാരണം, ഭൂമിയുടെ ലഭ്യതയും വൈദ്യുതിയുടെ

പരിമിതികളുമാണ്. കേരളത്തിന്റെ വ്യവസായരംഗം നവീകരിക്കാൻ വലിയ സാധ്യതകളാണ് പുതിയ കാലം നമുക്ക് തുറന്നുതരുന്നത്. ഇതിനുപുറമെ, ഇൻഫർമേഷൻ ടെക്നോളജിയുടെയും ടൂറിസത്തിന്റെയും സാധ്യതകൾ നല്ലനിലയിൽ ഉപയോഗിക്കാൻ കഴിയണം. പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾക്ക് മുൻതൂക്കം നൽകാൻ കഴിയണം. വ്യവസായ രംഗത്തിന്റെ നവീകരണത്തിന്റെ ഭാഗമായി പഴയ കാലത്ത് വ്യവസായത്തിന് മാറ്റി വയ്ക്കപ്പെട്ട ഭൂമി പല കാരണങ്ങളാൽ വ്യവസായം തളർച്ച നേരിടുന്നപക്ഷം വ്യവസായേതര ആവശ്യത്തിന് ഉപയോഗിക്കുന്ന സ്ഥിതിയുണ്ടാകരുത്. അത്തരത്തിലുള്ള ഭൂമി കൈമാറ്റം ചെയ്യാൻ പാടില്ലെന്ന് നിയമമുണ്ടെങ്കിലും അതിനെ മറികടന്ന് ടൗൺ ഷിപ്പുകൾ സ്ഥാപിക്കുന്നതിനും റിയൽ എസ്റ്റേറ്റ് താൽപ്പര്യങ്ങൾക്ക് ഉപയോഗപ്പെടുത്താനുമുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അത് തടയാൻ കഴിയണം. എറണാകുളത്തെ ടാറ്റാ കമ്പനി അതിന് ഉദാഹരണമാണ്. കൊച്ചി രാജാവിന്റെ കാലത്ത് വ്യവസായം തുടങ്ങാൻവേണ്ടി കൈമാറിയതാണ്. കൊച്ചി രാജാവും അന്നത്തെ കൊച്ചി സർക്കാരുമായുണ്ടാക്കിയ കരാറിന്റെ രേഖകൾപോലും നമ്മുടെ ആർക്കിയോളജി വകുപ്പിലില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ

രേഖകൾ ഇവിടെനിന്ന് കളവ് ചെയ്യപ്പെട്ട് ബ്രിട്ടണിലെ പ്രധാനപ്പെട്ട ലൈബ്രറികളിൽ മാത്രം കാണാൻ കഴിയുന്ന ഒന്നാണ്. ഇന്ന് 54 ഏക്കറോളം വരുന്ന ഭൂമിയാണ് ടാറ്റ കമ്പനിയുടെ കൈവശമുള്ളതും കൺവർട്ട് ചെയ്യപ്പെടുന്നതും. കേരളത്തിന്റെ വ്യവസായ പുരോഗതിക്ക് നമ്മുടെ നയങ്ങളിലും സമീപനങ്ങളിലും ചില മാറ്റങ്ങൾ വരണം. വിഫലമായ വ്യവസായങ്ങളുടെ ഭൂമി ഉപയോഗപ്പെടുത്തി ഇന്റഗ്രേറ്റഡ് സ്റ്റീൽ പാർക്ക് നമുക്ക് സ്ഥാപിക്കാൻ കഴിയണം. ഒമാൻ പോലുള്ള രാജ്യങ്ങളിൽ നിലനിൽക്കുന്ന 60 ശതമാനം ഗവൺമെന്റ് മൂലധനവും 40 ശതമാനം സ്വകാര്യ പങ്കാളിത്തവുമെന്ന വ്യവസ്ഥകൾ നമുക്ക് ആലോചിക്കാവുന്നതാണ്. നാൽപ്പത് ശതമാനത്തോളം എൽ.എൻ.ജി. ഇത്തരം വ്യവസായങ്ങൾക്ക് നമുക്ക് ഗ്യാരന്റി നൽകാനായി കഴിയും. പെട്രോകെമിക്കൽ ഇൻഡസ്ട്രിയെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. നമുക്ക് ഫാർമാ കെമിക്കൽ വ്യവസായം പ്രോത്സാഹിപ്പിക്കാൻ കഴിയണം. ഹൈദരാബാദ് പോലുള്ള സ്ഥലങ്ങളാണ് ഇന്ത്യയിലെ ഫാർമസ്യൂട്ടിക്കൽ രംഗത്തിന്റെ പ്രധാനപ്പെട്ട ഹബ്ബായി കണക്കാക്കാൻ കഴിയുന്നത്. ബി.പി.സി.എൽ.-ഉം എച്ച്.ഒ.സി.-യും നൽകുന്ന ബൈപ്രോഡക്ടുകൾ

ഫാർമസ്യൂട്ടിക്കൽ രംഗത്തെ ശക്തിപ്പെടുത്താൻ സഹായിക്കും. പെട്രോകെമിക്കൽ പാർക്കിനാവശ്യമായ ഭൂമി കേരള സർക്കാർ ഏറ്റെടുത്ത് ലീസ് വ്യവസ്ഥയിൽ നൽകിക്കഴിഞ്ഞുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കേരളത്തിൽ നിലയുറപ്പിക്കാൻ കഴിയുന്ന വ്യവസായികൾക്ക് ആവശ്യമായ ഇളവുകളും സൗജന്യങ്ങളും നൽകി അവരെ പ്രോത്സാഹിപ്പിക്കാൻ കഴിയണം. ബി.പി.സി.എൽ.-ൽ കേരള ഗവൺമെന്റിന്റെ അഞ്ച് ശതമാനം ഷെയറുണ്ടെന്ന് ഞാൻ കണക്കാക്കുകയാണ്. 1,86,66,666 കോടി രൂപയുടെ ഷെയർ നമ്മുടെ ഗവൺമെന്റിനുണ്ട്. ഗവൺമെന്റിന്റെ ഒരു പ്രതിനിധിയെ അതിൽ നിശ്ചയിക്കണം. അത് നമ്മുടെ താൽപര്യങ്ങൾക്കുകൂടി പ്രയോജനപ്പെടുമെന്ന് ഞാൻ കണക്കാക്കുകയാണ്. ഇന്ത്യയുടെ കേബിൾ രംഗത്ത് പ്രവർത്തിക്കുന്ന ഒരേയൊരു പൊതുമേഖലാ സ്ഥാപനമാണ് 1960-ൽ സ്ഥാപിതമായ ട്രാക്കോ കേബിൾ കമ്പനി. കഴിഞ്ഞ അഞ്ചുവർഷക്കാലം ഇടതുപക്ഷമുന്നണി ഗവൺമെന്റ് 17.9 കോടി രൂപ മുതൽമുടക്കി അത്യാധുനിക സംവിധാനത്തോടുകൂടി പ്രവർത്തിക്കുന്ന അഭിമാനകരമായ സ്ഥാപനമാണ് ട്രാക്കോ കേബിൾ കമ്പനി. കെ.എസ്.ഇ.ബി.എൽ.-ന് ആവശ്യമായ വിവിധ കമ്പികളും കേബിളുകളും ഒരു റേറ്റ് കോൺട്രാക്ട്

അടിസ്ഥാനത്തിൽ നൽകാൻ കഴിഞ്ഞാൽ ആ സ്ഥാപനത്തെ നമുക്ക് നിലനിർത്താൻ കഴിയും. അതുപോലെ സൺറൈസ് സെക്ടറിൽ അഥവാ സൂര്യോദയ വ്യവസായത്തിന്റെ പട്ടികയിൽവരുന്ന കരിമണൽ വ്യവസായം. ചവറ, നീണ്ടകര ഭാഗത്തെ കരിമണൽ പൂർണ്ണമായും നമുക്ക് ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് പോലുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കപ്പെട്ടെങ്കിലും കരിമണൽ നാം കയറ്റുമതി ചെയ്യപ്പെടുകയാണ്. എന്നാൽ ഉൽപ്പന്നാധിഷ്ഠിതമായ വ്യവസായങ്ങൾ നമുക്ക് കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല. അനന്തമായ സാധ്യതകളുള്ള ഈ മേഖലയെ ഉപയോഗപ്പെടുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LNG (Liquefied Natural Gas)-യെക്കുറിച്ച് പലരും ഇവിടെ പരാമർശിക്കുകയുണ്ടായി. കൊച്ചിയിലുൾപ്പെടെയുള്ള വ്യവസായശാലകൾക്ക് LNG നൽകപ്പെടുന്നുണ്ട്. അത് പരമാവധി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. എൽ.എൻ.ജി.-യുമായി ബന്ധപ്പെട്ട മറ്റൊരുവിഷയം സംബന്ധിച്ച് ഞാനൊരു ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിട്ടുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല.

ഫുഡ് ഇൻഡസ്ട്രിയുടെ കാര്യത്തിലും കേരളത്തിന് വലിയ ഭാവിയുള്ളതാണ്. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ മേഖലയിൽ നമുക്കതിനെ പ്രയോജനപ്പെടുത്താൻ കഴിയണം. കുടുംബശ്രീ ഉൾപ്പെടെയുള്ള മനുഷ്യവിഭവശേഷിയെ ആ മേഖലയിൽ പ്രയോജനപ്പെടുത്താൻ കഴിയണം. എറണാകുളം ജില്ലയിൽ സ്ഥിതിചെയ്യുന്ന (ICTT) വല്ലാർപാടം അന്താരാഷ്ട്ര കണ്ടെയ്നർ ടെർമിനലിനോട് ചേർന്നുകിടക്കുന്ന മുളവുകാട് ഗ്രാമപഞ്ചായത്തിലെ തരിശുഭൂമിയുൾപ്പെടെ 250 ഏക്കറോളം ഭൂമി സർക്കാർ ഏറ്റെടുത്ത് ലോജിസ്റ്റിക് ആൻഡ് ഇൻഡസ്ട്രിയൽ പാർക്കും അതുപോലെ പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികളും ആരംഭിക്കാൻ ഒരു പദ്ധതി ആവിഷ്കരിക്കണമെന്ന് ഞാൻ സവിനയം അഭ്യർത്ഥിക്കുകയാണ്. കേരളത്തിന്റെ വ്യവസായ തലസ്ഥാനമായ കളമശ്ശേരി ഏലൂർ വ്യവസായമേഖല ഇന്ന് തകർച്ചയെ നേരിടുകയാണ്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളാണെങ്കിലും IAC, FACT, TCC, HMT തുടങ്ങിയവയെല്ലാം തകർച്ചയെ നേരിടുകയാണ്. FACT-യിൽ പതിനായിരംപേർവരെ തൊഴിലെടുത്ത സാഹചര്യങ്ങളുണ്ടായിരുന്നു. ഇന്ന് രണ്ടായിരത്തിൽ

താഴെയുള്ള ആളുകൾ മാത്രമാണ് അവിടെ പണിയെടുക്കുന്നത്. ഇപ്പോഴും ഈ വ്യവസായങ്ങളുടെയെല്ലാം പശ്ചാത്തലസൗകര്യങ്ങൾ അവിടെയുണ്ട്. അതിനെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി പ്രത്യേക നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. പതിനെട്ടോളം കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ നമ്മുടെ കേരളത്തിൽ പ്രവർത്തിക്കുന്നു. നിരവധി സംസ്ഥാനപൊതുമേഖലാ സ്ഥാപനങ്ങളും കേരളത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നു. പൊതുവേ കേരളം നിക്ഷേപ, വ്യവസായസൗഹൃദ സംസ്ഥാനമാണ്. കേരളം വ്യവസായവിരുദ്ധ സംസ്ഥാനമാണെന്നും നിക്ഷേപ സൗഹൃദമല്ലെന്നുമുള്ള കള്ളപ്രചാരവേല നടക്കുന്ന കാലമാണിത്. എത്രയോ വ്യവസായങ്ങൾ കേരളത്തിൽ നല്ല നിലയിൽ നടക്കുന്നു. കേരളത്തിൽ മികച്ച നിക്ഷേപസൗഹൃദ അന്തരീക്ഷമാണുള്ളതെന്നതിന്റെ തെളിവാണ് അപ്പോളോ ടയേഴ്സ്, മലയാള മനോരമയുടെ കോട്ടയത്തുള്ള എം.ആർ.എഫ്. ടയേഴ്സ്, പ്രീമിയർ ടയേഴ്സ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെല്ലാം ഇവിടെനിന്നും കെട്ടുകെട്ടാതെ ഇവിടെത്തന്നെ നല്ല നിലയിൽ പ്രവർത്തിക്കുന്നത്. വ്യവസായ വികസനത്തിന്റെയും വ്യവസായ സൗഹൃദാന്തരീക്ഷത്തിന്റെയും കാര്യത്തിൽ

കേരളം പ്രധാനപ്പെട്ട സവിശേഷതയുള്ള നാടാണ്. കേരളത്തിന്റെ വനസമ്പത്തും ജലസമ്പത്തും മനുഷ്യശേഷിയും ധാതുസമ്പത്തുമെല്ലാം ഉപയോഗപ്പെടുത്തിക്കൊണ്ട് ഐശ്വര്യസമ്പന്നമായൊരു കേരളം കെട്ടിപ്പടുക്കുവാൻ നമുക്കു കഴിയണം. ഒരു പുതിയ കേരളം സൃഷ്ടിക്കാനുള്ള ഈ പടയോട്ടത്തിൽ വ്യവസായ വകുപ്പുമന്ത്രിയുടെയും വൈദ്യുതി വകുപ്പുമന്ത്രിയുടെയും എല്ലാ പരിശ്രമങ്ങൾക്കും പിന്തുണനൽകിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. നന്ദി നമസ്കാരം.

<u>ശ്രീ. കെ. പി. മോഹനൻ</u>: സർ, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള വ്യവസായങ്ങൾ, വൈദ്യുത പദ്ധതികൾ എന്നീ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് വ്യാവസായികാന്തരീക്ഷം വർദ്ധിപ്പിച്ച് വ്യവസായികളെ ആകർഷിച്ച കേരളം, യുവസംരംഭത്വ വ്യവസായങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളാണ് ഇവിടെ ഉണ്ടാകുന്നത്. കോവിഡ് വരുത്തിയ വെല്ലുവിളികളിലൂടെ ജോലി നഷ്ടപ്പെട്ട പ്രവാസികളുടെയും യുവതലമുറയുടെയും ചെറുകിട വ്യവസായ സംരംഭങ്ങൾ ഗ്രാമങ്ങളിലും നഗരങ്ങളിലും വർദ്ധിച്ചു വരുന്നു. അതിനുള്ള സൗകര്യങ്ങൾ

ചെയ്തുകൊടുക്കാനും സാധിക്കണം. നമ്മുടെ സംസ്ഥാനം വ്യവസായസൗഹൃദ സംസ്ഥാനമാണ്. എന്നാൽ അങ്ങനെയല്ലെന്ന് വരുത്തിത്തീർക്കാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ചില ഭാഗത്തുനിന്നുമുണ്ട്. കിറ്റെക്സ് പ്രശ്നങ്ങളും മറ്റും സൂചിപ്പിക്കുന്നത് ഇത്തരം സന്ദേശങ്ങളാണ്. ഇത് പരിഹരിക്കാൻ നമുക്ക് സാധിക്കണം. വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി N.O.C. (Non Objection Certificate) നൽകാനുള്ള സംവിധാനം കൂടുതൽ സുതാര്യവും ലഘുവായും നടപ്പിലാക്കാനും അതിനാവശ്യമായ ബോധവത്കരണവും ഈ രംഗത്ത് ആവശ്യമാണ്. യുവസംരംഭകർക്കും മറ്റും ചെറുതും വലുതുമായ വ്യവസായസംരംഭങ്ങൾ ആരംഭിക്കുന്നതിനായി, എന്റെ നിയോജക മണ്ഡലത്തിലെ നവോദയക്കുന്നിൽ കിൻഫ്രയുടെ കീഴിൽ ഏകദേശം അഞ്ഞൂറോളം ഏക്കർ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കി ലക്ഷ്യം കൈവരിക്കാൻ സാധിക്കണം. ഇന്ന് വളരെയധികം പ്രാധാന്യമുള്ള ധാരാളം വ്യവസായങ്ങൾക്ക് നമ്മുടെ യുവതലമുറ മുന്നോട്ടുവന്നിരിക്കുകയാണ്. അതോടൊപ്പം ചെറുകിട വ്യവസായമേഖലയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടിയുണ്ടാകണം. കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണത്. വികസിച്ചു വരുന്ന കേരള വ്യവസായ

സംരംഭങ്ങൾക്ക് ആവശ്യമായ ഊർജ്ജം അനിവാര്യമാണ്. അതിനായി വൈദ്യുതി വകുപ്പും വ്യവസായ വകുപ്പും പരസ്പരപൂരകങ്ങളായി പ്രവർത്തിക്കേണ്ടതുണ്ട്. വൈദ്യുതിയുടെ ഉറവിടം, വിതരണം, ഉപയോഗം തുടങ്ങിയ മേഖലകളിലെ പ്രതിസന്ധികൾ പരിഹരിച്ച സർക്കാരാണ് പിണറായി വിജയൻ സർക്കാർ. ജല വൈദ്യുതി, സൂര്യനിൽ നിന്നുള്ള വൈദ്യുതി (സോളാർ വൈദ്യുതി), കാറ്റിൽ നിന്നുള്ള വൈദ്യുതി എന്നീ പരമ്പരാഗത ഊർജ്ജ വിഭവങ്ങളിലും വലിയ മുന്നേറ്റമുണ്ടായിട്ടുണ്ട്. അത് തുടർന്നും കൂടുതൽ ശക്തിപ്പെടുത്താൻ സാധിക്കണം. കാർഷിക മേഖലയിൽ സുലഭവും സുസ്ഥിരവും നാമമാത്രവുമായ തുകയ്ക്ക് വൈദ്യുതി ലഭ്യമാക്കാനുള്ള നടപടികളുണ്ടാകുന്നതോടൊപ്പം കർഷകത്തൊഴിലാളി ക്ഷാമം പരിഹരിക്കാനും ചെറുകിട കാർഷിക യന്ത്രങ്ങൾ സാർവ്വത്രികമായി ഉപയോഗിക്കാനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും സാധിക്കണം. നാമമാത്രമായ തുകയ്ക്ക് വൈദ്യുതി ലഭ്യമാക്കണം. കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് സോളാർ വൈദ്യുതിയിലൂടെ നമുക്കാവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കാൻ സാധിക്കണം. ഇതിലൂടെ ഗ്രാമീണമേഖലയിൽ കൂടുതൽ ശക്തിപകർന്നുകൊണ്ട് മുന്നോട്ടുപോകാൻ

സാധിക്കും. ഒരു കർഷക സമ്പന്നനായ നമ്മുടെ വൈദ്യുതി വകുപ്പുമന്ത്രി ഇതിൽ പ്രത്യേക താൽപ്പര്യം കാണിക്കുമെന്നെനിക്കറിയാം. നമ്മുടെ രാജ്യത്തെ ഗാർഹിക-വ്യാവസായിക ആവശ്യത്തിന് കുറഞ്ഞനിരക്കിൽ വൈദ്യുതി ലഭിക്കുന്ന സംസ്ഥാനമായി കേരളം വളരണം. കൂടുതൽ മേഖലകളിലേയ്ക്ക് ചെറുകിട വ്യവസായങ്ങൾ വളർന്നുവരുന്നതിന് വൈദ്യുതി ഉല്പാദനരംഗത്ത് കൂടുതൽ മുന്നേറ്റം നടത്തിയാൽ മാത്രമേ സാധിക്കുകയുള്ളൂ. പുരപ്പുറ സൗരോർജ്ജപദ്ധതി സാർവ്വത്രികമാക്കണം. അതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. പക്ഷേ അതൊരു മെല്ലെപ്പോക്കായിട്ടാണ് കാണുന്നത്. വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥർ ധാരാളം സ്ഥലങ്ങളിൽ പോയി അളവെടുത്ത് പുരപ്പുറ സൗരോർജ്ജപദ്ധതിക്ക് ഇത്ര രൂപ ചെലവ് വരും എന്നൊക്കെ പറഞ്ഞിട്ടുണ്ടെങ്കിലും അത് കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുന്നില്ല. അതിനുവേണ്ടിയുള്ള നടപടികൾ കൂടുതലായി സ്വീകരിക്കാൻ കഴിയണം. കാർഷികാവശ്യത്തിന് തുച്ഛമായ ചെലവിൽ ആവശ്യമായ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി പുരപ്പുറ സൗരോർജ്ജ പദ്ധതി സാർവ്വത്രികമാക്കി കർഷകർക്ക് കൂടുതൽ വൈദ്യുതി ലഭിക്കാനും ലഭിക്കുന്ന വൈദ്യുതിക്ക് ചെറിയ തുക ഈടാക്കി ബിൽ തുക

കുറച്ചുകൊണ്ട് മുന്നോട്ട് പോകാനും നമുക്ക് സാധിക്കണം. കാർഷിക യന്ത്രങ്ങളുടെ ഉല്പാദനം വ്യവസായവുമായി ബന്ധപ്പെട്ടുള്ളതാണ്. കേരള അഗ്രോ മെഷീനറി കോർപ്പറേഷനും KAICO (Kerala Agro Industries Corporation)-യും കൂടുതൽ യന്ത്രങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്. യുവതലമുറയ്ക്ക് ആവശ്യമായ യങ് ജനറേഷൻ പവർ ഡ്രില്ലർ ഉൾപ്പെടെയുള്ളവ ഉല്പാദിപ്പിക്കുന്നുണ്ടെങ്കിലും വ്യാവസായികതലത്തിൽ അത് മുന്നോട്ടുവരുന്നില്ല. ട്രാക്ടറുകളും ഡ്രില്ലറുകളുമൊക്കെ ഇവിടെ ഉപയോഗിക്കാൻ കഴിയുന്ന രൂപത്തിലുള്ള മെഷീനറിയാക്കി മാറ്റണം. എന്നാൽ നമ്മളത് ഉപയോഗിക്കാതെ മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോകുകയാണ്. ഇവിടെ പഴയ കാലത്തെ കൃഷിയുമില്ല, പുതിയതുമില്ല. അപ്പോൾ രണ്ടുംകൂടി ചേർന്നുള്ള കൃഷിക്കുവേണ്ടി വളരെ നല്ല ഇടപെടലുണ്ടാകുമ്പോൾ അതിലൂടെ വ്യാവസായിക രംഗത്തുപോലും കൂടുതൽ മുന്നേറ്റം നടത്താൻ സാധിക്കും. കാർഷികോല്പന്നങ്ങളെ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി വ്യാവസായികതലത്തിൽ മുന്നോട്ടുകൊണ്ടുവരുന്നതിനുള്ള നടപടികളുണ്ടാകണം.

സോളാർ എനർജിയെക്കുറിച്ച് നമുക്കറിയാം; കൊച്ചി എയർപോർട്ടിലെ

ഏറ്റവും വലിയ സോളാർ മേഖലയായ 'സിയാൽ' ലോകം മുഴുവനും ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്. ആ മേഖലയിൽനിന്നും വൈദ്യുതി ഉല്പാദിപ്പിച്ച് അവിടുത്തെ എയർപോർട്ടിലേയ്ക്കും പുറത്തേയ്ക്കും വില്പന നടത്തുന്ന രൂപത്തിലേയ്ക്ക് വളർന്നിരിക്കുകയാണ്. സോളാർ എനർജി കൂടുതൽ ശക്തിപ്പെടുത്തി മുന്നോട്ട് പോകാൻ സാധിക്കണം. സൗരോർജ്ജ വർദ്ധനവിൽ മാതൃകയാകാൻ സാധിക്കണം. വൈദ്യുതിയും വ്യവസായവും നമ്മുടെ ജീവിതത്തിന് പരസ്പരപൂരകമാണ്. നമുക്ക് ജീവിക്കാൻ വൈദ്യുതിയും വ്യവസായവും വേണം. നാടിന്റെ ആവശ്യമാണത്. കൂടുതൽ മുന്നേറാൻ നമുക്ക് സാധിക്കട്ടേയെന്ന് ആശംസിച്ചുകൊണ്ട് ഈ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. എം. നൗഷാദ്</u>: സർ, 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റിന്മേലുള്ള വ്യവസായവും വൈദ്യുതിയുമായി ബന്ധപ്പെട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. പവർകട്ടും ലോഡ്ഷെഡ്ഡിംഗും കൊണ്ട് ദുരിതമനുഭവിച്ചിരുന്ന വൈദ്യുതി മേഖലയുടെ ഒരു കാലഘട്ടത്തെ അതിജീവിച്ചുകൊണ്ട്, ഉല്പാദനമേഖലയിൽ വമ്പിച്ച മുന്നേറ്റമുണ്ടാക്കി പ്രസരണ നഷ്ടം കുറച്ചുകൊണ്ടുവന്ന് മുഴുവൻപേർക്കും

വൈദ്യുതി ലഭ്യമാക്കുന്നതരത്തിൽ വൈദ്യുതി മേഖലയെ മാറ്റിയ പിണറായി സർക്കാരിന്റെ തുടർച്ചയായിട്ടുള്ള ഈ ഗവൺമെന്റിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് നേതൃത്വം നൽകുന്ന, കഴിഞ്ഞ രണ്ടുമാസക്കാലംകൊണ്ടുതന്നെ അത് തെളിയിച്ച മന്ത്രിയെ അഭിനന്ദിക്കുന്നു. 'നിലാവ്' ഉൾപ്പെടെയുള്ള പുത്തൻ പദ്ധതികൾ നടപ്പിലാക്കി. വൈദ്യുതി ഇല്ലായെന്നുണ്ടെങ്കിൽ രാജ്യത്ത് പുരോഗതിയുണ്ടാകില്ല. വ്യവസായമേഖലയിലും ആരോഗ്യമേഖലയിലും പുരോഗതിയുണ്ടാകണമെങ്കിൽ വൈദ്യുതി അനിവാര്യമാണ്. അതുമനസ്സിലാക്കി കേരളത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം, ഇവിടെ കറന്റ് ലഭിക്കാത്തൊരു വീട് പോലുമില്ലാത്ത തരത്തിലേയ്ക്കെത്തിച്ച് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

വ്യാവസായിക മേഖലയെക്കുറിച്ച് പറയുമ്പോൾ, 'കേരളം ദൈവത്തിന്റെ സ്വന്തം നാടാണ്'. ദൈവത്തിന്റെ സ്വന്തം നാടായ കേരളം ഒരു കാലഘട്ടത്തിൽ വ്യവസായങ്ങൾക്ക് ശവപ്പറമ്പായിരുന്നു. ഇന്നത് വ്യവസായങ്ങളുടെ പറുദീസയാക്കി മാറ്റിയ ഭരണമാണ് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഒന്നാം ഗവൺമെന്റ്. അതിന്റെ തുടർച്ചയായി

ആ പറുദീസയെ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിനുവേണ്ടിയിട്ടുള്ള പ്രവർത്തനങ്ങൾ നടത്തി മുന്നോട്ടുകൊണ്ടുപോകുകയാണ് സഖാവ് പി. രാജീവിന്റെ നേതൃത്വത്തിലുള്ള വ്യവസായ വകുപ്പ്. അതിലെ പ്രഖ്യാപനങ്ങൾ, നിലപാടുകൾ കൃത്യമായി ഏതൊരു വ്യവസായിക്കും സാധാരണക്കാർക്കും മനസ്സിലാകുന്നതരത്തിൽ നടപ്പിലാക്കി മുന്നോട്ടുപോകുകയാണ്. യാഥാർത്ഥ്യബോധത്തോടുകൂടി ആ മേഖലയിലെ പ്രശ്നങ്ങൾ പഠിച്ച് വസ്തുതാപരമായി പരിഹരിച്ച് മുന്നോട്ടുകൊണ്ടു പോകുന്നതിനുവേണ്ടിയുള്ള നടപടികളാണുള്ളത്. വ്യവസായത്തെ സംരക്ഷിക്കുന്നതിനോടൊപ്പം വ്യവസായികളെയും സംരക്ഷിക്കുകയാണ് ഇതിന്റെ ഏറ്റവും വലിയ പ്രത്യേകത. വ്യവസായികളുടെ ഏറ്റവും പ്രധാനപ്പെട്ട പരാതി വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പരിശോധനയാണ്. അതൊരു വസ്തുതയും സത്യവുമാണ്. അത് അവസാനിപ്പിക്കാൻ കേന്ദ്രീകൃതമായ പരിശോധനയും ഏകീകൃതമായ പരിശോധനയും ഏർപ്പെടുത്തി ആ വ്യവസായികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പരിശ്രമങ്ങൾ നടത്തി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ കേരളം വ്യവസായങ്ങളുടെ പറുദീസയാണെന്ന് ഞാൻ പറഞ്ഞു. ഇവിടെ പുത്തൻ വ്യവസായങ്ങൾ

വന്നുകൊണ്ടേയിരിക്കുകയാണ്. ഇപ്പോൾ ഗവൺമെന്റുമായി MoU ഒപ്പുവച്ചിട്ടുള്ള നിരവധി സംരംഭകരുണ്ട്. ആ സംരംഭകരെല്ലാം വ്യവസായം അറിയാത്തവരും കേരളത്തിലെ അന്തരീക്ഷം അറിയാത്തവരൊന്നുമല്ല. കേരളത്തിലെ വ്യവസായ അന്തരീക്ഷം കലുഷിതമാണെന്ന് വരുത്തിതീർക്കുവാൻവേണ്ടി ബോധപൂർവ്വമായി ചില കുബുദ്ധികൾ നടത്തിയ പരിശ്രമങ്ങളെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളഞ്ഞവരാണ് ഈ വ്യവസായ സംരംഭകർ. TCS, V Guard ഉൾപ്പെടെയുള്ളവർ ഈ ഗവൺമെന്റുമായി MoU ഒപ്പുവച്ച് പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻവേണ്ടി തീരുമാനിച്ചിട്ടുള്ളത്. വ്യവസായങ്ങൾ ആരംഭിക്കുകമാത്രമല്ല, ആ വ്യവസായങ്ങൾക്ക് വിപണനം കണ്ടെത്തണം. ചെറുകിട വ്യവസായികളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങളിലൊന്നാണ് അവർക്ക് മാർക്കറ്റിംഗിനുവേണ്ടിയുള്ള സൗകര്യം. അതിനുവേണ്ടി എറണാകുളത്ത് പതിനഞ്ച് ഏക്കർ സ്ഥലത്ത് എഴുപതുകോടി രൂപ മുടക്കി ട്രേഡ് കം എക്സിബിഷൻ സെന്റർ സ്ഥാപിക്കാൻ തീരുമാനിക്കുകയും അതിന്റെ തുടർനടപടികളുമായി മുന്നോട്ടുപോകുകയുമാണ്. അത്തരത്തിൽ വ്യാവസായിക മേഖലയിലാകെ വലിയ കുതിപ്പാണുണ്ടായിട്ടുള്ളത്. 2016-ൽ

75000-ത്തോളം എം.എസ്.എം.ഇ.-കളാണ് ഉണ്ടായിരുന്നതെങ്കിൽ ഇന്നത് ഒന്നരലക്ഷമായി മാറി. രണ്ടുമാസത്തിനുള്ളിൽത്തന്നെ 920 എം.എസ്.എം.ഇ.-കളാണ് പുതിയതായി നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവന്നിട്ടുള്ളത്. അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ടുതന്നെ 1416 കോടിരൂപയുടെ പാക്കേജാണ് അവർക്കുവേണ്ടി തയ്യാറാക്കിയത്. കോവിഡ് മഹാമാരി എല്ലാമേഖലയെയും തകർത്തതുപോലെ വ്യവസായത്തേയും തകർത്തിട്ടുണ്ടെന്ന് നമുക്കറിയാം. അതിൽനിന്നും വ്യവസായങ്ങളെ സംരക്ഷിക്കാൻവേണ്ടിയാണ് 1416 കോടിരൂപയുടെ പാക്കേജ്. അത് വ്യവസായികളുടെ വായ്പകൾ പുനഃക്രമീകരിച്ച്, വായ്പകൾ വർദ്ധിപ്പിച്ച്, പലിശ സബ്സിഡികൊടുത്ത്, പിഴപ്പലിശ ഒഴിവാക്കി അത്തരത്തിൽ പുത്തൻ ഉണർവ് വ്യവസായമേഖലയ്ക്ക് നൽകുന്ന സമീപനമാണ് വ്യവസായ വകുപ്പിൽനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. വ്യവസായിക-വൈദ്യുതി മേഖലയിലടക്കം സമസ്തമേഖലയിലും കേരളം കൈവരിച്ച നേട്ടങ്ങൾ കാണാനും മനസ്സിലാക്കാനും കഴിയാത്തവർ നിർഭാഗ്യവശാൽ ഈ കേരളീയരായിട്ടുണ്ട്. നേരത്തെ വ്യവസായസംരംഭകരുടെ കാര്യം പറഞ്ഞു. കിറ്റെക്സിന്റെ സാബു എം. ജേക്കബ്... കിറ്റെക്സ് എവിടെയാണ്

ആരംഭിച്ചത്; ഇപ്പോൾ തെലുങ്കാനയിലേയ്ക്ക് പോയി, മന്ത്രി സ്വീകരിച്ചു കൊണ്ടുപോയി എന്നൊക്കെ പറഞ്ഞല്ലോ; ഈ മന്ത്രിക്ക് സ്വീകരിക്കാൻ കിറ്റെക്സ് കമ്പനിയെ സജ്ജമാക്കിയ നാടാണിത്. കേരളമാണ് അതിന് ജന്മം നൽകിയത്. പാലൂട്ടി വളർത്തിയ കൈയ്ക്ക് കടിച്ചുകൊണ്ടുപോയിരിക്കുകയാണ്. അനുഭവിച്ചോളും പോയിക്കോട്ടെ; കാരണം ഇവിടെ വ്യവസായികൾക്ക് അനുകൂലമാണ്. ഈ കിറ്റെക്സിന്റെ മുൻ എം.ഡി. ജേക്കബിന് 2008-ൽ പുരസ്കാരം നൽകി ആദരിച്ചത് കേരള ഗവൺമെന്റാണ്. ഒരു വ്യവസായ സംരംഭകൻ നാടുപിടിക്കാനിറങ്ങി, കാശുവന്നപ്പോൾ പിന്നെ അധികാരം പിടിക്കാൻ നോക്കി, ഒരു പഞ്ചായത്ത് കിട്ടി അപ്പോൾ കേരളം കിട്ടുമെന്ന് വിചാരിച്ചു. അതിന്റെ തുടക്കമെന്നുള്ള രീതിയിൽ മണ്ഡലം പിടിക്കാനിറങ്ങി, വന്നവഴിക്ക് തന്നെ ജനം പറഞ്ഞുവിട്ടു. കേരളത്തിലെ ജനത്തെ പറ്റിക്കാനൊന്നും കഴിയില്ല. പ്രബുദ്ധരായ കേരള ജനതയെ പറ്റിക്കാൻ വന്നപ്പോൾ അവർ പണികൊടുത്തു, അതുകൊണ്ടാണ് പോയത്. അല്ലാതെ വേറൊരു കാര്യവുമില്ല. ഈ കേരളത്തിൽ ഇതൊന്നും മനസിലാക്കാൻ കഴിയാത്തൊരു വിഭാഗം. രാവിലെ ഒരു അടിയന്തരപ്രമേയം വന്നു. കോവിഡിനെ പ്രതിരോധിക്കുന്നതിന് W.H.O. ഉൾപ്പെടെ

അംഗീകരിച്ചൊരു നാട്, ലോകത്തിനുതന്നെ മാതൃകയായ എല്ലാ മേഖലയിലും കോവിഡിനെ പ്രതിരോധിക്കുന്നതിൽ ഏറ്റവും മുൻപന്തിയിൽ, മരണനിരക്കിൽ ഏറ്റവും കുറവ്, ടെസ്റ്റ് നടത്തുന്നതിൽ, വാക്സിനേഷൻ നടത്തുന്നതിൽ ഏറ്റവും കൂടുതൽ. പക്ഷേ കോവിഡിന്റെ കാലഘട്ടത്തിൽ ജനങ്ങളാകെ ദുരിതമനുഭവിക്കുന്നുവെന്ന് മുതലക്കണ്ണീരുമൊഴുക്കി വന്നിരിക്കുകയാണ്. ജനങ്ങൾക്ക് കിറ്റുകൊടുക്കുന്നത് അവരെ സംബന്ധിച്ച് വോട്ടിനുവേണ്ടിയിട്ടാണെന്നാണ്. വോട്ട് കഴിഞ്ഞല്ലോ; ഇപ്പോഴും കൊടുക്കുന്നില്ലേ; ജനങ്ങളുടെ കയ്യിൽ കാശ് എത്തിക്കണമെന്നാണ് പുതിയ നിർദേശം, തമിഴ്നാട് 4,000 രൂപകൊടുത്തെന്നാണ് പറയുന്നത്. ഇവിടെ ഒരു വർഷം 19,200/- രൂപയാണ് സാധാരണക്കാരന്റെ കൈകളിലേയ്ക്കെത്തിച്ച് കൊടുക്കുന്നത്. ഇത് കാണാൻ കഴിയണ്ടേ? മാസം 1,200/- വച്ചുകൊടുക്കുന്നു. ഒറ്റത്തവണ 4,000/- കൊടുക്കുകയല്ല, പെൻഷൻ ലഭിക്കാത്തവർക്ക് 1,000/- രൂപവച്ചും അല്ലാതെയും നമ്മൾ കൊടുത്തിട്ടില്ലേ; അതിന് പുറമേയാണ് ഇപ്പോൾ കിറ്റ് കൊടുത്തുകൊണ്ടിരിക്കുന്നത്. കിറ്റുകൊടുക്കുമ്പോഴും അതും കാശല്ലേ; ജനങ്ങളുടെ കൈകളിലേയ്ക്ക് കാശുകൊടുത്താൽ അവരെന്താണ് ചെയ്യുക,

സാധാനം വാങ്ങുകയാണ്. എന്നാൽ ഇവിടെ സാധനംതന്നെ എത്തിച്ച് കൊടുക്കുകയാണ്. അതിനോടൊപ്പം കാശും കൊടുക്കുന്നു. അതൊന്നും കാണാൻ ഇവർക്ക് കഴിയുന്നില്ല. കാരണം ഇത് കാണണമെന്നുണ്ടെങ്കിൽ ഇതൊക്കെ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ ശ്രീ. മമ്മൂട്ടി പറയുന്നതുപോലെ 'സെൻസുണ്ടാകണം, സെൻസിബിലിറ്റിയുണ്ടാകണം, സെൻസിറ്റിവിറ്റിയുണ്ടാവണം' . ഇതൊന്നുമില്ലാതെ എന്തിനും ഏതിനും ഗവൺമെന്റിനെ കുറ്റപ്പെടുത്താനുള്ള പരിശ്രമങ്ങളുമായി നടക്കുന്ന നിങ്ങളെ ജനം തിരിച്ചറിയും. ക്രിയാത്മക പ്രതിപക്ഷമെന്ന് പറഞ്ഞാൽ ഇല്ലാത്ത കാര്യങ്ങൾ പ്രചരിപ്പിക്കുക, അതിന്റെ പേരിൽ വാക്കൗട്ട് നടത്തുക, എന്നതാണോ? ഇന്ന് എന്തിനാണ് വാക്കൗട്ട്? ഈ കോവിഡ് പ്രതിരോധകാലഘട്ടത്തിൽ അതിനുവേണ്ടിയിട്ടുള്ള വളരെ കൃത്യമായ, ശാസ്ത്രീയമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ഈ ഗവൺമെന്റിൽ ജനങ്ങൾക്ക് വിശ്വാസമുണ്ട്. നിങ്ങൾക്ക് കോൺഗ്രസ്സിനെതന്നെ വിശ്വാസമില്ല. കോൺഗ്രസ്സുകാർക്ക് കോൺഗ്രസ്സുകാരെ വിശ്വാസമില്ലല്ലോ? ചിരിക്കുന്നവരെ നമ്പരുതെന്ന് പറഞ്ഞത് ഞങ്ങളല്ല, ശ്രീ. രമേശ് ചെന്നിത്തലയാണ് പറഞ്ഞത്, കൂടെ

നിൽക്കുന്നവരെ നമ്പരുതെന്ന്. ഇവർ ചിരിച്ചുകൊണ്ട് പറ്റിക്കുമെന്ന് പറഞ്ഞത് ശ്രീ. രമേശ് ചെന്നിത്തലയാണ്. അത് ജനങ്ങൾക്ക് നേരത്തെ മനസ്സിലായി. ജനങ്ങൾക്ക് നേരത്തെ മനസ്സിലായതുകൊണ്ടാണ് അവർ അവരെ അവിടെത്തന്നെ ഇരുത്തിയത്. പിന്നെയോ, ഈ ഗവൺമെന്റിലുള്ള വിശ്വാസം. ഈ ഗവൺമെന്റിന്റെ എല്ലാ പദ്ധതികളെയും എതിർക്കും. ഏത് പാക്കേജ് പ്രഖ്യാപിച്ചാലും ചുമ്മാതാണെന്നല്ലേ പറയുന്നത്. ആ ഗവൺമെന്റ് മുമ്പാകെ ശ്രീ. ഷാഫി പറമ്പിൽ ഉന്നയിച്ചതെന്താ, 'പാലക്കാടിന് ഒരു പ്രത്യേക പാക്കേജ് തരണം സർ' എന്നാണ്. ഈ സഭയിൽ ഉന്നയിച്ചതല്ലേ? ഈ പാക്കേജുകളെല്ലാം വെറുതെയാണെങ്കിൽ എന്തിനാണ് ശ്രീ. ഷാഫി പറമ്പിൽ വീണ്ടും നിങ്ങളൊരു പാക്കേജ് ആവശ്യപ്പെട്ടത്? ഇതുതന്നെയല്ലേ കിഫ്ബിയുടെ കാര്യത്തിലും നിങ്ങൾ നടത്തിയത്. പറയുന്നത് പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നത് മാത്രം പറയുകയും ചെയ്യുന്ന ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അത് ഇവരെപ്പോലുള്ളവർക്ക് അറിയാം. പക്ഷേ, അത് പരസ്യമായി സമ്മതിച്ചുതരാൻ കഴിയില്ല. ഇവിടെ എന്റെ സ്നേഹിതൻ ശ്രീ. പി. സി. വിഷ്ണുനാഥുണ്ട്. എനിക്ക് ബി.ജെ.പി.യുടെ വോട്ട് കിട്ടിയിട്ടില്ലായെന്ന് ശ്രീ. പി. സി. വിഷ്ണുനാഥിന് ഈ ഫ്ലോറിൽ

പറയാൻ കഴിയുമോ? ഏതെങ്കിലുമൊരു വേദിയിൽ പറയാൻ കഴിയുമോ? ബി.ജെ.പി.യോടൊപ്പം കൂട്ടുചേർന്നുകൊണ്ട് കേരളത്തിന്റെ നന്മകളെ ഇല്ലാതാക്കാൻ പരിശ്രമിക്കുന്ന നിലപാടുകൾ അവസാനിപ്പിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. എന്റെ നിയോജക മണ്ഡലത്തിലെ വ്യാവസായികമായ പുരോഗതിയെല്ലാം പറയുമ്പോൾ, ഒട്ടേറെ കാര്യങ്ങൾ കശുവണ്ടി മേഖലയ്ക്കായി ചെയ്യുന്നുണ്ട്. അത് കുറച്ചുകൂടി ശക്തിപ്പെടുത്തി ആ തൊഴിൽ മേഖലയെ സംരക്ഷിക്കണമെന്നും മീറ്റർ കമ്പനിയെ കൂടുതൽ സഹായിക്കണമെന്നുംകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് എനിക്ക് ഏറെ ആദരവുണ്ട്. അദ്ദേഹമൊരു മാധ്യമ സ്ഥാപനത്തിൽ ദീർഘകാലം പ്രവർത്തിച്ചിട്ടുള്ള ഒരാളാണ്. ഞാനും മാധ്യമ മേഖലയിൽനിന്ന് വന്ന ഒരാളായതുകൊണ്ട് പ്രത്യേകിച്ചും അദ്ദേഹത്തോടുള്ള ആ ഒരു സ്നേഹം അറിയിക്കുകയാണ്. 'Responsible Investment' എന്ന അദ്ദേഹത്തിന്റെ ആശയത്തോട് ഞങ്ങൾക്ക് വലിയ യോജിപ്പുണ്ട്. അത്

പറഞ്ഞുകൊണ്ടുതന്നെ എന്റെ ചില വിയോജിപ്പുകൾകൂടി ഇവിടെ രേഖപ്പെടുത്തുകയാണ്. വ്യവസായവും വാണിജ്യവും രണ്ട് പ്രവർത്തനങ്ങളാണ്. വാണിജ്യത്തെക്കുറിച്ച് ഞാൻ പിന്നീട് പറയാം. അതിൽ വ്യവസായത്തെ ഉല്പാദനമേഖല, സേവനമേഖല എന്നിങ്ങനെ നമുക്ക് തരംതിരിച്ച് കാണേണ്ടിവരും. അതിൽത്തന്നെ മറ്റൊരുതരത്തിൽക്കൂടി തരംതിരിവ് വേണം. കാരണം MSME അഥവാ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെയും വൻകിട വ്യവസായങ്ങളെയും നമുക്ക് രണ്ടായി കാണേണ്ടതുണ്ട്. പറയുമ്പോൾ അംഗീകരിക്കുമോ എന്നറിയില്ല. നമ്മുടെ പോളിസികൾ ഈ യാഥാർത്ഥ്യത്തെ ഉൾക്കൊണ്ടുകൊണ്ടുള്ളതല്ല. അതിന്റെകൂടി അടിസ്ഥാനത്തിലാണ് പറയുന്നത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനെ വിഭജിച്ച് എം.എസ്.എം.ഇ. ഡയറക്ടറേറ്റ് രൂപീകരിക്കണമെന്നതാണ് എന്റെയൊരു നിർദ്ദേശം. അവരുടെ പ്രശ്നങ്ങൾ വൻകിട വ്യവസായികൾ നേരിടുന്ന പ്രശ്നങ്ങളല്ല. നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. എം.എസ്.എം.ഇ. ഡയറക്ടറേറ്റ് രൂപീകരിച്ച് അതിനുകീഴിൽ സേവനമേഖലയ്ക്കും ഉൽപ്പാദനമേഖലയ്ക്കും വ്യത്യസ്തമായ ഉദ്യോഗസ്ഥ സംവിധാനങ്ങൾ

കൊണ്ടുവരണമെന്നാണ് എന്റെ അഭ്യർത്ഥന. ഡി.ഐ.സി. അഥവാ വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് വൻകിട വ്യവസായങ്ങളും വാണിജ്യങ്ങളും ഏകോപിപ്പിക്കാൻ ശ്രമിക്കട്ടെ. അങ്ങ് കഴിഞ്ഞ ദിവസങ്ങളിൽ പ്രഖ്യാപിച്ച മുഴുവനും എന്ന് ഞാൻ പറയുന്നില്ല, സിംഹഭാഗം വ്യവസായ നിക്ഷേപങ്ങളും വന്നത് സേവനമേഖലയുമായി ബന്ധപ്പെട്ടാണ്. അത് നല്ലതാണ്, നമുക്ക് യോജിക്കാവുന്നതുമാണ്. പക്ഷേ, ഉൽപ്പാദനമേഖലയെ പുഷ്ടിപ്പെടുത്താൻകൂടി ശ്രമങ്ങളുണ്ടാകണം. വൻകിട വ്യവസായങ്ങൾ സ്വാഭാവികമായും മലിനീകരണം, ഭൂമിയുടെ ലഭ്യത തുടങ്ങിയ വ്യത്യസ്തമായ പ്രശ്നങ്ങൾ നേരിടുകയാണ്. എന്നാൽ, എം.എസ്.എം.ഇ. മേഖലയുടെ പ്രശ്നം അതല്ല. നമ്മുടെ ഏറ്റവും വലിയ പ്രശ്നവും സാദ്ധ്യതയും എം.എസ്.എം.ഇ.-കളിലാണ്. അങ്ങ് പറയുന്നത് എം.എസ്.എം.ഇ.-കളുടെ കാര്യത്തിൽ 100 ശതമാനം വളർച്ചയുണ്ടായി എന്നാണ്. 75000 എം.എസ്.എം.ഇ.-കൾ ഇപ്പോൾ ഒന്നരലക്ഷമായെന്ന് ബഹുമാന്യനായ അംഗം ശ്രീ. എം. നൗഷാദ് നേരത്തെ പറഞ്ഞു. പക്ഷെ, ഞാൻ താങ്കളോട് വിയോജിക്കുന്നു. ഇത് കളവാണെന്ന് ഞാൻ പറയുന്നില്ല. പക്ഷെ, യാഥാർത്ഥ്യമല്ല. ഇത് കണക്കാണ്. വെറും കണക്കിലെ കളികൾ

മാത്രമാണ്. ഈ 140 അംഗങ്ങൾക്കും ഇപ്പോൾ ഇന്റർനെറ്റ് ഉപയോഗിച്ച് ഓരോ എം.എസ്.എം.ഇ.-കൾ സഭയ്ക്കകത്തുനിന്നും ഉണ്ടാക്കാവുന്നതേയുള്ളൂ. ആധാർ നമ്പരുള്ള ഏതൊരാൾക്കും ഉദ്യോഗ് ആധാർ പോർട്ടലിൽ രജിസ്റ്റർ ചെയ്യാം. ഇത്തരം രജിസ്ട്രേഷനുകൾ പക്ഷെ ഫിസിക്കലായി പരിശോധിക്കാനുള്ള സംവിധാനമുണ്ടോയെന്ന് ആലോചിക്കേണ്ടതാണ്. ഇത് യഥാർത്ഥത്തിൽ യൂണിറ്റുകളാകുന്നുണ്ടോയെന്ന് ഉറപ്പുവരുത്തണം. അത്തരമൊരു പരിശോധന നടത്തിയിട്ടുണ്ടോയെന്ന് ബഹുമാന്യനായ വ്യവസായ വകുപ്പുമന്ത്രിയോട് ചോദിക്കുവാൻ ആഗ്രഹിക്കുകയാണ്. സ്വാഭാവികമായും അത്തരത്തിലൊരു ഫിസിക്കൽ വെരിഫിക്കേഷൻ നടത്താത്ത ഡാറ്റയാണെങ്കിൽ അതിനുമുകളിൽ നമുക്ക് മേനി നടിക്കാനാവില്ലെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം എനിക്ക് പറയാനുള്ളത് യൂണിഫൈഡ് ലാൻഡ് ലീസ് പോളിസിയെക്കുറിച്ചാണ്. ലീസിന് വ്യവസായമെന്നത് സ്വാഭാവികമായും എം.എസ്.എം.ഇ. സെക്ടറിൽ പ്രായോഗികമല്ല എന്ന അഭിപ്രായമാണ് എനിക്കുള്ളത്. വൻകിട വ്യവസായമാണെങ്കിൽ പ്രശ്നമില്ല, അവർക്ക് ലീസിന് വ്യവസായം തുടങ്ങാൻ ഭൂമി നൽകുന്നത് തന്നെയാണ് ഗുണകരം. ചെറുകിട വ്യവസായങ്ങൾക്ക്

ലീസിനേക്കാൾ ഓണർഷിപ്പ് നൽകുന്നതാകും നന്നാവുകയെന്നാണ് എന്റെയൊരു അഭിപ്രായം. മാത്രമല്ല, യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി എന്നുപറയുന്നത് കേരളത്തിൽ വിപരീതഫലം ഉണ്ടാക്കുന്നതാണെന്ന് ഞാൻ മനസ്സിലാക്കുന്നു. കാരണം, കെ.എസ്.ഐ.ഡി.സി., കിൻഫ്രാ, സിഡ്കോ തുടങ്ങിയവ വ്യത്യസ്തമായ ആശയങ്ങളെ പ്രതിനിധാനം ചെയ്യുന്ന നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ കൂടിയാണ്. യൂണിഫൈഡ് ലാൻഡ് ലീസ് പോളിസി കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് ഒരിക്കൽ ഒരു ദിവസം ഉയർന്ന് വന്നൊരു ചിന്തയുടെ ഭാഗമാണെന്ന് സംശയിക്കാവുന്നതാണ്. കാരണം, വ്യത്യസ്ത ഒബ്ജക്ടീവുള്ള ഏജൻസികളുടെ രൂപീകരണത്തേയും അവരുടെ അസ്ഥിത്വത്തേയും ഇത് ഇല്ലായ്മ ചെയ്യുമെന്ന് നാം ഭയപ്പെടേണ്ടതുണ്ട്. നമ്മൾ ഇപ്പോഴും യൂണിഫോം സിവിൽ കോഡിനെക്കുറിച്ച് പറയാറുണ്ട്. അത് വൈജാത്യങ്ങളെ അഡ്രസ്സ് ചെയ്യുന്നില്ല എന്നതുകൊണ്ട് ഞങ്ങൾ എതിർക്കാറുണ്ട്. നമ്മുടെ ഈ വ്യവസായ മേഖലയിലും വൈജാത്യങ്ങളെ അഡ്രസ്സ് ചെയ്യാൻ യൂണിഫൈഡ് ലാൻഡ് ലീസ് പോളിസിക്ക് സാധിക്കുന്നില്ലായെന്ന കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി നിരവധി വിഭാഗങ്ങളുമായി

കുടിക്കാഴ്ച നടത്തുന്നുണ്ട്. ഞാൻ അദ്ദേഹത്തിന്റെ ഫേസ്ബുക്ക് എപ്പോഴും പിന്തുടരാറുണ്ട്. അദ്ദേഹം നന്നായി പാർട്ടി ക്ലാസ് എടുക്കുന്നതും ഫേസ്ബുക്കിലായിരുന്നു. ഈ കോവിഡ് കാലത്ത് ഓൺലൈനിൽ ഞാൻ അത് ഒരുപാട് കണ്ടിട്ടുണ്ട്. അദ്ദേഹം ഐ.എ.എസ്-കാരുമായും എം.ഡി.-മാരുമായും ഉന്നത ഉദ്യോഗസ്ഥരുമായുമൊക്കെ ചർച്ച നടത്തുന്നത് കാണുന്നുണ്ട്. പക്ഷെ, അതോടൊപ്പം ഇംപ്ലിമെന്റിംഗ് ഓഫീസർമാരുമായും നിർബന്ധമായും അദ്ദേഹം ചർച്ച നടത്തണം. അതുപോലെ അതിന് നേരെതാഴെയുള്ള രണ്ടാംനിര ഉദ്യോഗസ്ഥരുമായി സംസാരിക്കണമെന്ന് ഞാൻ പറയുകയാണ്. അല്ലെങ്കിൽ യഥാർത്ഥ പ്രശ്നങ്ങളെ നമുക്ക് അഡ്രസ്സ് ചെയ്യാൻ കഴിയുകയില്ല. ചൈനയിൽ 'Great Famine' വന്ന സമയം വലിയ ക്ഷാമമുണ്ടായെന്ന് നമുക്കെല്ലാവർക്കും അറിയാം. എന്താണ് സംഭവിച്ചത്? ചൈനയിൽ ചെയർമാൻ മാവോ ആയിരുന്ന കാലത്ത് അവിടത്തെ കർഷകരെല്ലാം അദ്ദേഹത്തിന്റെ മുന്നിൽവന്ന് ഒരു കാര്യം പറയുകയുണ്ടായി, വെട്ടുകിളികൾ ഞങ്ങളുടെ കൃഷികളെല്ലാം നശിപ്പിക്കുകയാണെന്ന്. നമുക്കെല്ലാവർക്കും അറിയാം ചരിത്രത്തിലിടം നേടിയ 'Great Sparrow Campaign' എന്നുപറയുന്ന സംഭവം. മാവോ ഉടൻ ഉത്തരവിട്ടത്

വെട്ടുകിളികളെ മുഴുവൻ നശിപ്പിക്കാനായിരുന്നു. ചൈനയ്ക്ക് മുകളിൽ ഒരു വെട്ടുകിളിയും പറക്കാത്തവിധം എല്ലാ വെട്ടുകിളികളെയും നശിപ്പിച്ചപ്പോഴാണ് യഥാർത്ഥ പ്രശ്നം മനസ്സിലായത്. ഈ വെട്ടുകിളികൾ വന്നത് പുൽച്ചാടികളെ ഭക്ഷിക്കാനായിരുന്നു. ആ പുൽച്ചാടികൾ അവസാനം ചൈനയുടെ മുഴുവൻ കാർഷിക സമ്പത്തും നശിപ്പിച്ച് 45 ലക്ഷം ആളുകൾ മരണപ്പെട്ട വലിയ ക്ഷാമമുണ്ടാക്കിയതുപോലെ കേരളത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാൻ ഈ സർക്കാരിന് സാധിക്കുന്നില്ലെങ്കിൽ ഇതൊരു വ്യവസായത്തിന്റെ ശവപ്പറമ്പ് ആയിത്തീരും എന്ന് ഓർമ്മിപ്പിക്കുവാൻ ഞാൻ അവസരം ഉപയോഗിക്കുകയാണ്.

കോവിഡിന്റെ ആദ്യ തരംഗത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് കേട്ട് പലരും കപ്പ നട്ടു. കിലോഗ്രാമിന് 30 രൂപയായിരുന്നു അന്ന് കർഷകന് കിട്ടിയിരുന്ന വില. എല്ലാവരും കപ്പ നടാൻ തുടങ്ങിയതോടെ അത് 10 രൂപയിലും താഴെയായി. ഞങ്ങളുടെയൊക്കെ നാട്ടിൽ അവസാനം കപ്പ ചലഞ്ച് വച്ച് ആളുകൾക്ക് സൗജന്യമായി കപ്പ കൊടുക്കുന്ന സ്ഥിതിവന്നു. കർഷകർ മുഴുവൻ കണ്ണീരിലായി. ഇത് പ്ലാനിംഗില്ലാതെ പ്രൊഡക്ഷൻ നടത്തിയതുകൊണ്ടാണ്. ഈ ഉൽപ്പന്നങ്ങൾക്കെല്ലാം

സംസ്കരണ കേന്ദ്രങ്ങൾ ഉണ്ടാക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കണമെന്നുകൂടി പറയുന്നു.

വ്യാപാര മേഖലയെക്കുറിച്ച് പരാമർശിക്കാതിരിക്കാൻ കഴിയില്ല. ഈ കോവിഡ് നമ്മുടെ വ്യാപാര മേഖലയെ എത്രമാത്രം തകർത്തിരിക്കുന്നുവെന്ന് നമുക്കെല്ലാവർക്കും അറിയാം. വ്യാപാരികൾ എപ്പോഴും നമുക്ക് കൈത്താങ്ങായി നിന്ന ഒരു സമൂഹമാണ്. പക്ഷെ, അവർ നേരിടുന്ന അടിസ്ഥാന പ്രശ്നങ്ങളെ ഇപ്പോഴും നമുക്ക് അഭിസംബോധന ചെയ്യാൻ സാധിക്കുന്നില്ലായെന്നത് സങ്കടത്തോടെയല്ലാതെ പറയാൻ സാധിക്കില്ല. നേരത്തെ വൈദ്യുതി വകുപ്പുമന്ത്രിയോട് ശ്രീ. പി. സി. വിഷ്ണുനാഥ് ഒരു അഭ്യർത്ഥന നടത്തുകയുണ്ടായി. ഈ കോവിഡ് കാലത്ത് അടച്ചിടുന്ന സ്ഥാപനങ്ങൾക്കെങ്കിലും ഫിക്സഡ് ആയിട്ടുള്ള കറണ്ട് ചാർജ്ജ് തീർച്ചയായും ഒഴിവാക്കിക്കൊടുക്കണമെന്ന്. ഞാൻ വീണ്ടും അത് ആവർത്തിക്കുകയാണ്. തീർച്ചയായും വ്യാപാരികളുടെ പ്രശ്നത്തെ അഡ്രസ്സ് ചെയ്യാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. അതുപോലെതന്നെ സി-ഡിറ്റ്, കെൽട്രോൺ, റുട്രോണിക്സ്, സി-ആപ്റ്റ് തുടങ്ങി ഒരുപാട് സർക്കാർ ഏജൻസികൾ ഇന്ന് വലിയതോതിൽ ഫീസ് അടച്ച് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയിട്ടുണ്ട്.

അവരുടെ സ്ഥിതിയും ഇന്ന് കുത്തുപാളയെടുത്തിരിക്കുകയാണ്.

ഞാൻ കഴിഞ്ഞ ദിവസം സെക്രട്ടേറിയറ്റിന് മുന്നിലെ സമരപ്പന്തൽ സന്ദർശിച്ചിരുന്നു. അഭ്യസ്തവിദ്യരായ ചെറുപ്പക്കാരും വലിയ പ്രയാസത്തിലാണ്. അതുപോലെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത് വ്യവസായ വകുപ്പിനുകീഴിലെ കോട്ടയം ട്രാവൻകൂർ സിമെന്റ്സ് ഒരു പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ്. അതുപോലെ കേരള സോപ്പ്സ് മറ്റൊരു പ്രധാനപ്പെട്ട സ്ഥാപനമാണ്. ഈ സ്ഥാപനങ്ങളെല്ലാം വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുകയാണ്. അവർക്ക് സഹായകരമായ തീരുമാനമുണ്ടാകണം. ആ സ്ഥാപനങ്ങളാകട്ടെ സ്വയം ഉയർത്തെഴുന്നേൽക്കാൻ സംവിധാനമില്ലാതെ കിടക്കുന്ന ഒരു സാഹചര്യത്തിലാണ്.

ഞാൻ അവസാനിപ്പിക്കുകയാണ്. ഇവിടെ എന്തുപറഞ്ഞാലും അവസാനം ലീഗിനെ ഒന്ന് ചൊറിയുന്നത് ചിലർക്ക് ഒരു ആത്മസുഖമാണ്. ആ സുഖം അവർ അനുഭവിച്ചുകൊള്ളട്ടെ എന്ന് ഞാൻ പറയുന്നു. പക്ഷെ, ഇവിടെ മുറിവേറ്റ വലിയൊരു ജനവിഭാഗമുണ്ട്. അവരുടെ മുറിവുണക്കാൻ

തയ്യാറാകണമെന്നാണ് എന്റെ അഭ്യർത്ഥന. അതിന് കഴിയുന്നില്ലെങ്കിൽ അവരുടെ മുറിവിൽ ഉപ്പുതേയ്ക്കാൻ നിങ്ങൾ ദയവായി ക്വട്ടേഷൻ നൽകരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതാണ് ഞാൻ നേരത്തെ യൂണിഫൈഡ് ലാൻഡ് ലീസിനെക്കുറിച്ച് സംസാരിച്ചപ്പോൾ പറഞ്ഞത്. ഇത് വൈവിധ്യം നിറഞ്ഞ ഒരു നാടാണ്. ഓരോ സമൂഹത്തിന്റെയും പ്രശ്നങ്ങളെ വെവ്വേറെ കാണണം, പഠിക്കണം, പരിഹരിക്കണം. കേരളത്തിലെ മുസ്ലീങ്ങളും ദളിതരും അടക്കമുള്ള പിന്നാക്ക വിഭാഗങ്ങൾക്ക് ഈ സർക്കാരിന്റെ പല ചെയ്തികളിലും ആശങ്കയുണ്ട്. അത് പരിഹരിക്കുകയാണ് ഞങ്ങളുടെ ലക്ഷ്യം. തീർച്ചയായും അതിനുവേണ്ടി സർക്കാർ നിലപാട് എടുക്കണമെന്നുകൂടി ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: സർ, ഈ സഭയിൽ വ്യവസായ-വൈദ്യുതി വകുപ്പുമന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. കേരളത്തിലെ വ്യവസായ രംഗത്ത് നല്ല പുരോഗതി രേഖപ്പെടുത്തിയ കാലഘട്ടം 1980-90 വർഷങ്ങളാണ്. എന്നാൽ 1990-കളായപ്പോൾ കേരളത്തിലെ വ്യവസായരംഗം മാത്രമല്ല ഇന്ത്യാരാജ്യം മുഴുവനും പുറകോട്ടുപോകുന്ന കാഴ്ചയാണ് കാണാൻ കഴിഞ്ഞത്. കേന്ദ്രത്തിൽ

നരസിംഹറാവുവും ഡോ. മൻമോഹൻസിംഗും അധികാരത്തിൽ വന്നപ്പോൾ പുത്തൻ സാമ്പത്തിക പരിഷ്കരണവും ആഗോളവൽക്കരണവും പൊതുനയമായി സ്വീകരിച്ചു. രാജ്യം തകരാൻ തുടങ്ങി. രാജ്യത്തിന്റെ തകർച്ചയുടെ ഭാഗമായി കേരളത്തിലെ ചെറുകിട വ്യവസായ സംരംഭവും തകരാൻ തുടങ്ങി. പൊതുമാർക്കറ്റിൽ വൻകിടക്കാരോട് മത്സരിച്ച് മുന്നോട്ടുപോകാൻ കഴിയാത്ത സാഹചര്യം ഇവിടത്തെ ചെറുകിട കച്ചവടക്കാരെ സംബന്ധിച്ചിടത്തോളമുണ്ടായി. മുണ്ട് മുറുക്കിയുടുത്ത് ഇന്ത്യക്കാർ പടുത്തുയർത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവനും വിറ്റുതുലയ്ക്കാനുള്ള നടപടികൾ സ്വീകരിക്കാനാണ് നരസിംഹറാവു, ഡോ. മൻമോഹൻസിംഗ് കൂട്ടുകെട്ട് തയ്യാറായതെന്ന് നമുക്കെല്ലാമറിയാം. പൊതുമേഖലാ സ്ഥാപനങ്ങളുടെ വിൽപ്പനയ്ക്കുവേണ്ടി ഒരു മന്ത്രാലയംതന്നെ രൂപീകരിച്ചു. ചരിത്രത്തിലാദ്യമായി ഇന്ത്യാ രാജ്യത്ത് പൊതുമേഖല വിൽപ്പനയ്ക്കുവേണ്ടി ഒരു മന്ത്രി. ആധുനിക ഇന്ത്യാ ചരിത്രത്തിൽ കോൺഗ്രസിന്റെ ഏറ്റവും വലിയ സംഭാവന അതാണെന്നുകൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ നയം ശ്രീ. നരേന്ദ്രമോദി തുടരുകയാണ്. അങ്ങനെ തുടരുമ്പോൾ രാജ്യം മുഴുവനും തകർന്നുകൊണ്ടിരിക്കുന്നു. ഈ

തകർച്ചയ്ക്ക് ശ്രീ. നരേന്ദ്രമോദി മാത്രമല്ല ഉത്തരവാദി. കോൺഗ്രസിനും ഇക്കാര്യത്തിൽനിന്ന് ഒഴിഞ്ഞുമാറാൻ ഒരു കാരണവശാലും കഴിയില്ല. കോൺഗ്രസ്സിന്റെ ധൂർത്തും അഴിമതിയും കെടുകാര്യസ്ഥതയും ബി.ജെ.പി.-യെ അധികാരത്തിലെത്തിച്ചു എന്നതാണ് വസ്തുത. കേന്ദ്രം സ്വീകരിക്കുന്ന ജനവിരുദ്ധ, തൊഴിലാളിവിരുദ്ധ നയത്തിന് ബദൽ നയം ആവിഷ്കരിച്ചുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ മുന്നോട്ടുപോകുന്നത്. 2011-16 കാലഘട്ടത്തിലെ യു.ഡി.എഫ്. ഭരണത്തിൽ നമ്മുടെ വ്യവസായ മേഖല സമ്പൂർണ്ണമായും തകർന്നു. വ്യവസായ മേഖല ശവപ്പറമ്പായി മാറി. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലായി. വിറ്റുതുലയ്ക്കൽ നയം യു.ഡി.എഫ്.-ഉം ഇവിടെ നടപ്പിലാക്കാൻ തുടങ്ങി. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽവരെ വിൽക്കാൻ ശ്രമിച്ചവരാണ് അപ്പുറത്തിരിക്കുന്നവർ. 40 പൊതുമേഖലാ സ്ഥാപനങ്ങൾ - യു.ഡി.എഫ്-ന്റെ ഭരണകാലത്ത് 131.87 കോടി രൂപയായിരുന്നു നഷ്ടം. അഭിമാനപൂർവ്വം പറയട്ടെ, എൽ.ഡി.എഫ്. ഭരണത്തിൽ 2019-20-ലെ കണക്കനുസരിച്ച് 3149 കോടി രൂപയുടെ വിറ്റുവരവുണ്ടായി. 2018-19-ൽ 155.80 കോടി രൂപയുടെ ലാഭവുമുണ്ടായി. ഈ രൂപത്തിൽ മുന്നോട്ടുപോകുന്ന

കാഴ്ച നമ്മൾ കാണുന്നു. 12 വർഷം നഷ്ടത്തിലായിരുന്ന കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി (KEL) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. കേരള ആട്ടോമൊബൈൽ ലിമിറ്റഡ് -ഇന്ത്യാ ചരിത്രത്തിലാദ്യമായി ഇലക്ട്രിക്കൽ വാഹനങ്ങൾ കമ്പോളത്തിലിറക്കിയിരിക്കുന്നു. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇതുപോലൊരു സംരംഭം നടന്നിട്ടില്ല. കേരളാ നീം-ജി (Neem-G) ഇലക്ട്രിക് ഓട്ടോ ഇന്ന് മാർക്കറ്റിൽ പ്രിയങ്കരമായി മാറിയിരിക്കുന്നു. ഇതുപോലെ ഇലക്ട്രിക്കൽ വാഹന നിർമ്മാണത്തിന്റെ ഹബ്ബായി കേരളം മാറാൻ പോകുന്നു. ആയിരക്കണക്കിന് അഭ്യസ്തവിദ്യരായ തൊഴിൽരഹിതർക്ക് ജോലി കിട്ടാൻ സാധ്യതയുള്ള രംഗമാണിത്. ഇപ്പോൾ നേപ്പാളിലേയ്ക്ക് ഇലക്ട്രിക് ഓട്ടോ കയറ്റിയയച്ചിട്ടുണ്ട്. ധാരാളം ആവശ്യക്കാർ ഇതിനായി വന്നുകൊണ്ടിരിക്കുന്ന സാഹചര്യവും നമ്മൾ കാണുകയാണ്. ഇപ്പോൾ ഇ-സ്കൂട്ടർ നിർമ്മാണം ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ സാധ്യതയുള്ള ഒരു രംഗമാണ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്. യു.ഡി.എഫ്. ഭരണകാലത്ത് കെ.എസ്.ടി.എഫ്. (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ്)

4.98 കോടി രൂപയുടെ നഷ്ടത്തിലായിരുന്നു. അഭിമാനപൂർവ്വം പറയട്ടെ, 2019-20 ൽ 7.13 കോടി രൂപയുടെ ലാഭമുണ്ടാക്കിയ ഏറ്റവും ശ്രദ്ധേയമായ സ്ഥാപനമായി ഇത് മാറിയിരിക്കുകയാണ്. ഇന്ത്യാരാജ്യത്തെ ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് രംഗത്ത് ഗണ്യമായ സംഭാവന അർപ്പിക്കാൻ ശ്രദ്ധാപൂർവ്വം മുന്നോട്ടുപോയാൽ കേരളത്തിന് കഴിയുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിയിൽ സൂക്ഷ്മ-ഇടത്തരം സംരംഭങ്ങൾക്ക് മുഖ്യ പങ്കുണ്ട്. കേരളത്തിന്റെ മികച്ച കണക്ടിവിറ്റി, വാർത്താവിനിമയം, അടിസ്ഥാന സൗകര്യം എന്നിവ എം.എസ്.എം.ഇ. മേഖലയെ വലിയ രൂപത്തിൽ സഹായിച്ചിട്ടുണ്ട്. നോട്ട് നിരോധനംകൂടി വന്നപ്പോൾ ഈ മേഖല വലിയ തിരിച്ചടി നേരിട്ടു. ഈ പ്രതിസന്ധികളിൽനിന്നെല്ലാമാണ് കേരളത്തിലെ വ്യവസായ മേഖല ഉയർത്തെഴുന്നേൽക്കാൻ ശ്രമിക്കുന്നത്. കഴിഞ്ഞ നാലര വർഷത്തെ കണക്കെടുത്താൽ 63542 എം.എസ്.എം.ഇ.-കൾ ഇവിടെയുണ്ടായിട്ടുണ്ട്. 5919.74 കോടി രൂപയുടെ നിക്ഷേപവും 2,23,622 തൊഴിൽ സാധ്യതയും പ്രദാനം ചെയ്യുകയുണ്ടായി. കേന്ദ്രഗവൺമെന്റ് പൊതുമേഖലാ സ്ഥാപനങ്ങൾ വിൽപ്പന നടത്തുന്ന. ബദൽ നയം

ആവിഷ്കരിക്കുന്ന കേരളം പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് ലാഭകരമായി മുന്നോട്ടുപോകാൻ ശ്രമിക്കുന്നു. B.H.E.L. (Bharat Heavy Electricals Ltd.), കാസർഗോഡ്, H.L.L. (Hindustan Latex Limited), കോട്ടയം, ഇൻസ്ട്രുമെന്റേഷൻ, പാലക്കാട്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് എന്നിങ്ങനെ ഒട്ടനവധി സ്ഥാപനങ്ങൾ കേരള സർക്കാർ ഏറ്റെടുത്ത് നടത്താൻ തയ്യാറായി. സംസ്ഥാന സർക്കാരിന്റെ ഇടപെടലിന്റെ ഫലമായി നേരത്തെ 40 കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ സംരംഭമായ ഏകജാലക സംവിധാനം - കെ-സ്വിഫ്റ്റ് 2019-ൽ നിലവിൽ വന്നു. വിവിധ 21 വകുപ്പുകളുടെ 79 അനുമതികൾ, ലൈസൻസ് എന്നിവ ഈ സംവിധാനത്തിലൂടെ ലഭ്യമാകുന്ന സാഹചര്യം വന്നു. വ്യവസായ സൗഹൃദ അന്തരീക്ഷമാണ് കേരളത്തിലുള്ളതെന്ന് പ്രമുഖ വ്യവസായികൾ പരസ്യപ്രസ്താവന നടത്തിയത് ഈയിടെ നാം കാണുകയുണ്ടായി. ബഹുമാന്യരായ രത്തൻ ടാറ്റ, അസിം പ്രേംജി, ആനന്ദ് മഹീന്ദ്ര, യൂസഫ് അലി, ആസാദ് മൂപ്പൻ എന്നിവരുടെ നീണ്ട പട്ടികയാണ്. ആ ഘട്ടത്തിൽ ഇതിനെയെല്ലാം അപവാദമാക്കിക്കൊണ്ടും വികൃതപ്പെടുത്താൻവേണ്ടിയുള്ള ശ്രമങ്ങളും നമുക്കിടയിൽ നടക്കുന്നുണ്ടെന്ന്

കാണാതിരിക്കരുത്. 'കേരം തിങ്ങും കേരളനാട്' എന്നാണ് അറിയപ്പെടുന്നത്. കേരളത്തിന്റെ പേരുതന്നെ കേരവുമായി ബന്ധപ്പെട്ടതാണ്. പക്ഷെ, അന്തർദേശീയ മാർക്കറ്റിൽ നമ്മുടെ നാളികേരത്തിനോ നാളികേര ഉല്പന്നങ്ങൾക്കോ യാതൊരു സാധ്യതയും സ്ഥാനവുമില്ല. നമ്മുടെ രാജ്യത്തിനെക്കാളും ചെറിയ രാജ്യമായ ശ്രീലങ്കയിൽ നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കി വിപണി മുഴുവൻ കയ്യടക്കി മുന്നോട്ടുപോകുന്ന കാഴ്ച നമ്മൾ കാണുന്നു. സമയബന്ധിതമായി പദ്ധതികൾ ആവിഷ്കരിച്ച് അന്തർദേശീയ വിപണിയിലിറങ്ങാൻ നമുക്ക് കഴിയില്ലേ? അതിനുവേണ്ടിയുള്ള പരിശ്രമം വ്യവസായ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. കേരളത്തിൽ ഗുണനിലവാരമുള്ള നാളികേരം ഉല്പാദിപ്പിക്കുന്ന ജില്ലയാണ് കോഴിക്കോട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന വ്യവസായ ഹബ്ബായി കോഴിക്കോടിനെ മാറ്റണമെന്നാണ് വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. എന്റെ മണ്ഡലത്തിൽ കുറ്റ്യാടിയിൽ 10 വർഷമായി വാങ്ങിയ 116 ഏക്കർ ഭൂമി കാടുപിടിച്ചുകിടക്കുന്ന കാഴ്ച നമ്മൾ കാണുകയാണ്.

വളരെ വിനയപൂർവ്വം ഒരു കാര്യം ഞാൻ സൂചിപ്പിക്കുവാൻ

ആഗ്രഹിക്കുകയാണ്. ഉദ്യോഗസ്ഥർ ഫയലിൽ നോട്ട് കുറിക്കുമ്പോൾ വ്യവസായ സൗഹൃദത്തിന് അനുയോജ്യമായ രൂപത്തിലായിരിക്കണം നോട്ട് എഴുതേണ്ടത്. ഈ കാര്യത്തിൽ കൂടി ജാഗ്രത വേണം. കോടതിയിലെ ഒരു ചെറിയ പ്രശ്നത്തിന്റെ പേരിലാണ് 10 വർഷമായി കുറ്റ്യാടിയിലെ ഭൂമി കാടുപിടിച്ചുകിടക്കുന്നത്. കോടതിയിൽ വ്യവഹാരം നിലനിൽക്കെ 3000 ഏക്കർ ഭൂമി ശബരിമലയ്ക്ക് വാങ്ങാൻ വേണ്ടി ധീരമായ നിലപാടെടുത്ത ഒരു സർക്കാരാണ് ഇവിടെയുള്ളത്. അവിടെയാണ് ചെറിയൊരു കേസിന്റെ പേരിൽ 10 വർഷമായി നടപടികൾ ഇഴഞ്ഞുനീങ്ങുന്നത്. വ്യവസായം തുടങ്ങുന്നതിന് ഭൂമിയുടെ ലഭ്യതക്കുറവാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഈ ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വ്യവസായ ആവശ്യത്തിനുവേണ്ടി വാങ്ങിയ ഭൂമി വിവിധ വകുപ്പുകളുടെ കയ്യിലുണ്ട്. ഇതിന്റെ ഒരു കണക്കെടുപ്പ് വ്യവസായ വകുപ്പ് നടത്തിയാൽ നല്ലതാണ്. എന്നാൽ അതിനനുയോജ്യമായ ചെറുകിട സംരംഭങ്ങൾ നമുക്ക് ആരംഭിക്കാൻ കഴിയും. പക്ഷേ, ഒരു കാര്യം ചെയ്യേണ്ടതുണ്ട്. വാട്ടർ ടൈപ്പ് ഡിപ്പാർട്ടുമെന്റുകൾ ആകരുത്. ഈ കാര്യത്തിൽ ഒരു പുനർവിചിന്തനം ഓരോ ഡിപ്പാർട്ടുമെന്റുകളുടെ

ഭാഗത്തുനിന്നുമുണ്ടാകണം. അനുയോജ്യമായ ആവശ്യത്തിനുവേണ്ടി ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാകണം. കെ.എസ്.ഐ.ഡി.സി. വ്യവസായ സൗഹൃദ സ്ഥാപനമായി മാറിയിട്ടുണ്ട്. അത് വളരെ അഭിനന്ദനീയമാണ്. ഇനിയും മാറേണ്ടതുണ്ട്. സംരംഭകരെ തേടിയെത്തുന്ന ഒരു സ്ഥാപനമായി കെ.എസ്.ഐ.ഡി.സി. ഉയരണമെന്നാണ് എനിക്ക് പറയാനുള്ളത്. വ്യാവസായിക ഭൂപടത്തിൽ തൃശ്ശൂരിന് വടക്കുഭാഗത്തുള്ള ജില്ലകളിൽ നല്ല സാദ്ധ്യതയല്ലേ; അതുപയോഗിക്കണ്ടേ? കണ്ണൂർ വിമാനത്താവളം ഉദ്ഘാടനം ചെയ്തു. ഭൂമി, കണക്റ്റിവിറ്റി, പ്രകൃതി വിഭവങ്ങൾ തുടങ്ങി അനന്തസാദ്ധ്യതയാണ് ഈ വ്യവസായത്തിനുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി കണ്ണൂർ എയർപോർട്ടുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു സ്പെഷ്യൽ ഡ്രൈവ് പ്രഖ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. വാഴൂർ സോമൻ: സർ, ഇവിടെ അവതരിപ്പിച്ച 2020-21 വർഷത്തെ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. വ്യവസായരംഗത്ത് പിണറായി സർക്കാർ നടത്തിയ കുതിച്ചുചാട്ടം

എടുത്തുപറയേണ്ട സംഗതിയാണ്. എനിക്ക് മുൻപ് സംസാരിച്ച ബഹുമാനപ്പെട്ട മെമ്പർ നിരവധി പൊതുമേഖലാസ്ഥാപനങ്ങളുടെ നടത്തിപ്പിനെ സംബന്ധിച്ച് സംസാരിക്കുകയുണ്ടായി. കോവിഡ് പ്രതിസന്ധി കാലഘട്ടത്തിലും കെ.എം.എം.എൽ. (Kerala Minerals and Metals Ltd) 112 കോടിരൂപയാണ് ലാഭമുണ്ടാക്കിയത്. പിണറായി സർക്കാർ ചുമതലയേൽക്കുന്നതിനുമുൻപ് 24 വർഷംകൊണ്ട് തുടർച്ചയായി നഷ്ടത്തിലായിരുന്ന കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും 5 വർഷക്കാലമായി ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. 28 കോടിരൂപ സഞ്ചിതനഷ്ടമുണ്ടായിരുന്നു. 16.50 കോടി രൂപ പ്രൊവിഡന്റ് ഫണ്ടിൽ അടയ്ക്കുവാനുണ്ടായിരുന്നു. പിരിഞ്ഞുപോയ തൊഴിലാളികളുടെ നാലരക്കോടി രൂപ ഗ്രാറ്റുവിറ്റി ഇനത്തിൽ കൊടുക്കുവാനുണ്ടായിരുന്നു. പിരിഞ്ഞുപോയ ജീവനക്കാർ ഗ്രാറ്റുവിറ്റി കിട്ടാതെ കമ്പനി winding up petition ഫയൽ ചെയ്ത് മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് ഇടതുപക്ഷ സർക്കാർ ആ സ്ഥാപനത്തിന്റെ ചുമതലയേറ്റെടുത്തത്. ഇന്ന് എല്ലാ കടബാദ്ധ്യതകളും തീർത്തു എന്നുമാത്രമല്ല, പത്താം ശമ്പളക്കമ്മീഷന്റെ ശിപാർശ നടപ്പാക്കിയ ആദ്യത്തെ പൊതുമേഖലാസ്ഥാപനമായി കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ്

കോർപ്പറേഷൻ ഉയർന്നു.

അതുപോലെതന്നെ യു.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ വെറും നാലായിരം രൂപ ചികിത്സാനുകൂല്യമായി ലഭിച്ചിരുന്നവർക്ക് ഇന്ന് 5 ലക്ഷം രൂപയുടെ ചികിത്സാനുകൂല്യങ്ങളും ഇൻഷ്വറൻസ് പരിരക്ഷയും ഉറപ്പുവരുത്തി. ഇതുപോലെ നിരവധി ഉദാഹരണങ്ങൾ നമുക്ക് പറയുവാൻ കഴിയും. എന്നാൽ യു.ഡി.എഫ്.-ന്റെ കാലത്തെ സ്ഥിതി എന്തായിരുന്നു? യു.ഡി.എഫ്.-ന്റെ പല പൊതുമേഖലാസ്ഥാപനങ്ങളിലും അക്കൗണ്ട്സ് കൃത്യസമയത്ത് ഓഡിറ്റ് ചെയ്യുകയോ എ.ജി.-യുടെ റിപ്പോർട്ട് വാങ്ങുന്നതിനോ തയ്യാറായിരുന്നില്ല. അതേത്തുടർന്ന് പല പൊതുമേഖലാസ്ഥാപനങ്ങൾക്കും ഷെയർ ക്യാപ്പിറ്റൽ കേന്ദ്രസർക്കാരിൽ നിന്നും കിട്ടാത്ത അവസ്ഥയുണ്ടായിട്ടുണ്ട്. എന്നാൽ ആ സ്ഥിതിവിശേഷം മാറി, ഇവിടെ സൂചിപ്പിച്ചതുപോലെ, നിരവധി സ്ഥാപനങ്ങൾ ഇന്ന് ലാഭത്തിൽ പ്രവർത്തിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാതിൽപ്പടി സേവനം നടത്തുവാൻ മുന്നോട്ടുവന്ന സന്ദർഭത്തിൽ കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷനും അതിന് കൈത്താങ്ങായി പ്രവർത്തിച്ചതുകൊണ്ടാണ് ഈ പ്രതിസന്ധി കാലഘട്ടത്തിലെല്ലാം റേഷൻ

വിതരണം മുടങ്ങാതെയും വാതിൽപ്പടി വിതരണം മുടങ്ങാതെയും കിറ്റും മറ്റ് സൗകര്യങ്ങളുമെല്ലാം പാവപ്പെട്ട ജനങ്ങൾക്ക് കൃത്യസമയത്ത് എത്തിച്ചുകൊടുക്കുവാനും കഴിഞ്ഞത്. കെടുകാര്യസ്ഥതയും അഴിമതിയും സ്വജനപക്ഷപാതവുമെല്ലാമായി പൊതുമേഖലാസ്ഥാപനങ്ങളെ നശിപ്പിച്ചവരാണ് ഇപ്പോൾ അതിന്റെ വക്താക്കളാകാൻവേണ്ടി സംസാരിച്ചുകൊണ്ടിരിക്കുന്നത്. ഇത് തീർത്തും നിഷേധാത്മകമാണ്.

ഇവിടെ നിരവധി മെമ്പർമാർ പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികളുടെ പ്രശ്നങ്ങളെക്കുറിച്ചും ആ വ്യവസായത്തെക്കുറിച്ചും പരാമർശിച്ചെങ്കിലും തോട്ടം മേഖലയെ സംബന്ധിച്ച് കാര്യമായ പരാമർശങ്ങളൊന്നും വന്നിട്ടില്ല. കേന്ദ്രം ഭരിച്ചിരുന്ന കോൺഗ്രസ്സ് സർക്കാർ നടപ്പാക്കിയ ആഗോളവൽക്കരണ-ഉദാരവൽക്കരണ നടപടികൾമൂലം കഴിഞ്ഞ 30 വർഷക്കാലമായി തകർന്നുതരിപ്പണമായ ഒരു മേഖലയാണ് തോട്ടം മേഖല. നൂറുകണക്കിന് തൊഴിലാളികൾ പിടഞ്ഞുവീണ് മരിച്ചു; നിരവധി തോട്ടങ്ങൾ പൂട്ടി. ഇപ്പോഴും നമ്മുടെ സംസ്ഥാനത്ത് ആറിലധികം തോട്ടങ്ങൾ പൂട്ടിക്കിടക്കുകയാണ്. അടച്ചുപൂട്ടുന്നതിനെക്കാൾ കഷ്ടമായി നിരവധി സ്ഥാപനങ്ങൾ പ്രതിസന്ധിയിലകപ്പെട്ട് ഉഴലുന്നു. അത്തരമൊരു

സന്ദർഭത്തിലാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വിശേഷിച്ചും അന്നത്തെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ടി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു പ്ലാന്റേഷൻ നയം പ്രഖ്യാപിക്കുവാനും അത് നടപ്പിലാക്കുവാനും തീരുമാനമെടുത്തിട്ടുള്ളത്. വളരെ ബഹുമാനപുരസ്സരം പറയട്ടെ, തോട്ടം മേഖലയെ സംബന്ധിച്ചിടത്തോളം ഇതൊരു രജതരേഖയാണ്. കാരണം വ്യവസായ വകുപ്പുമന്ത്രി തോട്ടം വ്യവസായത്തെ വ്യവസായവകുപ്പിനുകീഴിൽ ഒരു പ്രത്യേക ഡയറക്ടറേറ്റായി തീരുമാനിക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയുമാണ്. വ്യവസായം, തൊഴിൽ, ജലസേചനം, കൃഷി, മൈനർ ഇറിഗേഷൻ എന്നീ ഡിപ്പാർട്ടുമെന്റുകളെല്ലാം ഏകോപനത്തോടെ പ്രവർത്തിച്ചാൽ ഏതാണ്ട് രണ്ടുലക്ഷത്തോളം തൊഴിലാളികൾ ജോലി ചെയ്യുന്ന ഈ മേഖലയെ രക്ഷപ്പെടുത്തുവാനും രാജ്യത്തിന്റെ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കുവാനും കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ വകുപ്പുകളുടെയെല്ലാം ഏകോപനമുണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

വൈദ്യുതി രംഗത്ത് വളരെ പ്രശംസനീയമായ നടപടികൾ

കൈക്കൊണ്ട സർക്കാരാണ് പിണറായി സർക്കാർ. ശ്രീ. എം. എം. മണി വൈദ്യുതി വകുപ്പിന്റെ ചുമതലയേറ്റതിനുശേഷം ആ രംഗത്ത് വന്നിട്ടുള്ള പ്രകടമായ മാറ്റങ്ങൾ നമുക്കറിയാവുന്നതാണ്. പ്രസരണവിതരണ നഷ്ടം നികത്താൻ PAT (Perform achieve & Trade cycle) KSEB പൂർത്തീകരിച്ചു. പ്രസരണവിതരണ നഷ്ടം എക്കാലത്തെയും കുറവായ 12.47 ശതമാനത്തിലേയ്ക്ക് എത്തിച്ചു. ഇതുകൂടാതെ സാങ്കേതിക വാണിജ്യ നഷ്ടം 10.8 ശതമാനമായി കുറച്ചു. കാർഷികമേഖലയ്ക്ക് യൂണിറ്റിന് ഒരു രൂപ 70 പൈസയ്ക്ക് നൽകിയിരുന്ന വിദ്യുച്ഛക്തി നിരക്ക് ഇപ്പോൾ 60 പൈസ സബ്സിഡി കൂടി നൽകിക്കൊണ്ടാണ് ആ രംഗത്ത് ഈ നേട്ടമുണ്ടാക്കുവാൻ കഴിഞ്ഞിട്ടുള്ളത്. ഈ ഇളവ് തോട്ടം മേഖലയ്ക്കുകൂടി ഒരു നിശ്ചിത കാലയളവിലേയ്ക്ക് നൽകിയാൽ നഷ്ടത്തിൽ കിടക്കുന്ന സ്ഥാപനങ്ങളെ ശക്തമായി മുന്നോട്ടുകൊണ്ടുവരാൻ കഴിയുമെന്നുള്ള കാര്യം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ദിവസം ബഹുമാന്യനായ സഹപ്രവർത്തകൻ തിരുവഞ്ചൂർ രാധാകൃഷ്ണൻ രാഷ്ട്രീയ മര്യാദയെക്കുറിച്ചും സദാചാര മൂല്യങ്ങളെക്കുറിച്ചുമെല്ലാം പ്രസംഗിച്ചു. അദ്ദേഹം അഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന കാലത്താണ് ബഹുമാന്യനായ മണിയാശാനെ ഒരു

പ്രസംഗത്തിന്റെ പേരിൽ പീരുമേട് ജയിലിലടച്ചത്. ഇതുസംബന്ധിച്ച് എന്താണ് കോൺഗ്രസ്സുകാർക്ക് പറയാനുള്ളത്? കഴിഞ്ഞ ദിവസം വലിയ പ്രസംഗം നടത്തുകയാണ്. തികച്ചും നിഷേധാത്മകമായ നിലപാടല്ലേ സ്വീകരിച്ചത്? എന്തിന്; ജയ്ഹിന്ദ് ചാനലിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായ പീരുമേട്ടിലെ ഒരു തോട്ടമുടമയുടെ തോട്ടത്തിൽ സമരം ചെയ്തതിന്റെ പേരിൽ എന്നെയും കള്ളക്കേസിൽക്കുടുക്കി ജയിലിലടയ്ക്കാൻ ശ്രമംനടത്തി. കോടതിയുള്ളതുകൊണ്ടുമാത്രം ഞാൻ രക്ഷപ്പെട്ടു. തൊഴിലാളി വർഗ്ഗത്തെയും സാധാരണക്കാരെയും ദ്രോഹിക്കുന്ന കോൺഗ്രസ്സിന്റെ പ്രവർത്തകർ ഇവിടെ സദാചാരപ്രസംഗം നടത്തുന്നത് കേൾക്കുമ്പോൾ ദുഃഖം തോന്നുകയാണ്. അവർ അവരുടെ നിലപാടുകൾ മാറ്റണം. കോൺഗ്രസും ബി.ജെ.പി.യും ഒരു നാണയത്തിന്റെ ഇരുവശമെന്ന നിലയിൽതന്നെയാണ് ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലയ്ക്കാൻ തുടങ്ങിയത് കോൺഗ്രസ്സാണ്. അതിനെക്കാൾ വേഗതയിൽ ആ നയം ബി.ജെ.പി. ഇപ്പോൾ ശക്തമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നു. മുസ്ലീംലീഗിന്റെ സുഹൃത്തുക്കൾക്ക് എന്താണ് പറയാനുള്ളത്? അവരിപ്പോൾ കോൺഗ്രസ്സിനെ സപ്പോർട്ട് ചെയ്ത് സംസാരിക്കുകയാണ്. നമ്മുടെ

രാജ്യത്തെ കുട്ടിച്ചോറാക്കുന്ന നയങ്ങൾ നടപ്പാക്കുമ്പോൾ അതിനെതിരെ ചെറുവിരലനക്കാതെ സംസാരിച്ചിരുന്നിട്ട് എന്തർത്ഥമാണുള്ളത്? കോൺഗ്രസ്സിന്റെ നിലപാടുകളും നയസമീപനങ്ങളും തിരുത്തണം. നെഹ്റുവിന്റെ കാലത്തിലേയ്ക്ക് മടങ്ങിയാൽ മാത്രമേ അവർക്ക് രക്ഷപ്പെടാൻ സാധിക്കുകയുള്ളൂയെന്ന് ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വൈദ്യുതിമേഖലയിൽ വമ്പിച്ച മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ഒരു പ്രധാന നിർദ്ദേശമെന്നനിലയിൽ ഇവിടെ സൂചിപ്പിക്കാനുള്ളത്, ടൂറിസം മേഖലയിൽ അൺഇന്ററപ്റ്റഡ് പവർ സപ്ലൈ ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളേണ്ടത് അത്യന്താപേക്ഷിതമാണ്. കോവിഡ് കാലഘട്ടം കഴിഞ്ഞാൽ നമ്മുടെ രാജ്യത്തെ മുന്നോട്ടുകൊണ്ടുപോകാൻ ടൂറിസം വ്യവസായത്തിനുമാത്രമേ കഴിയൂ. അതുകൊണ്ട് ആ മേഖലയിൽ അൺഇന്ററപ്റ്റഡായ ഇലക്ട്രിസിറ്റി സപ്ലൈ ഉറപ്പുവരുത്തണം. അതോടൊപ്പം നമ്മുടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലേയ്ക്കും ഇലക്ട്രിസിറ്റി സപ്ലൈ സംവിധാനം നിർബാധം നടത്തുന്നതിനുള്ള സൗകര്യമൊരുക്കണമെന്നും ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്. പരമ്പരാഗതമായ രീതികൾ

മാറ്റിവച്ച് സൂര്യതാപത്തിൽനിന്നും തിരമാലകളിൽനിന്നും കാറ്റിൽനിന്നുമെല്ലാം വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ കൂടുതൽ ശക്തിപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനയെ പരിപൂർണ്ണമായി പിന്തുണച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എം. എം. മണി</u>: സർ, വ്യവസായം, വൈദ്യുതി എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. വ്യവസായവും വൈദ്യുതിയും പരസ്പര പൂരകങ്ങളാണ്. ഇതുരണ്ടും ബന്ധപ്പെട്ടുനിൽക്കുന്നതാണ്. വ്യവസായ രംഗത്ത് കേരളത്തിൽ പുതിയ മുന്നേറ്റം നടത്താനുള്ള എല്ലാ സാധ്യതയുമുണ്ട്. ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകണം. നിലവിലുള്ള പൊതുമേഖലാ വ്യവസായങ്ങൾ ശക്തിപ്പെടുത്തുകയും പരമാവധി ലാഭപ്പെടുത്തുക എന്ന നയം സ്വീകരിക്കുകയും വേണം. കാർഷിക ഉല്പന്നവുമായി ബന്ധപ്പെട്ട മൂല്യവർദ്ധിത ഉല്പാദനം നടത്തുന്നതിന് വ്യവസായ വകുപ്പിന് എന്തെങ്കിലും പങ്ക് വഹിക്കാൻ കഴിയുമോയെന്ന് ചിന്തിക്കുന്നത് നന്നായിരിക്കും. ഇടതുപക്ഷ ജനാധിപത്യമുന്നണി എന്ന് അധികാരത്തിൽവന്നാലും കേരളത്തിന്റെ

സംഘടിതമായ പൊതുമേഖലാ വ്യവസായം ലാഭത്തിലാണ്. ഞങ്ങൾ എന്ന് അധികാരമൊഴിയുന്നോ അന്ന്, യു.ഡി.എഫും മുസ്ലീം ലീഗും ഇതേറ്റെടുക്കുകയും കട്ടുമുടിക്കുകയും ചെയ്യും. എന്തും നഷ്ടമാണ്. അങ്ങനെയല്ലെങ്കിൽ നിങ്ങൾ പറയണം. പത്തുവർഷം ആ ദുരന്തം നടക്കുകയില്ലല്ലോയെന്നോർക്കുമ്പോൾ അതിയായ സന്തോഷമുണ്ട്. ലാഭമുണ്ടാക്കൽ ഇടതുപക്ഷത്തിന്റെ ജോലിയും കട്ടെടുക കോൺഗ്രസ്സിന്റെ ജോലിയുമാണ്. ഇതാണ് നടന്നുവരുന്നത്. എന്തായാലും അതിന് ആശ്വാസം കണ്ടു. വ്യവസായ രംഗത്ത് പുതിയ സംരംഭത്തിന് നേതൃത്വം കൊടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. ഊർജ്ജരംഗത്ത് വലിയ മുന്നേറ്റമാണ് കഴിഞ്ഞ അഞ്ചുവർഷമുണ്ടായത്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള രണ്ടാം എൽ.ഡി.എഫ്. ഗവൺമെന്റ് ആ മുന്നേറ്റം കൂടുതൽ ശക്തിപ്പെടുത്തിയും വ്യക്തമായ കാഴ്ചപ്പാടോടുകൂടിയും മുന്നോട്ടുപോകുമെന്ന കാര്യത്തിൽ എനിക്ക് അശേഷവും സംശയമില്ല. കാര്യമായ മാറ്റമാണ് ഊർജ്ജരംഗത്ത് വരുത്തിയതെന്ന് നമുക്കറിയാം. സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടത്തി. ഇന്ത്യയിലെ ഒരു സംസ്ഥാനത്തും നടക്കാത്തതാണിത്. ശ്രീ. നരേന്ദ്ര

മേദിയുടെ നാട്ടിലും, മുൻകാലത്ത് ഈ രാജ്യംഭരിച്ചവരുടെ നാടുകളിലും സമ്പൂർണ്ണ വൈദ്യുതീകരണം നടത്തിയിട്ടില്ലെന്ന കാര്യം തെല്ല് അഹങ്കാരത്തോടുകൂടി പറയാൻ കേരളീയരായ നമുക്ക് കഴിയും. സമ്പൂർണ്ണ വൈദ്യുതീകരണം നടത്തുക മാത്രമല്ല, ഊർജ്ജോല്പാദന രംഗത്ത് പുതിയ മുന്നേറ്റം നടത്താനും സാധിച്ചു. കഴിഞ്ഞ അഞ്ചുവർഷംകൊണ്ട് 250 മെഗാവാട്ട് വൈദ്യുതി കൂടുതലായി ഉല്പാദിപ്പിക്കാൻ സാധിച്ചുവെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. പവർകട്ടും ലോഡ് ഷെഡ്ഡുമുണ്ടാകില്ലെന്ന് ഞങ്ങൾ ജനങ്ങളോടുപറഞ്ഞത് പൂർണ്ണമായി നടപ്പിലാക്കിയെന്ന് പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതുപോലെ ഊർജ്ജോല്പാദന രംഗത്ത് പുതിയ മുന്നേറ്റമുണ്ടാക്കി. സൗരോർജ്ജരംഗത്ത് പ്രത്യേക ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനം നടത്താനും ഉല്പാദനം വർദ്ധിപ്പിക്കാനും സാധിച്ചു. ഇനിയും കൂടുതൽ സാധ്യത സൗരോർജ്ജ രംഗത്തുണ്ടെന്നാണ് എന്റെ അഭിപ്രായം. ജലവൈദ്യുതി രംഗത്ത് സാധ്യതകൾ വളരെ കുറവാണ്. ഏതാനും ചെറുകിട പദ്ധതികൾ മാത്രമാണുള്ളത്. യു.ഡി.എഫ്.-ന്റെ കാലത്ത് വേണ്ടെന്നുവച്ച പള്ളിവാസൽ പദ്ധതി ഞങ്ങൾ 250 കോടി രൂപ മുടക്കി പുനരുജ്ജീവിപ്പിച്ചു.

താമസംവിനാ അത് ഉദ്ഘാടനം ചെയ്യാൻ സാധിക്കും. അതുപോലെ ഏതാനും ചില ജലവൈദ്യുത പദ്ധതികൾക്കൂടിയുണ്ട്. അതുകഴിഞ്ഞാൽ ഇടുക്കി രണ്ടാം നിലയത്തിന്റെ സാധ്യതയുണ്ട്, പ്രകടനപത്രികയിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. ഏറ്റവും മികച്ച നിലയിലാണ് ഊർജ്ജ വകുപ്പിന്റെ പ്രവർത്തനം നടന്നത്. ആ നിലയിൽ തന്നെ അത് മുന്നോട്ടുപോകുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. കൂടാതെ വിതരണരംഗം ശക്തിപ്പെടുത്തി വലിയതോതിലുള്ള മുന്നേറ്റമാണ് ഈ രംഗത്തുണ്ടായത്. ഏതാണ്ട് തൊണ്ണൂറോടടുത്ത സബ്സ്റ്റേഷനുകൾ ഈ കാലയളവിൽ സംസ്ഥാനത്തുടനീളം നിർമ്മിച്ച് ഉദ്ഘാടനം ചെയ്തു. പുതിയ പദ്ധതികൾ ഉദ്ഘാടനം ചെയ്യാനുള്ള കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ട്. 10,000 കോടി രൂപ മുടക്കിയുള്ള ട്രാൻസ്ഗ്രിഡ് പരിപാടി, 4000 കോടി രൂപ മുടക്കിയുള്ള ദ്യുധി പദ്ധതി, എന്നുപറഞ്ഞാൽ വൈദ്യുതീകരണത്തിനായി വൈദ്യുതിലൈൻ നവീകരിക്കുന്നതിലൂടെ 50 വർഷത്തേയ്ക്ക് ഊർജ്ജവകുപ്പിന്റെ വിതരണരംഗം സമ്പൂർണ്ണവും ഫലപ്രദവുമായിരിക്കും. ആ നിലയിൽ പുതിയൊരു മുന്നേറ്റം വൈദ്യുതിരംഗത്ത് നടത്താൻ കഴിഞ്ഞു. ഈ കാലയളവിൽ നിരവധി പ്രതിസന്ധികൾ നേരിട്ടു. 2017-ലെ നിപ വൈറസ്,

2018-ലെയും 2019-ലെയും വെള്ളപ്പൊക്കം, ഇപ്പോൾ കോവിഡ്-19 വന്നതിനുത്തുടർന്നുള്ള പ്രതിസന്ധി ഇവയെല്ലാം വൈദ്യുതി രംഗത്തെ വലിയ തോതിൽ ബാധിച്ചു. ഇതിനെയെല്ലാം ഫലപ്രദമായി നേരിടാൻ സംസ്ഥാന ഗവൺമെന്റിനും വൈദ്യുതി ബോർഡിനും കഴിഞ്ഞു. വൈദ്യുതി ബോർഡിൽനിന്നും പെൻഷനായവരുൾപ്പെടെയുള്ള ജീവനക്കാരും എല്ലാ സംഘടനക്കാരും ഈ പ്രതിസന്ധി സമയത്ത് സഹായിക്കാൻ തയ്യാറായി എന്നകാര്യം ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ആ നിലയിലുള്ള പ്രവർത്തനമാണ് ഞങ്ങൾ സംഘടിപ്പിച്ചത്. ഇനിയും കൂടുതൽ കാര്യക്ഷമതയോടുകൂടി പ്രവർത്തിക്കുന്നതിനാവശ്യമായ കർമ്മപരിപാടി പുതിയ പ്രകടനപത്രികയിൽ വ്യക്തമാക്കിയിട്ടുണ്ട്. ജനങ്ങളെ വിശ്വാസത്തിലെടുക്കുന്നതുപോലെതന്നെ സംഘടന നോക്കാതെ വൈദ്യുതി ബോർഡിലെ മുഴുവൻ ജീവനക്കാരെയും വിശ്വാസത്തിലെടുത്ത്, എല്ലാ സംഘടനകളെയും യോജിപ്പിച്ച് അണിനിരത്തിയെന്നതാണ് നമ്മുടെ വിജയത്തിനാധാരം. കൊച്ചി-മാടക്കത്തറ ലൈനും പുഗലൂർ-തൃശ്ശൂരിലേയ്ക്കുള്ള ലൈനും ഫലത്തിൽ നിന്നുപോയതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി സഖാവ്

പിണറായി വിജയൻ മുൻകയ്യെടുത്ത് ഈ രണ്ട് ലൈനും പൂർത്തിയാക്കി ഉദ്ഘാടനം ചെയ്തുവെന്ന കാര്യം അഭിമാനപൂർവ്വം ചൂണ്ടിക്കാണിക്കുകയാണ്. ചെറിയ കാര്യത്തിന്റെ പേരിലാണ് ഈ പദ്ധതികൾ വേണ്ടെന്നുവച്ചത്. മുൻമുഖ്യമന്ത്രിയുടെ മണ്ഡലമായ പുതുപ്പള്ളിയിലും മറ്റ് ചില സ്ഥലങ്ങളിലും ഭൂമിയുടെയും നഷ്ടത്തിന്റെയും പേരിൽ ചില തർക്കങ്ങൾ വന്നു. കർഷകർക്ക് ന്യായമായ നഷ്ടപരിഹാരം നൽകി പരിഹാരമുണ്ടാക്കിയെന്ന കാര്യം ഞാൻ ഈ അവസരത്തിൽ ഓർമ്മപ്പെടുത്തുകയാണ്. ഊർജ്ജം അതിപ്രധാനമാണ്, അത് ഒഴിവാക്കി ജീവിക്കാനാവില്ലെന്നതു പോലെതന്നെയാണ് ഊർജ്ജം ഉല്പാദിപ്പിക്കുന്നതോടൊപ്പം പുതിയ സംവിധാനങ്ങളുപയോഗിച്ച് ഊർജ്ജം ലാഭമാക്കുക എന്ന കർമ്മപരിപാടിയും വൈദ്യുതി ബോർഡിന്റെ മുന്നിലുണ്ട്. ഇപ്പോൾ വൈദ്യുതി ലാഭിക്കാൻ കഴിയുന്ന നിലയിൽ ആധുനികമായ സംവിധാനമുണ്ട്. വൈദ്യുതി ലാഭിക്കുന്ന കോടിക്കണക്കിന് ബൾബുകളാണ് വൈദ്യുതി രംഗത്ത് വിതരണം ചെയ്തത്. ഊർജ്ജം കൂടുതൽ ഉല്പാദിപ്പിക്കുന്നതോടൊപ്പം ഊർജ്ജത്തിന്റെ ഉപയോഗം കുറച്ചുകൊണ്ടുവരിക എന്നതും അതിപ്രധാനമാണ്. ആവശ്യമുള്ള വൈദ്യുതിയുടെ 30-35 ശതമാനം മാത്രമേ നമ്മൾ ഉല്പാദിപ്പിക്കുന്നുള്ളൂ. ബാക്കി ഇല്ലാത്ത വിലകൊടുത്ത് വാങ്ങി

വിതരണം ചെയ്താണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയത്. അതുകൊണ്ടുതന്നെ ഊർജ്ജം ലാഭിക്കാനുള്ള കർമ്മ പരിപാടി ആവിഷ്കരിക്കണം. സൗരോർജ്ജ രംഗത്തെ പുതിയ സാധ്യതകൾ ഉൾപ്പെടുത്തി കഴിഞ്ഞ ഗവൺമെന്റ് വ്യക്തമായ പരിപാടികൾ തയ്യാറാക്കിയിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഇത്തവണ അവതരിപ്പിച്ച പ്രകടനപത്രികയിൽ അത് വ്യക്തമാക്കിയിട്ടുണ്ട്. ആ നിലയിൽ നമുക്ക് വലിയ രീതിയിൽ മുന്നോട്ടുപോകാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതിന് എല്ലാവിധ വിജയവും ആശംസിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ഇവിടെ രാവിലെ മുതൽ കോവിഡ്-19-നെക്കുറിച്ച് ചർച്ച നടത്തി, ഇവിടെ മാത്രമാണ് ആകെ കുഴപ്പം, കിറ്റ് കൊടുക്കുന്നത് കുഴപ്പം, കിറ്റും റേഷനും കൊടുക്കാതെ പാവപ്പെട്ട ആൾക്കാർ മരിച്ചാലും ഇവർക്ക് പ്രശ്നമില്ലെന്ന മട്ടിലാണ് എന്നാണ് ബഹുമാനപ്പെട്ട കുഞ്ഞാലിക്കുട്ടി സാഹിബ് ഇവിടെ പ്രസംഗിച്ചപ്പോൾ എനിക്ക് തോന്നിയത്. നിങ്ങൾക്ക് എങ്ങനെ തോന്നിയെന്ന് എനിക്കറിയില്ല, കേട്ടപ്പോൾ എനിക്ക് അങ്ങനെയാണ് തോന്നിയത്. എന്തെല്ലാം പണിയാണ്; ഇപ്പോൾ, യമുനാ, ഗംഗ തുടങ്ങിയ

ഏതെല്ലാം നദികളിൽ ശവം ഒഴുകിനടക്കുകയായിരുന്നു. അതിനെപ്പറ്റി യു.ഡി.എഫ്.-ന്റെയോ ലീഗിന്റെയോ കോൺഗ്രസ്സിന്റെയോ നേതാക്കന്മാർ കണ്ടില്ല, പത്രം വായിച്ചില്ല. പ്രാണവായു കിട്ടാതെ നിങ്ങളുടെ വലിയ പുംഗവൻമാരായ നേതാക്കന്മാരുടെ നാട്ടിൽ ആളുകൾ മരിച്ചുവീണു. പ്രിയമുള്ളവരേ, അക്കാര്യത്തിൽ കേരളീയരായ നമുക്ക് അഭിമാനിക്കാം, ഇവിടെ അത്തരത്തിൽ ഒരു സംഭവം ഉണ്ടായില്ല. നിങ്ങളുടെ നാട്ടിൽ പ്രാണവായു കിട്ടാതെ മരിച്ച സംഭവമില്ലെന്ന് അഭിമാനബോധത്തോടുകൂടി കേരളീയരായ നമുക്ക് ചിന്തിക്കാം. പക്ഷേ നിങ്ങൾ അതൊന്നും കണ്ടില്ല. ശ്രീ. നരേന്ദ്രമോഡിയുടെ ഗവൺമെന്റ് ഇവിടെ ആവശ്യാനുസരണം വാക്സിൻ നൽകുന്നില്ല, സഹായിക്കുന്നില്ല, അതൊന്നും നിങ്ങൾക്ക് പ്രശ്നമല്ല, ശ്രീ. നരേന്ദ്രമോഡിയുടെ ഗവൺമെന്റ് ഊർജ്ജരംഗത്ത്,... കേരളത്തിലെ വൈദ്യുതി ബോർഡിന്റെ പ്രവർത്തനം താറുമാറാക്കുന്ന നിലയിൽ, ഇന്ത്യയിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന മുതലാളിമാർക്കുവേണ്ടി, പുതിയ ഊർജ്ജനയം, പുതിയ നിയമം കൊണ്ടുവന്നിരിക്കുന്നുവെന്നത് പ്രത്യേകമാണെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നു. ഒരു കാര്യത്തിൽ കോൺഗ്രസ്സിന് കൈകഴുകാൻ പറ്റുകയില്ല,

കാരണം 2003-ലെ നിങ്ങളുടെ ഗവൺമെന്റാണ് അതിന് തുടക്കംകുറിച്ചതെന്ന കാര്യം നമുക്ക് മറക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് വലിയതോതിൽ വാചകമടിക്കരുത്. പ്രിയമുള്ളവരെ, ഞാൻ ഇതിനൊന്നും വഴങ്ങുന്നില്ല, എന്റെ സമയം തീരുന്നതുവരെ ഞാൻ പറഞ്ഞുകൊണ്ടിരിക്കും, പിന്നീട് വേണമെങ്കിൽ നോക്കാം. അല്ലാതെ എന്റെ സമയം നിങ്ങൾ അപഹരിച്ചിട്ട് ആകപ്പാടെയൊരു ശരിയായ കാര്യമല്ല. സമയം കഴിഞ്ഞാൽ ഞാൻ നിർത്തും ആ കാര്യത്തിൽ ഒരു ദാക്ഷിണ്യവുമില്ല. അതുകൊണ്ട് നിങ്ങളുടെ ഈ ഏർപ്പാട്, കിറ്റ് കൊടുത്താൽ പരാതി, പെൻഷൻ കൊടുത്താൽ പരാതി, വിദ്വാൻമാർ ഹൈക്കോടതിയിൽ കേസ്സിന് പോകുകയാണ്. എന്തൊരു നാണക്കേടാണിത്, ഇത് അപമാനമല്ലേ? നാണക്കേടെന്ന് പറഞ്ഞാൽ പാർലമെന്ററിയാണോയെന്ന് എനിക്കറിയില്ല. വലിയ കുഴപ്പമൊന്നുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. നിങ്ങൾ ചുമ്മാ കേസ്സിന് പോകുകയല്ലേ, എന്താണ് നിങ്ങൾ എടുക്കുന്ന മനോഭാവം; "നാത്തുൻ മരിച്ചാലും ശരി, കുഞ്ഞാങ്ങളയുടെ കരച്ചിൽ കാണണമെന്ന മട്ടിലാണ്" അതുകൊണ്ട് കേരള ജനത ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്, അടുത്ത തെരഞ്ഞെടുപ്പ് വരുമ്പോൾ ഇന്നുള്ള 41 പോലും സ്വാഹ. അതുകൊണ്ട് ഈ

ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു. നന്ദി.

ശ്രീ. പി. ടി. തോമസ്: സർ, കേരളം ഉറ്റുനോക്കിയ ഒരു മഹാ നിക്ഷേപക സംരംഭമായിരുന്നു സ്മാർട്ട്സിറ്റി കൊച്ചി പ്രോജക്ട്. കേരള സർക്കാരിന്റെ 240 ഓളം ഏക്കർ സ്ഥലം ഒരു രൂപ പാട്ടത്തിന് ദുബായ് ആസ്ഥാനമായ ടീക്കോം കമ്പനിക്ക് നൽകി അന്താരാഷ്ട്ര നിലവാരമുള്ള ഐ.ടി. പാർക്ക് സ്ഥാപിക്കുക എന്നുള്ളതായിരുന്നു ഉദ്ദേശം. 2007-ൽ കേരള സർക്കാർ ഒപ്പുവച്ച കരാർപ്രകാരം കേരളത്തിൽ ഐ.ടി. നിക്ഷേപം കൊണ്ടുവരികയും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയുമായിരുന്നു ലക്ഷ്യം. എന്നാൽ 90000 തൊഴിലവസരങ്ങൾ സൃഷ്ടിക്കണമെന്നും 62 ലക്ഷം ചതുരശ്ര അടി കൺസ്ട്രക്ഷൻ നടക്കണമെന്നുമുള്ള വ്യവസ്ഥ 14 വർഷം കഴിഞ്ഞിട്ടും ഇന്നുവരെ നടപ്പിലാക്കിയിട്ടില്ല. കേവലം നാലായിരത്തോളം തൊഴിലവസരങ്ങൾ മാത്രമാണ് ഇതുവരെ അവിടെയുണ്ടായിട്ടുള്ളത്. പത്തു വർഷത്തിനകം 90000 തൊഴിലവസരങ്ങൾ എന്നതായിരുന്നു കരാർ. അതോടൊപ്പംതന്നെ 62 ലക്ഷം ചതുരശ്ര അടി കൺസ്ട്രക്ഷൻ എന്നുള്ളതാണെങ്കിലും ആറരലക്ഷം ചതുരശ്രഅടിയിൽ താഴെമാത്രമാണ്

കൺസ്ട്രക്ഷൻ നടന്നിട്ടുള്ളത്. അവിടെ 35 ഐ.ടി. കമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കമ്പനികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നില്ല. ടീക്കോം കമ്പനിയുമായുള്ള ധാരണയനുസരിച്ച്, കേരളാ ഗവൺമെന്റ് കേരളത്തിലെ ഐ.ടി. പാർക്കുകൾക്കും ഇൻഫോ പാർക്കുകൾക്കും നൽകുന്ന എല്ലാ ആനുകൂല്യങ്ങളും സ്മാർട്ട് സിറ്റിയിലെ കമ്പനികൾക്കും നൽകണമെന്നാണ്. എന്നാൽ സ്മാർട്ട് സിറ്റിയിലെ 18-ഓളം കമ്പനികളോട് ഒഴിഞ്ഞുപോകാൻ ഇപ്പോഴത്തെ നേതൃത്വം ആവശ്യപ്പെടുകയാണ്. ഈ കോവിഡ് കാലത്ത് 15 ശതമാനം വാടക വർദ്ധിപ്പിച്ചുകൊടുക്കണമെന്ന ആവശ്യമാണ് അവർ മുന്നോട്ടുവയ്ക്കുന്നത്. സൈബർപാർക്ക്, ടെക്നോപാർക്ക്, ഇൻഫോപാർക്ക് അടക്കമുള്ള മേഖലകളിൽ സർക്കാർ നൽകിയ മൂന്നുമാസത്തെ ആശ്വാസ പദ്ധതിയടക്കമുള്ള ഒരു ആനുകൂല്യവും അവർക്ക് കൊടുക്കുന്നില്ല. ആർക്കുവേണ്ടിയാണ് ഇങ്ങനെയൊരു പാർക്ക് പ്രവർത്തിക്കുന്നത്? അതിന്റെ ഫ്രെയിം വർക്ക് എഗ്രിമെന്റ് ക്ലോസ് 7 അനുസരിച്ച് ലീഗൽ ആക്ഷനോടുകൂടി അവരെ എവിക്ട് ചെയ്യാൻപോലും അവകാശമുണ്ട്. അവർതന്നെ കൊടുത്തിരിക്കുന്ന മറുപടി 'ഞങ്ങൾ ഒരു ഭൂകച്ചവട ഇടപാടാണ് നടത്തുന്നത്'

എന്നാണ്. ഈ കാര്യത്തിൽ വളരെ ശക്തമായൊരു നിലപാട് സ്വീകരിക്കേണ്ടതുണ്ട്; നാലായിരത്തോളം ജീവനക്കാർ ജോലിയെടുക്കുന്ന കമ്പനികളെ അവിടെനിന്ന് പോകാൻ ശക്തമായ സമ്മർദ്ദം നടത്തിക്കൊണ്ടിരിക്കുകയാണ്. ജി.ഒ. (ആർ.ടി.) 51/2020 അനുസരിച്ച് മൂന്നു മാസത്തെ ഇളവ് കേരള ഗവൺമെന്റ് കൊടുത്തിട്ടും, സ്മാർട്ട്സിറ്റി ഈ ആനുകൂല്യങ്ങളൊന്നും കമ്പനികൾക്ക് കൊടുക്കുന്നില്ല. ഈ കാര്യത്തിൽ ശക്തമായൊരു ഇടപെടൽ ഉണ്ടാകണം. 52000-ത്തിലധികം ആളുകൾ ജോലി ചെയ്യുന്ന ഇൻഫോപാർക്കും സ്മാർട്ട്സിറ്റിയും എന്റെ നിയോജകമണ്ഡലത്തിലാണ് സ്ഥിതിചെയ്യുന്നത്. അതിന്റെ രണ്ടാംഘട്ടം മറുഭാഗത്താണ്. അന്ന് അനുവദിച്ചുകൊടുത്ത ഇൻഫോപാർക്കിന്റെ സ്ഥലത്തിൽനിന്നും 55 ഏക്കർ സ്ഥലം ഇപ്പോൾ കെ-റെയിലിനുവേണ്ടി മാറ്റി വയ്ക്കുകയാണ്. അതിന്റെ സ്റ്റേഷൻ അവിടെയാണ് പ്ലാൻ ചെയ്തിരിക്കുന്നത്. ഇൻഫോപാർക്കിന്റെ രണ്ടാംഘട്ട വികസനത്തെ ദോഷകരമായി ബാധിക്കുന്ന ഈ നടപടി ഗവൺമെന്റ് പുനരാലോചിക്കണം, അഥവാ അങ്ങനെയാണ് മുന്നോട്ടുപോകുന്നതെങ്കിൽ 100 ഏക്കർ സ്ഥലം ഇൻഫോപാർക്കിന്റെ വികസനത്തിനുവേണ്ടി കണ്ടെത്തണമെന്ന ആവശ്യം

ഞാൻ മുന്നോട്ടുവയ്ക്കുന്നു. കേരളത്തിലെ ഈ ദുരിതകാലത്തും ഇൻഫോപാർക്കിൽ 7000 കോടി രൂപയുടെ വരുമാനം എക്സ്പോർട്ട്‌വഴി ഉണ്ടായിട്ടുണ്ട്. ആ പശ്ചാത്തലത്തിൽ ഇക്കാര്യം ശ്രദ്ധിക്കണം. സ്മാർട്ട് സിറ്റിയ്ക്കുവേണ്ടി ഒരു രൂപ പാട്ടത്തിന് നമ്മൾ കൊടുത്ത ഒരേക്കർ സ്ഥലം ഒന്നരക്കോടി രൂപയ്ക്കും രണ്ട് കോടി രൂപയ്ക്കും അഞ്ച് കോടി രൂപയ്ക്കും, ഏഴ് കോടി രൂപയ്ക്കുമൊക്കെ ഇഷ്ടാനുസരണം റിയൽ എസ്റ്റേറ്റ് കച്ചവടം നടന്നുകൊണ്ടിരിക്കുകയാണ്, അതിനെപ്പറ്റി അന്വേഷിക്കണം. ഒരേ ബോർഡ് മീറ്റിംഗിൽ വ്യത്യസ്ത കാലയളവിൽ വ്യത്യസ്ത തുകയ്ക്ക് കച്ചവടം നടന്നിരിക്കുകയാണ്. സ്മാർട്ട് സിറ്റി റിയൽ എസ്റ്റേറ്റ് ബിസിനസ് ആണെന്ന് അവർ പരസ്യമായി വിവരാവകാശത്തിന് മറുപടി തന്നിരിക്കുകയാണ്. ഈ കാര്യം ഗവൺമെന്റ് ഗൗരവകരമായി ആലോചിക്കണമെന്ന ആവശ്യം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഇൻഫോപാർക്കും സ്മാർട്ട് സിറ്റിയും ഇരിക്കുന്ന ആ പ്രദേശത്തെ ശുദ്ധജലത്തിന്റെ ഉറവിടമായ കടമ്പ്രയാറിനെ മലിനപ്പെടുത്തുന്ന നടപടിയിലും ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം, ആ കാര്യത്തിൽ ശക്തമായ നടപടി വേണം. കേരളത്തിൽ വ്യവസായങ്ങൾ വേണം, പക്ഷെ നിയമങ്ങൾ അംഗീകരിക്കുന്ന, നിയമാനുസരണം പ്രവർത്തിക്കുന്ന

വ്യവസായങ്ങൾ ഉണ്ടാകണമെന്നാണ് വ്യക്തിപരമായി എന്റെ അഭിപ്രായം.

വൈദ്യുതിയെപ്പറ്റി ഒരു വാക്ക് ഞാൻ പറയുന്നു, ലോകത്തെമ്പാടും വൈദ്യുതി വിതരണ രംഗത്ത് വലിയ മാറ്റം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ നമ്മുടെ നാട്ടിൽ അണ്ടർഗ്രൗണ്ട് കേബിളുകൾ എന്നുള്ളത് ഇന്നും ഒരു സ്വപ്നമായിരിക്കുകയാണ്. വളരെ ശക്തനായ വൈദ്യുതി വകുപ്പുമന്ത്രി, ആ കാര്യം ചെയ്യാൻ കഴിയുന്ന ആളാണ്. അദ്ദേഹം ആ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കണം. കോവിഡിന്റെ കാലത്ത് കാർഷികമേഖല വലിയ ദുരിതം അനുഭവിക്കുകയാണ്. അതുകൊണ്ട് അഗ്രി വ്യവസായം - കാർഷിക ഉൽപ്പന്നങ്ങൾ മൂല്യാധിഷ്ഠിതമായി മാറ്റിയെടുക്കാനുള്ള വ്യവസായങ്ങൾക്ക് പ്രാമുഖ്യം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിന്റെ കീഴിലുള്ള സ്പേസ് പാർക്കിലാണ് സ്വപ്ന കേളീനടനം അരങ്ങേറിയത്. 'എസ് കത്തി'യെപ്പറ്റി നമ്മൾ ധാരാളം കേട്ടിട്ടുണ്ട്. എന്നാൽ ഐ.ടി. വകുപ്പിന്റെ പിന്നാമ്പുറങ്ങളിൽ കറങ്ങിനടന്ന 'എസ് കത്തി'മാരെ മറക്കാൻ കഴിയില്ല. ആരെല്ലാമാണ് 'എസ് കത്തി'കൾ, ശിവശങ്കരൻ, സ്വപ്ന, സരിത്ത് ഇങ്ങനെ പോകും. സ്വപ്നാ സുരേഷിന്റെ അനധികൃത നിയമനം വിവാദമായതിനെത്തുടർന്ന് ഐ.ടി. വകുപ്പിന്റെ

കീഴിലുള്ള സ്ഥാപനങ്ങളിൽ സർക്കാർ നിർദ്ദേശത്തിന്റെയടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം നടത്തിയ പരിശോധനാ റിപ്പോർട്ട് ഇതുവരെ പുറത്തുവന്നിട്ടില്ല. മുഖ്യമന്ത്രിയുടെ കൈയിൽ ആ ഫയലുണ്ട്, ആ ഫയൽ പുറത്തുവരണം. വ്യവസായ വികസനത്തിന്റെ മറവിൽ വലിയ അഴിമതികൾ അരങ്ങേറാൻ പാടില്ല. കൺസൾട്ടൻസികളുടെ മറവിൽ കേരളത്തിൽ നടന്നത് അതാണ്, ആ കള്ളക്കളി മാലോകർക്ക് മനസിലാകുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര ഉപദേശികളായിരുന്നു! ഉപദേശികളെയൊന്നും ഞാൻ കുറ്റപ്പെടുത്തുന്നില്ല. അവരുടെ കഴിവിനെ ഞാൻ മാനിക്കുന്നു, പക്ഷേ ഉപദേശമെല്ലാം അഴിമതിക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളായിരുന്നോ? പ്രസ്തുത കാര്യവും ഒന്നാലോചിക്കേണ്ടതാണ്. കേരളത്തിൽ നിലനിൽക്കുന്ന മതസൗഹാർദ്ദം തകർക്കാൻ ബോധപൂർവ്വമായ ശ്രമം നടക്കുകയാണ്. മുസ്ലീം വിരുദ്ധതയും ക്രിസ്ത്യൻ വിരുദ്ധതയും സൗകര്യംപോലെ പ്രോത്സാഹിപ്പിക്കുന്നത് ഒരു വ്യവസായമായി നമ്മുടെ നാട്ടിൽ മാറുന്നു, അതിനുള്ള ഗൂഢശ്രമം നടക്കുന്നുണ്ടെന്നതിനാൽ അതിനെ ഗൗരവതരമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. മുഖ്യമന്ത്രി മുതൽ സി.പി.ഐ.(എം) എം.എൽ.എ.-

മാർക്കുവരെ സംഘപരിവാറിനെ വിമർശിക്കാൻ നാവ് പൊങ്ങാതിരിക്കുകയും ശ്രീ. രാഹുൽ ഗാന്ധിയെ അനന്തന്റെ ആയിരം നാവുകൊണ്ട് വിമർശിക്കുകയുമാണ് ചെയ്യുന്നത്. അദ്ദേഹത്തെയും കോൺഗ്രസിനെയും വിമർശിക്കുന്നതുകൊണ്ട് സി.പി.ഐ.(എം)-നുള്ള നേട്ടമെന്താണ്; അങ്ങനെ ചെയ്യുമ്പോൾ സംഘപരിവാറിന് ഒരു വടികൊടുക്കുകയല്ലേ? ശ്രീ. രാഹുൽ ഗാന്ധി എം.പി.-യായത് വയനാട്ടിൽ നിന്നല്ലേ, കേരളത്തിൽ നിന്നുള്ള എം.പി.-യായ അദ്ദേഹത്തിന്റെ ഫോൺ ചോർത്തിയതിനെപ്പറ്റി ശ്രീമതി മമതാ ബാനർജി കാണിച്ചതുപോലെ, തന്റേടത്തോടെ ഒരു ജുഡീഷ്യൽ അന്വേഷണം നടത്താനുള്ള നട്ടെല്ല് കേരളത്തിന്റെ മുഖ്യമന്ത്രിക്കുണ്ടോ; അതിനായി നടപടി സ്വീകരിക്കാൻ തയ്യാറുണ്ടോ; നിങ്ങൾ ആർക്കുവേണ്ടിയാണ് ഇത്തരം കാര്യങ്ങൾ ചെയ്യുന്നത്? നിങ്ങൾ എപ്പോഴും സംഘപരിവാറിന്റെ പേരുപറയുകയാണ്. എന്റെ കൈയിലുള്ളത് 24 അസംബ്ലി മണ്ഡലത്തിലെയും ലിസ്റ്റാണ്, അവിടെയെല്ലാം ബി.ജെ.പി.-യുടെ വോട്ടുകൾ കഴിഞ്ഞ തെരഞ്ഞെടുപ്പിനേക്കാൾ കുറഞ്ഞിട്ടുണ്ട്. കുറ്റ്യാടി, റാന്നി, കണ്ണൂർ, പീരുമേട്, തവനൂർ, കുന്നത്തുനാട്, നാദാപുരം, അരുവിക്കര, കുട്ടനാട്, ഇടുക്കി, ചങ്ങനാശ്ശേരി, ചേർത്തല, കായംകുളം, അരൂർ,

കൊയിലാണ്ടി, നിലമ്പൂർ, ദേവികുളം, കോതമംഗലം, കൊല്ലം എന്നിവയടക്കമുള്ള മണ്ഡലങ്ങളിൽ നിങ്ങൾ സംഘപരിവാറുമായി നടത്തിയ ബാന്ധവത്തിന്റെ ഉദാഹരണമാണിത്. 1970-ൽ കൂത്തുപറമ്പിൽ മത്സരിച്ച പിണറായി വിജയന് കിട്ടിയ ഭൂരിപക്ഷം 743 വോട്ടായിരുന്നു. അടുത്ത തെരഞ്ഞെടുപ്പിൽ സംഘപരിവാർ ബന്ധമുള്ള കെ.ജി. മാരാർ അച്ചുതണ്ട് പ്രവർത്തിച്ചു. അങ്ങനെയാണ് 1977-ൽ ജയിക്കുന്നത്. അതിനെത്തുടർന്നുണ്ടായ ഈ ബാന്ധവമാണ് കേരളത്തിലെ സംഘപരിവാറിനെതിരെ സംസാരിക്കാതിരിക്കുന്ന നടപടി വന്നത്. എന്റെ കൈയിലിരിക്കുന്നത് ഒരു കോടതി ഉത്തരവാണ്, അതിൽ പിണറായി വിജയൻ മാഫിയാ സംഘത്തിന്റെ തലവനാണെന്ന് ജസ്റ്റിസ് സുകുമാരൻ പറഞ്ഞതിനെതിരെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കേസ് കൊടുത്തിരുന്നു, അദ്ദേഹം നേരിട്ട് പോയി തലശ്ശേരി കോടതിയിൽ മൊഴികൊടുത്തു. ആ കേസ് അദ്ദേഹം ഇപ്പോൾ നിരുപാധികം പിൻവലിച്ചിരിക്കുന്നു. കേരളത്തിലെ ജനങ്ങൾ നമ്മുടെ പ്രിയങ്കരനായ മുഖ്യമന്ത്രി മാഫിയാ തലവനാണെന്ന് വിശ്വസിക്കണോ? ഇതിനെ സംബന്ധിച്ച് സഭയിൽ മറുപടി പറയണം. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച ഗൗരവതരമായ

ചർച്ചയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, പൊതുവേ വ്യവസായ വകുപ്പിനെക്കുറിച്ച് നല്ലരീതിയിലുള്ള അഭിപ്രായപ്രകടനങ്ങളാണ് പ്രതിപക്ഷ അംഗങ്ങളുൾപ്പെടെ നടത്തിയിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിലാദ്യമായി ഒരു മുഖ്യമന്ത്രിക്കും, മുഖ്യമന്ത്രി നയിക്കുന്ന മുന്നണിക്കും നാട്ടിലെ ജനങ്ങൾ അധികാരത്തുടർച്ച നൽകിയെന്നുള്ളതാണ് ഈ ഗവൺമെന്റിന് ലഭിച്ച സൗകര്യം. അധികാരത്തുടർച്ച നയങ്ങളുടെകൂടി തുടർച്ചയായതുകൊണ്ട് ഏത് നയമാണ് പിന്തുടരേണ്ടത്, ഏതാണ് തള്ളേണ്ടത്, എങ്ങനെ പ്രവർത്തിക്കണം എന്നതിനെ സംബന്ധിച്ചൊന്നും പുതിയ ഗവൺമെന്റിന് ആശങ്കയുണ്ടായില്ല, ഒരു സെക്കന്റ് പോലും അതിനായി പാഴാക്കേണ്ടിയും വന്നില്ല. നേരത്തെ ഗവൺമെന്റ് നടപ്പിലാക്കിയ കാര്യങ്ങൾ അതിശക്തമായി തുടരാനുള്ള അവസരം കേരളത്തിലെ ജനങ്ങൾ തന്നിരിക്കുകയാണ്, എല്ലാതലങ്ങളിലും അക്കാര്യം പ്രകടമാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ നിരവധി പ്രശ്നങ്ങൾ ഉയർത്തിയിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ നയങ്ങൾതന്നെയാണ് ഈ

ഗവൺമെന്റും തുടരുന്നത്. ഉത്തരവാദിത്ത നിക്ഷേപം സംബന്ധിച്ചുള്ള അവബോധം ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ചയിൽ ഉയർന്നുവന്നു. വ്യവസായങ്ങൾ വരുന്നതിനായി ഗവൺമെന്റ് ശക്തമായ പ്രവർത്തനം നടത്തുന്നുണ്ട്. എപ്പോഴൊക്കെ ഇടതുപക്ഷ മുന്നണി അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ ആ നയം തുടർന്നിട്ടുമുണ്ട്. 1957 ഏപ്രിൽ 5 -ന് ഇന്ത്യയ്ക്കും ലോകത്തിനും പുതിയ ചരിത്രം സംഭാവന ചെയ്തുകൊണ്ട് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി കേരളത്തിന്റെ രാഷ്ട്രീയ അധികാരത്തിലേയ്ക്കുവന്നു. ആ ഗവൺമെന്റിന്റെ ആദ്യത്തെ നയപ്രഖ്യാപനത്തിൽ വളരെ ശ്രദ്ധേയമായ ഒരു നിലപാടുണ്ടായിരുന്നു, കേരളത്തിൽ വ്യവസായം ആരംഭിക്കുന്നതിനായി സ്വകാര്യ സ്ഥാപനങ്ങളിൽപ്പോലും സർക്കാർ ഓഹരിയെടുത്ത് അവർക്ക് ആത്മവിശ്വാസം പകരണമെന്നതായിരുന്നു ആ നിലപാട്. സാധാരണയായി ഇടതുപക്ഷത്തെക്കുറിച്ചും കമ്മ്യൂണിസ്റ്റ് പാർട്ടി നയിക്കുന്ന സർക്കാരുകളെക്കുറിച്ചും നടക്കുന്ന പ്രചാരവേലകളിൽനിന്നും തീർത്തും വ്യത്യസ്തമായൊരു നിലപാട് ആദ്യത്തെ സർക്കാരിന് നേതൃത്വം നൽകുമ്പോൾത്തന്നെ മുഖ്യമന്ത്രിയായ ഇ.എം.എസും കമ്മ്യൂണിസ്റ്റ് പാർട്ടിയും

സ്വീകരിക്കുകയുണ്ടായി. എപ്പോഴൊക്കെ ഇടതുപക്ഷം അധികാരത്തിൽ വന്നിട്ടുണ്ടോ അപ്പോഴൊക്കെ വ്യവസായങ്ങൾ ശക്തിപ്പെടുത്തുന്നതിനാവശ്യമായ സമീപനവും സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത നിക്ഷേപമെന്നാൽ വ്യവസായം എങ്ങനേയും നടത്തിക്കൊള്ളാം എന്നല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. നമ്മുടെ സംസ്ഥാനത്തും രാജ്യത്തും നിലനിൽക്കുന്ന നിയമങ്ങൾക്കനുസൃതമായ വ്യവസായങ്ങൾ വരണം. ജനസാന്ദ്രത കൂടിയതും ഭൂമി ലഭ്യത കുറവായതും ശക്തമായ പാരിസ്ഥിതികാവബോധമുള്ള ജനത ജീവിക്കുന്നതുമായ പ്രദേശമാണ് കേരളം. അതുകൊണ്ടുതന്നെ വ്യവസായങ്ങൾ ആരംഭിക്കേണ്ടത് പാരിസ്ഥിക നിയമങ്ങൾ, തൊഴിൽ നിയമങ്ങൾ തുടങ്ങിയവയെല്ലാം പാലിച്ചുകൊണ്ടുവേണം. പ്രത്യേകിച്ചും ഈ പാൻഡമിക് കാലയളവിൽ ലോകംതന്നെ ചിന്തിക്കുന്നത് അങ്ങനെയാണ്. 'ദ ഹിന്ദു' ദിനപത്രത്തിന്റ ഡെപ്യൂട്ടി എഡിറ്ററായ ശ്രീ. വർഗ്ഗീസ് കെ. ജോർജ്ജ് എഴുതിയ ലേഖനത്തിൽ മുതലാളിത്തവും ജനാധിപത്യവും തമ്മിലുള്ള ഏറ്റുമുട്ടൽ നടക്കുകയാണെന്നും അതിൽ ജനാധിപത്യപരമായ രൂപത്തിൽ നിയമങ്ങൾക്ക് വിധേയമായി പ്രവർത്തിക്കുന്ന വ്യവസായങ്ങളെ

പ്രോത്സാഹിപ്പിക്കുന്ന സമീപനം ലോകവ്യാപകമായി ഉയരുന്നുണ്ടെന്നും പറയുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷം ലോകത്താകെയുള്ള വ്യവസായ നിക്ഷേപത്തിന്റെ നാലിലൊന്ന് ഉത്തരവാദിത്ത നിക്ഷേപമാണ്. അത് കേരളത്തിന് വലിയ സാധ്യത തുറന്നുതരുന്നുണ്ട്. ഇന്ത്യയുടെ ഉത്തരവാദിത്ത നിക്ഷേപത്തിന്റെ ഡെസ്റ്റിനേഷനായി മാറാൻ കഴിയുന്ന സാധ്യത കേരളത്തിനുണ്ട്. മാനവവിഭവ സൂചകങ്ങളുടെ കാര്യത്തിൽ ഏത് വികസിതരാജ്യങ്ങളോടും കിടപിടിക്കാവുന്ന മികവ് കേരളത്തിനുണ്ട്. അത് തുടർച്ചയിൽ കൊണ്ടുപോകാൻ കേരളത്തിന് കഴിയുന്നുമുണ്ട്. ബഹുമാനപ്പെട്ട പല അംഗങ്ങളും ചൂണ്ടിക്കാട്ടിയതുപോലെ വേണ്ടത്ര സജ്ജീകരണങ്ങളോടുകൂടിയ, തൊഴിൽപരമായ കഴിവുകളുള്ള മാനവവിഭവശേഷി നമുക്കുണ്ട്. ഉത്തരവാദിത്ത നിക്ഷേപം കൊണ്ടുവരുന്നതിന്റെ ഭാഗമായി വ്യവസായശാലകൾക്ക് പ്രവർത്തനങ്ങൾക്കനുസൃതമായി നക്ഷത്രപദവി നൽകണമെന്നാണ് ഗവൺമെന്റ് ആലോചിക്കുന്നത്. എല്ലാ നിയമങ്ങളും അനുസരിച്ച് പോകുന്ന വ്യവസായശാലകളെ ഫൈവ് സ്റ്റാർ വിഭാഗത്തിൽ ഉൾപ്പെടുത്തുന്ന രീതിയിൽ ഗ്രേഡിംഗ് ചെയ്യുന്നതിന് യൂണിവേഴ്സിറ്റികളെയോ അതുപോലുള്ള

സംവിധാനത്തെയോ ചുമതലപ്പെടുത്തണമെന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. വാക്സിൻ നിർമ്മാണത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു, കേരളത്തിൽ വാക്സിൻ നിർമ്മാണം എങ്ങനെ ആരംഭിക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് ആലോചനകൾ നടത്തിയിട്ടുണ്ട്. ഈ വിഷയത്തിലെ വിദഗ്ദ്ധരുമായി ബന്ധപ്പെടുകയും അവ പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങൾക്കായി ഒരു സംവിധാനത്തെ ചുമതലപ്പെടുത്തുകയും ഐ.എ.എസ്. ഉദ്യോഗസ്ഥയെ അതിന്റെ ഡയറക്ടറായി നിശ്ചയിക്കുകയും ചെയ്തു. പ്രസ്തുത സംവിധാനത്തിന്റെ നേതൃത്വത്തിൽ എല്ലാവിഭാഗം വിദഗ്ദ്ധരുമായി ചർച്ച ചെയ്യുകയും തിരുവനന്തപുരത്തെ തോന്നക്കലിലുള്ള ലൈഫ് സയൻസ് പാർക്കിൽ വാക്സിൻ നിർമ്മാണ യൂണിറ്റിനായി സ്ഥലം മാർക്ക് ചെയ്യുകയും ചെയ്തു. ഇപ്പോഴുണ്ടായിരിക്കുന്ന കോവിഡ് മഹാമാരിയെ നേരിടുന്നതിനുമാത്രമല്ല, നിലവിൽ കേരളത്തിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന വാക്സിനുകളുടെ നിർമ്മാണത്തോടൊപ്പം ഭാവിയിൽ വരുന്ന ആവശ്യങ്ങളെക്കൂടി അഭിസംബോധന ചെയ്യാൻ കഴിയുന്ന വാക്സിൻ നിർമ്മാണത്തിന്റെയും ഗവേഷണത്തിന്റെയും ഒരു സ്ഥാപനം

കേരളത്തിൽ ആരംഭിക്കാനുള്ള പദ്ധതി അതിവേഗത്തിൽ മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ പങ്കെടുത്തുകൊണ്ട് ഇതുസംബന്ധിച്ച വിവിധ തലത്തിലുള്ള യോഗങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്, അത് അവസാനഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുകയാണ്. അടിയന്തരമായി വാക്സിൻ കൊണ്ടുവന്ന് ഫിൽ ചെയ്ത് വിപണിയിലേയ്ക്കെത്തിക്കാനും, വാക്സിൻ നിർമ്മാണവും ഇവിടെ സാധ്യമാകും. ബഹുമാനപ്പെട്ട പി. ജെ. ജോസഫ് സൂചിപ്പിച്ചപോലെ പ്രസ്തുത മേഖലയ്ക്കാവശ്യമായ കോഴ്സുകൾ ഇപ്പോൾത്തന്നെ ആരംഭിക്കേണ്ടതുണ്ട്. ഭാവിയിൽ വാക്സിൻ നിർമ്മാണം ആരംഭിച്ചാൽ, അതിനുപകരിക്കുന്ന കോഴ്സുകൾ ഇപ്പോൾത്തന്നെ കോളേജുകളിൽ തുടങ്ങാൻ സാധിക്കുമോ എന്നതരത്തിലൊക്കെ വളരെ ദീർഘവീക്ഷണത്തോടെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഗവൺമെന്റാണ് കേരളത്തിലുള്ളത്. വാക്സിന്റെ കാര്യത്തിൽ ആ സമീപനം സ്വീകരിക്കുന്നുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാസ്റ്റർപ്ലാൻ രണ്ട് ഘട്ടമാകണമെന്ന അഭിപ്രായം ഇപ്പോൾത്തന്നെ വിവിധ രൂപത്തിൽ മാർക്ക് ചെയ്തിട്ടുണ്ട്. നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഡയമണ്ട് എന്ന രീതിയിലും, അങ്ങനെ

നാലോ അഞ്ചോ കാറ്റഗറിയായി തിരിച്ച് അവർക്കാവശ്യമായ പ്രവർത്തനമൂലധനം അനുവദിക്കുന്നത് സംബന്ധിച്ചുള്ള ചർച്ചകൾ നടക്കുകയാണ്. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഒരു മോതിരം കരുതി വച്ചിട്ടുണ്ടെന്ന് പറഞ്ഞു. അദ്ദേഹം ദൈവങ്ങളെക്കുറിച്ചും പറയുകയുണ്ടായി. ദൈവമെന്ന് കേട്ടാൽ ഉടൻതന്നെ സംഭാവന നൽകുന്ന ഉദാരമനസ്കനായ ആളാണ് ബഹുമാന്യനായ എം.എൽ.എ.. പൊൻമോതിരമല്ല, ഈ ഗവൺമെന്റിന് ജനങ്ങളുടെ മനസ്സിന്റെ അംഗീകാരമാണ് നല്കിയിരിക്കുന്നത്. അതിന് കാരണം ചെയ്യാൻ കഴിയുന്നതേ പറഞ്ഞിട്ടുള്ളൂ. പറയുന്നതെല്ലാം പൂർണ്ണമായി പ്രവർത്തിച്ചതിന്റെ ഭാഗമായാണ് പൊൻമോതിരമല്ല, ജനങ്ങളുടെ മനസ്സിന്റെ അംഗീകാരം നല്കികൊണ്ട് ഈ ഗവൺമെന്റ് അധികാരസ്ഥാനത്ത് ഇരിക്കുന്നത്. അതുകൊണ്ട് പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഞങ്ങൾ പരമാവധി ശ്രമിക്കുന്നുണ്ട്.

അദ്ദേഹം സൂചിപ്പിച്ച കൊച്ചി-ബാംഗ്ലൂർ ഇടനാഴിയുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പ് നടപടികൾ ഡിസംബറിൽ പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നത്. ശ്രീ. റോജി എം. ജോൺ എം.എൽ.എ., അവിടത്തെ എം.പി. ഉൾപ്പെടെയുള്ളയാളുകൾ അങ്കമാലിയിൽ, എറണാകുളം ഗിഫ്റ്റ്സിറ്റി

പദ്ധതിയുടെ സ്ഥലമെടുപ്പുമായുണ്ടായ പ്രവർത്തനങ്ങളിൽ നല്ല രീതിയിൽ മുൻകയ്യെടുത്ത് അത് കൊണ്ടുവരാൻ ശ്രമിക്കുന്നുണ്ട്. പാലക്കാട്നിന്നും വൈദ്യുതി വകുപ്പുമന്ത്രി, അവിടെയുള്ള ജനപ്രതിനിധികൾ തുടങ്ങിയവരെല്ലാം സഹകരിക്കുന്നുണ്ട്. അങ്ങനെ അതിവേഗത്തിൽ ഡിസംബറോടുകൂടി ഭൂമിയേറ്റെടുക്കൽ നടപടി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

അതോടൊപ്പം, 104 കാർഷികോല്പന്നങ്ങളുടെ വ്യവസായ കേന്ദ്രങ്ങൾ സംബന്ധിച്ച് നല്ല രീതിയിലുള്ള പ്രതികരണങ്ങൾ വന്നു. One District, One Product (ODOP) എന്നുള്ളത് കേന്ദ്ര ഗവൺമെന്റുമായി ചേർന്നുള്ള പദ്ധതിയാണ്. എല്ലാ ഉല്പന്നങ്ങളും ജില്ലകൾക്ക് നിശ്ചയിച്ചുകഴിഞ്ഞു, 104-ലധികം അപേക്ഷകൾ ലഭിച്ചു. ഇന്ന് രാവിലെ 10.30-ന് KIED-ന്റെ നേതൃത്വത്തിൽ അപേക്ഷകർക്കുള്ള സംരംഭക ക്ലാസ് ഓരോ ജില്ലയ്ക്കും സംഘടിപ്പിച്ചിട്ടുണ്ട്. ഇന്ന് കാസർഗോഡ് ജില്ലയുടെ പരിപാടിയായിരുന്നു, ഞാനതിൽ പങ്കെടുത്തിരുന്നു. കാർഷികാടിസ്ഥാനമായ വ്യവസായങ്ങൾക്കും ODOP-ക്കുംവേണ്ടി ഇന്ന് രാവിലെ നടന്ന സംരംഭകരുടെ പരിപാടിയിൽ കാസർഗോഡ് ജില്ലയിൽമാത്രം അഞ്ഞൂറിലധികം ആളുകൾ പങ്കെടുത്തു. നല്ല പ്രതികരണമാണ് വന്നുകൊണ്ടിരിക്കുന്നത്. നേരത്തെ ബഹുമാന്യരായ

ധനകാര്യം, കൃഷി, വൈദ്യുതി, വ്യവസായം, എക്സൈസ് തുടങ്ങിയ വകുപ്പുമന്ത്രിമാരെല്ലാംകൂടി ചേർന്ന് എങ്ങനെ കാർഷികമേഖലയിൽ പുതിയ ഉല്പന്നങ്ങൾ കൊണ്ടുവരാമെന്നുള്ള ചർച്ച നടത്തിയിട്ടുണ്ട്. സമയബന്ധിമായി ഇത്തരം കാര്യങ്ങൾ പൂർത്തീകരിക്കുന്നതിന് ഞങ്ങൾ ശ്രമിക്കുന്നുണ്ട്. ഓൺലൈൻ മാർക്കറ്റിംഗ് നിലവിൽ ബി ടു ബി ആണുള്ളത്. ബി ടു സി - നേരെ കൺസ്യൂമറിലേയ്ക്ക് എത്തിക്കുന്ന രൂപത്തിൽ ഒരു പേമെന്റ് ഗേറ്റ്‌വേ സംവിധാനത്തോടുകൂടി ഓൺലൈൻ സംവിധാനം ആരംഭിക്കുന്നുണ്ട്. ഗവൺമെന്റ് മുൻകയ്യെടുത്ത് എല്ലാപേർക്കും ലഭ്യമാകുന്ന രൂപത്തിൽ പുതിയൊരു ഓൺലൈൻ സംവിധാനം ഇപ്പോൾ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നു. കേരളത്തിലെ ഏതൊരാൾക്കും അവരുടെ ഉല്പന്നം നേരെ ഓൺലൈനായി വിൽക്കുന്നതിനാവശ്യമായ സൗകര്യം കൂടുതൽ ക്രമീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. Ease of doing business-ന്റെ കാര്യത്തിൽ നേരത്തെയും ചർച്ചചെയ്തിരുന്നു. ആ ഘട്ടത്തിൽ വ്യവസായ വകുപ്പുമന്ത്രിയെന്ന രീതിയിൽ ഞാൻ പ്രതികരിച്ചിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അക്കാര്യം സൂചിപ്പിച്ചിരുന്നു. Ease of doing business-ൽ ഞങ്ങൾ പറഞ്ഞ മാനദണ്ഡം പ്രധാന പ്രശ്നമാണ്. ചിലരിപ്പോൾ

വ്യത്യസ്തമായി സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം ഇവിടെ ചോദിച്ച നിങ്ങളെവിടെ നിൽക്കുന്നുവെന്ന്. നിങ്ങളല്ല, നമ്മളാണ്, നമ്മുടെ കേരളം എവിടെ നിൽക്കുന്നുവെന്നാണ് പറയേണ്ടത്. അതിൽ 85 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തവണ റാങ്കിംഗ് ഇല്ലെന്നാണ് ആദ്യം പറഞ്ഞത്. achievers, top achievers എന്നിങ്ങനെ നാല് കാറ്റഗറിയായി തിരിക്കാമെന്ന രീതിയിലാണ് പറഞ്ഞിരുന്നത്. വ്യവസായ മേഖലയിൽ Ease of doing business-ന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിൽ മികവ് കൈവരിച്ചിട്ടുള്ള സംസ്ഥാനങ്ങൾക്കുമാത്രമേ ജി.ഡി.പി.-യുടെ രണ്ട് ശതമാനം വായ്പയെടുക്കാൻ അനുമതി നൽകുന്നുള്ളൂ. അതുപ്രകാരം ഇന്ത്യയിലെ എട്ട് സംസ്ഥാനങ്ങൾക്കുമാത്രമേ അനുമതി നൽകിയിട്ടുള്ളൂ. അതിൽ കേരളം നടത്തിയ പരിഷ്കാരങ്ങളുടെ അടിസ്ഥാനത്തിൽ ആ എട്ട് സംസ്ഥാനങ്ങളിൽ കേരളവും ഉൾപ്പെട്ടു. Ease of doing business റാങ്കിംഗിൽ കേരളത്തിന്റെ സ്ഥാനം 28-ാമത് ആയിരിക്കും. പക്ഷേ, പരിഷ്കാരം നടപ്പിലാക്കിയപ്പോൾ എട്ട് സംസ്ഥാനങ്ങൾക്കുമാത്രമേ അനുമതി ലഭിച്ചുള്ളൂ. ഇവിടത്തെ പ്രശ്നം സർവ്വേ അടിസ്ഥാനപ്പെടുത്തിയാണ് റാങ്കിംഗ് നടത്തിയത്. പൂജ്യം ശതമാനം

പരിഷ്കാരം നടപ്പിലാക്കിയ ഒരു കേന്ദ്രഭരണ പ്രദേശം 15-ാം റാങ്കിൽ വന്നു. റാങ്കിംഗിൽ കേരളം കഴിഞ്ഞ് ആറ് സംസ്ഥാനങ്ങളുണ്ട്. അതിൽ ഒരു സംസ്ഥാനം നമ്മളെക്കാൾ മികവാർന്ന രീതിയിൽ 96 ശതമാനം പരിഷ്കാരം നടപ്പിലാക്കി. പക്ഷേ അവർ റാങ്കിൽ നമ്മുടെ പുറകിലാണ് നിൽക്കുന്നത്. സർവ്വേയുടെ പ്രശ്നമെന്താണെന്നുവച്ചാൽ, ഇപ്പോൾ ഒരുകാര്യം നടപ്പിലായോന്ന് ടെലിഫോണിലൂടെയോ വാട്സ്ആപ്പിലൂടെയോ ചോദിക്കുമ്പോൾ നമ്മുടെ ഭൂരിപക്ഷം വ്യവസായികളും അറിയാത്ത നമ്പറിൽനിന്നുള്ള കാൾ എടുക്കില്ല. രണ്ട് തവണ വിളിച്ചിട്ട് എടുത്തില്ലെങ്കിൽ പൂജ്യമാണ് രേഖപ്പെടുത്തുന്നത്. സർവ്വേയുടെ ഒരു മാനദണ്ഡം ഇതാണെന്ന് ഇപ്പോൾ പരിശോധിച്ച് വന്നപ്പോഴാണ് മനസ്സിലായത്. അതുകൂടാതെ 100 പേരോട് ചോദിക്കുമ്പോൾ 70 പേർ മറുപടി പറഞ്ഞാൽ ഒരു മാർക്ക് കിട്ടും, 69 പേർ ആയാൽ പൂജ്യം മാർക്കേ ലഭിക്കുകയുള്ളൂ. ചോദ്യം ഇംഗ്ലീഷിലും ഹിന്ദിയിലുമാണ്. ഒരു സർവ്വെ നടത്താൻ ഉദ്ദേശിക്കുന്നു, രണ്ട് മിനിറ്റ് തരുമോയെന്ന് ചോദിച്ചാൽ ഇപ്പോൾ സമയമില്ലായെന്ന് പറയുന്നത് മലയാളികളുടെ സ്വാഭാവികമായ രീതിയാണ്, പൊതുവെയുള്ള ഒരു പ്രവണതയാണത്. ഇതിനെ അടിസ്ഥാനപ്പെടുത്തിയാണ് റാങ്കിംഗ്

നിശ്ചയിക്കുന്നത്. 100 ശതമാനം സബ്ജക്ടീവാണ്, ആത്മനിഷ്ഠമായ വിലയിരുത്തലാണ്. അതുകൊണ്ടാണ് ഇത് സുതാര്യമാക്കണമെന്നും മാനദണ്ഡങ്ങൾ വ്യക്തമാക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ കത്തെഴുതിയത്. നിരവധി സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർ കത്തെഴുതിയിട്ടുണ്ട്, പക്ഷേ പ്രതികരണങ്ങൾ വന്നിട്ടില്ല. ഇത്തവണ Ease of doing business-ന്റെ ഭാഗമായി നടപ്പിലാക്കാൻ പറഞ്ഞ പരിഷ്കാരങ്ങളിൽ 94 ശതമാനവും ഇതിനകം നടപ്പിലാക്കിക്കഴിഞ്ഞു. കഴിഞ്ഞ തവണത്തെക്കാളും 9 ശതമാനം വർദ്ധനവ് കൈവരിക്കാൻ നമുക്ക് സാധിച്ചു. വസ്തുനിഷ്ഠമായി പരിശോധിക്കുകയാണെങ്കിൽ നല്ല രീതിയിൽ നമുക്ക് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. അടച്ചുപൂട്ടിയിട്ടുണ്ട്, അതല്ലേ നോക്കേണ്ടത്; ഇതല്ലേ റാങ്കിൽ പരിശോധിക്കേണ്ടത്; എന്തിനാണ് റാങ്കിംഗിലേയ്ക്ക് പോകുന്നത് തുടങ്ങിയ കാര്യങ്ങൾ ചില അംഗങ്ങൾ സൂചിപ്പിച്ചു. ഇവിടെ ഞാൻ നേരത്തെയും പറഞ്ഞിരുന്നു, കേരളത്തിൽ ഇതുവരെയുള്ള കണക്കെടുത്താൽ ആകെ എം.എസ്.എം.ഇ.-കളുടെ 100 ശതമാനത്തിനടുത്ത് കഴിഞ്ഞ അഞ്ച് വർഷത്തിലും ഇപ്പോഴത്തെ രണ്ട് മാസത്തിലുമുള്ള കാലയളവിലാണ് ആരംഭിച്ചത്.

ഇവിടെ ഇപ്പോൾ രജിസ്റ്റർ ചെയ്താൽ മതിയല്ലേ; അതിന് മറ്റ് രീതിയിലുള്ള ഫിസിക്കൽ ഇൻസ്പെക്ഷനുണ്ടോയെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. നജീബ് കാന്തപുരം ഇവിടെ സൂചിപ്പിക്കുകയും അദ്ദേഹം വളരെ പ്രസക്തമായ, ക്രിയാത്മകമായ നിർദ്ദേശങ്ങൾ മുന്നോട്ടുവച്ചിട്ടുമുണ്ട്. അതിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. എന്നാൽ വ്യവസായ വകുപ്പിനുകീഴിൽ വ്യവസായ ജാലകമെന്നുള്ള ജിയോ പോർട്ടൽ പ്രവർത്തിക്കുന്നു. അതുപ്രകാരം നേരിട്ടുള്ള പരിശോധനയുമുണ്ട്, ജി.പി.എസ്. സംവിധാനം ഉപയോഗിച്ചുള്ള പരിശോധനയുമുണ്ട്. ആ പരിശോധന നടത്തിയിട്ടുണ്ട്. ഫിസിക്കലായിട്ടുള്ള പരിശോധന നടത്തിയതിൽ വർദ്ധനവുണ്ട്. 2016 മുതൽ ജൂൺ 30 വരെയുള്ള കണക്കെടുത്താൽ പുതിയതായി 70067 എം.എസ്.എം.ഇ. സ്ഥാപനങ്ങൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ വിവരങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ പോർട്ടലിൽ ലഭ്യമാണ്. ഇത് മറുപടിക്ക് വേണ്ടിപറയുന്ന കണക്കല്ല. ഈ വസ്തുത നിൽക്കുമ്പോൾ എങ്ങനെയാണ് Ease of doing business-ൽ പുറകിലാണെന്ന് പറയുന്നത്. അതാണ് പറയുന്നത് ആത്മനിഷ്ഠമാണ്, വസ്തുതയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ളതല്ല.

വ്യവസായങ്ങളുടെ ശവപറമ്പാണ് പെരുമ്പാവൂർ റയോൺസെന്ന് ശ്രീ.

എൽദോസ് പി. കുന്നപ്പിള്ളിൽ പറഞ്ഞു. 20 വർഷത്തിലധികമായിയെന്ന് അദ്ദേഹം പറഞ്ഞത് നന്നായി. 2016 ജൂലൈ മാസത്തിലാണ് ഗവൺമെന്റ് ആദ്യമായി ഇതുസംബന്ധിച്ച് ഓർഡർ ഇറക്കുന്നത്. ആ സന്ദർഭത്തിലാണ് ഏറ്റെടുക്കൽ പ്രക്രിയയിലേക്ക് പോകുന്നത്. അതിന്റെ ഭാഗമായി ഇപ്പോൾ ആ സ്ഥലംതന്നെ ഉപയോഗിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. 73 ഏക്കർ സ്ഥലമുള്ളതിൽ 5 ഏക്കർ സ്ഥലം കെ.എസ്.ഇ.ബി.എൽ.-ന് കൊടുത്തുകഴിഞ്ഞു. 28 ഏക്കറിലാണ് ഫാക്ടറിയും മറ്റ് അനുബന്ധകെട്ടിടങ്ങളുമുള്ളത്. 40 ഏക്കറാണ് കിൻഫ്രയെ ഏല്പിക്കാൻ തീരുമാനിച്ചത്. ലിക്വിഡേറ്റർ 30 ഏക്കറാണ് നമുക്ക് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. അതിന്റെ ജോയിന്റ് ഇൻസ്പെഷൻ ജൂൺ 29-ാം തീയതി നടത്തിയിട്ടുണ്ട്. 30 ഏക്കർ അളന്ന് തിരിക്കാനായി ജൂലൈ മാസം ആദ്യംതന്നെ എറണാകുളം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അവിടെ നല്ല രീതിയിൽ വ്യവസായം ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിന് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ പിന്തുണയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. വ്യവസായങ്ങളുടെ വളർച്ചയ്ക്ക് ട്രേഡ് യൂണിയനുകൾ... അങ്ങനെ ഞങ്ങളിപ്പോൾ കാണുന്നില്ല. ഒരുകാലത്ത് അത്തരം

പ്രചാരവേലകളുണ്ടായിരുന്നു. തൊഴിലാളികൾ പണിമുടക്കുന്നതുമൂലം നഷ്ടപ്പെടുന്ന തൊഴിൽ ദിനങ്ങളുടെ കണക്കെടുത്താൽ ഇന്ത്യയിൽ ഏറ്റവും കുറവുള്ളത് കേരളത്തിലാണ്. ലേ ഓഫ്, ലോക്കൗട്ട് എടുത്താൽ കേരളത്തിൽ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുന്നത് വളരെ കുറവായിരിക്കും. സി.ഐ.ടി.യു, ഐ.എൻ.ടി.യു.സി. ബി.എം.എസ്, എസ്.ടി.യു തുടങ്ങി എല്ലാ ട്രേഡ് യൂണിയനുകളും, അത് പൊതുമേഖലയിലായാലും വ്യവസായ ശാലകളിലായാലും മുന്നോട്ടുപോകണമെന്നുള്ള ക്രിയാത്മകമായ കാഴ്ചപ്പാട് സ്വീകരിച്ചിട്ടുണ്ട്. ചില ഒറ്റപ്പെട്ട അപവാദങ്ങളുണ്ടാകും, അത് കൂട്ടായിതന്നെ ശ്രമിച്ച് തിരുത്തി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കയർ ബോർഡിലെ പ്രവർത്തനങ്ങളും മാറ്റങ്ങളും വളരെ ശ്രദ്ധേയമാണ്. കേരളത്തിലെ കയർ മേഖലയിൽ ഈ കാലയളവിൽ വന്ന മാറ്റം അത്ഭുതകരമാണ്. 2015-16-ൽ ഈ ഗവൺമെന്റ് അധികാരമേൽക്കുമ്പോൾ കേരളത്തിൽ ഉണ്ടാക്കിക്കൊണ്ടിരുന്ന ഫൈബർ രണ്ടര ശതമാനം മാത്രമായിരുന്നു. ഇന്നത് 32 ശതമാനമായി വർദ്ധിച്ചിരിക്കുന്നു. തകർന്നുപോകുമെന്ന് കരുതിയ ഒരു മേഖലയെ രണ്ടാം പുന:സംഘടനവഴി

ശക്തിപ്പെടുത്താൻ മാത്രമല്ല മുന്നോട്ടുകൊണ്ടുപോകാനും കഴിഞ്ഞുവെന്നുള്ളതാണ് കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട സംഭാവന. അതോടൊപ്പംതന്നെ 2015-16-ൽ കേരളത്തിൽ തൊണ്ടിന്റെ യൂട്ടിലൈസേഷൻ അഞ്ചുശതമാനം മാത്രമായിരുന്നു. ഇപ്പോൾ 18 ശതമാനം വർദ്ധനവുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നു. ഈ വർഷം 21 ശതമാനമായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങളിലാണ് ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നത്. 2015-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കയറിന്റെ ആകെയുള്ള ഉൽപാദനം 7880 ടൺ ആയിരുന്നു. കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 26500 ടൺ കയർ ഉൽപാദിപ്പിക്കുവാൻ കഴിഞ്ഞുവെന്നത് അഭിമാനത്തോടുകൂടി പറയുകയാണ്. തകർന്നുപോകുമെന്ന് പ്രതീക്ഷിച്ച കയർ മേഖലയിൽ വലിയ കുതിച്ചുചാട്ടമാണുണ്ടായിട്ടുള്ളത്. ഈ സാമ്പത്തികവർഷം കയറുൽപാദനം 30,000 ടൺ ആക്കി വർദ്ധിപ്പിക്കാനാണ് ലക്ഷ്യംവയ്ക്കുന്നത്.

ഹാന്റക്സിന്റെ പുനഃസംഘടന സംബന്ധിച്ച് ബഹുമാന്യനായ വി. ശശി, എം.എൽ.എ. ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അക്കാര്യം ഞങ്ങൾ ഗൗരവമായി പരിഗണിക്കുന്നുണ്ട്. കൈത്തറിമേഖലയെ ലോകത്താകമാനം

ശക്തിപ്പെടുത്തുന്നതിന് ചില സാദ്ധ്യതകളുണ്ട്. അതെങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും, അതിന്റെ മൂല്യവർദ്ധനവ് എത്രമാത്രം സാദ്ധ്യമാകും എന്നത് സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അദ്ദേഹം പറഞ്ഞതുപോലെ ജപ്പാൻ പോലുള്ള രാജ്യങ്ങളിൽ മുള വ്യവസായത്തിന് നല്ല വർദ്ധനവുണ്ട്. നമുക്ക് മുള ലഭിക്കാത്തൊരു പ്രശ്നമുണ്ടെങ്കിലും അതിന് പ്രത്യേക പദ്ധതി ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുണ്ട്. പുതിയ മൂല്യവർദ്ധിത ഉൽപന്നങ്ങളിലൂടെ ഓർഗാനിക് ഉൽപന്നങ്ങൾക്ക് നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. അതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്.

ബഹുമാന്യനായ മഞ്ഞളാംകുഴി അലി, എം.എൽ.എ. ഇവിടെ കുറെയേറെ കാര്യങ്ങൾ പറഞ്ഞു. അതിലെ നല്ല നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. ചിലത് വസ്തുതകൾക്ക് നിരക്കാത്തതാണ്. വ്യവസായ വകുപ്പിന്റെ കീഴിൽ 45 സ്ഥാപനങ്ങളുണ്ട്. 42 സ്ഥാപനങ്ങളുടെ കണക്കാണ് അവതരിപ്പിക്കുന്നത്. 110 കോടി രൂപയാണ് ലാഭമുള്ളതെന്ന് അദ്ദേഹം പറഞ്ഞത് ശരിയാണ്. പക്ഷേ ലാഭത്തിന്റെ കാര്യത്തിൽ കഴിഞ്ഞ

കാലത്തുനിന്നും വലിയ മാറ്റമുണ്ടായി. പൊതുമേഖലാ സ്ഥാപനങ്ങൾ വിൽക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കുകയായിരുന്നു യു.ഡി.എഫ്.-ന്റെ കാലത്ത് നിയോഗിച്ച ചൗധരി കമ്മിറ്റിയുടെ പ്രധാനപ്പെട്ട ദൗത്യം. അതിന്റെ ഭാഗമായി എത്രയോ പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവത്കരിക്കാൻ പദ്ധതി കൊണ്ടുവന്നു. ഇവിടെ ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങളായിരുന്നു. എന്നാൽ പിന്നീട് എൽ.ഡി.എഫ്. ഗവൺമെന്റ് വന്നു, ഓരോ വ്യവസായശാലയിലും ട്രേഡ് യൂണിയനുകൾ വന്നു. അതാണ് ഞാൻ നേരത്തെ പറഞ്ഞത് ചുവരുണ്ടെങ്കിലേ ചിത്രമുണ്ടാകുകയുള്ളൂ. നല്ല രീതിയിൽ ക്രിയാത്മകമായി പ്രതികരിച്ചതിനാൽ നല്ല മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. ഒരു മാസത്തിനുള്ളിൽ എല്ലാ സ്ഥാപനങ്ങളുടെയും കരട് മാസ്റ്റർ പ്ലാൻ തയ്യാറാക്കി. അതാത് ട്രേഡ് യൂണിയനുകളുമായി ചർച്ച ചെയ്യുകയാണ്. നേരത്തേ വിശദീകരിച്ചതുകൊണ്ട് അതിലേയ്ക്ക് കടക്കുന്നില്ല. ആഗസ്റ്റ് 15-നകം മാസ്റ്റർ പ്ലാനിന് അവസാനരൂപം നൽകാനാണ് തീരുമാനിച്ചിരിക്കുന്നത്. എല്ലാ മാനേജിംഗ് ഡയറക്ടർമാരുടെ നിയമനവും സെലക്ഷൻ കമ്മിറ്റിക്ക് വിടാൻ ഗവൺമെന്റ് തീരുമാനിച്ചു.

റിട്ടയേർഡ് ജസ്റ്റിസ് അദ്ധ്യക്ഷനും വിദഗ്ദ്ധരും വകുപ്പ് സെക്രട്ടറിയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും അടങ്ങുന്ന സെലക്ഷൻ കമ്മിറ്റി നിശ്ചയിക്കുന്നവർ മാത്രമായിരിക്കും എം.ഡി.മാരായി വരാൻ പോകുന്നത്. അതോടൊപ്പംതന്നെ എല്ലാ നിയമനങ്ങളും റിക്രൂട്ട്മെന്റ് ബോർഡിലേക്ക് വിടാനും തീരുമാനിച്ചു. ഇക്കാര്യം ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടനപത്രികയിൽ പറഞ്ഞതാണ്. അത് നടപ്പിലാക്കാനുള്ള ബില്ലിന്റെ കരട് രൂപമായി. ഇനിയുള്ള നിയമനങ്ങളെല്ലാം റിക്രൂട്ട്മെന്റ് ബോർഡുവഴി നടത്താനാണ് ഉദ്ദേശിക്കുന്നത്. കഴിഞ്ഞ ജൂലൈ 5-ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ മുമ്പുനടന്ന ചർച്ചകളുടെ തുടർച്ചയായി സോഫ്റ്റ്‌വെയർ അടിസ്ഥാനപ്പെടുത്തി ഒരു സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം നടപ്പിലാക്കാൻ തീരുമാനിച്ചു. വ്യവസായ നടത്തിപ്പിന്റെ ലൈസൻസ് നൽകുന്നതിൽ വ്യവസായ വകുപ്പിന്റെ റോൾ വളരെ പരിമിതമാണ്. തദ്ദേശസ്വയംഭരണ വകുപ്പ്, പൊല്യൂഷൻ കൺട്രോൾ ബോർഡ്, ലീഗൽ മെട്രോളജി, ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ്, ലേബർ, വലിയ വ്യവസായശാലകൾക്കാണെങ്കിൽ ഫയർ എന്നിങ്ങനെ ആറ് വകുപ്പുകളാണ് ലൈസൻസ് നൽകുന്നത്. ഇതിന് വ്യവസായ വകുപ്പുമായി നേരിട്ടൊരു

ബന്ധവുമില്ലാത്തതാണ്. എന്നാൽ ഒരു പരാതി വന്നാൽ ഉടൻതന്നെ അയാളെ സസ്പെൻഡ് ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്. എന്നാൽ വ്യവസായ വകുപ്പുമായി ബന്ധമില്ലാത്തതായിരിക്കും. അതുകൊണ്ടാണ് ആദ്യത്തെ ക്യാബിനറ്റ് യോഗത്തിൽ Statutory Grievance Redress Mechanism രൂപീകരിക്കാൻ തീരുമാനിച്ചത്. അതിന്റെ കരട് ബില്ലിന് വകുപ്പ് ഇതിനകംതന്നെ രൂപം നൽകിയിട്ടുണ്ട്. അധികം വൈകാതെ ഈ സമ്മേളനത്തിൽതന്നെ നിയമമാക്കാനാണ് ആഗ്രഹിക്കുന്നത്. രണ്ടാമത്തെ കാര്യം, ജൂലൈ 5-ന് മുഖ്യമന്ത്രി പങ്കെടുത്ത യോഗത്തിലെ തീരുമാന പ്രകാരം ആഗസ്റ്റ് 1 മുതൽ സെൻട്രലൈസ്ഡ് ഇൻസ്പെക്ഷൻ സിസ്റ്റം നടപ്പിലാക്കും. അതിന്റെ ഉദ്ഘാടനം ഈ മാസം 30-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കാൻ പോകുകയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. അതോടുകൂടി ഇൻസ്പെക്ഷൻ സംവിധാനത്തിൽ നേരിട്ട് ആളുകളുടെ ആത്മനിഷ്ഠമായ ഘടകങ്ങളുണ്ടാകില്ല. ഇഷ്ടപ്പെട്ട സ്ഥലത്ത് പോകുന്നതും എന്തെങ്കിലും വ്യത്യസ്തതയുണ്ടെങ്കിൽ അങ്ങോട്ടുപോകുന്നതെല്ലാം സേഫ്റ്റ്വെയറായിരിക്കും തീരുമാനിക്കുന്നത്. കൂടാതെ അന്നത്തെ

യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കാലഹരണപ്പെട്ട നിയമങ്ങളും ചട്ടങ്ങളും പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാനും ഗവൺമെന്റ് ഉത്തരവിറക്കി. NUALS (National University of Advanced Legal Studies)-ന്റെ ലോ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസിലറായ ഡോ. കെ. സി. സണ്ണി അദ്ധ്യക്ഷനായും കേന്ദ്ര കാർഷിക സെക്രട്ടറിയായും ഈ മേഖലയിലും പ്രവർത്തിച്ചിരുന്ന ശ്രീ. നന്ദകുമാർ ഐ.എ.എസ്. പ്രത്യേക ക്ഷണിതാവായും ലോ റിഫോംസ് കമ്മീഷന്റെ വൈസ് ചെയർമാനായിരുന്ന ശ്രീ. കെ. ശശിധരൻ നായർ അംഗമായുമുള്ള മൂന്നംഗ കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ട്. മൂന്നുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കാനാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടിയതുപോലെ നിലവിലുള്ള നിയമങ്ങൾ, ചട്ടങ്ങൾ, രജിസ്റ്ററുകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും പരാതികളോ അഭിപ്രായങ്ങളോ ഉണ്ടെങ്കിൽ പൊതുവായി എല്ലാവരിൽനിന്നും അഭിപ്രായം ശേഖരിക്കുന്നതിൽ പ്രതിപക്ഷത്തുള്ളവരുടെയും സഹായം വേണം. നമുക്കെല്ലാവർക്കും ഒന്നിച്ച് നിയമങ്ങളും ചട്ടങ്ങളും കാലികമാക്കി മാറ്റാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, അങ്ങ് കൊമേഴ്സ് മിനിസ്റ്ററുകൂടിയാണ്. സിമന്റ്, കമ്പി തുടങ്ങിയ ഉൽപാദന വസ്തുക്കൾക്കെല്ലാം അയൽ സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ ഏറ്റവും കൂടുതൽ വിലയാണ് ഈടാക്കുന്നത്. അതുകൊണ്ട് നിർമ്മാണ വസ്തുക്കളുടെ വില കുറയ്ക്കുന്ന കാര്യത്തിൽ ഇടപെടാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; മറ്റൊരുകാര്യം, ഇൻഡസ്ട്രിയൽ പാർക്കുകളിൽ പ്രവർത്തിക്കുന്ന ചെറുകിട വ്യവസായ സ്ഥാപനങ്ങളിൽ പത്തെണ്ണം ഒഴിച്ച് മറ്റൊന്നിനും പട്ടയമില്ലാത്തതിനാൽ ബാങ്കിൽനിന്നും വായ്പയെടുക്കാൻ സാധിക്കുന്നില്ല. അതുകൊണ്ട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഉടമസ്ഥാവകാശം നൽകാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, നേരത്തെ ചോദിച്ച കാര്യങ്ങൾക്ക് മറുപടി പറഞ്ഞതിനുശേഷം ഇതുസംബന്ധിച്ച് പരാമർശിക്കാം. 'ASCEND KERALA'-യെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച് ഞാൻ ഈ സഭയിൽത്തന്നെ വ്യക്തമാക്കിയതാണ്. 'ASCEND KERALA' നടന്നതിനുശേഷമുള്ള സാഹചര്യം നമുക്കെല്ലാവർക്കുമറിയാം. മഹാമാരി

ലോകത്താകെ ബാധിച്ച ഘട്ടമാണ്. നിലവിലുള്ള വ്യവസായങ്ങൾ എങ്ങനെ കൊണ്ടുപോകണമെന്ന് വ്യക്തതയില്ലാതെ ലോകം പകച്ചുനിന്ന ഘട്ടത്തിൽപോലും 2020 ജനുവരിയിൽ നടന്ന ASCEND-ലൂടെ സമാഹരിച്ച 12 ശതമാനം നിക്ഷേപങ്ങളും പ്രായോഗികമാക്കാൻ കഴിഞ്ഞു. അവയെല്ലാം പ്രവർത്തനം ആരംഭിച്ചു. 40% ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ 52 ശതമാനം പൂർത്തീകരിച്ചതോ പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നതോ ആണ്. ഇന്നത്തെ സാഹചര്യം കാരണം കുറച്ച് ഹോൾഡ് ചെയ്തിരിക്കുകയാണ്. 18 ശതമാനം പല കാരണങ്ങളാൽ ഒഴിവാക്കിയിട്ടുണ്ട്. അതുസംബന്ധിച്ച് കൃത്യമായി പരിശോധിക്കുകയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ശ്രമിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം ചൂണ്ടിക്കാട്ടിയ മറ്റൊരു കാര്യം യു.ഡി.എഫ്.-ന്റെ പൊതു അഭിപ്രായത്തിൽനിന്ന് വ്യത്യസ്തമാണ്. ഞങ്ങൾ ആരെയോ ഇവിടെനിന്നും ഓടിച്ചുവെന്ന് അദ്ദേഹം പറയുകയുണ്ടായി. നിയമത്തിനനുസരിച്ച് പ്രവർത്തിക്കണമെന്നാണ് ബാക്കിയെല്ലാവരും പറഞ്ഞത്. ഞങ്ങൾ സംരംഭകരുടെ രാഷ്ട്രീയം നോക്കുന്നതേയില്ല. പല വ്യത്യസ്തതകളുണ്ടാകാം. പക്ഷേ ഇവിടെത്തന്നെ നല്ലരീതിയിൽ സംരംഭങ്ങൾ നടക്കണം, അത്

നിയമാനുസൃതവുമായിരിക്കണം. അതുമാത്രമാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. പ്രതിപക്ഷമുൾപ്പെടെ അതിന് നല്ല പിന്തുണ നൽകുന്ന രീതിയിലുള്ള പ്രതികരണം നടത്തിയിട്ടുണ്ട്. അതിൽനിന്നും വ്യത്യസ്തമായ ഒരഭിപ്രായമാണ് അദ്ദേഹം ഉന്നയിച്ചത്. ഞങ്ങളാരേയും ഇവിടെനിന്ന് ഓടിക്കാൻ ശ്രമിക്കുന്നില്ല. അങ്ങോട്ട് പോകുന്നവരെപ്പോലും ഇങ്ങോട്ട് കൊണ്ടുവരാനാണ് ശ്രമിക്കുന്നത്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിൽ നമ്മൾ പിന്നിലാണെങ്കിലും അതിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനത്ത് ഒരു ഗവൺമെന്റ് അധികാരത്തിലിരുന്നപ്പോൾ നാൽപ്പതിലധികം കാറ്റാടിയധിഷ്ഠിത വ്യവസായങ്ങൾക്ക് അനുമതി നൽകി പ്രവർത്തനം ആരംഭിച്ചു. തെരഞ്ഞെടുപ്പുകഴിഞ്ഞ് പുതിയ ഗവൺമെന്റ് വന്നതിന്റെ പിറ്റേ ദിവസം അതിനെല്ലാം അനുമതി നിഷേധിച്ചു. ഇത് കേരളത്തിൽ സംഭവിക്കില്ല എന്നതാണ് പ്രത്യേകത. വളരെ പ്രധാനപ്പെട്ടൊരു മൾട്ടി നാഷണൽ ഫോൺ കമ്പനിയുടെ പ്ലാന്റ് കത്തിച്ച സംസ്ഥാനമുണ്ട്. ആ രൂപത്തിൽ ആക്രമണം നേരിട്ട ആട്ടോമൊബൈൽ കമ്പനിയുള്ള സംസ്ഥാനമുണ്ട്. ഇതൊന്നും കേരളത്തിലില്ല. കേരളത്തിൽ നല്ല രീതിയിൽ വ്യവസായം കൊണ്ടുപോകാൻ സാധ്യതയുണ്ട്. പക്ഷേ നേരത്തെ

പറഞ്ഞതുപോലെ കേരളത്തിന്റെ സവിശേഷതകൾ വച്ചുകൊണ്ടാണ് നമ്മൾ ഫോക്കസ് ചെയ്യുന്നത്. അത് അഗ്രോ ബെയ്സ്ഡ് ഇൻഡസ്ട്രീസും ഇലക്ട്രോണിക്സും ഐ.ടി. അധിഷ്ഠിത വ്യവസായവും ടൂറിസവുമായി ബന്ധപ്പെട്ട വ്യവസായങ്ങളുമാണ്. ഇങ്ങനെ കേരളത്തിന്റെ സവിശേഷതകളുമായി ചേർന്ന് നിന്നുകൊണ്ടുള്ള വ്യവസായങ്ങൾ ആരംഭിക്കാനാണ് പ്രാമുഖ്യം നൽകുന്നത്. അതുവഴിയാണ് ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാട്ടിയ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കപ്പെടുന്നത്. അത് അഡ്രസ് ചെയ്യാൻ എഴുപതോ എൺപതോ ശതമാനം മൈഗ്രന്റ് ലേബേഴ്സ് വർക്ക് ചെയ്യുന്ന കമ്പനികൾക്ക് കഴിയില്ല. ഈ രൂപത്തിൽ പുതിയ വ്യവസായങ്ങൾ ഇവിടെ ആരംഭിച്ചാൽ മാത്രമെ തൊഴിലില്ലായ്മ പരിഹരിക്കാൻ കഴിയുകയുള്ളൂ. അതിലാണ് ഗവൺമെന്റ് ഫോക്കസ് ചെയ്യുന്നത്. അദ്ദേഹം പറഞ്ഞ മറ്റൊരു കാര്യം  കിൻഫ്ര ഏറ്റെടുത്ത ഭൂമിയുടെ വലിയൊരു ശതമാനം ഇപ്പോൾ വിനിയോഗിക്കുന്നില്ലെന്നതാണ്. ഇത് പൂർണ്ണമായും വസ്തുതയ്ക്ക് നിരക്കാത്തതാണ്. വളരെ ചെറിയ ഭാഗമാണ് കിൻഫ്ര ഏറ്റെടുത്തത്. കിൻഫ്ര ഏറ്റെടുത്ത 3693 ഏക്കറിൽ 3422 ഏക്കറാണ് അലോട്ട് ചെയ്യാനുള്ളത്. ബാക്കി പശ്ചാത്തല സൗകര്യത്തിന്റെ

വികസനത്തിനുവേണ്ടി വിനിയോഗിച്ചതാണ്. അതിൽ 3269 ഏക്കർ, അതായത് 95 ശതമാനം കിൻഫ്രയുടെ ഭൂമി ഇതിനകം വിതരണം ചെയ്ത് കഴിഞ്ഞിട്ടുണ്ട്. അതാണ് അതിന്റെ വസ്തുത. അത് അദ്ദേഹം പറഞ്ഞതിൽനിന്ന് വ്യത്യസ്തമാണ്.

മണ്ഡലത്തിൽ വ്യവസായ പാർക്ക് എന്നത് ചില അംഗങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഗവൺമെന്റ് വളരെ ഗൗരവപൂർവ്വം ആ നിർദ്ദേശം പരിഗണിക്കും. ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുത്താൽ ഓരോ മണ്ഡലത്തിലും വ്യവസായ പാർക്കുകൾ ആരംഭിക്കാൻ കഴിയും. കഴിഞ്ഞ ഗവൺമെന്റ് ശ്രദ്ധേയമായ ചുവടുവയ്പ്പ് നടത്തിയിട്ടുണ്ട്. അത് സ്വകാര്യ വ്യവസായ പാർക്കുകൾക്കുള്ള അനുമതിയാണ്. സ്വകാര്യ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് നഗരത്തിൽ പതിനഞ്ച് ഏക്കറും ഗ്രാമത്തിൽ ഇരുപത്തിയഞ്ച് ഏക്കറും സ്ഥലം വേണമെന്നാണ് കണ്ടിട്ടുള്ളത്. അവിടെ സ്ഥലം ലഭിക്കുകയാണെങ്കിൽ സ്വകാര്യ സംരംഭകർ വ്യവസായ എസ്റ്റേറ്റ് ആരംഭിക്കാൻ വന്നാൽ കിൻഫ്രയോ കെ.എസ്.ഐ.ഡി.സി.-യോ അതിൽ സംയുക്ത പങ്കാളിത്തത്തോടുകൂടി വന്നാൽ മറ്റ് സൗകര്യങ്ങളെല്ലാം നൽകുകയും ഗവൺമെന്റ് പിന്തുണയ്ക്കുകയും ചെയ്യും. കേരളത്തിൽ വലിയ

മാറ്റമുണ്ടാക്കാൻ സ്വകാര്യ വ്യവസായ എസ്റ്റേറ്റ് എന്ന കാഴ്ചപ്പാടിന് കഴിയും. അത് ഓരോ മണ്ഡലത്തിലും നമുക്ക് ആരംഭിക്കാൻ കഴിയും. അതിന് എല്ലാ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുത്ത് വാശിയോടെയും മത്സരത്തോടെയും തയ്യാറായാൽ വ്യവസായ വകുപ്പ് എല്ലാ പിന്തുണയും നൽകുമെന്നാണ് അറിയിക്കാനുള്ളത്. കേന്ദ്ര ഗവൺമെന്റിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റിന്റെ സവിശേഷമായ ഒരു നയമാണ് പൊതുമേഖലയെ സംരക്ഷിക്കുകയും കേന്ദ്ര ഗവൺമെന്റുതന്നെ കൈയൊഴിയുന്ന പൊതുമേഖലയെ വീണ്ടെടുത്ത് കേരളത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുക എന്നുള്ളത്. എച്ച്.എൻ.എൽ. നമുക്ക് നൽകണമെന്നാവശ്യപ്പെട്ടെങ്കിലും കേന്ദ്ര ഗവൺമെന്റ് അതിന് തയ്യാറായില്ല. ഓപ്പൺ ബിഡ്ഡിംഗിൽ മത്സരത്തിൽ പങ്കെടുത്താണ് എച്ച്.എൻ.എൽ. കേരള ഗവൺമെന്റ് വാങ്ങിയത്. അതിപ്പോൾ മൂന്നായി ഉപയോഗിക്കാൻ തീരുമാനിക്കുന്നു. എച്ച്.എൻ.എൽ. ഇല്ലാതായതോടുകൂടി പേപ്പറിന്റെ ഒരു പുതിയ കമ്പനി രജിസ്റ്റർ ചെയ്തിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ, ഒരു റബ്ബർ കമ്പനി രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ബാക്കി സ്ഥലം കിൻഫ്രയുടെ എസ്റ്റേറ്റായി പുതിയ വ്യവസായങ്ങൾ ആരംഭിക്കാനും കോട്ടയം ജില്ലയിൽ

വലിയ മാറ്റമുണ്ടാക്കാനും കഴിയുന്നൊരു പദ്ധതി ഗവൺമെന്റ് വിഭാവനം ചെയ്യുന്നുണ്ട്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടിയ പ്ലാന്റേഷന്റെ കാര്യത്തിൽ കഴിഞ്ഞ ഗവൺമെന്റ് വിപ്ലവകരമായ സമീപനം സ്വീകരിച്ചു. അതാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയത്. ഈ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സൂചിപ്പിച്ച ഇടവിളകൾ കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ച പ്ലാന്റേഷൻ നയത്തിന്റെ ഭാഗമാണ്. തോട്ടങ്ങളിൽ നിലവിലുള്ള അടിസ്ഥാന ഘടനയിൽ യാതൊരു മാറ്റവും വരുത്താതെ ഇടവിള കൃഷികളും വിവിധവിള കൃഷികളും അനുവദിച്ചാൽ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് കൈവരിക്കാനും സാമ്പത്തിക പ്രതിസന്ധിയിലായ തോട്ടം മേഖലയെ പുനരുജ്ജീവിപ്പിക്കാനും കഴിയും. പഴവർഗ്ഗങ്ങൾ, പച്ചക്കറികൾ എന്നിവയൊക്കെയാണ് ഇടവിളകൾ. കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ച നയമാണ്. ആ നയം അംഗീകരിച്ചതിനുശേഷം ഇപ്പോൾ ഈ ഗവൺമെന്റ് സ്വീകരിച്ച ഏറ്റവും പ്രധാനപ്പെട്ട ചുവടുവയ്പ്പ് പ്ലാന്റേഷനെ ഒരു വ്യവസായമായി അംഗീകരിച്ചുവെന്നുള്ളതാണ്. ആ മേഖലയിൽ വലിയ ആവേശവും പ്രതികരണവും ഉണ്ടായിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ

ചൂണ്ടിക്കാട്ടിയതുപോലെ ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ പ്ലാന്റേഷൻ നയം പുനഃപരിശോധിക്കും. നേരത്തെ തൊഴിൽ വകുപ്പിന്റെ കാഴ്ചപ്പാടിലാണ് ഈ നയം ആവിഷ്കരിച്ചത്. വ്യവസായ വകുപ്പിന്റെ കീഴിൽ വരുമ്പോൾ, വ്യവസായം എന്ന നിലയിൽ പ്ലാന്റേഷനെ സമീപിച്ചുകൊണ്ട് ഒരു പുതിയ നയം അധികം വൈകാതെ അംഗീകരിക്കണമെന്നാണ് കരുതുന്നത്. അധികം വൈകാതെതന്നെ പ്ലാന്റേഷന്റെ ഡയറക്ടറേറ്റ് രൂപീകരിക്കും. കേരള ചരിത്രത്തിൽ ഒരു പുതിയ ഘട്ടമായി പ്ലാന്റേഷന്റെ വ്യവസായമെന്ന പദവിയിലൂടെ തുടക്കംകുറിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് ഒക്കെ പി.എസ്.യു.-കളുടെ മാസ്റ്റർ പ്ലാനിലുള്ളതാണ്. അവിടെ ഗ്രേ സിമന്റുകൂടി ഉൽപ്പാദിപ്പിക്കണമെന്നുള്ളതാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിനെക്കുറിച്ച് അങ്ങ് പരാമർശിച്ചതിന് നന്ദി. അതിന്റെ പശ്ചാത്തലമൊക്കെ അങ്ങേയ്ക്ക് അറിയാവുന്നതുകൊണ്ട് ഞാൻ അതൊന്നും വിശദീകരിക്കുന്നില്ല. അവിടെനിന്നും 2019-ൽ റിട്ടയർ ചെയ്ത 95 ജീവനക്കാർക്ക് പ്രോവിഡന്റ് ഫണ്ടും ഗ്രാറ്റുവിറ്റിയും കൊടുത്തിട്ടില്ല. വളരെ

ദൗർഭാഗ്യകരമായ ജീവിതമാണ് അവർക്കുള്ളത്. അതിന് പോസിറ്റീവായൊരു നടപടി അങ്ങ് ആലോചിക്കുമോ?

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാട്ടിയത് വളരെ പ്രസക്തമായ കാര്യമാണ്. കഴിഞ്ഞ ഗവൺമെന്റുതന്നെ ക്രിയാത്മകമായ സമീപനം സ്വീകരിച്ചതിന്റെ ഭാഗമായി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡിന്റെ കാക്കനാടുള്ള ഭൂമി കിൻഫ്രയ്ക്ക് കൊടുത്ത് അതിന് അഡ്വാൻസായി 5 കോടി രൂപ ആദ്യഘട്ടമായി നൽകിയിട്ടുണ്ട്. അതിനുശേഷം കിൻഫ്ര ബോർഡ് ചർച്ച ചെയ്തു. ലാന്റിന്റെ വില നിർണ്ണയത്തിലുള്ള പ്രശ്നങ്ങൾ പരിശോധിക്കാൻ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതുപോലെ രജിസ്ട്രേഷന് എക്സംപ്ഷൻ നൽകിയതുസംബന്ധിച്ച് ടാക്സ് ഡിപ്പാർട്ടുമെന്റിന്റെ ഒബ്ജക്ഷൻ വന്നത് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നം വളരെ ഗൗരവമായിത്തന്നെ ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സേവ്യർ ചിറ്റിലപ്പിള്ളി മുളംകുന്നത്തുകാവിനെക്കുറിച്ച് ചൂണ്ടിക്കാണിച്ചിരുന്നു. ബഹുമാനപ്പെട്ട ശ്രീ. എ. സി. മൊയ്തീൻ മന്ത്രിയായിരിക്കുമ്പോൾ അതിൽ പ്രത്യേകം താല്പര്യമെടുത്തിരുന്നു. ആ കേസുകൾ പിന്തുടരുന്നതിനും ആ

സ്ഥലം കെൽട്രോണിൽത്തന്നെ നിലനിർത്തുന്നതിനും അദ്ദേഹം പ്രത്യേകം താല്പര്യമെടുത്തിരുന്നു. അവിടെയുള്ള 12.19 ഏക്കർ സ്ഥലം ലിക്വിഡേറ്ററുടെ അധീനതയിലാണ്. ഇതുസംബന്ധിച്ച് ഹൈക്കോടതിയിലുള്ള കേസ് അവസാനഘട്ടത്തിലേയ്ക്ക് എത്തിയിട്ടുണ്ട്. അത് കെൽട്രോണിന്റേത് തന്നെയാക്കി വ്യവസായ ആവശ്യങ്ങൾക്കുപയോഗിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. Coconics Private Limited-നെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതൊരു എസ്.പി.വി. ആണ്. 49 ശതമാനം ഓഹരി യു.എസ്.ടി. ഗ്ലോബലിനാണ്. കെൽട്രോൺ-26 ശതമാനം, കെ.എസ്.ഐ.ഡി.സി.-23 ശതമാനം, Acceleron- 2 ശതമാനം എന്നിങ്ങനെ പെയ്ഡ് അപ് ക്യാപ്പിറ്റൽ പത്ത് കോടിയായി ആരംഭിച്ച കമ്പനിയാണ്. ഇതിനകം പതിനൊന്നായിരം ലാപ്ടോപ്പുകൾ ഇന്ത്യൻ മാർക്കറ്റിൽ വിതരണം ചെയ്തിട്ടുണ്ട്. അതുസംബന്ധിച്ച് പ്രധാനപ്പെട്ട പരാതികളൊന്നും വന്നിട്ടില്ല. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാട്ടിയത് ശരിയാണ്. അതിൽ 2300 ലാപ്ടോപ്പുകളിൽ പവർസ്വിച്ചിന്റെ ഡിഫക്ട് കണ്ടുപിടിച്ചിട്ടുണ്ട്. കൊക്കോണിക്സ് പ്രൈവറ്റ് ലിമിറ്റഡിനുതന്നെ അത് എളുപ്പത്തിൽ റെക്റ്റിഫൈ ചെയ്യാൻ കഴിയുന്നതാണ്. ഒരു പുതിയ

സംരംഭമായതിനാൽ നല്ല രീതിയിൽത്തന്നെ മുന്നോട്ട് കൊണ്ടുപോകാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. 'വിദ്യാശ്രീ' പ്രോജക്ടിന്റെ ഭാഗമായി 4700 ലാപ്ടോപ്പുകൾ പതിനയ്യായിരം രൂപ നിരക്കിൽ സപ്ലൈ ചെയ്തിട്ടുണ്ട്. കുണ്ടറയെക്കുറിച്ച് അദ്ദേഹം പറഞ്ഞ കാര്യം പരിശോധിക്കാം. കയർ മേഖലയിലെ പ്രശ്നങ്ങൾ അദ്ദേഹം വളരെ ഗൗരവമായിതന്നെ സൂചിപ്പിക്കുകയുണ്ടായി. അത് ശരിയാണ്. എന്നാൽ കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ച വളരെ ക്രിയാത്മകമായ നിലപാടിന്റെ ഭാഗമായി ബുദ്ധിമുട്ടുകൾ നേരിട്ട 70 സ്വകാര്യ ഫാക്ടറികൾക്ക് സർക്കാർ പലിശ ഗ്യാരണ്ടി നൽകി. അതിന്റെ ഭാഗമായി 2019-20-ൽ സ്വകാര്യ വ്യവസായശാലകളുടെ 9% പലിശ സബ്സിഡി ഇനത്തിൽ സർക്കാർ ബാങ്കുകൾക്ക് നേരിട്ട് നൽകി. അതിൽ 2020-21-ലെ ഒരു ഗഡു കൂടി ഇനി അനുവദിക്കാനുണ്ട്. അതാണ് നേരത്തെ ചൂണ്ടിക്കാട്ടിയ ഒരു കാര്യം. 2016-ൽ പ്രവർത്തനരഹിതമായിരുന്ന പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളെല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. നിലവിൽ കുറച്ച് പ്രശ്നങ്ങളുണ്ട് എന്നുള്ളത് ശരിയാണ്, അത് പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. അതിൽ ഏറ്റവും ശ്രദ്ധേയമായ കാര്യം, തോട്ടണ്ടിയുടെ ഇറക്കുമതിയുടെ കണക്ക് പരിശോധിക്കുമ്പോൾ കഴിഞ്ഞ

പ്രാവശ്യത്തേക്കാളുമധികം ഇറക്കുമതി ഇതിനകംതന്നെ ചെയ്തിട്ടുണ്ട് എന്നുള്ളതാണ്. അതുകൂടാതെ കരാർ കൊടുത്തതുകൂടി നോക്കുമ്പോൾ കഴിഞ്ഞ പ്രാവശ്യത്തേക്കാളും ഇരട്ടിയോളം തോട്ടണ്ടി, ഫാക്ടറികൾക്ക് ആവശ്യമാകുന്ന രൂപത്തിൽ ഇപ്പോൾ ലഭ്യമാകുന്നതാണ്. അത് നല്ല രീതിയിലുള്ള ഒരു മാറ്റമാണ് കാണിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ സ്വകാര്യ സ്ഥാപനങ്ങൾ ഇപ്പോൾ പ്രതിസന്ധി നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ബാങ്കേഴ്സിന്റെയും വ്യവസായികളുടെയുമെല്ലാം ഒരു യോഗം വിളിക്കുകയും ഇതിനാവശ്യമായ ശക്തമായ നിലപാട് സ്വീകരിച്ച് ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ കമ്മിറ്റിയുടെ പ്രവർത്തനത്തിൽ ബാങ്കുകൾ വേണ്ടത്ര സഹകരിക്കാത്ത പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം വ്യവസായമന്ത്രിതന്നെ ഒരു പ്രത്യേക യോഗം വിളിക്കുകയുണ്ടായി. ആ യോഗത്തിന്റെ തുടർച്ചയായി വീണ്ടും കമ്മിറ്റി യോഗം ചേർന്നിട്ടുണ്ട്. അതിൽ 35% principal amount അടയ്ക്കാം എന്ന നിലപാടാണ് കശുവണ്ടി

മുതലാളിമാർ സ്വീകരിച്ചത്, എന്നാൽ 55% എങ്കിലും വേണമെന്ന നിലപാടിലാണ് ബാങ്കുകൾ. അടുത്തയാഴ്ച വീണ്ടും കമ്മിറ്റിയോഗം ചേരുന്നുണ്ട്. അത് അതിവേഗത്തിൽ പരിഹരിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കശുവണ്ടി വ്യവസായം കുറച്ചുകാലങ്ങളായി എം.എസ്.എം.ഇ.കളുടെ സാമ്പത്തിക സഹായത്തിന്റെ നെഗറ്റീവ് ലിസ്റ്റിലാണ് കിടക്കുന്നത്. ആ നെഗറ്റീവ് ലിസ്റ്റിൽനിന്നും മാറ്റാനുള്ള നടപടി സ്വീകരിച്ചാൽ അത് വലിയ സഹായകരമായിരിക്കും.

ശ്രീ. പി. രാജീവ്: സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് വളരെ ശരിയായൊരു കാര്യമാണ്. അതിൽ എനിക്ക് സഭയെ അറിയിക്കാനുള്ളത് കാഷ്യൂ ഇൻഡസ്ട്രിയെ നെഗറ്റീവ് ലിസ്റ്റിൽനിന്നും മാറ്റുന്നതിനുള്ള ഉത്തരവ് ഇപ്പോൾതന്നെ നൽകിക്കഴിഞ്ഞിട്ടുണ്ട് എന്നാണ്. ഞങ്ങൾ പരിശോധിക്കുമ്പോൾതന്നെ ഈ ലിസ്റ്റിൽ സാധാരണഗതിയിൽ വരാൻ പാടില്ലാത്ത പല വ്യവസായങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. അതോടൊപ്പംതന്നെ റെഡ് കാറ്റഗറിയിൽപ്പെട്ട മറ്റൊന്നാണ് ഡെയറി യൂണിറ്റ്. അതും പരിശോധിക്കാൻ മൂന്നംഗ കമ്മിറ്റിയോട് നിർദ്ദേശിച്ചിട്ടുണ്ട്,

നല്ല രീതിയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ: സർ, കശുവണ്ടി വ്യവസായം എന്നുപറയുന്നത് കേരളത്തിലെ ഒരു പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായമാണ്. കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് ഇതെല്ലാം സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളാണ്. അവിടെ പരമാവധി ജോലി കൊടുക്കുന്ന പ്രവർത്തനങ്ങളാണ് ഗവൺമെന്റ് നടത്തിയിട്ടുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് തൊഴിൽ നൽകുന്നതുമായി ബന്ധപ്പെട്ട് ഒരുപാട് വീഴ്ചകളുണ്ടായിട്ടുണ്ട്. അവരുടെ ആനുകൂല്യങ്ങളടക്കം കുടിശ്ശിക തീർത്ത് കൊടുത്തുതീർക്കാനുള്ള നടപടി സ്വീകരിച്ചത് ഈ ഗവൺമെന്റാണ്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള ഫാക്ടറികളിൽ പരമാവധി തൊഴിലവസരങ്ങൾ കൊടുക്കുവാനുള്ള നടപടികളുണ്ടാകണം. അതോടൊപ്പംതന്നെ സ്വകാര്യ മേഖലയിൽ നിരവധി കശുവണ്ടി ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന സാഹചര്യവും അതുമായി ബന്ധപ്പെട്ട് ധാരാളം പ്രശ്നങ്ങളും നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് കയർ മേഖലയ്ക്ക് അനുവദിച്ചതുപോലെ, കശുവണ്ടി മേഖലയ്ക്കുവേണ്ടി പ്രത്യേകമായി ഒരു പാക്കേജ് രൂപീകരിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുമോ?

<u>ശ്രീ. പി. രാജീവ്</u>: സർ, അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ നേരത്തെതന്നെ പ്രതിപാദിച്ചതാണ്. ഈ മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്, സ്വകാര്യ സ്ഥാപനങ്ങളുടെ വിഷയത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിച്ചിട്ടുണ്ട്.

ബഹുമാനപ്പെട്ട അംഗം അതിനിടയിൽ ഒരു കാര്യം പറഞ്ഞു, വ്യാജ പ്രചരണങ്ങൾ നടത്തുന്നുവെന്ന്. അതൊരു വ്യവസായമായി നന്നായി ശക്തിപ്പെടുത്താൻ ശ്രമിച്ചൊരു കാലമായിരുന്നല്ലോ പിന്നിട്ട അഞ്ച് വർഷം എന്നുള്ളത്. പക്ഷേ ആ വ്യവസായത്തെ കേരളമാകെ തള്ളിക്കളഞ്ഞിട്ടാണ് ഈ ഗവൺമെന്റിനെ വീണ്ടും അധികാരത്തിലെത്തിച്ചത്. ഇപ്പോൾ വ്യാജപ്രചരണങ്ങളല്ല, തൊട്ടറിയാൻ കഴിയാവുന്ന വസ്തുതകളാണ് ഞങ്ങൾ പറയാൻ ശ്രമിക്കുന്നത്. ബഹുമാന്യനായ പി. ജെ. ജോസഫ് എം. എൽ. എ. ചൂണ്ടിക്കാണിച്ചത് വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളാണ്. അക്കാദമി-ഇൻഡസ്ട്രി ലിങ്കേജ് എന്നുള്ളത് ഈ ഗവൺമെന്റ് ഊന്നൽ നൽകുന്ന ഒരു വിഷയമാണ്. അതിൽ രണ്ട് ഭാഗങ്ങളുണ്ട്, ഒന്ന് ഇൻഡസ്ട്രിയുടെ ആവശ്യങ്ങൾക്കനുസരിച്ച് കോഴ്സുകളുടെ റീസ്ട്രക്ചറിംഗും രണ്ട് ഇൻഡസ്ട്രിക്ക് ആവശ്യമായ ഗവേഷണ പിന്തുണ ഇത്തരം സ്ഥാപനങ്ങളിൽനിന്നും

ലഭ്യമാക്കുക എന്നുള്ളതും. ബഹുമാനപ്പെട്ട അംഗം മുന്നോട്ടുവച്ച നിർദ്ദേശം ഗവൺമെന്റിന്റെതന്നെ പ്രകടനപത്രികയിലുൾപ്പെടെയുള്ള വിഷയം തന്നെയാണ്. അടുത്തതായി അദ്ദേഹം പറഞ്ഞ പെട്രോകെമിക്കൽ പ്രോജക്ടിന് 35000 കോടി എന്നുള്ളത് ബി.പി.സി.എൽ. (ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്) നടപ്പിലാക്കുന്ന കേന്ദ്ര ഗവൺമെന്റ് പദ്ധതിയാണ്. നമ്മൾ പെട്രോകെമിക്കൽ പാർക്കാണ് ആരംഭിക്കാൻ പോകുന്നത്. അതിന് ഭൂമി നല്ല രീതിയിൽ വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്, വിശദാംശങ്ങൾ സമയക്കുറവുമൂലം അവതരിപ്പിക്കുന്നില്ല. എന്നാൽ റിഫൈനറിയുടെ ബൈപ്രോഡക്ടായ നമുക്ക് കിട്ടേണ്ടിയിരുന്ന അസംസ്കൃത വസ്തുവിന്റെ ഉൽപാദനത്തിനുള്ള പുതിയ പ്ലാന്റിന്റെ നിർമ്മാണം ഇപ്പോൾ സ്തംഭനാവസ്ഥയിലാണ്. പുതിയ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ നേരിൽ കണ്ടപ്പോൾതന്നെ ഇത് സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കരിമണൽ അധിഷ്ഠിത വ്യവസായത്തെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിൽ കെ.എം.എം.എൽ., ടൈറ്റാനിയം എന്നിവ നമുക്ക് വലിയ സാധ്യതകളുള്ള

വ്യവസായ സ്ഥാപനങ്ങളാണ്. ഇപ്പോൾ ഉൽപാദിപ്പിക്കുന്നതിൽനിന്നുകൊണ്ടുതന്നെ കുറേക്കൂടി വാല്യൂ അഡീഷനിലേയ്ക്ക് പോകാൻ സാധിക്കും. ടൈറ്റാനിയം അതുപോലെ ലിത്തിയം ബാറ്ററി എന്നിവ എങ്ങനെ ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നുള്ളതെല്ലാം മാസ്റ്റർ പ്ലാനിന്റെ ഭാഗമായി ചർച്ച ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുപോലെ യൂണിഫൈഡ് ലാന്റ് ലീസിനെ യൂണിഫോം സിവിൽ കോഡുമായി ബഹുമാനപ്പെട്ട അംഗം താരതമ്യപ്പെടുത്തിയത് വല്ലാത്തൊരു താരതമ്യമായിപ്പോയി, അത്തരത്തിലുള്ള അപകടത്തിലേയ്ക്ക് പോകരുത്. നാല് തരത്തിലുള്ള വ്യവസായ സ്ഥാപനങ്ങൾ നമുക്കുണ്ട്. വ്യവസായ കേന്ദ്രങ്ങൾ, സിഡ്കോ, കിൻഫ്ര, കെ.എസ്.ഐ.ഡി.സി. ഇങ്ങനെയുള്ള നാല് സ്ഥാപനങ്ങളുടെ കീഴിൽ പലതരത്തിലാണ് ഇൻഡസ്ട്രികൾ നിൽക്കുന്നത്. ലാന്റിന്റെ ലീസ് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം കെ. ബാബു (തൃപ്പൂണിത്തുറ) ചൂണ്ടിക്കാണിച്ചിരുന്നു. Unified land lease policy വരുമ്പോൾ അതിനൊരു പരിഹാരമുണ്ടാകും. ഈ നാല് മേഖലകളിലുള്ളവരുടെ ആവശ്യമായതിനാൽ അവരുമായി ചർച്ച നടത്തിയിട്ടുണ്ട്, പരിഹരിക്കാൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്. ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യണമെന്ന് അദ്ദേഹം പറഞ്ഞ കാര്യം ശരിയാണ്. ഞങ്ങൾ ഇതിനകം ജനറൽ മാനേജർമാരുടെയും സെക്രട്ടേറിയറ്റിലുള്ള സെക്ഷൻ ഓഫീസർമാർ വരെയുള്ളവരുടെയും യോഗം ചേർന്നിരുന്നു. ജനറൽ മാനേജർമാർക്ക് ലാൻഡ് ഹോൾഡ് സർവ്വീസിന്റെ ഭാഗമായി ഐ.എ.എം.എൽ. സർവ്വീസിന്റെ റിഫ്രഷർ കോഴ്സുകളെക്കുറിച്ച് ആലോചിക്കുന്നുണ്ട്. അവർക്കെല്ലാം ടാർജെറ്റ് നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഓരോ പദ്ധതിയിലും ഓരോ ജില്ലാ വ്യവസായ കേന്ദ്രവും എത്രപേരെ ആകർഷിച്ചു എന്നുള്ളതിന്റെ ടാർജെറ്റ് നിശ്ചയിച്ചിട്ടുള്ള പ്രവർത്തനം ആലോചിച്ചിട്ടുണ്ട്. ട്രാവൻകൂർ സിമന്റ്സും കേരള സോപ്സും ഞാൻ നേരത്തെ പറഞ്ഞതുപോലെ പി.എസ്.യു.-ന്റെ മാസ്റ്റർ പ്ലാനിന്റെ ഭാഗമായിട്ടുള്ളതാണ്. തോട്ടം മേഖലയെക്കുറിച്ചും നേരത്തെ സൂചിപ്പിക്കുകയുണ്ടായി. സ്മാർട്ട് സിറ്റി യഥാർത്ഥത്തിൽ റിയൽ എസ്റ്റേറ്റാണ് എന്നുള്ളത് ഇപ്പോഴാണ് ബഹുമാനപ്പെട്ട എം.എൽ.എ. കണ്ടതെങ്കിൽ തുടക്കക്കാലത്ത് ആ വിമർശനം ശക്തമായി ഉയർന്നുവന്നതായിരുന്നു. ഞാൻ സമയക്കുറവുമൂലം അതിലേയ്ക്ക് പോകുന്നില്ല. കാർഷിക വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകണമെന്നത് വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ്,

ഗവൺമെന്റും അതിന് പ്രാധാന്യം നൽകുന്നുണ്ട്. ഇവിടെ പറഞ്ഞ സിമന്റിന്റെ വിലവർദ്ധനവ് സംബന്ധിച്ച് ഗവൺമെന്റ് യോഗം വിളിച്ചുചേർത്തിരുന്നു. നമ്മുടെ പരിമിതി എന്നത് കേരളത്തിൽ പത്ത് ശതമാനത്തിൽ താഴെ മാത്രമാണ് സിമന്റ് ഉൽപ്പാദിപ്പിക്കുന്നത് എന്നതാണ്. മലബാർ സിമന്റ്സ് ആറ് ശതമാനമാണ് ഉൽപ്പാദിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി എം.എൽ.എ. ഇത് നഷ്ടത്തിലാണെന്ന് സൂചിപ്പിക്കുകയുണ്ടായി. നഷ്ടത്തിലായിരുന്ന ഒരു കാലമുണ്ടായിരുന്നു, ആ ചരിത്രഭാഗം ഞാൻ ഇപ്പോൾ വിശദീകരിക്കുന്നില്ല. പക്ഷേ ഇപ്പോൾ ഞങ്ങൾക്ക് അഭിമാനത്തോടുകൂടി പറയാം മലബാർ സിമന്റ്സ് അവരുടെ ചരിത്രത്തിലെ റിക്കോർഡ് ലാഭത്തിലാണ് നിൽക്കുന്നത് എന്നുള്ളത്. പക്ഷേ അത് ആറ് ശതമാനമേ ഉൽപാദിപ്പിക്കുന്നുയുള്ളൂ. അതൊരു ഇരുപത്തഞ്ച് ശതമാനമായി വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത്. ഒപ്പംതന്നെ കൊമേഴ്സ് മിഷനിൽ നേരത്തെ പറഞ്ഞതുപോലെ വ്യാപാര സംവിധാനത്തെക്കൂടി ഉൾപ്പെടുത്തുന്ന രൂപത്തിൽ ഒന്നുകൂടി അതിന്റെ ലക്ഷ്യങ്ങൾ പുനർനിർവ്വചിക്കാൻ കഴിഞ്ഞ യോഗം തീരുമാനിച്ചിട്ടുണ്ട്. വില നിയന്ത്രിക്കുവാൻ കഴിയാവുന്ന രൂപത്തിലുള്ള ഇടപെടലുകൾ ഗവൺമെന്റ് നടത്തുന്നതായിരിക്കും.

<u>മി. സ്പീക്കർ</u>: സമയം ഒരു മണിക്കൂർ കഴിഞ്ഞു. മന്ത്രി വളരെ ഉദാരമായി വഴങ്ങിക്കൊണ്ടിരിക്കുകയാണ്.

<u>ശ്രീ. പി. രാജീവ്</u>: ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതനുസരിച്ച് ഒരാൾക്കുകൂടി വഴങ്ങിക്കൊടുത്തിട്ട് ഞാൻ അവസാനിപ്പിക്കാം.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, പുതിയ സംരംഭങ്ങളുണ്ടാകേണ്ടതിന്റെ അനിവാര്യത നമുക്കെല്ലാവർക്കും ബോധ്യമുണ്ട്. നമ്മുടെ സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾ മിക്കതും ശ്രദ്ധചെലുത്തുന്നത് ഐ.റ്റി.യുമായി ബന്ധപ്പെട്ട വ്യവസായങ്ങളിൽ മാത്രമാണ്. Manufacturing, food processing ഉൾപ്പെടെയുള്ള യൂണിറ്റുകളുടെ കാര്യത്തിൽ സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ ഇൻഡസ്ട്രി സൈഡിൽ അതിന് കൂടുതൽ സപ്പോർട്ട് കൊടുക്കാൻ ഈ രണ്ട് ഡിപ്പാർട്ടുമെന്റുകളും കൂടിയുള്ള ടൈഅപ്പ് പരമാവധി പ്രോത്സാഹിപ്പിക്കേണ്ട സമയമാണ് എന്നതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായം എന്താണ്? അതുപോലെതന്നെ അങ്ങയുടെ അഭാവത്തിൽ ബഹുമാനപ്പെട്ട മന്ത്രി കെ. രാധാകൃഷ്ണൻ ഒരിക്കൽ മറുപടി പറയുകയുണ്ടായി, പാലക്കാട് ജില്ലയിൽ കോച്ച് ഫാക്ടറിക്ക് വേണ്ടി ഏറ്റെടുത്ത സ്ഥലത്ത് ഗിഫ്റ്റ് സിറ്റി മാതൃകയിൽ ഇൻഡസ്ട്രിയൽ ഫിനാൻസ് &

ട്രേഡ് പാർക്ക് ആരംഭിക്കണം. അതുപോലെതന്നെ തിരുവനന്തപുരത്ത് സ്ഥിതിചെയ്യുന്ന ഇംഗ്ലീഷ് ഇന്ത്യൻ ക്ലേയ്സ് ലിമിറ്റഡ് ഒരു നിവേദനം നൽകിയിട്ടുണ്ട്. കഴിഞ്ഞ ഒരുവർഷമായി പ്രസ്തുത കമ്പനി അടച്ചിട്ടിരിക്കുകയാണ്. 800 തൊഴിലാളികളുള്ള ഒരു സ്ഥാപനമാണത്. അതിൽ അങ്ങയുടെ അടിയന്തര ശ്രദ്ധയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. പി. രാജീവ്</u>: സർ, സ്റ്റാർട്ടപ്പുമായി ബന്ധപ്പെട്ട കാര്യം ഐ.റ്റി. വകുപ്പിന് കീഴിലാണ്. പക്ഷേ നമുക്ക് അഭിമാനത്തോടുകൂടി പറയാം ഇന്ത്യയിൽ സ്റ്റാർട്ടപ്പിന്റെ കാര്യത്തിൽ ഇപ്പോൾ കേരളം മൂന്നാം സ്ഥാനത്താണെങ്കിൽ അധികം വൈകാതെ ഒന്നാം സ്ഥാനത്തേയ്ക്കെത്താൻ പോകുകയാണ്. ഐ.റ്റി. മാത്രമല്ല ജാക്ക് ഫ്രൂട്ടിന്റെ സ്റ്റാർട്ടപ്പ് ഉൾപ്പെടെ പല മേഖലകളിലും സ്റ്റാർട്ടപ്പുകളുണ്ട്, നല്ല രീതിയിൽ ഐ.റ്റി. വകുപ്പ് അതിനെ ഏകോപിപ്പിക്കുന്നുണ്ട്, ഇനിയും മുന്നോട്ട് പോകും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്. അദ്ദേഹം പറഞ്ഞ കോച്ച് ഫാക്ടറിയുടെ കാര്യം, നമ്മൾ വില വാങ്ങി നൽകിയതാണ്. അതിന്റെ മറ്റ് വശങ്ങൾ പിന്നീട് ചർച്ച ചെയ്യാം. നിവേദനത്തിന്റെ കാര്യവും പരിശോധിക്കാം. അവസാനം ഇവിടെ ശ്രീ. പി. ടി. തോമസ് എം.എൽ.എ.

സൂചിപ്പിച്ച വിഭജനം എന്നുള്ളത്.......

മി. സ്പീക്കർ: അംഗങ്ങൾ ദയവായി ഇരിക്കണം.

ശ്രീ. പി. രാജീവ്: ബഹുമാനപ്പെട്ട ചെയർ അനുവദിച്ചാൽ മാത്രമെ വഴങ്ങാൻ കഴിയുകയുള്ളൂ.

മി. സ്പീക്കർ: ചെയർ ഇനി സമയം അനുവദിക്കുന്നതല്ല, ബഹുമാനപ്പെട്ട മന്ത്രി പെട്ടെന്ന് അവസാനിപ്പിക്കണം.

ശ്രീ. പി. രാജീവ്: സർ, ഇവിടെ മുസ്ലീം-ക്രിസ്ത്യൻ വിഭജനത്തിന് ശ്രമിക്കുന്നതാരാണ്? അത് കഴിഞ്ഞ ദിവസങ്ങളിൽ ഇവിടെ ചർച്ച ചെയ്തതാണ്. മതനിരപേക്ഷ നിലപാട് വെള്ളംചേർക്കാതെ സ്വീകരിക്കുന്ന ചരിത്രമാണ് ഇടതുപക്ഷത്തിനുള്ളത്. ഇന്ത്യൻ പാർലമെന്റിൽ നിങ്ങൾ വർഗ്ഗീയതയ്ക്കൊപ്പമാണോ മതനിരപേക്ഷതയ്ക്കൊപ്പമാണോ എന്ന ചോദ്യത്തെ അടിസ്ഥാനപ്പെടുത്തി ഒരേയൊരു തവണ മാത്രമെ വോട്ടെടുപ്പ് നടന്നിട്ടുള്ളൂ. ബി.ജെ.പി. നടത്തിയ രഥയാത്ര ബീഹാറിലെത്തിയ സമയത്ത് ബീഹാർ മുഖ്യമന്ത്രിയായിരുന്ന ശ്രീ. ലാലു പ്രസാദ് യാദവ് അത് തടഞ്ഞു. വി. പി. സിംഗ് ആയിരുന്നു അപ്പോൾ പ്രധാനമന്ത്രി. രഥയാത്ര തടഞ്ഞുകഴിഞ്ഞപ്പോൾ അവിശ്വാസ പ്രമേയം കൊണ്ടുവന്നു. ആ

പ്രമേയത്തിൽ മതനിരപേക്ഷതയ്ക്കൊപ്പമാണോ നിൽക്കുന്നത് എന്ന ചോദ്യത്തിൽ അല്ല എന്നാണ് കോൺഗ്രസ്സ് നിലയുറപ്പിച്ചത്. അന്ന് ബി.ജെ.പി.ക്കൊപ്പം ചേർന്ന് വോട്ട് ചെയ്താണ് വി.പി.സിംഗിനെ അധികാരത്തിൽ നിന്നും താഴെയിറക്കിയത് എന്ന ചരിത്രം മറന്നുപോകരുത്. അതാണ് ഇന്ത്യയുടെ പാർലമെന്ററി ചരിത്രത്തിലെ ഏക വോട്ടെടുപ്പ്. അതുകൊണ്ട് വ്യവസായത്തിന്റെ ചർച്ചയാണെങ്കിൽക്കൂടി അദ്ദേഹം അതുകൂടി പരാമർശിച്ചതുകൊണ്ട് ഞാൻ സൂചിപ്പിച്ചതാണ്. നല്ല രീതിയിൽ ഒറ്റക്കെട്ടായി നിന്നാൽ വ്യവസായ കുതിപ്പുണ്ടാക്കാൻ, ഈ നാട്ടിലേയ്ക്ക് കൂടുതൽ സംരംഭങ്ങൾ ആകർഷിക്കാൻ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. അതിന് ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള ക്രിയാത്മകമായ എല്ലാ നിർദ്ദേശങ്ങളും പരിഗണിക്കാം എന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സമയത്തിന്റെ കാര്യം ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. എല്ലാ അംഗങ്ങളും, കൂടുതലും പ്രതിപക്ഷത്തുനിന്നുള്ളവർ ചോദ്യങ്ങളുമായി ഇടപെട്ടുകൊണ്ടിരുന്നപ്പോൾ മന്ത്രി വളരെ ഉദാരമായാണ് വഴങ്ങിയത്. അദ്ദേഹത്തിന്റെ ആദ്യത്തെ

പ്രസംഗമായതിനാലാണ് ചെയർ കൂടുതൽ ഇടപെടാത്തത്. സമയം പാലിക്കാൻ എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ബഹുമാനപ്പെട്ട എം. എം. മണി വളരെ വിശദമായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തെ നേട്ടങ്ങളെക്കുറിച്ച് പറഞ്ഞു. അദ്ദേഹം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വൈദ്യുതി വകുപ്പിൽ കഴിഞ്ഞ പ്രാവശ്യം വലിയ ഇടപെടലുകളാണ് നടത്തിയത്. അതുമൂലം സംസ്ഥാനത്തിന് ദേശീയ തലത്തിൽ നിരവധി അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്. വൈദ്യുതി മേഖലയെ വിഭജിക്കുന്നതിനും സ്വകാര്യവത്കരിക്കുന്നതിനുമുള്ള നടപടികളാണ് രാജ്യവ്യാപകമായി നടന്നുവരുന്നത്. എന്നാൽ വൈദ്യുതി ബോർഡിനെ വിഭജിക്കുകയോ സ്വകാര്യവത്കരിക്കുകയോ ചെയ്യില്ലെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഉറച്ചനയം കാരണം അത് നടപ്പിലായില്ല. വൈദ്യുതി ഉത്പാദന മേഖലയിൽ 334 മെഗാവാട്ടിന്റെ പദ്ധതികളാണ് മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയാക്കിയത്. പാരമ്പര്യേതര ഊർജ്ജ ഉല്പാദന മേഖലയിൽ കാസർഗോഡ് ജില്ലയിലെ സോളാർ പാർക്കിന്റെ ഒന്നാംഘട്ടത്തിൽ 100 MW പൂർത്തിയാക്കി. കഴിഞ്ഞ സർക്കാരിന്റെ

കാലയളവിൽ 70 സബ്സ്റ്റേഷനുകളും 1674 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി. അന്തർ സംസ്ഥാന ലൈനുകളായ ഇടമൺ-കൊച്ചി, പുഗലൂർ-മാടക്കത്തറ എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കുകവഴി ഇറക്കുമതി ശേഷിയിൽ 2000 മെഗാവാട്ടിന്റെ വർദ്ധനവുണ്ടാക്കാൻ വകുപ്പിന് സാധിച്ചു. മുൻകാലങ്ങളിൽ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ കൂടാതെ വൈദ്യുതി വിതരണം ചെയ്തിട്ടുണ്ട്. 2017 മേയ് മാസത്തോടെ എല്ലാ വീടുകളിലും വൈദ്യുതി എത്തിച്ചുകൊണ്ട് ഇന്ത്യയിലാദ്യമായി സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി മാറാൻ കേരളത്തിന് സാധിച്ചു. 4036 കോടി രൂപയുടെ 'ദ്യുതി' പദ്ധതിയിൽ 1473 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിച്ചു. ഡാമുകളുടെ സുരക്ഷയും പ്രവർത്തനങ്ങളും മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര ജലകമ്മീഷന്റെ സാങ്കേതിക മേൽനോട്ടത്തിലും ലോക ബാങ്കിന്റെ സാമ്പത്തിക സഹായത്താലും നടപ്പിലാക്കിവരുന്ന DRIP (ഡാം റീഹാബിലിറ്റേഷൻ ആൻഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട്) പദ്ധതിയുടെ ഭാഗമായി 125 കോടി രൂപയുടെ പ്രവർത്തനങ്ങൾ മുൻസർക്കാരിന്റെ കാലത്ത് പൂർത്തിയാക്കി. വൈദ്യുതി വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിച്ചു.

'നിലാവ്' പദ്ധതി പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 1.94 ലക്ഷം തെരുവുവിളക്കുകൾ മാറ്റി LED ബൾബുകൾ സ്ഥാപിച്ചു. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യത്തെ ഫിലമെന്റ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു. ഇനിയും ധാരാളം കാര്യങ്ങൾ പറയാനുണ്ട്, എന്നാൽ സമയക്കുറവുമൂലം പറയുന്നില്ല.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയ ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുന്നു.

110 കെ.വി. മങ്കട, മണ്ണുത്തി എന്നീ സബ്സ്റ്റേഷനുകളുടെയും പോത്താനിക്കാട്, മറയൂർ എന്നീ സെക്ഷൻ ഓഫീസുകളുടെയും മന്ദിരം ഉദ്ഘാടനം ചെയ്തു. 220 കെ.വി. കുന്ദമംഗലം, 110 കെ.വി. എടക്കര, നിലമ്പൂർ എന്നീ സബ്സ്റ്റേഷനുകൾ പൂർത്തീകരിച്ചു. 1000 വാട്സ് വരെ "കണക്ടഡ് ലോഡ്" ഉള്ളതും പ്രതിമാസം 50 യൂണിറ്റ് വരെ മാത്രം ഉപയോഗമുള്ളതുമായ BPL വിഭാഗത്തിൽപ്പെടുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മിഷൻ യൂണിറ്റൊന്നിന് നിശ്ചയിച്ചിട്ടുള്ള 1.50 രൂപ എന്ന നിരക്ക് നൽകാൻ

തീരുമാനമെടുത്തു. 500 വാട്സ് വരെ " കണക്ടഡ് ലോഡ്" ഉള്ളതും 30 യൂണിറ്റുവരെ മാത്രം പ്രതിമാസം വൈദ്യുതി ഉപയോഗിക്കുന്നതുമായ ഗാർഹിക ഉപഭോക്താക്കൾക്ക് സർക്കാർ സബ്സിഡിയോടുകൂടി സൗജന്യമായി വൈദ്യുതി നൽകാൻ തീരുമാനിച്ചു. കോവിഡ് സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്തെ വ്യാവസായിക ഉപഭോക്താക്കൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 25 ശതമാനം ഇളവ് നൽകാനും സംസ്ഥാനത്തെ സിനിമ തിയേറ്ററുകൾക്ക് 2021 മേയ് മാസത്തെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 50 ശതമാനം ഇളവ് നൽകാനും തീരുമാനിച്ചു. കൂടുതൽ ഇളവുകൾ നൽകണമെന്ന് ആഗ്രഹമുണ്ടെങ്കിലും സാമ്പത്തിക സ്ഥിതി വളരെ മോശമായതിനാൽ മുഖ്യമന്ത്രിയുമായി ആലോചിച്ച് എന്ത് നടപടി സ്വീകരിക്കണമെന്ന് തീരുമാനമെടുക്കും.

<u>സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ</u>

നിലവിലുള്ള ആഭ്യന്തര ഉല്പാദനം 25 മുതൽ 30 ശതമാനം മാത്രമാണ്. 70 മുതൽ 75 ശതമാനം വരെ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്ന് വാങ്ങിയാണ് നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുന്നത്. കെ.എസ്.ഇ.ബി.-യുടെ വരുമാനത്തിൽ ഏറിയ പങ്കും വൈദ്യുതി വാങ്ങുന്നതിനാണ് ചെലവഴിച്ചത്.

ചെലവുകുറഞ്ഞ ആഭ്യന്തര വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ സഗൗരവം നിറവേറ്റും. ഏറ്റവും ചെലവുകുറഞ്ഞ വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്നത് ജലവൈദ്യുത മേഖലയിലാണ്. എന്നാൽ ജലവൈദ്യുത മേഖലയിൽ എന്തുകൊണ്ടോ കേരളത്തിന് വേണ്ടത്ര ഇടപെടാൻ സാധിച്ചില്ല. 3000 ടി.എം.സി. വെള്ളമാണ് ഇവിടെയുള്ളത്. അതിൽ 1600 ടി.എം.സി. വെള്ളം ഉപയോഗിക്കാൻ കഴിയുമെന്ന് പഠന റിപ്പോർട്ടിൽ പറയുന്നുണ്ട്. നിർഭാഗ്യവശാൽ ഇറിഗേഷനും വൈദ്യുതി വകുപ്പുംകൂടി 300 ടി.എം.സി. ജലം മാത്രമേ ഉപയോഗിക്കുന്നുള്ളൂ. ബാക്കി ഉപയോഗിക്കാൻ കഴിയുന്ന ജലം പല കാരണങ്ങൾകൊണ്ടും ഉപയോഗിക്കാൻ സാധിക്കുന്നില്ല. നിർമ്മാണം പുരോഗമിക്കുന്ന 193.5 MW ന്റെ 10 ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കും. ഈ സാമ്പത്തിക വർഷം 90 MW സ്ഥാപിത ശേഷിയുള്ള 5 ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതാണ്. ചാലക്കുടി പുഴയിൽ പ്രളയജലം നിയന്ത്രിക്കുന്നതിനും പാലക്കാട് ജില്ലയിലെ കാർഷിക, ജലസേചന, കുടിവെള്ള പദ്ധതി വൈദ്യുതി ഉല്പാദന മേഖലകളിൽ ഉപകാരപ്പെടുന്ന കാരപ്പാറ പദ്ധതിയുടെ സാധ്യതാപഠനം ഇറിഗേഷൻ വകുപ്പ് നടത്തിയിട്ടുണ്ട്.

അതിൽ വൈദ്യുതി വകുപ്പിനെക്കൂടി ഉൾപ്പെടുത്തണമെന്നാണ് ആഗ്രഹിക്കുന്നത്. അങ്ങനെ ചെയ്യുമ്പോൾ വലിയ മാറ്റമാണ് ഉണ്ടാകുന്നത്. ഇടുക്കി ഡാമിനെക്കാളും ഹെഡ് കൂടിയുള്ള പദ്ധതിയാണിത്. അതിനാൽ നല്ല രീതിയിലുള്ള ഇലക്ട്രിസിറ്റി ഉല്പാദനം നമുക്ക് ലഭിക്കാൻ സാധിക്കും. ഹൈഡ്രോ കൈനറ്റിക് സാങ്കേതിക വിദ്യ ഉപയോഗിച്ച് ഇറിഗേഷൻ കനാലിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി എനർജി മാനേജ്മെന്റ് വഴി നടപ്പാക്കും. ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായി 780 MW കൂട്ടിച്ചേർക്കുന്നത് സംബന്ധിച്ച് ഈ സാമ്പത്തിക വർഷംതന്നെ സാധ്യതാ പഠനം നടത്തി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതാണ്. 2026 -നുള്ളിൽ 1000 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ നിലയങ്ങളിൽനിന്ന് ലഭ്യമാക്കും. വെസ്റ്റ് കല്ലട, കായംകുളത്തെ NTPC, ബാണാസുരസാഗർ എന്നിവിടങ്ങളിലായി 242 MW ഫ്ലോട്ടിംഗ് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. കാസർഗോഡ് സോളാർ പാർക്കിൽ 100 MW സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനും ലക്ഷ്യമിടുന്നു. കെ.എസ്.ഇ.ബി.-യുടെയും വാട്ടർ അതോറിറ്റി, ജലസേചന വകുപ്പ്, മറ്റുസർക്കാർ വകുപ്പുകൾ എന്നിവയുടെ അധീനതയിലുള്ള പ്രദേശങ്ങളിൽ

ഭൗമോപരിതല സൗരോർജ്ജ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുന്നതാണ്. പി.എം.കുസും പദ്ധതി ഉപയോഗപ്പെടുത്തിക്കൊണ്ട് കർഷകർക്ക് ആശ്വാസം നൽകുന്ന രീതിയിൽ തരിശുഭൂമികൾ, ഉപയോഗശൂന്യമായ പാറമടകൾ, നിർജ്ജീവമായ പ്ലാന്റുകൾ എന്നിവ ലീസിന് സ്വീകരിച്ച് 40 MW-ന്റെ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. ഒരു പ്രദേശത്തെ പത്തോ ഇരുപതോ കർഷകരുടെ ഗ്രൂപ്പുകൾക്ക് ഇത്തരത്തിലുള്ള പ്ലാന്റുകൾ സ്ഥാപിക്കാം. അവർക്ക് അതിന്റെ ഗുണം ലഭിക്കുന്നതാണ്. കർഷകരുടെ ആവശ്യത്തിനുപുറമെയുള്ള വൈദ്യുതി യൂണിറ്റിന് 40 പൈസ നിരക്കിൽ കേന്ദ്രഗവൺമെന്റ് നൽകുന്നതാണ്. അത് കൃഷിക്കാർക്ക് പരമാവധി ഉപയോഗിക്കാൻ സാധിക്കും. കൂടാതെ വൈദ്യുതി പോസ്റ്റുകൾ നിർത്താൻ കഴിയാത്ത സ്ഥലങ്ങളുണ്ടെങ്കിൽ ജലസേചന ആവശ്യങ്ങൾക്കായി കർഷകർക്ക് സോളാർ പമ്പുകൾ സ്ഥാപിക്കാൻ കഴിയും. ഇതുമൂലം കൃഷി വർദ്ധിപ്പിക്കാൻ സാധിക്കും. പമ്പുള്ള കൃഷിക്കാർക്ക് പി എം കുസും പദ്ധതിയിൽ വലിയൊരു ലാഭമാണ് ഉണ്ടാകാൻ സാധ്യതയുള്ളത്. സോളാർ പമ്പ് രണ്ടുമണിക്കൂറോ ഒരുമണിക്കൂറോ ഉപയോഗിച്ചതിനുശേഷം ബാക്കി അഞ്ചോ ആറോ മണിക്കൂർ ലഭിക്കുന്ന വൈദ്യുതി ഗ്രിഡിൽ കൊടുത്താൽ,

പ്രത്യേകിച്ചും മൈക്രോ ഇറിഗേഷൻ പദ്ധതികൂടി വന്നാൽ രണ്ട്മണിക്കൂർ എന്നുള്ളത് ഒരുമണിക്കൂറായി കുറയ്ക്കാനും സാധിക്കും. ബാക്കിയുള്ള സമയം ഗ്രിഡിലേയ്ക്ക് നൽകിയാൽ അവർക്ക് പശുവളർത്തൽപോലെയുള്ള അഡീഷണൽ വരുമാനം ലഭിക്കാൻ കഴിയുന്ന വിധത്തിലുള്ള വലിയൊരു മാറ്റമാണ് കാർഷികരംഗത്ത് കൊണ്ടുവരാൻ സാധിക്കുന്നത്. അത് കാർഷികരംഗത്ത് വലിയ ചലനം സൃഷ്ടിക്കും. അതിന്റെകൂടെ മൈക്രോ ഇറിഗേഷനുംകൂടി വൈദ്യുതി കൊടുത്താൽ വിളവ് ഇന്നത്തേതിൽനിന്നും നാലിരട്ടിയോ അഞ്ചിരട്ടിയോ ആയി വർദ്ധിപ്പിക്കാൻ സാധിക്കും. നാണ്യ വിളകളെ നനയ്ക്കുന്ന സ്വഭാവം കേരളത്തിലില്ല. എന്നാൽ നാണ്യവിളകളെ മോട്ടോർ ഉപയോഗിച്ച് നനയ്ക്കാൻ സാധിക്കും. 23 ലക്ഷം ഹെക്ടർ കൃഷിയുണ്ടെങ്കിലും മൂന്ന് ലക്ഷം ഹെക്ടറിൽ മാത്രമേ ഇറിഗേറ്റ് ചെയ്യുന്നുള്ളൂ. കേരളത്തിലാണ് ഇത്രയും നാണ്യവിളകൾക്ക് ഇറിഗേറ്റ് ചെയ്യാത്ത സ്ഥലം. നാണ്യവിളകൾ ഇറിഗേറ്റ് ചെയ്താൽ നാലോ അഞ്ചോ ഇരട്ടി വിളവ് വർദ്ധിപ്പിക്കാൻ സാധിക്കും. ഞങ്ങളുടെ സ്ഥലത്താണ് നന്നായി പ്രിസിഷൻ ഫാമിംഗ് ചെയ്യുന്നത്. അവിടെ ഇലക്ട്രിസിറ്റിയാണ് അതിന്റെ മെയിൻ ഘടകം. അത് ഉപയോഗിക്കുമ്പോൾ അഞ്ച് ഇരട്ടിയോ ആറ് ഇരട്ടിയോ

വിളവ് വർദ്ധിപ്പിക്കാൻ സാധിക്കും. അത് പരമാവധി ഉപയോഗപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെ കണികാജലസേചനവും ഊർജ്ജക്ഷമതയുള്ള പമ്പുകളുടെ ഉപയോഗവും സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതി, പി.എം.കുസും പദ്ധതിയിൽ രൂപകൽപ്പന ചെയ്യുന്നതായിരിക്കും. അതായത് പഴയ പമ്പുകളുടെ ഉപയോഗത്തിന് വൈദ്യുതി വളരെയധികം ചെലവാകുന്നതാണ്. അത് പുതുക്കിയെടുക്കാനും മൈക്രോ ഇറിഗേഷനുംകൂടി കൊടുത്താൽ വലിയ രീതിയിൽ വൈദ്യുതി ലാഭിക്കാൻ സാധിക്കും. അതിന് കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കാനുള്ള പദ്ധതിയുണ്ട്. ആ പദ്ധതി ആവിഷ്കരിച്ചാൽ വലിയ മാറ്റം സൃഷ്ടിക്കാൻ സാധിക്കും. പ്രസരണ മേഖലയിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 28 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു. ഇതിൽ ട്രാൻസ്ഗ്രിഡ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള 400 കെ.വി. സബ്സ്റ്റേഷനും ആറ് 220 കെ.വി. സ്റ്റേഷനുകളും കൂടാതെ പത്തൊൻപത് 110 കെ.വി. സ്റ്റേഷനുകളും രണ്ട് 33 കെ.വി. സബ്സ്റ്റേഷനുകളും ഉൾപ്പെടുന്നു. ഗ്രീൻ കോറിഡോർ പദ്ധതിയിൽ വിഭാവന

ചെയ്തിട്ടുള്ള വയനാട് 400 കെ.വി. സബ്സ്റ്റേഷനുൾപ്പെടെ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പതിനൊന്ന് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും നിർമ്മാണവും വയനാട്, കാസർഗോഡ് 400 കെ.വി. പ്രസരണ ലൈനിന്റെ നിർമ്മാണവും വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. വിതരണ മേഖലയിൽ ദ്യുതി പദ്ധതിപ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 3.6 ലക്ഷം പുതിയ വൈദ്യുതി കണക്ഷനുകൾ നൽകാനാണുദ്ദേശിക്കുന്നത്. ടി കാലയളവിൽ 3,725 കിലോമീറ്റർ എച്ച്. റ്റി. ലൈൻ, 4,434 കിലോമീറ്റർ എൽ. റ്റി. ലൈൻ എന്നിവ നിർമ്മിക്കാനും 2,738 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുമാണ് വിഭാവന ചെയ്തിട്ടുള്ളത്. കൂടാതെ, വിതരണ നഷ്ടം കുറയ്ക്കുന്നതിനും വൈദ്യുതി ശൃംഖല മെച്ചപ്പെടുത്തുന്നതിനുമായി 4,480 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീഫേസാക്കി മാറ്റാനും 43,861 കിലോമീറ്റർ എൽ. റ്റി./എച്ച്.റ്റി. ലൈൻ റീ-കണ്ടക്ടറിംഗ് എന്നീ പ്രവൃത്തികളും ചെയ്യാൻ ഉദ്ദേശിച്ചിട്ടുണ്ട്. ഇതിനുപുറമെ, 5.5 ലക്ഷം കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

24x7 വൈദ്യുതി എല്ലാ ഉപഭോക്താക്കൾക്കും നൽകാനുള്ള സംവിധാനങ്ങൾ തുടർന്നും ഉറപ്പുവരുത്തും. വാതിൽപ്പടി സേവനം

പൂർണ്ണതോതിൽ നടപ്പിലാക്കുകവഴി ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തൽ ലക്ഷ്യമിടുന്നു. സുരക്ഷ എന്നത് തൊഴിലാളികളുടെ അവകാശമാണെന്നാണ് സർക്കാരിന്റെ കാഴ്ചപ്പാട്. സുരക്ഷിതമായി ജോലി ചെയ്യുന്നതിനുള്ള ഉപകരണങ്ങൾ എല്ലാ ജീവനക്കാർക്കും ലഭ്യമാക്കും. ഡിവിഷൻ തലത്തിലും സബ്ഡിവിഷൻ തലത്തിലുമുള്ള സുരക്ഷാ ഓഡിറ്റുകൾ നടത്തി സുരക്ഷാ വീഴ്ചയ്ക്ക് കർശനമായ നടപടികൾ സ്വീകരിക്കും. വൈദ്യുതികമ്പികൾ പൊട്ടിവീണുണ്ടാകുന്ന അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കും. വൈദ്യുതി ലൈനുകൾ വലിക്കേണ്ട പുതിയ സർവ്വീസ് കണക്ഷനുകൾ കഴിവതും കവചിത ചാലകങ്ങൾ ഉപയോഗിക്കാൻ K.S.E.B തീരുമാനിച്ചിട്ടുണ്ട്. എനർജി മാനേജ്മെന്റ് സെന്ററിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥൻമാർക്ക് വൈദ്യുത വാഹനങ്ങൾ കുറഞ്ഞ വിലയ്ക്ക് വാങ്ങാനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. കേരളത്തിലെ 140 മണ്ഡലങ്ങളിലും ഊർജ്ജമിത്ര കേന്ദ്രങ്ങൾവഴിയുള്ള വിതരണ സംവിധാനമൊരുക്കും. ഇ.എം.സി.-യിൽ എൽ.ഇ.ഡി. ലൈറ്റ് ടെസ്റ്റിംഗ് ലാബിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. മറയൂരിന് സമീപമുള്ള 4 ആദിവാസി ഊരുകളിലെ സൗരോർജ്ജ ചെറുകിട

ജലവൈദ്യുത പദ്ധതികളെ ഒരു മൈക്രോ ഗ്രിഡ് പ്രോജക്ട് മുഖാന്തരം ഇന്റർകണക്ട് ചെയ്ത് പൂർണ്ണസമയവും വൈദ്യുതി ഉറപ്പാക്കാൻ 4.5 കോടി രൂപയുടെ കേന്ദ്രസഹായത്തോടെയുള്ള പദ്ധതി നടപ്പാക്കുന്നതാണ്.

വൈദ്യുത വാഹന ചാർജ്ജിംഗ് സ്റ്റേഷനുകളുടെ ശൃംഖല അനർട്ട് വഴി സംസ്ഥാനത്തുടനീളം സ്ഥാപിക്കും. പുനരുപയോഗ ഊർജ്ജ പാർക്ക് ഇടുക്കിയിലെ രാമക്കൽമേടും പുനരുപയോഗ ഊർജ്ജ ഹബ് പാലക്കാട് കുഴൽമന്ദത്തും സ്ഥാപിക്കും. ഇലക്ട്രിസിറ്റി ലൈസൻസിംഗ് ബോർഡ് സേവനങ്ങൾ ഓൺലൈൻ മുഖാന്തരമാക്കും. പുതിയതായി മീറ്റർ ടെസ്റ്റിംഗ് ലാബുകൾ സജ്ജീകരിക്കും. ജനറേഷൻ രംഗത്ത്, ഹരിത ഊർജ്ജ ഉൽപ്പാദനത്തിനാവശ്യമായ മാറ്റങ്ങൾ ഉൾക്കൊണ്ട് അടുത്ത 5 വർഷം കുറഞ്ഞത് 3000 മെഗാവാട്ട് സോളാർ, കാറ്റാടി, ജലവൈദ്യുത പദ്ധതികൾ എന്നിവവഴി സംസ്ഥാനത്തിനുള്ളിൽത്തന്നെ ഉൽപ്പാദിപ്പിക്കാനുള്ള മിഷൻ മോഡ് പദ്ധതികളായ അനെർട്ട്, കെ.എസ്.ഇ.ബി., ഇ.എം.സി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവയുടെ സംയോജിതമായ പ്രവർത്തനഘടനയോടെ നടപ്പാക്കാൻ സർക്കാർ ആലോചിക്കുന്നു. എല്ലാ മേഖലയിലുമുള്ള ഏജൻസികളും പദ്ധതിയുടെ ഭാഗമാകും. ദരിദ്ര ജനവിഭാഗങ്ങൾക്കും

ആദിവാസികൾക്കും മത്സ്യബന്ധന സമൂഹത്തിനും സ്ത്രീ നേതൃത്വ ഭവനങ്ങൾക്കും സോളാർ പ്ലാന്റുകൾ നിർമ്മിച്ചുനൽകാൻ സർക്കാർ ലക്ഷ്യമിടുന്നു.

## കേന്ദ്ര വൈദ്യുതി നിയമ (ഭേദഗതി) ബിൽ 2021

കേന്ദ്ര വൈദ്യുതി വിതരണ മേഖലയുടെ സ്വകാര്യവൽക്കരണം മുഖ്യ അജണ്ടയായി ഒരു പ്രദേശത്ത് ഒന്നിലധികം വിതരണ കമ്പനികൾക്ക് പ്രവർത്തിക്കാൻ അനുമതി നൽകാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്ര വൈദ്യുതി നിയമ ഭേദഗതിയുടെ കരട് ബിൽ സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ട്. വിവിധ നിർദ്ദേശങ്ങളിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായവും ചില നിർദ്ദേശങ്ങളും സംബന്ധിച്ച് ശക്തമായ വിയോജിപ്പും ആശങ്കയും കേന്ദ്രസർക്കാരിനെ രേഖാമൂലം അറിയിച്ചിട്ടുള്ളതാണ്. പാർലമെന്റ് നടപ്പ് സമ്മേളനത്തിൽ ഈ ബിൽ അവതരിപ്പിക്കാൻ നീക്കമുള്ളതിനാൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക രേഖാമൂലം ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രിയെ അറിയിച്ചിട്ടുണ്ട്.

വൈദ്യുതി വിതരണ മേഖലയിൽ ഡീലൈസൻസിംഗ് നടപ്പാക്കുകയും

യാതൊരു നിയന്ത്രണവുമില്ലാതെ സ്വകാര്യ കമ്പനികൾക്ക് വിതരണ പ്രവർത്തനം ഏറ്റെടുക്കാൻ അവസരം നൽകുകയുമാണ് കരട് ബില്ലിൽ ലക്ഷ്യമിടുന്നത്. നിലവിൽ പൊതുമേഖലാ കമ്പനികളുടെ ഉടമസ്ഥതയിലുള്ളതും രാജ്യത്തെ ജനങ്ങളുടെ നികുതിപ്പണംകൊണ്ട് കെട്ടിപ്പടുത്തതുമായ അതിവിപുലമായ വൈദ്യുതി വിതരണ ശൃംഖലകൾ സ്വകാര്യ കമ്പനികളുടെ ലാഭക്കച്ചവടത്തിനായി വിട്ടുകൊടുക്കപ്പെടുകയും ചെയ്യും. ഏകദേശം 12,500 കോടി രൂപയാണ് ഇതിൽ മുടക്കിയിരിക്കുന്നത്. സാമൂഹിക പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി നൽകിവരുന്ന ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കുകവഴി സാമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കും കർഷകർക്കും വൈദ്യുതി അപ്രാപ്യമാകുന്ന അവസ്ഥയാണ് സംജാതമാകുന്നത്. ഒരു പ്രദേശത്ത് ഒരേ ശൃംഖലയിൽനിന്നും വിവിധ കമ്പനികൾ വൈദ്യുതി വിതരണം നടത്താൻ അനുവാദം നൽകുകവഴി സ്വകാര്യ കമ്പനികൾക്ക് റവന്യൂ ശേഷിയുള്ള വൻകിടക്കാരെമാത്രം തെരഞ്ഞെടുക്കാനുള്ള അവസരം ലഭിക്കുകയും സാധാരണക്കാർക്കും കർഷകർക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകുന്നതിനുള്ള ബാദ്ധ്യത നിറവേറ്റിവരുന്ന പൊതുമേഖല വലിയ നഷ്ടത്തിലേയ്ക്കും തകർച്ചയിലേയ്ക്കും

പോകുകയും ചെയ്യും. കൂടിയ നിരക്കിൽ ദീർഘകാല വൈദ്യുതി വാങ്ങൽ കരാറിൽ ഏർപ്പെട്ടിരിക്കുന്ന നിലവിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വലിയ സാമ്പത്തിക ബാധ്യത ഏറ്റെടുക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. വൈദ്യുതിമേഖലയിൽ കടന്നുവരുന്ന സ്വകാര്യ കമ്പനികൾക്ക് വൈദ്യുതി ശൃംഖലാ നവീകരണമടക്കമുള്ള കാര്യങ്ങളിലൊന്നും ബാദ്ധ്യതയില്ലാത്തത് വൈദ്യുതി വികസനത്തിന് വലിയ തടസ്സമാണ് സൃഷ്ടിക്കുക.

നിലവിൽ 27,000-ൽപ്പരം ജീവനക്കാർ കെ.എസ്.ഇ.ബി.-യുടെ വിതരണ മേഖലയിൽ ജോലി ചെയ്യുന്നുണ്ട്. വിതരണ മേഖലയിലെ സ്വകാര്യവൽക്കരണം ഈ തൊഴിലാളികളുടെ ഭാവി ഇരുളടഞ്ഞതാക്കും. നിർണ്ണായകമായ എല്ലാ തീരുമാനങ്ങളും കേന്ദ്ര സർക്കാരിന്റെ അധികാരത്തിന് കീഴിലാകുന്നതോടെ രാജ്യത്തെ ഫെഡറൽ വ്യവസ്ഥയുടെ നഗ്നമായ ലംഘനമാണ് ഈ കരട് ബിൽ.

കേന്ദ്ര നിയമത്താലുണ്ടാകുന്ന മത്സരാടിസ്ഥാനത്തിലുള്ള വിതരണ മേഖലയിൽ മത്സരാധിഷ്ഠിതമായി മുന്നോട്ട് വന്നാൽമാത്രമേ കെ.എസ്.ഇ.ബി.-ക്ക് നിലനിൽക്കാനാവുകയുള്ളൂ. ചെലവ് കുറഞ്ഞ വൈദ്യുതി ഉൽപ്പാദനം കൂടുതൽ നിക്ഷേപിച്ചുകൊണ്ടും, ചെലവ് കുറഞ്ഞ

പാരമ്പര്യേതര ഊർജ്ജം കഴിവതും വാങ്ങിക്കൊണ്ടും ചെലവേറിയ കരാറുകൾ പുനഃപരിശോധിച്ചുകൊണ്ടും ജീവനക്കാരുടെ പുനർവിന്യാസം ശാസ്ത്രീയമായി നടത്തിക്കൊണ്ടും മാത്രമേ കെ.എസ്.ഇ.ബി.-ക്ക് ഇലക്ട്രിസിറ്റി ആക്ട് 2003-ലെ ഭേദഗതി മൂലമുണ്ടാകുന്ന വെല്ലുവിളികൾ നേരിടാനാകൂ.

നിലവിലുള്ള ഊർജ്ജ മിശ്രണവും പ്രസരണ-വിതരണ സാങ്കേതിക വിദ്യയും കമ്പ്യൂട്ടിംഗ് സാങ്കേതിക വികസനത്തോടെ ഏറെ മാറുകയാണ്. ഈ മാറ്റങ്ങൾ സശ്രദ്ധം നിരീക്ഷിച്ചും കമ്പ്യൂട്ടർവൽക്കരിച്ച ഡിജിറ്റൽ ബിസിനസ്സ് സങ്കേതങ്ങൾ കമ്പനിയാകെ സ്വീകരിച്ചും, ആധുനികവത്ക്കരിച്ചുകൊണ്ടും മാത്രമേ കെ.എസ്.ഇ.ബി.-ക്ക് മുന്നോട്ട് വരാൻ കഴിയുകയുള്ളൂ. ബോർഡിന്റെ വിതരണ-ഉൽപ്പാദന ബിസിനസ്സ് തന്ത്രമാകെ നവീകരിക്കുന്നതിനുള്ള കൂട്ടായ പരിശ്രമമാണുണ്ടാവേണ്ടത്. സാമ്പത്തിക നവീകരണത്തിനും മുൻതൂക്കം നൽകും. ഇപ്രകാരം ഒരു കർമ്മ പരിപാടി ആവിഷ്ക്കരിച്ചുകൊണ്ട് നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് പൊതുമേഖലയെ ശക്തിപ്പെടുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

കെ.എസ്.ഇ.ബി.എൽ. കമ്പനിയെ വരുന്ന വർഷങ്ങളിൽ കൂടുതൽ ശാക്തീകരിക്കും. കോവിഡ്-19-ൽ വിൽപ്പന-പ്രവർത്തിക്കുറവ് നേരിടുന്ന

വാണിജ്യ സ്ഥാപനങ്ങൾക്ക് കൂടുതൽ ആശ്വാസം പകരാൻ ശ്രമിക്കും. 2020-2021 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബി.എൽ.-ന്റെ വാണിജ്യ നഷ്ടം ക്രമാതീതമായി വർദ്ധിക്കുന്നത് ഒഴിവാക്കേണ്ടതുണ്ട്. എന്നാലും പരിമിതികളുള്ളിലും വ്യവസായ വാണിജ്യ മേഖലകളുടെ വൈദ്യുതി ബിൽ സംബന്ധമായ പ്രയാസങ്ങൾ ലഘൂകരിക്കാൻ നടപടികൾ സ്വീകരിക്കും.

30-6-2021-ലെ കണക്ക് പ്രകാരം അന്നുവരെയുള്ള ആകെ കുടിശ്ശിക 2936 കോടി രൂപയാണ്. കുടിശ്ശിക പിരിച്ചെടുക്കാതെ കെ.എസ്.ഇ.ബി.-ക്ക് മുന്നോട്ടുപോകാൻ പറ്റാത്ത സാഹചര്യമാണ് നിലവിലുള്ളത്. കുടിശ്ശിക അടയ്ക്കുന്നതിന് ഗഡുക്കൾ അനുവദിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ ആനുകൂല്യം എല്ലാ ഉപഭോക്താക്കളും പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

കെ.എസ്.ഇ.ബി.എൽ.-ൽ കോവിഡ് മഹാമാരിയിലും പ്രളയ കാലത്തും നിസ്തുലമായ സേവനം നൽകിയ ജീവനക്കാരെയും ഉദ്യോഗസ്ഥരെയും ആദരിക്കും. ബോർഡിന്റെ ജീവനക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്തവിധം ജീവനക്കാരുടെ പുനർവിന്യാസം നടപ്പാക്കും.

എല്ലാ സ്ഥിരം തസ്തികകൾക്കും പ്രമോഷന് വേണ്ടതായ ചട്ടങ്ങൾക്ക് 3 മാസത്തിനകം അന്തിമ രൂപം നൽകും.

ബോർഡ് ചെയർമാനും ഡയറക്ടർമാർക്കും എല്ലാ സർക്കിളുകളിലും ഉപഭോക്താക്കൾക്ക് നേരിട്ട് വീഡിയോ കോൺഫറൻസ് വഴി പരാതി ബോധിപ്പിക്കാവുന്ന ഇ-ടൗൺഹാൾ സങ്കേതം വഴി പരാതികൾ കേട്ട് പ്രതിമാസം നടപടി സ്വീകരിക്കും. സ്വകാര്യമേഖലയോട് മത്സരിക്കുന്ന കാര്യക്ഷമതയുള്ള കൺസ്യൂമർ ഓൺലൈൻ സേവനങ്ങൾ കെ.എസ്.ഇ.ബി.എൽ.-ൽ ഒരുക്കും. ഇതിനായി 1912 കാൾ സെന്ററിന് പുറമെ ജില്ല/സർക്കിൾ തലങ്ങളിൽ ഓൺലൈൻ കൺട്രോൾ റൂമുകൾ ഒരുക്കും.

നിർദ്ദിഷ്ട പദ്ധതികളിലൂടെ കൂടുതൽ ഹരിതോർജ്ജം വൈദ്യുതി ഗ്രിഡിൽ വരുമ്പോൾ വൈദ്യുതി ഗ്രിഡിന് വേണ്ട മാറ്റങ്ങളും ബോർഡ് സാങ്കേതിക മാറ്റം വഴി ഉൾക്കൊള്ളും. ഇതിനായി ദേശീയ തലത്തിൽ വൈദഗ്ദ്ധ്യമുള്ള വിദഗ്ദ്ധസമിതിയെ നിയോഗിക്കും. സ്വകാര്യ മേഖലയിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരെയും ഇതിനായി നിയോഗിക്കും. വൈദ്യുതി എത്താത്ത വിദൂര വനപ്രദേശങ്ങളിലെ 73 -ഓളം കോളനികളിലെ

ആദിവാസി ഊരുകളിൽ വൈദ്യുതി എത്തിക്കാനുള്ള കർമ്മപദ്ധതി തയ്യാറാക്കിവരുന്നു. വൈദ്യുതി കണക്ഷന് ഇതുവരെ അപേക്ഷ നൽകാത്തവർക്കും വൈദ്യുതി കണക്ഷൻ നൽകുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കർമ്മപദ്ധതി തയ്യാറാക്കും. വൈദ്യുതീകരിക്കാത്ത അംഗനവാടികൾ വൈദ്യുതീകരിക്കാൻ എസ്റ്റിമേറ്റ് തുകയിൽ ഇളവോടുകൂടിയ നടപടികൾ സ്വീകരിക്കും. കാർഷിക മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന ചെറിയ സംരംഭങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകും. പ്രീ പെയ്ഡ് സ്റ്റാർട്ട് മീറ്ററിംഗ്, സിസ്റ്റം ഇംപ്രൂവ്മെന്റ് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനുള്ള ധനസഹായം നൽകുന്നതിനായി കേന്ദ്ര പദ്ധതിക്കുള്ള കരട് മാർഗ്ഗനിർദ്ദേശം കേന്ദ്ര ഊർജ്ജവകുപ്പിൽനിന്നും ഇതിനകംതന്നെ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് കൂടുതൽ തുക ലഭിക്കുന്നതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കി നൽകുന്നതാണ്. പദ്ധതിയുടെ നടപ്പാക്കൽ കാലയളവ്, 2021-22 സാമ്പത്തിക വർഷത്തിൽ രൂപരേഖ തയ്യാറാക്കാനും 2025-2026-ഓടുകൂടി പൂർത്തീകരിക്കാനും ലക്ഷ്യമിടുന്നു. ഇതൊക്കെയാണ് ബോർഡ് സ്വീകരിക്കാൻ ലക്ഷ്യമിടുന്ന പ്രവൃത്തികൾ. കൂടുതലായി സമയം നീട്ടുന്നില്ല,

ഈ ഡിമാന്റ് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

## ധനാഭ്യർത്ഥന നമ്പർ XXXVII

## വ്യവസായങ്ങൾ

മി. സ്പീക്കർ: സർവ്വശ്രീ. അൻവർ സാദത്ത്, സജീവ് ജോസഫ്, ഷാഫി പറമ്പിൽ, എൻ. ഷംസുദ്ദീൻ, അനൂപ് ജേക്കബ്, പി. സി. വിഷ്ണുനാഥ്, എ. പി. അനിൽ കുമാർ, പി. ഉബൈദുള്ള, എൻ. എ. നെല്ലിക്കുന്ന്, ഡോ. എം. കെ. മുനീർ, ടി. വി. ഇബ്രാഹിം, കുറുക്കോളി മൊയ്തീൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, മഞ്ഞളാംകുഴി അലി, നജീബ് കാന്തപുരം, കെ. കെ. രമ, സണ്ണി ജോസഫ്, എം. വിൻസെന്റ്, സി. ആർ. മഹേഷ്, ഐ. സി. ബാലകൃഷ്ണൻ, കെ. ബാബു (തൃപ്പൂണിത്തുറ) ടി. ജെ. വിനോദ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXVII ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ

8. ശ്രീ. ആന്റണി രാജു

9. ശ്രീ. എം. എസ്. അരുൺകുമാർ

10. ശ്രീമതി സി. കെ. ആശ

11. ശ്രീ. കെ. ബാബു (നെന്മാറ)

12. ശ്രീ. പി. ബാലചന്ദ്രൻ

13. ശ്രീ. കെ. എൻ. ബാലഗോപാൽ

14. പ്രൊഫ. ആർ. ബിന്ദു

15. ശ്രീ. ഇ. ചന്ദ്രശേഖരൻ

16. ശ്രീമതി ജെ. ചിഞ്ചുറാണി

17. ശ്രീ. പി. പി. ചിത്തരഞ്ജൻ

18. ശ്രീമതി ദെലീമ

19. ശ്രീ. ചിറ്റയം ഗോപകുമാർ

20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ

21. ശ്രീ. സി. കെ. ഹരീന്ദ്രൻ

22. ശ്രീ. കെ. ടി. ജലീൽ

23. ശ്രീമതി കാനത്തിൽ ജമീല

24. ശ്രീ. ജി. എസ്. ജയലാൽ

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. യു. ജനീഷ് കുമാർ

27. ശ്രീ. ജോബ് മൈക്കിൾ

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. കെ. കൃഷ്ണൻകുട്ടി

31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

32. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

33. ശ്രീ. കോവൂർ കുഞ്ഞുമോൻ

34. ശ്രീ. ലിന്റോ ജോസഫ്

35. ശ്രീ. ടി. ഐ. മധുസൂദനൻ

36. ശ്രീ. പി. മമ്മിക്കുട്ടി

37. ശ്രീ. എം. എം. മണി

38. ശ്രീ. മാത്യു. ടി. തോമസ്

39. ശ്രീ. കെ. ജെ. മാക്സി

40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

41. ശ്രീ. കെ. പി. മോഹനൻ

42. ശ്രീ. എ. സി. മൊയ്തീൻ

43. ശ്രീ. എം. മുകേഷ്

44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി

46. ശ്രീ. മുരളി പെരുനെല്ലി

47. ശ്രീ. പി. നന്ദകുമാർ

48. ശ്രീ. എ. പ്രഭാകരൻ

49. ശ്രീ. പ്രമോദ് നാരായൺ

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. പി. പ്രസാദ്

52. ശ്രീ. കെ. ഡി. പ്രസേനൻ

53. ശ്രീമതി യു. പ്രതിഭ

54. ശ്രീ. കെ. പ്രേംകുമാർ

55. ശ്രീ. കെ. രാധാകൃഷ്ണൻ

56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ

58. ശ്രീ. എം. രാജഗോപാലൻ

59. ശ്രീ. കെ. രാജൻ

60. ശ്രീ. പി. രാജീവ്

61. ശ്രീ. കെ. കെ. രാമചന്ദ്രൻ

62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

63. ശ്രീ. ടി. പി. രാമകൃഷ്ണൻ

64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

65. ശ്രീ. റോഷി അഗസ്റ്റിൻ

66. ശ്രീ. കെ. എം. സച്ചിൻദേവ്

67. ശ്രീ. സജി ചെറിയാൻ

68. ശ്രീ. എച്ച്. സലാം

69. ശ്രീമതി ശാന്തകുമാരി കെ.

70. ശ്രീ. വി. ശശി

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. ഐ. ബി. സതീഷ്

73. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

74. ശ്രീ. എ. എൻ. ഷംസീർ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. വാഴൂർ സോമൻ

77. ശ്രീ. പി. വി. ശ്രീനിജൻ

78. ശ്രീ. ജി. സ്റ്റീഫൻ

79. ഡോ. സുജിത് വിജയൻപിള്ള

80. ശ്രീ. കെ. വി. സുമേഷ്

81. ശ്രീ. പി. പി. സുമോദ്

82. ശ്രീ. പി. എസ്. സുപാൽ

83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

84. ശ്രീ. തോമസ് കെ. തോമസ്

85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

86. ശ്രീ. വി. എൻ. വാസവൻ

87. ശ്രീമതി വീണാ ജോർജ്ജ്

88. ശ്രീ. ഇ. കെ. വിജയൻ

89. ശ്രീ. പിണറായി വിജയൻ

90. ശ്രീ. എം. വിജിൻ

91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )

8. ശ്രീ. പി. കെ. ബഷീർ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

13. ശ്രീ. സി. ആർ. മഹേഷ്

14. ശ്രീ. കെ. പി. എ. മജീദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. കുറുക്കോളി മൊയ്തീൻ

17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ

19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. ടി. ജെ. വിനോദ്

35. ശ്രീ. പി. സി. വിഷ്ണുനാഥ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 91 |
| പ്രതികൂലിക്കുന്നവർ | - | 35 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XXXIX

## വൈദ്യുത പദ്ധതികൾ

മി. സ്പീക്കർ: സർവ്വശ്രീ. നജീബ് കാന്തപുരം, കെ. ബാബു (തൃപ്പൂണിത്തുറ), കുറുക്കോളി മൊയ്തീൻ, മഞ്ഞളാംകുഴി അലി, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, സണ്ണി ജോസഫ്, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, എ. കെ. എം. അഷ്റഫ്, ഡോ. എം. കെ. മുനീർ, എൻ. എ. നെല്ലിക്കുന്ന്, അനൂപ് ജേക്കബ്, ടി. വി. ഇബ്രാഹിം, ഐ. സി. ബാലകൃഷ്ണൻ, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, എം. വിൻസെന്റ്, എ. പി. അനിൽകുമാർ, സനീഷ്കുമാർ ജോസഫ്, ഷാഫി പറമ്പിൽ, പി. ടി. തോമസ്, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIX-ാം ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

(ആരും പ്രസ്സ് ചെയ്തില്ല)

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ

7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. പ്രൊഫ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. ചിറ്റയം ഗോപകുമാർ
20. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
21. ശ്രീ. സി. കെ. ഹരീന്ദ്രൻ
22. ശ്രീ. കെ. ടി. ജലീൽ
23. ശ്രീമതി കാനത്തിൽ ജമീല
24. ശ്രീ. ജി. എസ്. ജയലാൽ

25. ഡോ. എൻ. ജയരാജ്

26. ശ്രീ. കെ. യു. ജനീഷ് കുമാർ

27. ശ്രീ. ജോബ് മൈക്കിൾ

28. ശ്രീ. വി. ജോയി

29. ശ്രീ. ഒ. ആർ. കേളു

30. ശ്രീ. കെ. കൃഷ്ണൻകുട്ടി

31. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

32. ശ്രീ. സി. എച്ച്. കുഞ്ഞമ്പു

33. ശ്രീ. കോവൂർ കുഞ്ഞുമോൻ

34. ശ്രീ. ലിന്റോ ജോസഫ്

35. ശ്രീ. ടി. ഐ. മധുസൂദനൻ

36. ശ്രീ. പി. മമ്മിക്കുട്ടി

37. ശ്രീ. എം. എം. മണി

38. ശ്രീ. മാത്യു. ടി. തോമസ്

39. ശ്രീ. കെ. ജെ. മാക്സി

40. ശ്രീ. പി. എ. മുഹമ്മദ് റിയാസ്

41. ശ്രീ. കെ. പി. മോഹനൻ

42. ശ്രീ. എ. സി. മൊയ്തീൻ

43. ശ്രീ. എം. മുകേഷ്

44. ശ്രീ. സി. സി. മുകുന്ദൻ

45. ശ്രീ. ഡി. കെ. മുരളി

46. ശ്രീ. മുരളി പെരുനെല്ലി

47. ശ്രീ. പി. നന്ദകുമാർ

48. ശ്രീ. എ. പ്രഭാകരൻ

49. ശ്രീ. പ്രമോദ് നാരായൺ

50. ശ്രീ. വി. കെ. പ്രശാന്ത്

51. ശ്രീ. പി. പ്രസാദ്

52. ശ്രീ. കെ. ഡി. പ്രസേനൻ

53. ശ്രീമതി യു. പ്രതിഭ

54. ശ്രീ. കെ. പ്രേംകുമാർ

55. ശ്രീ. കെ. രാധാകൃഷ്ണൻ

56. ശ്രീ. പി. ടി. എ. റഹീം

57. ശ്രീ. എ. രാജ

58. ശ്രീ. എം. രാജഗോപാലൻ

59. ശ്രീ. കെ. രാജൻ

60. ശ്രീ. പി. രാജീവ്

61. ശ്രീ. കെ. കെ. രാമചന്ദ്രൻ

62. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

63. ശ്രീ. ടി. പി. രാമകൃഷ്ണൻ

64. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ

65. ശ്രീ. റോഷി അഗസ്റ്റിൻ

66. ശ്രീ. കെ. എം. സച്ചിൻദേവ്

67. ശ്രീ. സജി ചെറിയാൻ

68. ശ്രീ. എച്ച്. സലാം

69. ശ്രീമതി ശാന്തകുമാരി കെ.

70. ശ്രീ. വി.ശശി

71. ശ്രീ. എ. കെ. ശശീന്ദ്രൻ

72. ശ്രീ. ഐ. ബി. സതീഷ്

73. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

74. ശ്രീ. എ. എൻ. ഷംസീർ

75. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ

76. ശ്രീ. വാഴൂർ സോമൻ

77. ശ്രീ. പി. വി. ശ്രീനിജൻ

78. ശ്രീ. ജി. സ്റ്റീഫൻ

79. ഡോ. സുജിത് വിജയൻപിള്ള

80. ശ്രീ. കെ. വി. സുമേഷ്

81. ശ്രീ. പി. പി. സുമോദ്

82. ശ്രീ. പി. എസ്. സുപാൽ

83. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

84. ശ്രീ. തോമസ് കെ. തോമസ്

85. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ

86. ശ്രീ. വി. എൻ. വാസവൻ

87. ശ്രീമതി വീണാ ജോർജ്ജ്

88. ശ്രീ. ഇ. കെ. വിജയൻ

89. ശ്രീ. പിണറായി വിജയൻ

90. ശ്രീ. എം. വിജിൻ

91. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്

2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ

5. ശ്രീ. അൻവർ സാദത്ത്

6. ശ്രീ. എ. കെ. എം. അഷ്റഫ്

7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )

8. ശ്രീ. പി. കെ. ബഷീർ

9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

10. ശ്രീ. ടി. വി. ഇബ്രാഹിം

11. ശ്രീ. പി. ജെ. ജോസഫ്

12. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

13. ശ്രീ. സി. ആർ. മഹേഷ്

14. ശ്രീ. കെ. പി. എ. മജീദ്

15. ഡോ. മാത്യു കുഴൽനാടൻ

16. ശ്രീ. കുറുക്കോളി മൊയ്തീൻ

17. ശ്രീ. മോൻസ് ജോസഫ്

18. ഡോ. എം. കെ. മുനീർ

19. ശ്രീ. നജീബ് കാന്തപുരം

20. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

21. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

22. ശ്രീ. രമേശ് ചെന്നിത്തല

23. ശ്രീമതി കെ. കെ. രമ

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. സജീവ് ജോസഫ്

26. ശ്രീ. എൻ. ഷംസുദ്ദീൻ

27. ശ്രീ. സനീഷ്കുമാർ ജോസഫ്

28. ശ്രീ. വി. ഡി. സതീശൻ

29. ശ്രീ. ഷാഫി പറമ്പിൽ

30. ശ്രീ. ടി. സിദ്ദിഖ്

31. ശ്രീ. സണ്ണി ജോസഫ്

32. ശ്രീ. പി. ടി. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. ടി. ജെ. വിനോദ്

35. ശ്രീ. പി. സി. വിഷ്ണുനാഥ്

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 91 |
| പ്രതികൂലിക്കുന്നവർ | - | 35 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9:00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ജൂലൈ 28-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.54-ന് പിരിഞ്ഞു.)

******